പട്ടാഴി ഗ്രാമപഞ്ചായത്ത്

സമഗ്രവികസന രേഖ

ഒൻപതാം പദ്ധതി

ജനകീയ പദ്ധതി

അധികാരം ജനങ്ങളിലേക്ക്







അവലംബം: വിവേചനപടം സെസ്സ്

വികസനരേഖ തയ്യാറാക്കിയവർ.

സി.ജി. ജോസ് (കൺവീനർ)
കെ. ചന്ദ്രശേഖരൻനായർ
ബി. ഭാർഗ്ഗവൻ പിള്ള
സി. രവീന്ദ്രൻ നായർ
പി. ബാലകൃഷ്ണൻ
പി. വാസുദേവക്കുറുപ്പ്
കെ.വി. ഇറവങ്കര
വി. കുമാരൻനായർ
അഡ്വ. മധുസൂദനൻ നായർ
കെ. ദിവാകരൻ നായർ
സി.ബി. ഗോപാലൻ
റ്റി. ബാബു.
വാസുദേവൻ നമ്പൂതിരി
വി. ചന്ദ്രശേഖരൻ നായർ
ഉഷാകുമാരി
കെ. സൈനുദീൻ (KRP)

"എന്റെ ജീവിതമാണ്
എന്റെ സന്ദേശം."

ഗാന്ധിജി

സയന്റിസ്റ്റ്-ഇൻ-ചാർജ്ജ്

ജി സുബ്രമണ്യം

പട്ടാഴി ഗ്രാമപഞ്ചായത്ത്

ഭരണസമിതി

പി.എം. ജഗദമ്മ
പ്രസിഡന്റ്



ഏ. അബ്ദുൾമജീത്
വൈസ്പ്രസിഡന്റ്



എസ്സ്. തോമസ്സുകുട്ടി
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

എൻ. ശശികുമാർ (മെമ്പർ)
മോഹനകൃഷ്ണൻ (മെമ്പർ)
മിനി ശിവദാസൻപിള്ള (മെമ്പർ)
പി.ആർ. വേണുഗോപാൽ (മെമ്പർ)
ജി. തുളസീധരൻപിള്ള (മെമ്പർ)
എസ്. ഗിരിജാദേവി
ജി. ജോസ് (സെക്രട്ടറി

ഉള്ളടക്കം

1.	ആമുഖം
2.	പഞ്ചായത്ത് : പൊതുവിവരണം
3.	സാമൂഹ്യ-സാംസ്കാരിക ചരിത്രം
4.	ഭൂപ്രകൃതി-ജലപ്രകൃതി-ജനപ്രകൃതി
5.	വികസന മേഖലകൾ
5-1.	കൃഷിയും ജലസേചനവും
5-2.	മൃഗസംരക്ഷണം
5-3.	വിദ്യാഭ്യാസം
5-4.	പൊതുജനാരോഗ്യവും കുടിവെള്ളവും
5-5.	വ്യവസായം
5-6.	ഗതാഗതം-ഊർജ്ജം-മാർക്കറ്റ്
5-7.	പാർപ്പിടവും സാമൂഹ്യക്ഷേമവും
5-8.	സംസ്കാരം
5-9.	വനിത
5-10.	സഹകരണം
5-11.	പട്ടികജാതി ക്ഷേമം
5-12.	വിഭവസമാഹരണം
6.	ഉപസംഹാരം
അനുബന്ധം 1.	പ്രവർത്തന റിപ്പോർട്ട്
അനുബന്ധം 2.	ജനകീയ ആസൂത്രണ സമിതി അംഗങ്ങൾ

1. ആമുഖം

അധികാര വികേന്ദ്രീകരണത്തിലൂടെ ജനാധിപത്യ ക്രമത്തെ സംപുഷ്ടമാക്കേണ്ടതിന്റെ പ്രധാന്യം ദേശീയ വിമോചനപോരാട്ടത്തിന്റെ ഭാഗമായി വിപുലമായി ചർച്ചചെയ്യപ്പെട്ടിരുന്നു. ഒരർത്ഥത്തിൽ നമ്മുടെ ദേശീയപ്രസ്ഥാനം സ്വാതമന്ത്ര്യത്തിനുവേണ്ടി മാത്രമല്ല, ഗ്രാമസ്വരാജിനുവേണ്ടിക്കൂടിയായിരുന്നു എന്നുപറയാം. പക്ഷേ സ്വാതന്ത്ര്യ പ്രാപ്തിയ്ക്കുശേഷം അധികാര വികേന്ദ്രീകരണത്തിനുവേണ്ടി നടത്തിയ ശ്രമങ്ങൾ ഒന്നൊഴിച്ചില്ലെങ്കിൽ മറ്റൊരു കാരണംകൊണ്ട് പരാജയപ്പെടുകയാണുണ്ടായത്.

അധികാര വികേന്ദ്രീകരണത്തിന്റെ ഗതി തന്നെയാണ് ആസൂത്രണ പ്രക്രിയയുടെ വികേന്ദ്രീകരണത്തിനുവേണ്ടി നടത്തിയ ശ്രമങ്ങൾക്കും ഉണ്ടായത്. 46 വർഷക്കാലത്തെ ആസൂത്രണത്തിന്റെ അനുഭവത്തിൽ നിന്നുതന്നെ മുൻകാലരീതികൾ അതെപടി പിൻതുടർന്നാൽ ഏറെ മാറ്റങ്ങൾ ഒന്നും ഉണ്ടാക്കാൻ കഴിയില്ല എന്ന് നാം തിരിച്ചറിയുന്നു. വികസനത്തിന്റെ പേരിൽ ഇക്കഴിഞ്ഞ നാലര ദശാബ്ദക്കാലത്തിനിടയ്ക്ക് കോടിക്കണക്കിനു രൂപ മുടക്കിയിട്ടുണ്ട്. എങ്കിലും അതിന്റെ ഗുണഫലം സാധാരണ ജനങ്ങൾക്ക് ഏറെയൊന്നും ലഭ്യമായിട്ടില്ല എന്നതാണ് വസ്തുത. ഇതിനുള്ള മുഖ്യകാരണം പദ്ധതി ആസൂത്രണത്തിന്റെയും നടത്തിപ്പിന്റെയും കാര്യത്തിലുള്ള രീതികളാണ് ആസൂത്രണമെന്നാൽ കുറേവിദഗ്ദ്ധരും ഉദ്യോഗസ്ഥന്മാരും മാത്രം പങ്കാളികളാകേണ്ട പ്രക്രിയയാണ് എന്നും സാധാരണ ജനങ്ങൾക്ക് അതിൽ പങ്കാളികളാകാൻ അർഹതയില്ല എന്നുമാണ് ഇക്കാലമത്രയും കരുതിപോന്നത്. അതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങളിൽ ജനപങ്കാളിത്വം നേടുന്നതിനുള്ളയാതൊരു ശ്രമവും ഇതുവരെ ഉണ്ടായിട്ടില്ല. ചുരുക്കിപറഞ്ഞാൽ ആസൂത്രണവും വികസനവും എല്ലാംതന്നെ ജനങ്ങളിൽനിന്ന് തികച്ചും അന്യമാണ്.

ഈ രീതിയിൽനിന്ന് തികച്ചും മാറികൊണ്ട് ആസൂത്രണത്തിൽ ജനങ്ങളെ പങ്കാളികളാക്കുക എന്ന കാഴ്ചപ്പാടാണ് കേരളത്തെ സംബന്ധിച്ചിടത്തോളം ഒൻപതാം പദ്ധതിയുടെ സവിശേഷത. ത്രിതലപഞ്ചായത്ത്, നഗരപാലിക സംവിധാത്തിലൂടെ മൊത്തം പദ്ധതി അടങ്കലിന്റെ 40 ശതമാനത്തോളം ആവിഷ്കരിയ്ക്കുന്നതിനുള്ള മുൻകൈ സർക്കാർ എടുത്തിട്ടുണ്ട്. ഇതുവഴി നമ്മുടെ പദ്ധതി പ്രവർത്തനത്തിൽ നിലനിന്നിരുന്ന ഏറ്റവും വലിയ ദൗർബല്യം പരിഹരിയ്ക്കാൻ കഴിയുമെന്നും നാം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ ഒരു പരിധിവരെയെങ്കിലും ഇല്ലാതാക്കാൻ കഴിയുമെന്ന് പ്രതീക്ഷിയ്ക്കാം.

കേരളത്തിന്റെ ഒൻപതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി ആവിഷ്കരിയ്ക്കുന്നതിനുവേണ്ടിയാണ് സംസ്ഥാന സർക്കാരും ആസൂത്രണബോർഡും ചേർന്ന് ജനീയാസൂത്രണ പ്രസ്ഥാനത്തിന് രൂപംകൊടുത്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിലും രൂപീകരിച്ച ജനകീയ ആസൂത്രണ സമിതിയുടെ സജീവ പങ്കാളിത്തത്തോടെ എല്ലാവിശേഷാൽ ഗ്രാമസഭകളും ചേർന്ന് കഴിഞ്ഞിരിയ്ക്കയാണ്. സമിതിയുടെ പ്രവർത്തകർക്ക് രണ്ടുഘട്ടങ്ങളിലായി പരിശീലനം നല്കിയാണ് ഇതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിയത്. അടുത്തതായി നടക്കേണ്ടുന്ന വികസനസെമിനാറിൽ അവതിപ്പി

യ്ക്കുന്നതിനുവേണ്ടിയാണ് ഈ വികസനരേഖ തയ്യാറാക്കിയത്.

പ്രാദേശികതല ആസൂത്രണത്തിന് അത്യന്താപേക്ഷിതമായ വിഭവഭൂപടനിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ 1994ൽതന്നെ പൂർത്തിയാക്കി സെന്റർഫോർ എർത്ത് സയൻസ് സ്റ്റഡീസ് (CESS) ലെ ശാസ്ത്രജ്ഞന്മാരുടെ സഹായത്തോടെ നമ്മുടെ പഞ്ചായത്തിലെ സാക്ഷരതാപ്രവർത്തകർ 1994 ഏപ്രിൽ 18 മുതൽ രണ്ടാഴ്ചക്കാലംകൊണ്ട് പഞ്ചായത്തിലുടനീളം വിവിധ ഗ്രൂപ്പുകളായി സഞ്ചരിച്ചാണ് ഭൂപടം നിർമ്മിക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിച്ചത്. ഈ പ്രവർത്തനങ്ങളിൽ ആകെ 43 പേർ പങ്കെടുത്തു. അതിൽ 19 പുരുഷന്മാരും 24 സ്ത്രീകളും ഉണ്ടായിരുന്നു. അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. ബി. ഭാർഗ്ഗവൻ പിള്ള സാക്ഷരതാ കോഓർഡിനേറ്ററായിരുന്ന ശ്രീ. എസ്. തുളസീധരൻ പിള്ളയും കൺവീനർ ശ്രീ. സി.ജി. ജോസുമാണ് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയത്. യാതൊരു പ്രതിഫലവും ആഗ്രഹിയ്ക്കാതെ നിശ്ചിതസമയത്തിനുള്ളിൽ ഈ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് പൂർത്തിയാക്കിയ സന്നദ്ധപ്രവർത്തകരെ എത്ര അനുമോദിച്ചാലും അധികമാവില്ല.

ഈ വികസനരേഖ തയാറാക്കുന്നതിന് ദ്വിതീയ വിവരങ്ങൾ ശേഖരിയ്ക്കുന്നതിനായി വിവിധ ഓഫീസുകൾ ഞങ്ങളുടെ പ്രവർത്തകർ സന്ദർശിയ്ക്കുകയുണ്ടായി. ആവശ്യമായ വിവരങ്ങൾ നല്കിയും നിർദ്ദേശങ്ങൾതന്നും ഞങ്ങളോടു സഹകരിച്ച ഓഫീസു മേധാവികൾക്കും ജീവനക്കാർക്കും നന്ദിരേഖപ്പെടുത്തുന്നു.

ഈ രേഖതയാറാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കി ഞങ്ങളെ സഹായിച്ച സെസ്സിലെ പ്രോജക്ട് സയന്റിസ്റ്റ് ശ്രീ. ജി. സുബ്രഹ്മണ്യം, ജില്ലാപഞ്ചായത്ത് മെമ്പർ ശ്രീ. ബി. അജയകുമാർ, ബ്ലോക്കുപഞ്ചായത്തു പ്രസിഡന്റ് ശ്രീ. വി. സോമൻ, സെക്രട്ടറി ശ്രീ. അബ്ദുൾകലാം, മെമ്പർ ശ്രീമതി ബെൻസി തോമസ്, കൊത്തർ പി. ശ്രീ. കെ. സെയ്നുദീൻ എന്നിവർക്കും കൃതജ്ഞത രേഖപ്പെടുത്തുന്നു. വളരെ ചുരുങ്ങിയ സമയംകൊണ്ട് ജനകീയ ആസൂത്രണ സമിതി പ്രവർത്തകർ ഗ്രാമസഭാ റിപ്പോർട്ടുകളുടേയും ശേഖരിച്ച ദ്വിതീയ വിവരങ്ങളുടേയും വിഭവഭൂപടത്തിന്റേയും ഒക്കെ സഹായത്തോടെ തയാറാക്കിയ ഈ സമഗ്രവികസനരേഖ കൂടുതൽ ചർച്ചകൾക്കായി നിങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു.

സ്നേഹത്തോടെ,

നിങ്ങളുടെ

പ്രസിഡന്റ്
എ.എം. ജഗദമ്മ

പട്ടാഴി,
30-12-96.

കൺവീനർ
സി.ജി. ജോസ്



2. പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	പട്ടാഴി ഗ്രാമപഞ്ചാത്ത്
വില്ലേജ്	:	പട്ടാഴി
ബ്ലോക്കുപഞ്ചായത്ത്	:	പത്തനാപുരം
താലൂക്ക്	:	പത്തനാപുരം
അസംബ്ലി മണ്ഡലം	:	പത്തനാപുരം
ജില്ല	:	കൊല്ലം
വിസ്തീർണ്ണം	:	18.65 ച.കി.മീ.
അതിരുകൾ	:	വടക്ക് കല്ലടയാറ്, പട്ടാഴി വടക്കേക്കര ഗ്രാമപഞ്ചായത്ത്
		കിഴക്ക് തലവൂർ ഗ്രാമപഞ്ചായത്ത്
		തെക്ക് തലവൂർ, മൈലം ഗ്രാമപഞ്ചായത്തുകൾ
		പടിഞ്ഞാറ് കല്ലടയാറ്, മൈലം ഗ്രാമപഞ്ചായത്തുകൾ.
വാർഡുകളുടെ എണ്ണം	:	9
ജനസംഖ്യ	:	17953
പുരുഷൻ	:	8911
സ്ത്രീകൾ	:	9042
ജനസാന്ദ്രത	:	1015
പട്ടികജാതി ജനസംഖ്യ	:	2385
പുരുഷൻ	:	1189
സ്ത്രീകൾ	:	1196
സാക്ഷരർ	:	13141
പുരുഷൻ	:	6570
സ്ത്രീകൾ	:	6571
പ്രസിഡന്റ്	:	പി.എം. ജഗദമ്മ
വൈസ് പ്രസിഡന്റ്	:	എ. അബ്ദുൾ മജീദ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	എസ്. തോമസ്കുട്ടി.

വാർഡുകൾ

വാർഡ്	1	താഴത്തുവടക്ക്
	2	മരുതമൺഭാഗം (പട്ടികജാതി)
	3	തെക്കേത്തേരി
	4	നടുത്തേരി (വനിത)
	5	മീനം (വനിത)
	6	മാർക്കറ്റ്
	7	കന്നിമേൽ
	8	പന്തപ്ലാവ്
	9	കുണ്ടയം

3. സാമൂഹ്യ സാംസ്കാരിക ചരിത്രം

സഹ്യന്റെ സാനുവിലുള്ള ഒരു അഭിരാമ ഭൂമിയാണ് പട്ടാഴി എന്നഗ്രാമപ്രദേശം. പ്രകൃതിയുടെ വരദാനമെന്നോണം കല്ലടയാറ് ഈ ഗ്രാമ സമതലത്തെ രണ്ടായിവിഭജിച്ചിരിക്കുന്നു. നദി, തെക്കെന്നും വടക്കെന്നും വകഞ്ഞുമാറ്റി നാടിനെ വിഭജിക്കാൻ ശ്രമംനടത്തിയെങ്കിലും ഏകത്വം നഷ്ടപ്പെടുത്താതെ രണ്ടു കരകളിലും ഒരേ കരക്കൂട്ടത്തിന്റെ ഭാഗങ്ങൾ ഉൾക്കൊള്ളിച്ച് ഭരണസാരഥ്യം വഹിക്കാൻ പട്ടാഴിയുടെ കാരണവന്മാർക്ക് കഴിഞ്ഞു. പണ്ട ആറ്റുവക്കിൽ ആകാശംമുട്ടെ വളർന്നുനിന്ന ലോകത്തിലെ ഏറ്റവും നീളംകൂടിയ മുളകൾ പട്ടാഴിക്ക് ഗിന്നസ് ബുക്കുലും സ്ഥാനംനേടിത്തരികയുണ്ടായി.

കുന്നും മലയും വയലേലകളും കുഴിയും സമതലവും ഇടകലർന്ന് നിത്യഹരിതഭൂമിയായി നിലനില്ക്കുന്ന പട്ടാഴിയെ ഒരു വിഭവഭൂപടത്തിന്റെ സഹായമില്ലാതെ തിരിച്ചറിയാൻ ഈ സങ്കേതത്തിലുൾക്കൊള്ളുന്ന സ്ഥലനാമങ്ങൾകൊണ്ടു സാധിക്കും. ഉയർന്ന ഭാഗം ഏറത്തുവടക്കായും താണസ്ഥലം താഴത്തുവടക്കായും അറിയപ്പെടുമ്പോൾ കേന്ദ്രത്തിൽ നിന്നുള്ള ദിശകണക്കാക്കി, തെക്കേതേരിയും മീനവും കന്നിമേലും ഒക്കെ ഉണ്ടായി. സ്ഥാനത്തിന്റെ സൂചനനൽകുന്ന സ്ഥലനാമങ്ങളാണ് മരുതമൺഭാഗവും പന്ത്രണ്ടുമുറിയും ആറാട്ടുപുഴയും ഇടക്കടവും മൊട്ടയ്ക്കലും മഞ്ചാടിമുക്കും ഒക്കെത്തന്നെ. ഇഞ്ചക്കുഴി, ഇരുപ്പാക്കുഴി, ചെളിക്കുഴി, നീർക്കുഴി, കടുവാക്കുഴി എന്നീകുഴികളും മുതിരപ്പാറ, പുലിക്കുന്നപാറ, മൈലാടുംപാറ, ചാത്തൻപാറ, നെടിയപാറ തുടങ്ങിയ പാറകളും അഞ്ചുമല, മരുതമല, പുലിക്കുന്നുമല, മാംകുന്നുമല, പുല്ലംകുന്നുമല, കാട്ടാമല, പൂക്കുന്നിമല എന്നിങ്ങനെ മലകളും പേറയിൽ തുടങ്ങി മണ്ണൂരുവരെയുള്ള ഏലാകളും എല്ലാം സ്ഥാനത്തിന്റെ സ്വഭാവത്തിനിണങ്ങിയവതന്നെ. പൗരാണികതയുടെ മെയ്യാഭരണങ്ങളായി നിലനിന്ന ആറ്റുവഞ്ചികളും നീളൻമുളകളും പിടിമുറ്റാത്ത വൻമരങ്ങളും ജൈവസമ്പത്തിന്റെ ഉറവിടമായിരുന്ന കാവുകളും റബ്ബർ മരങ്ങൾക്കുവേണ്ടി വഴിമാറിക്കൊടുത്തെങ്കിലും സൗന്ദര്യ സമ്പന്നഗ്രാമങ്ങളുടെ പട്ടികയിൽ പട്ടാഴി പ്രമുഖസ്ഥാനത്തു നിലയുറപ്പിച്ചിരിക്കുന്നു.

സ്ഥലനാമത്തെപ്പറ്റി ഭിന്നാഭിപ്രായങ്ങളുള്ളതിനാൽ പരാമർശിക്കാതെ വിടുന്നു. പട്ടും ആഴിയും ചേർന്നാൽ പട്ടാഴി. സ്ഥലനാമത്തിന് മനോഹാരിതയുണ്ട്.

ഭൂതകാലത്തെ സാമൂഹ്യവ്യവസ്ഥയുടെ തനിമ ഉൾക്കൊണ്ട് പട്ടാഴിയിൽ ജനജീവിതം ആരംഭിക്കുന്നു. ലഭ്യമായതെളിവുകളോ ചരിത്രധാരണകളോ സാക്ഷിപ്പെടുത്താനില്ലെങ്കിലും ചെമ്പുപട്ടയങ്ങളും ഓലച്ചുരുളുകളുമൊക്കെ പട്ടാഴിയുടെ ചരിത്രവുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്നതായി പഴമക്കാർ ഓർമ്മിക്കുന്നു.

സഹ്യപർവ്വതം ഉൾപ്പെടുന്ന മലനാട് പൗരാണികകാലം മുതൽ ജനവാസ കേന്ദ്രങ്ങളായിരുന്നു എന്നുള്ളതിന് സഹ്യപർവ്വതനിരകളുടെ ചീളുകളിൽനിന്നു ലഭിച്ചിട്ടുള്ള ചരിത്രാവശിഷ്ടങ്ങൾ സാക്ഷ്യംവഹിക്കുന്നുണ്ട്. പഴയകാലത്തെ നാടുവാഴികുടുംബങ്ങളുടെ, കയ്യൂക്കിന്റേയും ആൾ ബലത്തിന്റെയും സ്വാധീനം ഉപയോഗിച്ച് തങ്ങളുടെ അധികാരകേന്ദ്രമായ നാടിന് (പല ഊരുകൾ ഒന്നിച്ചുചേർന്നുള്ള വിശാലമായ സ്ഥലത്തിന് നാടെന്ന് നാമകരണം ചെയ്യുന്നു.) ഭരണം കാഴ്ചവച്ചുകൊണ്ടിരുന്ന നൂറ്റാണ്ടുകൾക്കുമുമ്പ് പട്ടാഴി പ്രദേശം ഇളയിടത്തുസ്വരൂപം എന്നപേരിൽ ചരിത്രതാളുകളിൽ സ്ഥാനംപിടിച്ച കൊട്ടാരക്കര രാജാവിന്റെ ഭരണമണ്ഡലത്തിൽപെട്ട ഇടമായിരുന്നു.

വളരെക്കാലങ്ങൾക്കുമുമ്പു മുതൽ ബ്രാഹ്മണമേധാവിത്വം കേരളക്കരയിൽ നിലനിന്നതിനാലാണ് സമതലപ്രദേശങ്ങളും കൃഷിയോഗ്യ ഫല ഭൂയിഷ്ഠ ഭൂമികളും ബ്രാഹ്മണ ജന്മികളുടെ തനതു വസ്തുക്കളായിമാറിയത്. വളരെ അകലെ

കൊച്ചികണയന്നൂർ താലൂക്കിൽ അകവൂർമന, പട്ടാഴി സങ്കേതത്തിൽ ധാരാളം വസ്തുക്കളുള്ള ഒരു ജന്മിയായിരുന്നു. ബ്രഹ്മസ്വകാരിൽപെട്ട ഊമൺപെള്ളി, കിഴക്കെഭാഗം, ആലപ്രത്തുമഠം, തെങ്ങമംമഠം എന്നിവരും വസ്തുഉടമകളായ ജന്മിമാരായിരുന്നു. ആ ബ്രാഹ്മണവർഗ്ഗത്തിൽപെടുന്ന കടിയംതുരുത്തി കീഴേവീട്ടിൽ, ആയിക്കുന്നത്തുപ്രാവൂർ, മാലൂർപുത്തൻവീട്ടിൽ തുടങ്ങിയ മാടമ്പിസ്ഥാനമുള്ള ജന്മികളും ഇവിടെ നിലനിന്നിരുന്നു.

ക്ഷേത്ര സ്ഥാപനം

പണ്ടും ഇപ്പോഴും പട്ടാഴി പുറനാടുകളിൽ അറിയപ്പെടുന്നത് ഇവിടുത്തെ ഭഗവതിക്ഷേത്രത്തിന്റെ പ്രസിദ്ധിയിലൂടെയാണ്. പട്ടാഴി എന്ന സ്ഥലനാമത്തിന്റെ ഉത്ഭവവും ക്ഷേത്രത്തെചുറ്റിപ്പറ്റി ആയിക്കൂടെന്നില്ല. പ്രചീനകാലത്ത് ഗ്രാമപ്രദേശങ്ങൽ കാർഷികപരമായും മറ്റുവിധത്തിലും വികാസം പ്രപിക്കുമ്പോഴാണ് ക്ഷേത്രങ്ങൾ രൂപം പ്രാപിച്ചുവന്നത്. പണ്ട് ചേരരാജാക്കന്മാരുടെ ഭരണകേന്ദ്രമായ കേരളത്തിൽ കൂടുതൽ ക്ഷേത്രസങ്കേതങ്ങളും അവയ്ക്കെല്ലാം ധാരാളം ഭൂസ്വത്തുക്കളും സ്വർണ്ണപ്പണ്ടങ്ങളും വിലപിടിച്ച ഭരണിപാത്രങ്ങളും ഉണ്ടായിരുന്നു. ഓരോക്ഷേത്രത്തെയുംപറ്റി അതിന്റെ ഉത്ഭവത്തിനാധാരമായി ഇതിഹാസകഥകളും പ്രചാരത്തിലുണ്ടായിരുന്നു. മേൽസൂചിപ്പിച്ചവിധത്തിൽ പട്ടാഴിക്ഷേത്രത്തെപ്പറ്റിയും ഉത്ഭവത്തെപ്പറ്റി ഉണ്ടായതായിപറയുന്ന കഥകൾ പട്ടാഴിയുടെ പൂർവ്വകാലത്തിൽ പ്രചരിച്ചിരുന്നതായി പറയപ്പെടുന്നു. എന്തായാലും ബ്രാഹ്മത്വം ദേവസ്വം എന്നിങ്ങനെയുള്ള സ്വത്തു വിഭജനത്തിൽ ഇവിടെ ദേവസ്വത്തിന് പ്രാമുഖ്യം വരികയും പട്ടാഴിദേവസ്വം കേരളക്കരയിലെ പ്രധാന ദേവസ്വങ്ങളുടെ പട്ടികയിൽപെടുകയും ചെയ്തിരുന്നു. ഗ്രാമഭരണസിരാകേന്ദ്രവും ക്ഷേത്രസങ്കേതംതന്നെ. കിഴക്ക് പത്തനാപുരം തലവൂർ പ്രദേശങ്ങളും തെക്ക് മൈലവും താമരക്കുടിയും പടിഞ്ഞാറ് കുളക്കടഗ്രാമവും വടക്ക് കൈതപ്പറമ്പ് കുന്നടകുറമ്പകര എന്നീസ്ഥലങ്ങളും അതിരായുള്ള 16 ചതുരശ്രമൈൽ സ്ഥലം മുഴുവൻതന്നെ പട്ടാഴി ദേവസ്വംവകയായിത്തീർന്നു. പ്രാചീനകാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്നു ജന്മികുടിയാൻ സാമൂഹ്യവ്യവസ്ഥ ചിലപ്രത്യേക സ്വഭാവവിശേഷത്തോടുകൂടിയാണെങ്കിലും വ്യത്യസ്ഥമായി പട്ടാഴിപ്രദേശത്തിന്റെയും ക്ഷേത്രത്തിന്റെ ചരിത്രം പരസ്പരം കെട്ടുപിണഞ്ഞുകിടക്കുന്നതിനാൽ നാടിന്റെ ചരിത്രം പരാമർശിക്കുമ്പോൾ ക്ഷേത്രഭരണത്തെവേർതിരിച്ചുമാറ്റി നിർത്താൻകഴിയാതെപോകുന്നു.

ഇളയിടത്തു സ്വരൂപത്തിന്റെ ഭരണംനിലവിലിരുന്ന കാലഘട്ടത്തിലും നാട്ടുമേൽക്കോയ്മയും നാട്ടാചാരക്രമീകരണങ്ങളും ക്ഷേത്രവുമായി ബന്ധപ്പെട്ടു നടപ്പിലാക്കിയിരുന്നു. വേണാടിന്റെ രാജാവായി അധികാരമേറ്റ് 1729 മുതൽ 1758 വരെ ഭരണം നടത്തിയ ആയില്യംതിരുനാൾ മാർത്താണ്ഡവർമ്മ തന്റെ നാടിന് വിസ്തൃതി ഉണ്ടാക്കാൻ പടയോട്ടത്തിലൂടെ പിടിച്ചടക്കൽ നടപിടി ആരംഭിച്ചപ്പോൾ കിളിമാനൂർ ആറ്റിങ്ങൽ ദേശിങ്ങനാട് (കൊല്ലം) എന്നീ കൊച്ചുകൊച്ച് നാട്ടുരാജ്യങ്ങളോടൊപ്പം 1742ൽ ഇളപ്പടത്തുസ്വരൂപം വേണാടായ തിരുവിതാംകൂറിന്റെ ഭാഗമായിത്തീർന്നു.

അന്ന് പ്രബലനും മന്ത്രതന്ത്രവിദഗ്ദ്ധനുമായിരുന്നു മണ്ണടി കാമ്പിത്താൻ, കായംകുളം രാജ്യം പിടിച്ചടക്കുന്നതിന് മാർത്താണ്ഡവർമ്മയെ സഹായിച്ചതിന്റെ പേരിലാണെന്നുപറയുന്നു പട്ടാഴിദേശം മുഴുവനായി തന്റെ രാജാധികാരമുൾപ്പെടെ പട്ടാഴിദേവിക്ക് ചെമ്പുപട്ടയത്തിൽ രേഖചമച്ചു ദാനമായി നല്കുകയുണ്ടായി. ചെമ്പുപട്ടയം ഇപ്പോഴും ക്ഷേത്രഭണ്ഡാരത്തിൽ സൂക്ഷിച്ചിട്ടുണ്ട്. കാമ്പിത്താൻ പട്ടാഴി പ്രദേശത്തിന്റെയും ക്ഷേത്രത്തിന്റെയും ഭരണാധിപനായി. രാജ്യത്തുള്ള മറ്റുപ്രദേശങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമായ ഒരു ഭരണസമ്പ്രദായം വർഷങ്ങളോളം പട്ടാഴിയിൽ നിലനിന്നതായി രേഖകൾ സാക്ഷ്യംവഹിക്കുന്നു. കാമ്പിത്താന്റെ ആസ്ഥാനം ആരംഭദശയിൽ മണ്ണടിയിലായിരുന്നെങ്കിലും തുടർന്ന് പട്ടാഴിയിൽ സ്ഥിരവാസമാരംഭിച്ചു. പ്രസ്തുകാലഘട്ടം പട്ടാഴിയെ സംബന്ധിച്ച് ജനാഭിപ്രായത്തിന് മുൻതൂക്കം നൽകി നാട്ടുകാര്യങ്ങൾ, കാലാനുസൃതം നിർവിഘ്നം നടത്തിവന്നകാലമാണെന്ന് പറയാം. നദിയുടെ ഇരുരകളിലുള്ള പ്രദേശത്തെ കിഴക്കേക്കരപ്പുറമെന്നും പടിഞ്ഞാറെക്കരപ്പുറമെന്നും രണ്ടായി

വേർതിരിച്ച് ഓരോ കരപ്പുറത്തിനും കരനാഥനെനിശ്ചയിച്ചിരുന്നു. കിഴക്കേക്കരപ്പുറത്തിന്റെ നായകൻ കൊട്ടയ്ക്കാട്ടുമില്ലക്കാരനുമായിരുന്നു. പാരമ്പര്യമനുസരിച്ച് പദവിതീർച്ചചെയ്തുവന്നു. ക്ഷേത്രഭരണത്തിന് നാല് ഊരാണ്മക്കാരെയും ഈ വ്യസ്തയിൽ നിശ്ചയിച്ചു. ആലപ്രത്ത് പോറ്റി, കീഴേവീട്ടിൽ മാടമ്പി, മായപ്പള്ളിമഠം, വരിക്കോലിത്താൻ ഇങ്ങനെ നാലുകുടുംബക്കാർ. മൊത്തം ജനപ്രതിനിധികളായി ഇരുപത്തിനാലുപേർ എല്ലാ മലയാളമാസം ഒന്നാംതീയതിതോറും ഭരണ സിരാകേന്ദ്രമായ ക്ഷേത്രസങ്കേതത്തിൽ സഭചേർന്ന് കാര്യാലോചനനടത്തും. തീരുമാനങ്ങളെടുത്ത് അതാതു വകുപ്പ് മേധാവികളെ അറിയിക്കുന്നു. അവർ സമയബന്ധിതമായി ചുമതലകൾ നിർവ്വഹിക്കുന്നു. 'ഒന്നാംതൃ'ക്കൂട്ടം കഴിഞ്ഞ് ക്ഷേത്രാങ്കണത്തിൽ സദ്യയും നടത്തിപ്പോന്നു. ദേശഭാഗമെന്നപേരിലറിയപ്പെടുന്ന പാട്ടം, കുഴിക്കാണം എന്നിവ അനുഭവക്കാരിൽനിന്ന് പിരിച്ചെടുത്ത് കേന്ദ്രകാര്യാലയത്തിൽ എത്തിക്കുന്നത് മില്ലക്കാരന്മാർ എന്നപേരിൽ അറിയപ്പെട്ടിരുന്ന നിശ്ചിത കുടുംബാംഗങ്ങളാണ്. ക്ഷേത്രകാര്യദർശിത്വം ചന്ത്രക്കാരൻ എന്ന ഉദ്യോഗസ്ഥനാണ്.

ഹിന്ദുമതത്തിന്റെ ആചാരങ്ങളുമായി പൊരുത്തപ്പെട്ടുപോകുന്ന ഭരണശൈലിയാണ് അന്ന് നിലവിലിരുന്നതെങ്കിലും ഇതരമതസ്ഥരും ഇവിടെ തങ്ങളുടെ സ്ഥിരജീവിതത്തിന് അടിസ്ഥാന ശിലപാകിയിരുന്നു. കാരിക്കുന്നിൽ തരകൻ എന്ന പദവിലഭിച്ചിരുന്ന ഇപ്പോഴത്തെ ശങ്കരംപള്ളിതെക്കതിൽ കുടുംബക്കാർ ക്രിസ്ത്യൻ വിഭാഗത്തിലും, വേളൂർ പടിഞ്ഞാറ്റതിൽ മുസ്തഫാക്കുട്ടി രാവുത്തർ മുസ്ലീംവിഭാഗത്തിലും പ്രമുഖ്യം നേടിയ പൗരന്മാരായിരുന്നു. ക്ഷേത്രാചാരങ്ങളുമായി ബന്ധപ്പെട്ട് പട്ടികജാതി വിഭാഗത്തിനും സുപ്രധാനപരിഗണനയുണ്ടായിരുന്നതായി ഇന്നും നിലവിലുള്ള ക്ഷേത്രച്ചടങ്ങു സമർത്ഥിക്കുന്നു. പട്ടികജാതിക്കാരുടെ മുഖ്യനാണ് ഊരാളി. ക്ഷേത്രത്തിലെ ഉത്സവച്ചടങ്ങുമായി അഭേദ്യബന്ധം പുലർത്തുന്നതിന് നിയുക്തനുമാണ് ഈ നേതാവ്. ക്ഷേത്രഊരാണ്മയായ കീഴേവീട്ടിൽ മാടമ്പി വാളും കച്ചയും നല്കി ഈ ഊരാളിയെ ക്ഷേത്രസങ്കേതത്തിലേക്കാനയിച്ച് നിശ്ചിതസ്ഥാനത്തു നിർത്തി പൊതുജനാഭിപ്രായത്തിന് വിധേയമായി ജനപ്രമാണിമാരുടെ സാന്നിദ്ധ്യത്തിൽ പേര് വിളിച്ച് പദവി അംഗീകരിച്ചുകൊടുക്കുന്നു. ക്ഷേത്രോത്സവമാസങ്ങളിൽ വീടുവീടാന്തരം കേറിയിറങ്ങി മലയുടെ മന്ത്രം ചൊല്ലി ചടങ്ങുനടത്തുന്നു.

സംഘടിച്ചു സമരംചെയ്യുന്നതിനെപ്പറ്റി ചിന്തിക്കപോലും ചെയ്തിട്ടില്ലാത്ത പ്രാചീനകാലയളവിൽ പട്ടാഴിയിൽ ഒരു കാർഷിക വിപ്ലവം അരങ്ങേറി. കാമ്പിത്താന്റെ അധികാരത്തെയും അന്നത്തെ ശിക്ഷാനടപടികളേയും ചോദ്യംചെയ്തുകൊണ്ടായിരുന്നു സമരം. കാലഘട്ടത്തിന്റെ വിപരീതസാഹചര്യംകൊണ്ടോ എന്തോ സമരം പരാജയപ്പെടാനാണിടയാത്. ഇതുസംബന്ധിച്ച് ലഭിച്ചരേഖ ഇവിടെകുറിക്കട്ടെ.

കൊല്ലവർഷം 959 മുതൽ തിരുഅമ്മൻകുന്നത്ത് കണ്ടൻകാളിഭഗവതിക്കൊള്ള പട്ടാഴിസങ്കേതത്തിൽ രണ്ടു കരക്കാരും ഊരാഞ്ചക്കാരും അതിനിടപെട്ട ആളുകളും കൂടെ തിരുഅമ്മൻകുന്നത്ത് കണ്ടൻകാളിഭഗവതി മനുഷ്യമായ കാമ്പിത്താനെ അനുസരിക്കാതെ നടന്നു ചെയ്ത് കഴിഞ്ഞുവന്നപ്പോൾ സർവ്വാധികാര്യക്കാർ ഇടപെട്ടതായും അതുകൊണ്ടും അനുസരിക്കാതെ കരക്കാർ അക്രമത്തിനുമുതിരുകയാൽ, ഒടുവിൽ അകവൂർ നമ്പൂതിരിപ്പാടിനെ വരുത്തിയെന്നും നമ്പൂതിരിപ്പാടിന്റെ തീർപ്പനുസരിച്ച് മനസാവാചാകർമ്മണാ അറിഞ്ഞും അറിയാതെയും കാമ്പിത്താനോട് 967 കുംഭമാസം വരെ ചെയ്തപിഴകൾക്ക് രണ്ടുകരക്കാരുംകൂടി മണ്ണടി ഭഗവതിക്ക് 100 രാശിപ്പിഴ കെട്ടിവച്ച് പ്രായശ്ചിത്തം ചെയ്തുവെന്നും 971 തുലാം 21-ാം തീയതിയിലെ ഒരു ചെമ്പുതകിടിൽ കാണുന്നു.

ഈ സമരം പരാജയപ്പെട്ട് നാട്ടുകാർപിൻവാങ്ങിയെങ്കിലും ഒരു വഴിത്തിരിവിനിടയാക്കിയ സംഭവമായിരുന്നു ഇത്. 981-ൽ നിലവിലിരുന്ന കാമ്പിത്താന്റെ കാലശേഷം മറ്റൊരാൾ ആ പദവിക്കർഹനായി വരാതിരിക്കയും ഭരണസാരഥ്യം പൂർണ്ണമായി ജനങ്ങളിൽ വന്നുചേരുകയും ചെയ്തു.

പടയണി

പ്രാചീനകാലത്ത് ജനപങ്കാളിത്തം പൂർണ്ണ

പാരതന്ത്ര്യം അനുഭവിക്കുന്ന സാഹചര്യം നില നിന്നതുകൊണ്ടയിരിക്കണം, സ്വാതന്ത്ര്യസമര ത്തിൽ ഭാഗഭാക്കാകാനോ തീവ്രരാഷ്ട്രീയ പ്രവർത്തനങ്ങളിൽ ഏർപ്പെടാനോ ആവേശം കാണിക്കാതിരുന്നത്.

എന്നിരുന്നാലും പ്രമുഖരാഷ്ട്രീയപാർട്ടി കൾക്ക് പട്ടാഴി പ്രദേശത്ത് അനുയായികൾ ഉണ്ടാ യിരുന്നു. നാട്ടുരാജാക്കന്മാരുടെ ഭരണം പര്യവ സാനിക്കുകയും തിരുവിതാംകൂർ, കൊച്ചി നാട്ടു രാജ്യങ്ങൾ ഒന്നായിത്തീരുകയും ജനാധിപത്യഭ രണ സമ്പ്രദായത്തിന് കൂടുതൽ പ്രസക്തി സിദ്ധിക്കുകയും ചെയ്തു. 1952-ൽ രാജ്യത്തു നടന്ന തെരഞ്ഞെടുപ്പ് പട്ടാഴിയെ സംബന്ധിച്ച് ഒരു ചരിത്രരേഖയായി വിശേഷിപ്പിക്കാം. പട്ടാഴി എന്നപേരിൽ ഒരു നിയോജകമണ്ഡലംതന്നെ ഉണ്ടായി. സംസ്ഥാനരാഷ്ട്രീയരംഗത്ത് തിളങ്ങി നിന്ന രണ്ടു പ്രമുഖനേതാക്കന്മാർ 1954-ൽ കള ത്തിൽ വേലായുധൻ നായരും എം. എൻ. ഗോവി ന്ദൻനായരും ഇവിടെ മത്സരിക്കാൻ എത്തി. നേരിയ ഭൂരിപക്ഷത്തിൽ കളത്തിൽ ജയിക്കയും അന്ന് ശ്രീ. എ.ജെ. ജോണിന്റെ നേതൃത്വത്തിൽ രൂപംപ്രാപിച്ച മന്ത്രിസഭയിലെ ഒരംഗമാവുകയും ചെയ്തു. തെരഞ്ഞെടുപ്പുരംഗത്തെ ചൂടും വാശിയും വാഗ്ദാനവും വിജയവും എല്ലാമായ പ്പോൾ കളത്തിലിന് പട്ടാഴിക്കുവേണ്ടി എന്തെ ങ്കിലും ചെയ്യാതിരിക്കാൻ കഴിഞ്ഞില്ല. സ്വന്തം അനുഭവവസ്തുവിൽ അദ്ധ്വാനത്തിലൂടെ നട്ടുവ ളർത്തിയ മരംമുറിച്ചെടുക്കാനുണ്ടായിരുന്ന നിയ മതടസ്സം അന്നാണുമാറിക്കിട്ടിയത്.

തങ്ങൾ ഒരു പ്രത്യേക ഭരണസംവിധാനം മൂലം സ്ഥിരംപാട്ടക്കാരായി കഴിയേണ്ടിവരുമെ ന്നുള്ള ജനങ്ങളുടെ പാരതന്ത്ര്യവിശ്വാസത്തിനും നേരിയതോതിൽ മാറ്റംസംഭവിച്ചു. അന്യായ മായ പാട്ടമിച്ചവാരപ്പിപുവുകൾ നടത്തിവന്ന വ്യവസ്ഥയെക്കതിരായി സംഘടിക്കാനും നിയ മത്തെ മറികടന്ന് ദേവസ്വം ബോർഡിനെതിരെ നികുതിനിഷേധ പ്രസ്ഥാനം ശക്തമാക്കാനും പ്രസ്തുതകാലഘട്ടത്തിനുകഴിഞ്ഞു.

ഗ്രാമോദ്ധാരണസമിതി

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ ജനാ ധിപത്യനടപടികൾക്ക് സജീവപുരോഗമനമുണ്ടാ യെന്നു സൂചിപ്പിച്ചല്ലോ. നാം ഇന്നു കാണുന്ന പട്ടാഴിയുടെ ആരോഗ്യകരമായ വളർച്ചയ്ക്കും സാമൂഹ്യജീവിത സൗകര്യങ്ങൾക്കും അടിസ്ഥാ നശില സ്ഥാപിച്ചത് ജനകീയസമിതിയായ വില്ലേജ് അപ് ലിസ്റ്റ് കമ്മിറ്റിയാണ്. നാടിന്റെ സർവ്വോന്മുഖമായ വികസനത്തിനുവേണ്ടി പ്രവർത്തിക്കാൻ, പ്രസ്തുത കമ്മറ്റിക്ക് നിരവധി പ്രതിബന്ധങ്ങളെ നേരിടേണ്ടിവന്നു. അടിമത്വ ത്തിന്റെ തീവ്രതയിൽ അസംഘടിതരായി ത്തീർന്ന ജനത, ഭരണകേന്ദ്രത്തിന്റെ ബോധ പൂർവ്വമായ അവഗണന അനുഭവവസ്തുസംബ ന്ധിച്ച് നിലനിന്ന പ്രതികൂലനിയമങ്ങൾ, സഞ്ചാ രത്തിനുള്ള തടസ്സം, സാമ്പത്തിക വൈഷമ്യം, സർക്കാർ മിഷീനറിയുടെ നിസ്സഹകരണം ഇതെല്ലാം സമിതിയെ വൈഷമ്യത്തിലാക്കിയ സംഗതികളാണ്.

ഗ്രാമോദ്ധാരണസമിതിയുടെ ആദ്യയോഗം 16-9-1124-ൽ ക്ഷേത്രത്തിനുകിഴക്കുവശമുള്ള ഗൗരീമന്ദിരം എന്ന വീട്ടിൽവച്ചുകൂടി. പട്ടാഴി യിലെ ഒന്നാം ജന്മിയും ഊരാഞ്ചയും ആയിരുന്ന പുരോഗമനവാദിയായ ആലപ്രത്തു മഠത്തിൽ ശ്രീ. പി.എസ്സ്. ത്രിവിക്രമഭട്ടതിരിയുടെ നേതൃത്വ ത്തിൽ രൂപംപ്രാപിച്ച പ്രസ്തുത വില്ലേജ് അപ് ലിസ്റ്റ് കമ്മറ്റിയിൽ റവറന്റ് ഫാദർ എബ്രഹാം (തുണ്ടിത്താഴേതിൽ) എം.പി. സുൽത്താൻ റാവു ത്തർ, പരിപ്രവേലായുധൻ പിള്ള, കീഴേവീട്ടിൽ നാരായണനുണ്ണിത്താൻ, താന്നിവിള വേലായു ധൻ, എൻ. ചെല്ലമ്മ തുടങ്ങിയവർ അംഗങ്ങളാ യിരുന്നു. കഴുനാട്ടിൽ ജി. ഗോപാലപിള്ള സെക്രെ ട്ടറിയും കോടിയാട്ട് നാരായണപിള്ള പ്യൂണായും പ്രവർത്തിച്ചുവന്നു. ഏനാദിമാലൂർ പത്തനാപുരം റോഡ് വാഹനഗതാഗതത്തിന് യോഗ്യമാവും വണ്ണം വീതികൂട്ടിവെട്ടി കലുങ്കുകളും പാലങ്ങളും നിർമ്മിച്ച്, കയറ്റംകുറച്ച് നന്നാക്കാൻ ആദ്യനട പടി സ്വീകരിച്ചത് കമ്മറ്റിയാണ്. വിദ്യാഭ്യാസത്തി നുള്ള അസൗകര്യംമൂലം നിരക്ഷരരായികഴിയേ ണ്ടിവന്ന ദേശവാസികളിൽ, പ്രായംകഴിഞ്ഞവരെ സാക്ഷരരാക്കുന്നതിന് നാടിന്റെ പലഭാഗത്തും നിശാപാഠശാലകൾ ഏർപ്പെടുത്തി. ചികിത്സാ സൗകര്യം അശേഷംപോലും ഇല്ലാതിരുന്ന ഈ ഗ്രാമതലത്തിൽ ഒരു സർക്കാർ ആശുപത്രി സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടിസ്വീക

രിച്ചത് ഗ്രാമോദ്ധാരണസമിതിയാണ്. ആറാട്ടുപുഴക്കടവിലും ഇടക്കടവിലും വാഹനങ്ങൾകടത്തുന്നതിന് ചെങ്ങാടം ഏർപ്പെടുത്തുന്നതിന് തുടക്കംകുറിക്കാൻ സമിതിക്കുകഴിഞ്ഞു. പുരോഗമനകാംക്ഷികളും അദ്ധ്വാനശീലരുമായ ജനങ്ങളെ സംഘടിപ്പിച്ച് ഇവിടെ ഒരു ശ്രമദാനയജ്ഞം സമാരംഭിക്കുയും പ്രസ്തുതകർമ്മപരിപാടിയിലൂടെ ഒട്ടുമിക്ക പ്രധാനറോഡുകളുടെയും സഞ്ചാരസൗകര്യം വർദ്ധിക്കുകയും ചെയ്തു. പട്ടാഴിയിൽ നിലവിളുണ്ടായിരുന്ന ചിലകിണറുകൾ ജീർണ്ണോദ്ധാരണം നടത്തി സൗകര്യപ്രദമാക്കി. പട്ടാഴിയിൽ ഒരു മിഡ്വൈഫറി സെന്റർ ആരംഭിക്കുന്നതിന് മുൻകൈ എടുത്തതും സമിതിതന്നെ.

പൊതുജനാവശ്യത്തിലേക്ക് ഈ നാട്ടിലെ ഒരു ദേശസ്നേഹി സംഭാവനചെയ്ത 30സെന്റ് സ്ഥലത്ത് ഗ്രാമവികസനസദനം സ്ഥാപിക്കുന്നതിനുള്ള സമിതിയുടെ തീവ്രയത്നം അന്നുനിലവിലിരുന്ന ഭൂമിസംബന്ധമായ നിയമക്കുരുക്കുമൂലം സാധിക്കാതെപോയത് സമിതിപ്രവർത്തകരെ വ്യാകുലചിത്തരാക്കി. 1950-ൽ പട്ടാഴിയിലെ പ്രാഥമിക വിദ്യാലയം ഒരു ഹൈസ്ക്കൂളായി ഉയർത്തുകയും സ്ഥലസൗകര്യം തുലോം പരിമിതമായിരുന്ന സ്ക്കൂളിന് ആവശ്യമായ സ്ഥലം പൊന്നുംവിലയ്ക്ക് എടുക്കുന്നതിനും ആദ്യനടപടി സ്വീകരിക്കുകയും ചെയ്തു. കർഷകഗ്രാമമായ പട്ടാഴിയിലെ കൃഷിക്കാർ കൈവശഭൂമി സംബന്ധിച്ച്, നിലനിന്ന ദുഃസ്ഥിതിമൂലം അനുഭവിച്ചുവന്ന ദുരിതങ്ങൾക്ക് അറുതിവരുത്താൻ വിപ്ലവാത്മകമായ പരിപാടികൾ ആസൂത്രണം ചെയ്യുകയും ഗ്രാമോദ്ധാരണ സമിതിതന്നെ മുന്നിൽനിന്ന് ""ക്ഷേമാഭിവർദ്ധിനികർഷകസമാജം'' പ്രവർത്തനസജ്ജമാവുകയും ചെയ്തു. രാഷ്ട്രീയ തിമിരം ബാധിക്കാത്ത വിധത്തിൽ ജനനന്മമാത്രം മുൻനിർത്തി രൂപീകരിച്ച കർഷകസമാജം ആദ്യത്തെ പഞ്ചായത്തുതെരഞ്ഞെടുപ്പിൽ ഗണ്യമായ സ്വാധീനംചെലുത്താൻ മുന്നോട്ടുവന്നു. 1953-ൽ നടന്ന പ്രഥമപഞ്ചായത്തുതെരഞ്ഞെടുപ്പിൽ കർഷകസമാജം പ്രവർത്തകർക്ക് വ്യക്തമായ ഭൂരിപക്ഷംലഭിച്ചു. ആറാട്ടുപുഴകടവിലെ ചങ്ങാടം ഉപയോഗപ്പെടുത്തി. പട്ടാഴിയിൽകൂടി 1950-ൽ രണ്ട് ബസ്സ് സർവ്വീസുകൾ -""ശ്രീകുമാർ'' പുനലൂർ ശാസ്താംകോട്ടയായും ""വിജയകുമാർ'' ആവണീശ്വരം പട്ടകടവായും നിലവിൽ വന്നെങ്കിലും ദീർഘാലം നിലനിർത്താൻ കഴിയാതെപോയി.

പഞ്ചായത്തിന്റെ പ്രാരംഭദശ

തിരു-കൊച്ചി സംസ്ഥാനത്ത് 1953-ൽ പഞ്ചായത്തുവിഭജനം നടക്കുമ്പോഴും തുടർന്ന് 1953 സെപ്റ്റംബറിൽ പഞ്ചായത്തു തെരഞ്ഞെടുപ്പ് അരങ്ങേറുകയും ചെയ്തു. പട്ടാഴിയിൽ ആറിന് തെക്കേക്കരയിൽ നാലും വടക്കേക്കരയിൽ നാലും ഉൾപ്പെടെ എട്ടുവാർഡുകളാണുണ്ടായിരുന്നത്. ആ തെരഞ്ഞെടുപ്പിൽ വടക്കേക്കരയിലെ ഏറത്തുവടക്ക് വാർഡിൽനിന്ന് കോട്ടാമൽ എം. ചെല്ലപ്പൻപിള്ളയും താഴത്തുവടക്കുനിന്ന് കോക്കാട്ട് എൻ. രാഘവൻപിള്ളയും മാലൂർനിന്ന് വി. കൃഷ്ണപിള്ളയും കുണ്ടയത്തുനിന്ന് എം. മുഹമ്മദ്റാവുത്തരും തെരഞ്ഞെടുക്കപ്പെട്ടപ്പോൾ, തെക്കേക്കരയിലെ പന്തപ്ലാവിൽനിന്ന് ആർ. ദാമോദരനും കന്നിമേൽ വാർഡിന്റെ പ്രതിനിധിയായി ആർ. നാരായണനുണ്ണിത്താനും മീനം വാർഡിനെപ്രതിനിധീകരിച്ച് പി.എസ്. ത്രിവിക്രമഭട്ടതിരിയും മരുതമൺഭാഗം വാർഡിൽ ആർ. വേലായുധൻപിള്ളയും വിജയിച്ചു. സി. കുഞ്ഞിരാമൻ നോമിനേറ്റഡ് അംഗമായിരുന്നു.

15-9-53-ൽ പട്ടാഴി ചന്തയിലെ വാടകക്കെട്ടിടമായ വില്ലേജ് അപ്ലിസ്റ്റ് കമ്മറ്റി ആഫീസിൽവച്ച്കൂടിയ ആദ്യയോഗത്തിൽ ശ്രീ. കോട്ടാമൽ എം. ചെല്ലപ്പൻ പിള്ളയെ പട്ടാഴിയുടെ ആദ്യത്തെ പഞ്ചായത്തുപ്രസിഡന്റായി ഐകകണ്ഠ്യേനതെരഞ്ഞക്കുകയുണ്ടായി. കോക്കാട്ടു രാഘവൻപിള്ളയായിരുന്നു വൈസ് പ്രസിഡന്റ്. പഞ്ചായത്തിന്റെ പ്രാരംഭദിശയിൽ ഇവിടെ രണ്ടു ഹൈസ്ക്കൂളുകളും (ഒന്നു മെതുകുമ്മേൽ - പിന്നീട് ഈ സ്ക്കൂൾ U.P.യായി പരിവർത്തനം ചെയ്യപ്പെട്ടു.) പത്ത് പ്രാഥമിക വിദ്യാലയങ്ങളും പ്രവർത്തനത്തിലുണ്ടായിരുന്നു.

15-1-54-ൽ പഞ്ചായത്താഫീസിന്റെ പ്രവർത്തനം പട്ടാഴിമാർക്കറ്റിനു സമീപമുള്ള കന്നിമേൽ കരയോഗമന്ദിരത്തിലേയ്ക്കുമാറ്റി ഭരണത്തിന്റെ പ്രാരംഭദിശയിൽ പട്ടാഴിയുടെ ആദ്യ

പഞ്ചായത്തിന് സമീപസ്ഥലങ്ങളെ അപേക്ഷിച്ച്, പലപ്രതിബന്ധങ്ങളും നേരിടേണ്ടിവന്നിരുന്നു. നിലവിലുള്ള ഭൂനയവ്യവസ്ഥ, പൊതുസ്ഥലങ്ങളിൽനിന്ന് ആദായം സംഭരിക്കുവാനുള്ള നിയമവിലക്ക് തുടങ്ങി സാമ്പത്തിക അസന്തുലിതാവസ്ഥ നിലനിന്നു. ഭരണമാരംഭിച്ച്, 9 മാസത്തനുശേഷം 14- 7-54-ൽ ആണ് മാർക്കറ്റുഭരണം പഞ്ചായത്ത് തഹസീൽദാരിൽനിന്നും ഏറ്റെടുക്കുന്നത്. 16-2-89 മുതൽ പരിപ്ര ശ്രീ. ആർ. വേലായുധൻപിള്ള പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു.

സാഹചര്യം അനുകൂലമല്ലാതിരുന്നിട്ടും നിരവധികുഴഞ്ഞ പ്രശ്നങ്ങളുടെ പരിഹാരത്തിനായി, പഞ്ചായത്ത് പ്രവർത്തനനിരതമായിരുന്നു. പത്തനാപുരവുമായി ബന്ധപ്പെടുന്നതിന് പഴഞ്ഞിതോട്ടിലെ തണ്ടാൻകടവിൽകടത്തുവള്ളം ഏർപ്പാടുചെയ്തു, കടുവാത്തോട് – മാലൂർ റോഡിലെകുറ്റിക്കാട്ടുപാലംപണിഞ്ഞത്. കല്ലൂർകടവിലും കൊണമൺകടവിലും കടത്തുവള്ളം നിലവിൽവന്നത് പ്രധാനപ്പെട്ട പലറോഡുകളുടെയും ഭാഗങ്ങളിൽ കലുങ്കുകൾ പണിഞ്ഞത്, പട്ടാഴി സർക്കാർ ആശുപത്രി സ്ഥാപിക്കുന്നതിന് പലതവണനിവേദനം നടത്തി അതിന്റെ സാക്ഷാത്കാരം നേടിയെടുത്തത്, ഇങ്ങനെ പലകാര്യങ്ങളും ചെയ്തു. പഞ്ചായത്തിന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി ത്വരിതപ്പെടുത്തിയതും ഈ ഘട്ടത്തിലാണ്. ഭൂമിസംബന്ധമായി നിലവിലിരുന്ന നയങ്ങൾക്ക് വ്യതിയാനം സംഭവിപ്പിക്കാൻ സർക്കാർ, ദേവസ്വം അധികാരികളെ തുടർച്ചയായി സമീപിച്ച് ആവശ്യമായ നിവേദനം നടത്തിയതും പ്രസ്തുത പഞ്ചായത്തുകമ്മറ്റിയാണ്.

Pattazhi Devaswom Lands (Vesting and Enfranchisement) Act 1961.

പട്ടാഴി ദേവസ്വം ഭൂമി ഏറ്റെടുക്കൽ ബിൽ

പട്ടാഴിയിൽ അധിവസിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം പരിവർത്തനോന്മുഖമായ പിരോഗതിക്ക് തുടക്കംകുറിച്ച നിയമാധിഷ്ഠിത മഹാസംഭവമാണ് പട്ടാഴിദേവസ്വം ഭൂമിഏറ്റെടുക്കൽ ബിൽ. സാമൂഹ്യനീതിപോലും നിഷേധിക്കപ്പെട്ട് ജനങ്ങൽ ബുദ്ധിമുട്ടനുഭവിച്ച ദീർഘമായ കാലഘട്ടം ഈ ഗ്രാമത്തിൽനിലനിന്നിരുന്നു. ഒരു പ്രദേശംമുഴുവൻ പ്രത്യേകമതവിഭാഗത്തിനുമാത്രം സ്വായത്തമായ ആരാധനാലയത്തിന്റെ സ്വന്തമായതിനാൽ, ആപ്രദേശത്ത് അധിവസിക്കുന്ന അന്യമതസ്ഥരുടെ സാമൂഹ്യാചാരങ്ങൾ നടപ്പിലാക്കുന്നതിന് വിലക്കുകൽപ്പിച്ചിരുന്നു. അഹിന്ദുക്കൾ മരണമടഞ്ഞാൽ ഭൗതികശരീരം ഗ്രാമത്തിനുപുറത്തുകൊണ്ടുപോയി സംസ്കരിക്കണമെന്നായിരുന്നു കീഴ്വഴക്കം.

മരിച്ച ഒരാളുടെ ശവശരീരം അടക്കം അടക്കംചെയ്തത് പുറത്തെടുക്കുകയും വഴിവക്കിൽ പ്രദർശനവസ്തുപോലെ വയ്ക്കുകയുംചെയ്തിട്ടുണ്ട്. രാജ്യത്ത് ഉടനീളം ഭൂപരിഷ്കരണം നിയമംമൂലം നടപ്പിലാക്കുന്നതിന്റെ പ്രവർത്തനം പുരോഗമിക്കുമ്പോൾ, ഇവിടെയും ജനങ്ങൾ അസ്വസ്ഥരായി ഭൂപരിഷ്കാരത്തിന് മുന്നോട്ട് വരികയുണ്ടായി. ജനപ്രതിനിധികളും പൗരമുഖ്യരും താല്പരരായി പ്രവർത്തനരംഗത്തെത്തി. കേരളസംസ്ഥാന രൂപീകരണത്തിനുശേഷം 1957-ൽ അധികാരത്തിലെത്തിയ ഇടുപക്ഷ സർക്കാരിന്റെ കാലത്ത്, ആദ്യകാലകമ്യൂണിസ്റ്റ് പ്രവർത്തകനായ പട്ടാഴികേശവൻനായർ, അന്നത്തെ ജനപ്രതിനിധി, പുനലൂർ രാജഗോപാലൻനായരുമായി ആലോചിച്ച് ഒരു നിയമനിർമ്മാണത്തിന് ആരംഭമിടുകയുണ്ടായി. റവന്യൂമന്ത്രിയായിരുന്ന ശ്രീമതി കെ.ആർ. ഗൗരിയമ്മ സ്ഥലത്തുവന്ന് നാട്ടുപ്രമാണികളേയും ദേവസ്വം ഭാരവാഹികളേയും വിളിച്ചുകൂട്ടി വിശദമായ ചർച്ച നടത്തുകയും പട്ടാഴിദേവസ്വം ബില്ലിന് രൂപരേഖയുറാക്കുകയുംചെയ്തു. 1957-ൽ ബില്ലിന്റെ ചർച്ചകഴിഞ്ഞ് സെലക്റ്റുകമ്മിറ്റിക്കുവിടാൻ തീരുമാനമായെങ്കിലും, അന്നത്തെ അസംബ്ലി നിലച്ചുപോയതിനാൽ പട്ടാഴിദേശവാസികളുടെ കാത്തിരിപ്പിന് വീണ്ടും നീളംവയ്ക്കുകയാണുണ്ടായത്. പിന്നീട് നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച് ജനപ്രതിനിധിയായ ശ്രീ. ആർ. ബാലകൃഷ്ണപിള്ള പട്ടാഴിപ്രദേശത്തിൽ ശ്രദ്ധാലുവാവുകയും 1559ന്റെ മുൻകാലപ്രാബല്യത്തേയും അംഗീകരിപ്പിച്ച് 1961-ൽ ബില്ല് നിയമമാക്കി അനന്തരനടപടിക്ക് ആരംഭംകുറിക്കുകയുംചെ

യതു. പട്ടയം നൽകുന്നതിന് പട്ടാഴിയിൽ ഒരു സെറ്റിൽമെന്റാഫീസ് ആരംഭിച്ചു. തഹസീൽദാരുടെ അധികാരമുള്ള സെറ്റിൽമെന്റാഫീസ് ആരംഭിച്ചു. തഹസീൽദാരുടെ അധികാരമുള്ള സെറ്റിൽമെന്റാഫീസർ, 1968വരെ പ്രവർത്തിക്കയും പട്ടാഴിനിവാസികൾ അനുഭവവസ്തുവിന്റെ ഉടമസ്ഥരായിതീരുകയും ചെയ്തു. ദേവസ്വത്തിന്, ക്ഷേത്രകാര്യങ്ങൾ സുഗമമായി നടത്തുന്നതിനുള്ള ഭൂസമ്പത്ത് ഒഴിവാക്കിക്കിട്ടിയതിനുപുറമേ, വസ്തുവിന്റെ ഉടമാവകാശത്തിന് പ്രതിഫലമായി ലഭിക്കയുമുണ്ടായി. അതിനു ശേഷം പട്ടാഴിയിലെ മുഴുവൻ ജനവിഭാഗത്തിനും ഒരുപുതിയ ജീവിതസാഹചര്യംതന്നെ രൂപപ്പെട്ടു എന്നവസ്തുത എടുത്തുപറയാനാഗ്രിക്കുന്നു. മറ്റൊരു വസ്തുത ജനാഭിലാഷം പൂർത്തീകരിക്കാനുള്ള പ്രക്രിയയിൽ ഭൂസ്വത്തിന്റെ ഉടമാവകാശം പട്ടാഴിക്ഷേത്രത്തിന് കൈമോശംവന്നെങ്കിലും, ബില്ലിലെ വ്യവസ്ഥകൾ നടപ്പായതിനുശേഷം ഭരണകാര്യങ്ങളിൽ അടുക്കും ചിട്ടയും അനുഭവപ്പെടുകയും, ആരാധകരുടെ തിരക്ക് അഭൂതപൂർവ്വമായി വർദ്ധിച്ചതിനാൽ അത്ഭുതകരമായി പുരോഗതി ഉണ്ടാവുകയുംചെയ്തു.

1967 സെപ്റ്റംബർ മാസത്തിൽ രണ്ടാമത്തെ പഞ്ചായത്തു തെരഞ്ഞെടുപ്പുനടക്കുകയുണ്ടായി. പ്രസ്തുത ഭരണസമിതിയിൽ പത്തുമെമ്പർമാർ ഉണ്ടായിരുന്നു.

1. ശ്രീ. ആർ. ദാമോദരൻ പ്രസിഡന്റ്, പന്തപ്ലാവുവാർഡ്.
2. ശ്രീ. എം. യോഹന്നാൻ വൈസ് പ്രസിഡന്റ്, തെക്കേതേരി.
3. ശ്രീ. ആർ. രാമൻ ഉണ്ണിത്താൻ, കന്നിമേൽ (ജനറൽ)
4. ശ്രീ. റ്റി. രാമൻ, കന്നിമേൽ (റിസർവേഷൻ)
5. ശ്രീ. പി.എൻ. ബാലകൃഷ്ണപിള്ള, മീനം.
6. ശ്രീ. റ്റി. ഇസ്മാൽ മൈതീൻ റാവുത്തർ, മീനംവടക്കേക്കര
7. ശ്രീ. കെ.ജി. ശിവശങ്കരപ്പിള്ള, മാലൂർ
8. ശ്രീ. പി.കെ. സദാശിവൻ, ഏറത്തുവടക്ക്
10. ശ്രീമതി കെ. ചെല്ലമ്മ (വനിതാസംവരണം, നോമിനേഷൻ)

തെരഞ്ഞെടുക്കപ്പെട്ട മേൽവിവരിച്ച അംഗങ്ങൾ, വളരെകൂടുതൽ കാലം – പതിമൂന്നു വർഷം – പഞ്ചായത്തിന്റെ ഭരണസാരഥികളായി തുടരാൻ "ഭാഗ്യം' സിദ്ധിച്ചവരായിരുന്നു. ഈ കാലഘട്ടം പല വ്യതിയാനങ്ങൾക്കും സാക്ഷ്യം വഹിച്ചെങ്കിലും എടുത്തുപറയാവുന്ന പ്രധാന സംഗതി വിശാലമായി നിലനിന്ന പട്ടാഴിപഞ്ചായത്ത് രണ്ടുമേഖലകളായി ഭരണനിർവ്വഹണത്തിന് രൂപംപ്രാപിച്ചു എന്നുള്ളതാണ്. പട്ടാഴി, പട്ടാഴിവടക്കേക്കര – 19-1-79-ൽ വിഭജന ഉത്തരവു സർക്കാർ പുറപ്പെടുവിക്കുകയും 21-1-79-ൽ രണ്ടായിപ്രവർത്തനം ആരംഭിക്കുകയും ചെയ്തു. നിലവിലുണ്ടായിരുന്ന മെമ്പറന്മാരെത്തന്നെ ഭാഗംവച്ച് ഭരമഭാരമേൽപ്പിക്കുകയായിരുന്നുചെയ്തത്. ആർ. ദാമോദരൻ പ്രസിഡന്റും ആർ. രാമനുണ്ണിത്താൻ പി.എൻ. ബാലകൃഷ്ണപിള്ള, റ്റി. രാമൻ എന്നിവർ മെമ്പറന്മാരുമായി ഭരണം തുടരുകയായി. ഏറിയകാലം വൈസ് പ്രസിഡന്റായിരുന്ന ശ്രീ. എം. യോഹന്നാൻ പദവിയിലിരിക്കെ 15-1-79-ൽ ദിവംഗതനായി. വിഭജിക്കപ്പെട്ട പഞ്ചായത്തുകമ്മിറ്റിക്ക് ഉണ്ടായിരുന്ന മറ്റൊരു പ്രത്യേകത ജനകീയത നിലനില്ക്കെത്തന്നെ സർക്കാർ നാമനിർദ്ദേശകരായി ഭരിക്കാൻ അവസരം ലഭിച്ചുഎന്നുള്ളതാണ്. 21-1-79 മുതൽ 27-3-80 വരെ ഈ നിലതുടർന്നു. 28-3-80 മുതൽ ഒരു ആഫീസറുടെ ചുമതലയിൽ പഞ്ചായത്തു ഭരണം ഒതുങ്ങുകയുംചെയ്തു.

അടുത്തത് വിഭജനാനന്തരം ആദ്യംനടന്ന തെരഞ്ഞെടുപ്പിൽ വിജയകിരീടമണിഞ്ഞവരുടെ ഭരണമായിരുന്നു.

1. ശ്രീ. സി. രവീന്ദ്രൻ നായർ (പ്രസിഡന്റ്) മീനം വാർഡ്
2. ശ്രീ. കെ. അയ്യപ്പൻ (സംവരണവാർഡ്) കന്നിമേൽ
3. ശ്രീ. സി.കെ. ജോർജ്ജ് താഴത്തുവടക്ക്
4. ശ്രീ. കെ. ചന്ദ്രശേഖരൻ നായർ മരുതമൺഭാഗം.
5. ശ്രീമതി പൊടിയമ്മ ജോൺ (വനിതാസംവരണം) തെക്കേത്തേരി.
6. ശ്രീ. വാസുദേവൻ നമ്പൂതിരി, പന്തപ്ലാവ്
7. ശ്രീ. പി. ശിവരാമൻ നായർ, നടുത്തേരി.

8. പി. ഭാസ്കരൻ നായർ, കുണ്ടയം.

10-8-1982-ൽ ശ്രീ. രവീന്ദ്രൻനായർ മാറുകയും ശ്രീ. വാസുദേവൻനമ്പൂതിരി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ പഞ്ചായത്തുസമിതി ഭരണം നടത്തുമ്പോഴായിരുന്നു പട്ടാഴിയിലെ ഇടക്കടവുപാലത്തിന്റെ ശിലാസ്ഥാപനം നടന്നത്. കല്ലടയാറിനുമീതെ ഇരുകരകളെയും ബന്ധിപ്പിച്ചിരിക്കുന്ന ഒരു പാലം പൂർത്തിയാകണമെന്നുള്ളത് പട്ടാഴിയിൽ അധിവസിക്കുന്ന മുഴുവൻ ആളുകളുടെയും ആഗ്രഹമായിരുന്നു. അഭിലാഷം സാധിക്കുന്നതിനുവേണ്ടി ജനകീയഭരണാരംഭകാലം മുതൽ നിവേദനങ്ങളും വാഗ്ദാനങ്ങളും നടപടിക്രമങ്ങളും പലതവണ നടക്കുകയും പാലംപണി സർക്കാർ രേഖകളിൽമാത്രം ഒരുങ്ങികൂടുകയും ചെയ്തു. പട്ടാഴിയിലെ ആറാട്ടുപുഴക്കടവിൽ പാലംതീർന്ന് എം.സി. റോഡിലെ ഏനാത്തുമായി ബന്ധപ്പെടുന്നതിനാണ് ദീർഘകാലമായി ശ്രമിച്ചുകൊണ്ടിരുന്നത്. ആദ്യം സഞ്ചാരയോഗ്യമായി വഴിരൂപപ്പട്ടത് അവിടെക്കൂടിയായതിനാൽ ഒരുകാലഘട്ടംവരെ ആർക്കുംതന്നെ അഭിപ്രായഭിന്നത ഉണ്ടായിരുന്നില്ല. ഇടക്കാലത്തുണ്ടായ റോഡുകളുടെ സ്ഥിതിവിവരം നിരത്തിലും പൊതുസ്ഥാപനങ്ങളുമായി ബന്ധപ്പെടാനുമുള്ള സൗകര്യം മുൻനിർത്തിയും പാലം ആറാട്ടുപുഴയിൽനിന്നുമാറ്റി ഇടക്കടവിൽ സ്ഥാപിക്കണമെന്നുള്ള ചിലരുടെ വാദത്തിന് വാശിയേറിവന്നു. പാലംപണി സ്തംഭനാവസ്ഥയിലെത്തി. ഒടുവിൽ കുറിവീണത് ഇടക്കടവിന് അനുകൂലമായിട്ടാണ് അന്നത്തെപൊതുമരാമത്തു മന്ത്രി അവുക്കാദർകുട്ടി പാലത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

ഭാരതസർക്കാരിന്റെ പശ്ചിമഘട്ട വികസന പദ്ധതി നടപ്പിലാക്കിയതും ഈ ഘട്ടത്തിലാണ്.

പശ്ചിമഘട്ട വികസന പദ്ധതി.

1983-84, 84-85 എന്നീ സാമ്പത്തിക വർഷങ്ങളിലായി സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ ശുപാർശയനുസരിച്ച് കേന്ദ്ര പ്ലാനിംഗ് ആന്റ് എക്കണോമിക്സ് അഫയേഴ്സ് മിനിസ്ട്രിയിൽ നിന്നും അനുവദിച്ചുകിട്ടിയ ഒരു കോടിയോളം വരുന്ന സാമ്പത്തിക സഹായവും പ്രത്യേകഘടകപദ്ധതിയനുസരിച്ച് സംസ്ഥാന ഗവൺമെന്റിൽ നിന്നും അനുവദിച്ച മുപ്പതുലക്ഷത്തോളം രൂപയും ഉപയോഗപ്പെടുത്തി ഈ പഞ്ചായത്തിലെ പൂക്കുന്നിമല, മേപ്പലംകുന്ന്, അടയ്ക്കാമരക്കുഴി, പാവക്കോട്, കോളൂപ്പുറം എന്നീ ഹരിജൻ കോളനികളിൽ സമഗ്രവികസന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുകയുണ്ടായി. കോളനികളുടെ വൈദ്യുതീകരണം, പൂക്കുന്നുമല ശുദ്ധജലവിതരണം പദ്ധതി, പൂക്കുന്നുമല – മൈലാടുംപാറ റോഡ് തുടങ്ങിയവ ഈ പദ്ധതികളിൽപെടുന്നു.

ഈ പ്രദേശത്തെ ഒട്ടാകെയുള്ള കാർഷിക വികസനം ലക്ഷ്യമാക്കി 1100 ഹെക്ടർ സ്ഥലത്തു ഈ കാലഘട്ടത്തിൽ മണ്ണുസംരക്ഷണജോലികൾ സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റ് മുഖാന്തിരം ആവിഷ്കരിച്ചു നടപ്പിലാക്കുകയുണ്ടായി. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുവേണ്ടി റബ്ബർ ബോർഡിന്റെ സാങ്കേതിക സഹകരണത്തോടുകൂടി 100ഹെക്ടറിലധികം പ്രദേശത്ത് റബ്ബർകൃഷിനടപ്പിലാക്കി. ഈ പദ്ധതിയുടെ നടത്തിപ്പിൽ അന്നത്തെ ജില്ലാകളക്ടർ ആയിരുന്ന ശ്രീ. ഗോപാലകൃഷ്ണപിള്ളയും, ജില്ലാപ്ലാനിംഗ് ആഫീസർ ആയിരുന്ന ശ്രീ. എൻ. നല്കിയിട്ടുള്ള സേവനങ്ങൾ ഈ പ്രദേശവാസികൾ നന്ദിപൂർവ്വം സ്മരിക്കുന്നു. ഈ പ്രദേശത്തിന്റെ കാർഷിക സമ്പത്ഘടനയിൽ നിർണ്ണായമായ മാറ്റങ്ങൾ വരുത്തുവാൻ ഈ പദ്ധതി സഹായകരമായിട്ടുണ്ട്.

പട്ടാഴി മാർക്കറ്റിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സിന്റെ പണിനടന്നതും, അടൂർ നിന്ന് പട്ടാഴിയിലേക്ക് ഒരു ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിന് പ്രാരംഭംകുറിക്കാൻ കഴിഞ്ഞതും ഈ ഭരണകാലഘട്ടത്തിലാണ്.

1988 ഫെബ്രുവരിയിലായിരുന്നു അടുത്ത പഞ്ചായത്തു തെരഞ്ഞെടുപ്പ്. താഴെപറയുന്നവരാണ് അന്നുതെരഞ്ഞെടുക്കപ്പെട്ടത്.

ശ്രീ. ബി. ഭാർഗ്ഗവൻപിള്ള, മീനം.
ശ്രീ. കെ. ചന്ദ്രശേഖരൻ നായർ, മരുതമൺഭാഗം
ശ്രീ. ആർ. കൊച്ചുകുഞ്ഞ്, നടുത്തേരി.

ശ്രീ. ഒ. ജോർജ്ജ്, താഴത്തുവടക്ക്.
ശ്രീ. വി. കുമാരൻ നായർ, മാർക്കറ്റ്.
ശ്രീ. എൻ. രാമകൃഷ്ണപിള്ള, തെക്കേതേരി.
ശ്രീ. എസ്. തോമസ്കുട്ടി, കുണ്ടയം.
ശ്രീമതി ബി. ആനന്ദവില്ലിയമ്മ, കന്നിമേൽ.
ശ്രീമതി സരസ്വതിയമ്മ, പന്തപ്ലാവ്.

ശ്രീ. ബി. ഭാർഗ്ഗവൻപിള്ളയെ പ്രസിഡന്റായും ശ്രീ. കെ. ചന്ദ്രശേഖരൻ നായരെ വൈസ്പ്രസിഡന്റായും തെരഞ്ഞെടുത്തു. പ്രസ്തുത പഞ്ചായത്ത് ഭരണസമിതിയുടെ കാലത്ത് പട്ടാഴിയുടെ ചിരകാലാഭിലാഷമായ ഇടക്കടവു പാലത്തിന്റെ ഉത്ഘാടനം 4-12-90-ൽ വകുപ്പു മന്ത്രി ശ്രീ. പി.എം. അബൂബക്കർ നിർവ്വഹിച്ചു. സബ്രജിസ്ട്രരാഫീസ്, ഹോമിയോ ഡിസ്പൻസറി എന്നിവ ആരംഭിച്ചതും വായനശാലക്കു പുതിയ മന്ദിരം നിർമ്മിച്ചതും, ഓപ്പൺ എയർ തിയേറ്റർ പണികഴിപ്പിച്ചതും ഈ ഭരണസമിതിയുടെ ഭരണകാലഘട്ടത്തിലാണ്. 1995-ൽ നടന്ന പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ഇപ്പോഴത്തെ ഭരണസമിതിയെ തെരഞ്ഞെടുത്തു. പഞ്ചായത്ത് രാജ് സംവിധാനത്തിലുള്ള ഭരണസമിതി രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ ജന്മദിനത്തിൽ അധികാരത്തിൽവന്നു.

ശ്രീമതി. പി.എം. ജഗദമ്മ, നടുത്തേരി.
ശ്രീ. എ. അബ്ദുൾ മജീത്, താഴത്തുവടക്ക്.
ശ്രീ. എസ്. തോമസ്കുട്ടി, കുണ്ടയം.
ശ്രീ. പി.ആർ. വേണുഗോപാൽ, മാർക്കറ്റ്.
ശ്രീ. ജി. തുളസീധരൻ നായർ, കന്നിമേൽ.
ശ്രീമതി. മിനി ശിവദാസൻപിള്ള, മീനം.
കുമാരി എസ്. ഗിരിജാദേവി, പന്തപ്ലാവ്.
ശ്രീ. കെ. മോഹനകൃഷ്ണൻ, തെക്കേതേരി.
ശ്രീ. എൻ. ശശികുമാർ, മരുതമൺഭാഗം.
ശ്രീമതി പി.എം. ജഗദമ്മ പ്രസിഡന്റും ശ്രീ. എ. അബ്ദുൾ മജീത് വൈസ്പ്രസിഡന്റുമാണ്.

സ്റ്റാന്റിംഗ് കമ്മിറ്റി

ശ്രീ. എസ്സ്. തോമസ്കുട്ടി, ചെയർമാൻ
കുമാരി എസ്. ഗിരിജാദേവി, മെമ്പർ
ശ്രീ. എൻ. ശശികുമാർ, മെമ്പർ
പ്രസിഡന്റും, വൈസ്പ്രസിഡന്റും എക്സ്ഒഫിഷ്യോ അംഗങ്ങൾ.

സാമൂഹ്യരംഗം.

പട്ടാഴിയിലെ സാമൂഹ്യ സാംസ്കാരിക രംഗംകൂടി പരാമർശിച്ചുകൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിക്കണം. സാമൂഹ്യപുരോഗതിക്കു തടസ്സങ്ങൾമാത്രമാണ് ഈ ഗ്രാമപ്രദേശത്ത് നിലനിന്നിരുന്നത്. ഇതിനെ അതിജീവിച്ചു സാംസ്കാരിക നിലവാരത്തോടൊപ്പം ഇതര ഘടകങ്ങളും വികസിപ്പിച്ചെടുക്കാൻ ഭാഗീരഥയത്നംതന്നെ വേണ്ടിവന്നു. പട്ടാഴിയിൽ മെതുകുമ്മേലാണ് ആദ്യം ഒരു ഹൈസ്ക്കൂൾ ഇണ്ടായത്. ഇപ്പോഴുള്ള ഹൈസ്ക്കൂൾ സ്ഥാപിക്കുന്നതിന് അശ്രാമന്തപരിശ്രമം നടത്തിയത് ശ്രീമാൻ കോട്ടാമല ചെല്ലപ്പൻ പിള്ളയായിരുന്നു.

നമ്മുടെ പഞ്ചായത്തിൽ ആദ്യമായ ബിരുദാനന്തരബിരുതം കരസ്ഥമാക്കിയാളാണ് റിട്ടയാർഡ് ജഡ്ജ് ശ്രീ. കോരുത്. ന്യായാധിപ പദവിയിൽനിന്നും വിരമിച്ചശേഷം ഇപ്പോൾ സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നു. അറിവിന്റെ കലവറയായ വിദ്വാൻ, ആറ്റൂർ എം. ഗോപാലപിള്ള സാർ ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന വന്ദ്യ വയോധികനാണ്. അരനൂറ്റാണ്ടു മുമ്പ് നമ്മുടെ നാട്ടിൽ അരംഭിച്ച വിജ്ഞാനപ്രദായിനി ഗ്രന്ഥശാളയുടെ വളർച്ചയുടെ പിന്നിൽ അവിരാമം പ്രവർത്തിച്ച ശ്രീ. വലിയമഠം ബാലകൃഷ്ണ ഭട്ടതിരിയും വിശ്രമജീവിതത്തിലാണ്. പട്ടാഴിയിലെ സാമൂഹ്യ രാഷ്ട്രീയരംഗത്ത് തിളങ്ങിനിന്നിരുന്ന പരേതനായ ശ്രീമാന്മാർ. പട്ടാവി കേശവൻ നായർ, ആർ. രാമുനുണ്ണിത്താൻ, പി.എസ്സ്. ത്രിവിക്രമ ഭട്ടതിരി, ഗൗരിമന്ദിരത്തിൽ ചന്ദ്രശേഖരൻ നായർ, ചിറക്കരോട്ട് ബാലകൃഷ്ണപിള്ള മാമന ആർ. കൃഷ്ണപിള്ള, പരിപ്ര വേലായുധൻപിള്ള തുടങ്ങിയവരുടെ സേവനങ്ങളെയും നാം നന്ദിപൂർവ്വം സ്മരിക്കണം. ഒരു പക്ഷേ ഈ കുറിപ്പിൽ പരാമർശിക്കാൻ വിട്ടുപോയിട്ടുണ്ടെങ്കിലും, പട്ടാഴിയെ അറിയപ്പെടുന്ന ഒരു ഗ്രാമമായി വളർത്തിയെടുക്കാൻ പ്രയത്നിച്ചിട്ടുള്ള എല്ലാ മഹാന്മാരെയും ഒരിക്കൽകൂടി നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടു ചരിത്രസത്യങ്ങൾക്കു പരിസമാപ്തി കുറിക്കട്ടെ.

4 ഭൂപ്രകൃതി, ജലപ്രകൃതി ജനപ്രകൃതി

ഒരു പ്രദേശത്തിന്റെ വികസനം പ്രധാനമായും അവിടുത്തെ ഭൂപ്രകൃതിയേയും, ജനശക്തിയേയും ആശ്രയിച്ചാണിരിക്കുന്നത്. ഭൂപ്രകൃതി എന്നുപറയുമ്പോൾ, ഭൂമിയുടെ കിടപ്പ് മണ്ണിന്റെഘടന അഥവാ സ്വഭാവം, ജലലഭ്യത, കാലാവസ്ഥ എന്നിവയെയാണ് അർത്ഥമാക്കുന്നത്. ജനശക്തി അഥവാ മനുഷ്യവിഭവശേഷി എന്നുപറയുമ്പോൾ ജനങ്ങളുടെ വിദ്യാഭ്യാസനിലവാരം, വികസനത്തോടുള്ള ആഭിമുഖ്യം, തൊഴിലിനെ സംബന്ധിച്ചുള്ള അറിവ്, കഴിവ് ഇവയെ ആശ്രയിച്ചിരിക്കുന്നു. മേൽപറഞ്ഞവയെ കണക്കിലെടുക്കാതെയുള്ള വികാസം പലപ്പോഴും ലക്ഷ്യപ്രാപ്തിയിൽ എത്താറില്ല. അതാത് പ്രദേശത്തിന്റെ വികസനം ആ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെയും മറ്റ് പ്രകൃതി വിഭവങ്ങളുടെയും സന്തുലിതാവസ്ഥയ്ക്ക് അനുയോജ്യമായതും ആ പ്രദേശത്തിന്റെ അഭംഗുരമായ വികസനത്തിന് വഴിയൊരുക്കുന്നതുമായിരിക്കണം. വിഭവങ്ങളുടെ ശാസ്ത്രീയമായ അപഗ്രഥനവും അവലോകനവും ഇവയ്ക്ക് വഴിയൊരുക്കുന്നതുമാണ്.

കേരളത്തെ സംബന്ധിച്ചടത്തോളം ഭൂപ്രകൃതി വളരെ വൈചിത്ര്യവും വൈവിധ്യവും നിറഞ്ഞതാണ്. പൊതുവെ മലനാട്, ഇടനാട്, തീരപ്രദേശം എന്ന് വിഭജിക്കപ്പെട്ടിട്ടുണ്ടെങ്കിലും; തീരപ്രദേശത്തോട് ചേർന്ന് കുന്നുകളും മലംപ്രദേശങ്ങളിൽതന്നെ സമതലങ്ങളും സർവ്വസാധാര



ണമാണ്. കാലാവസ്ഥ, ജലസ്രോതസുകളുടെ ലഭ്യത, മണ്ണിന്റെ ഘടന ഇവയുടെ വ്യത്യാസം മൂലം കാർഷികവിളകളും വ്യത്യസ്ത സ്വഭാവത്തിലുള്ളതാകുന്നു. മേൽപറഞ്ഞ ഭൂപ്രകൃതിയിലുള്ള വ്യത്യസ്തത ഇൻഡ്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ പ്രായേണ കാണപ്പെടുന്നില്ല. അതുകൊണ്ടുതന്നെ കേരളത്തിന്റെ സമഗ്രവികസനത്തിന് വ്യത്യസ്തമായ സമീപനം പ്രാദേശികമായി ആസൂത്രണം ചെയ്യേണ്ടതുണ്ട്.

മുകളിൽ സൂചിപ്പിച്ച കാര്യങ്ങളെ കണക്കിലെടുത്താണ് പ്രാദേശിക വിഭവ ഭൂപടം നിർമ്മിച്ചിട്ടുള്ളതും നിർമ്മിച്ചുവരുന്നതും എന്ന് ആമുഖമായി പറഞ്ഞുകൊള്ളട്ടേ. എന്നിരുന്നാലും ഒരു ജില്ലയുടെ സമഗ്രവികസനം ലക്ഷ്യമാക്കി പ്രവർത്തിക്കേണ്ടിവരുമ്പോൾ, പഞ്ചായത്ത്തല വിഭവങ്ങളെ കഴിയുന്നത്ര ക്രോഡീകരിച്ച് ഗ്രാമ, ബ്ലോക്ക്, ജില്ലാതലത്തിൽ ഏകോപിപ്പിക്കേണ്ടതുണ്ട്. കൊല്ലം ജില്ലയിൽ ഇത് പ്രാവർത്തികമാക്കാനുള്ള മുന്നോടിയായി ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലേയും വികസനറിപ്പോർട്ടുകൾ വിഭവഭൂപടങ്ങളെ ആസ്പദമാക്കി തയ്യാറാക്കുന്നു.

കൊല്ലം ജില്ലയിൽ പത്തനാപുരം താലൂക്കിൽ പത്തനാപുരം ബ്ലോക്കിലെ ആറ് ഗ്രാമപഞ്ചായത്തുകളിൽ പടിഞ്ഞാറ് കല്ലടയാറിനോടു ചേർന്ന് തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്ന പട്ടാഴി ഗ്രാമപഞ്ചായത്ത് മലനാട് കാർഷിക കാലവസ്ഥാമേഖലയിൽപ്പെട്ടുന്നു. ഈ ഗ്രാമപഞ്ചായത്ത് കൊട്ടാരക്കരനിന്ന് 9 കി.മീ. വടക്കു കിഴക്കായി അക്ഷാംശം 9° 3′നും 9° 5′Nനും രേഖാംശം 76° 46′നും 76° 50′ E നുമിടയ്ക്ക് സ്ഥിതിചെയ്യുന്നു.

മലനാടിനോടുചേർന്നുകിടക്കുന്ന ഒരു ഇടനാടൻ ഗ്രാമമായ പട്ടാഴി ഗ്രാമപഞ്ചായത്ത് വ്യത്യസ്തമായ ഭൂപ്രകൃതി ഉൾക്കൊള്ളുന്നു. സമുദ്രനിരപ്പിൽനിന്ന് 186 മീറ്ററോളം ഉയർന്ന മരുതമല ഉൾക്കൊള്ളുന്ന പ്രദേശമാണ് പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. നിമ്നോന്നതി അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ 20 മീറ്ററിന് താഴെ, 20 മീറ്ററിനും 60 മീറ്ററിനും ഇടയ്ക്ക്, 60 മീറ്ററിനും 100 മീറ്ററിനും ഇടയ്ക്ക്, 100 മീറ്ററിനു മുകളിൽ എന്നിങ്ങനെ നാലായി തരംതിരിക്കാം. നിമ്നോന്നതിപ്രകാരമുള്ള പ്രദേശങ്ങളുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

നിമ്നോന്നതി (മീറ്ററിൽ)	വിസ്തീർണ്ണം (ഹെക്ടറിൽ)
20ന് താഴെ	212.4
20നും 60നുമിടയ്ക്ക്	1,233.0
60നും 100നും ഇടയ്ക്ക്	24.8
100നു മുകളിൽ	177.8

അവലംബം: (വിഭവഭൂപടം സെസ്സ്)

നിമ്നോന്നതിയെ അവലംബിച്ച് നോക്കുമ്പോൾ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും 20 മീറ്ററിനും 60 മീറ്ററിനും മദ്ധ്യേ സ്ഥിതിചെയ്യുന്നു. ശാസ്ത്രീയമായി ഇവയെ അപഗ്രഥിച്ചതിന്റെ പശ്ചാത്തലത്തിൽ രൂപം കൊണ്ട പ്രദേശങ്ങളെ പ്രധാനമായും അഞ്ചായി തരംതിരിക്കാം. വൈചിത്ര്യവും വൈവിധ്യവുമായ കാർഷിക-പാരിസ്ഥിതിക പ്രശ്നങ്ങളാൽ സങ്കീർണ്ണമാണ് മേൽപറഞ്ഞ ഭൂരൂപങ്ങൾ. ഭൂരൂപങ്ങൾ പഞ്ചായത്തിൽ കാണപ്പെടുന്നവ നദീതിട്ട,, താഴ്വര, ഇടത്തരം ചരിവ്, മിതമായ ചരിവ്, ഉയർന്ന സമതലം (മലമുകൾ ഉൾക്കൊള്ളുന്ന പ്രദേശം) എന്നിവയാണ്.

ഭൂരൂപങ്ങളുടെ വിസ്തൃതി ചുവടെ ചേർക്കുന്നു.

ഭൂരൂപം	വിസ്തീർണ്ണം (ഹെക്ടറിൽ)
നദിതിട്ട	143.80
താഴ്വര	330.70
ഇടത്തരംചരിവ്	1,239.20
മിതമായചരിവ്	88.90
ഉയർന്ന സമതലം	62.40

അവലംബം: വിഭവഭൂപടം സെസ്സ്



പഞ്ചായത്തിലെ നദിതിട്ട ഭൂരൂപം പ്രധാനമായും കല്ലടയാറിനോടുചേർന്ന് 10 മീറ്ററിനും 20 മീറ്ററിനും ഇടയ്ക്ക് (സമുദ്രനിരപ്പിൽനിന്ന്) കുണ്ടയം, പന്തപ്ലാവ്, മീനം, താഴത്തുവടക്ക് വാർഡുകളുടെ വടക്കുഭാഗവും മരുതമൺഭാഗം വാർഡിന്റെ വടക്കുപടിഞ്ഞാറുഭാഗവും ഉൾപ്പെടുന്നതാണ്. നാടൻ ഭാഷയിൽ "ആറ്റുമട്ടൽ" എന്നറിയപ്പെടുന്ന ഈ ഭൂവിഭാഗം മണ്ണിടിച്ചിൽ ഭീഷണി നേരിടുന്നു. കാലാവസ്ഥയിലുള്ള വ്യതിയാനം മൂലം വെള്ളപ്പൊക്ക ഭീഷണിയും ചില സമയങ്ങളിൽ നേരിടാറുണ്ട്.

താഴ്വരകളാൽ ചുറ്റപ്പെട്ട വടക്ക്, വടക്കുകിഴക്ക്, വടക്കുപടിഞ്ഞാറ് മേഖലകൾ പ്രധാനമായും പന്തപ്ലാവ്, കന്നിമേൽ, മാർക്കറ്റ്, മീനം, നടുത്തേരി, താഴത്തുവടക്ക്, മരുതമൺഭാഗം വാർഡുകളിലായി സ്ഥിതിചെയ്യുന്നു. 330 ഹെക്ടർ പ്രദേശം ഉൾക്കൊള്ളുന്ന ഈ ഭൂവിഭാഗം പൊതുവെ ഫലപുഷ്ടിയുള്ളതാണ്.

പട്ടാഴി ഗ്രാമപഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഇടത്തരം ചരിവുകളാൽ ചുറ്റപ്പെട്ടുകാണുന്നു. മൊത്തം വിസ്തൃതിയുടെ 67 ശതമാനം ഉൾക്കൊള്ളുന്ന ഈ പ്രദേശം എല്ലാ വാർഡുകളിലും കാണാവുന്നതാണ്. ഫലപുഷ്ടിയുള്ള ഈ പ്രദേശം പൊതുവെ പാർപ്പിടത്തിനും മറ്റ് കാർഷിക വിളകൾക്കുമായി ജനങ്ങൾ ഉപയോഗിച്ചുപോരുന്നു.

വിസ്തൃതിയുള്ള ഉയർന്ന സമതലം (മലമുകൾ) പഞ്ചായത്തിന്റെ തെക്കൻ മേഖലയെ അവലംബിച്ചാണ് കാണുന്നത്. പുലിക്കുന്നിൽമല, മരുതമല, കാട്ടാമല, ചാത്തൻപാറ, നെടിയപാറ, നരിക്കോട്, മൊട്ടക്കുന്നിൽ ഭാഗങ്ങൾ ഉൾപ്പെടുന്ന ഈ ഭൂവിഭാഗം പൊതുവെ പാറക്കെട്ട് നിറഞ്ഞ പ്രദേശമാണ്. ഖനന പ്രക്രിയ നടനന്നുകൊണ്ടിരിക്കുന്ന ഈ പ്രദേശങ്ങൾ മിതമായ ചരിവുകളാൽ ചുറ്റപ്പെട്ടവയാണ്. മണ്ണിന്റെ ഘനം തുലോം കുറവായതിനാൽ മണ്ണൊലിപ്പ് ഭീഷണി നേരിടുന്നു. മിതമായതും ചെങ്കുത്തായതുമായ ചരിവുകൾ കൂടുതലും പന്തപ്ലാവ്, കന്നിമേൽ, മാർക്കറ്റ്, നടുത്തേരി, തെക്കേത്തേരി വാർഡുകളിലായി കാണപ്പെടുന്നു.



മണ്ണ്

പട്ടാഴി ഗ്രാമപഞ്ചായത്തിൽ കാണപ്പെടുന്ന മൺതരങ്ങൾ പ്രധാനമായും മുന്നു രത്തിൽപ്പെട്ട വയാണ്. വിസ്തൃതിയുള്ള ഉയർന്ന സമതലങ്ങളിലും (മലമുകൾ) അതിനോടു ചേർന്നുള്ള ഇരു പ്രദേശങ്ങളിലും കറുപ്പ് രാശി കലർന്ന (വനമണ്ണ്) ചരൽ കൂടിയ ലാറ്ററൈറ്റ് മണ്ണ് കാണപ്പെടുന്നു. പാറപൊടിഞ്ഞുണ്ടാകുന്ന വലിയ ചരൽ പാളികൾ ഈ മണ്ണിൽ കാണാവുന്നതാണ്. ഇതിന്റെ ഘനം 2-3 മീറ്റർ മാത്രമേ വരുകയുള്ളു. മണ്ണിന്റെ ഘനം തുലോ കുറവായതിനാൽ മണ്ണൊലിപ്പ് ഈ പ്രദേശങ്ങളിൽ കുറ്റിച്ചെടി നില നിൽക്കുന്ന ഭാഗങ്ങലിൽ താരതമ്യേന അനുഭവപ്പെടുന്നു. റബ്ബർ കൃഷിക്ക് അനുയോജ്യമാണ് മേൽപറഞ്ഞ തരം മണ്ണ്. ഇടത്തരം ചരിവുകളിലും മിതമായ ചരിവുകളിലും കാണുന്ന രണ്ടാമത്തെ തരം നീർവാർച്ച കൂടിയ ലാറ്ററൈറ്റ (ചെങ്കൽ) മണ്ണാണ്. ഇവ 10-15 മീറ്ററോളം കനത്തിൽ കാണാവുന്നതാണ്. പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും ഇത്തരം മണ്ണ് കാണുന്നു.

നദിത്തിട്ടകളിൽ മണൽ കലർന്ന പശിമരാശിയുള്ള എക്കൽ മണ്ണാണ് കാണുന്നത്. ഇവ വളരെ ഫലപുഷ്ടിയുള്ളതും നീർവാർച്ച പൊതുവെ കുറഞ്ഞതുമാണ്. തേക്ക് കൃഷിക്കും മിശ്രിത കൃഷിക്കും അനുയോജ്യമായ ഈ മണ്ണ് കല്ലടയാറിനോട് ചേർന്നുള്ള വടക്കുഭാഗങ്ങളിൽ താരതമ്യേന കൂടുതലാണ്.

താഴ്വരകളിൽ എക്കൽമണ്ണ് കാണപ്പെടുന്നു. നീർവാർച്ച കുറഞ്ഞ എക്കൽ മണ്ണ് നെൽപാടങ്ങളെ സമ്പുഷ്ടമാക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. പഞ്ചായത്തിലെ 330 ഹെക്ടർ പ്രദേശങ്ങളിൽ ഇത്തരം മണ്ണ് കാണപ്പെടുന്നു.

ജലലഭ്യത അഥവാ ജലപ്രകൃതി

ഭൂപ്രകൃതി, കാലാവസ്ഥ, മഴയുടെ തോത് ഇവയുടെ സ്വഭാവത്തിലുള്ള വ്യതിയാനം ജല സ്രോതസ്സുകളുടെ അളവിനെയും ലഭ്യതയെയും വളരെയധികം സ്വാധീനിക്കുന്നു. ഒരു പ്രദേശത്തിന്റെ ജലപ്രകൃതി പ്രധാനമായും ഉപരിതല ജലസ്രോതസ്സുകളുടെയും ഭൂഗർഭജല സ്രോത



സ്സുകളുടെയും ആകെത്തുകയാണ്.

കല്ലടയാറിനോട് ചേർന്നുകിടക്കുന്ന പട്ടാഴി പഞ്ചായത്ത് ഉപരിതല ജലസ്രോതസ്സുകളാൽ സമ്പുഷ്ടമാണ്. ഉപരിതല ജലസ്രോതസ്സുകളിൽ പ്രധാനമായും നദി, തോടുകൾ, കൈവഴികൾ, കുളം, വറ്റാത്ത നീരുറവ ഇവ ഉൾപ്പെടുന്നു. കല്ലടയാർ പ്രധാന ജലസ്രോതസ്സായി കണക്കാക്കുമ്പോൾ അതിൽ വന്നുപതിക്കുന്ന നിരവധി തോടുകൾ പഞ്ചായത്തിന്റെ ജലലഭ്യതയിൽ ഗണ്യമായ പങ്ക് വഹിക്കുന്നു. മലംചരിവുകളിൽ ഉൽഭവിച്ച് താഴ്വരകളിൽക്കൂടി സഞ്ചരിക്കുന്ന പ്രധാന തോടുകൾ പഞ്ചായത്തിന്റെ തെക്കുഭാഗങ്ങളിൽ ദർശിക്കാവുന്നതാണ്. ജല നിർഗ്ഗമനത്തിന് ഏക മാർഗ്ഗം മാത്രം അവലംബിക്കുന്ന ഭൂവിഭാഗത്തിനെ പൊതുവെ നീർമറി പ്രദേശങ്ങളായി കണക്കാക്കാം.

പട്ടാഴി പഞ്ചായത്തിലെ പ്രധാന തോടുകളും അവയുടെ കൈവഴികൾ ഉൾക്കൊള്ളുന്ന പ്രധാന നീർമറി തട പ്രദേശങ്ങൾ വിരുത്തി, ഇരുവേലിക്കൽ, ചെറതാഴ തോട്, തോയിതല, വനയനഴികം, മുഞ്ഞക്കര തോട്, ഇരുപ്പാകുഴി, പാറയ്ക്കൽ തോട് എന്നിവ ഉൾപ്പെടുന്ന പ്രദേശവും താരതമ്യേന നീർമറി പ്രദേശമായി ഉൾക്കൊള്ളിക്കാവുന്നതാണ്. നീർമറി പ്രദേശങ്ങൾ ഉൾക്കൊള്ളുനന ഭൂരൂപങ്ങൾ പ്രധാനമായും മലമുകൾ, ചരിവുകൾ, താഴ്വര ഇവ ഉൾപ്പെടുന്നുണ്ട്.

നീർമറി പ്രദേശങ്ങളും അവ ഉൾക്കൊള്ളുന്ന ഭൂപ്രദേശങ്ങളുടെ വിസ്തൃതിയും ചുവടെ ചേർക്കുന്നു.

നീർമറിപ്രദേശം	നീളം (കി.മീറ്ററിൽ)	വിസ്തീർണ്ണം (ഹെക്ടറിൽ)
വിരുത്തി-ഇരുവേലിക്കൽ-ചെറതാഴ	11.00	494.52
തോയിതല-പനയനഴികം-മുഞ്ഞക്കര	10.1	460.20
ഇരുപ്പാകുഴ-പാറയ്ക്കൽ	6.75	232.44
ആകെ	27.85	1,187.16

(അവലംബം : വിഭവഭൂപടം സെസ്സ്)

ജലസേചന സൗകര്യത്തിന് ഉതകുമാറ് ഈ നീർമറി പ്രദേശങ്ങൾ പ്രയോജനപ്പെടുത്താം. തോയിതല-പനയഴികം-മുഞ്ഞക്കര പ്രദേശത്ത് തടയണ സൃഷ്ടിച്ചിട്ടുണ്ട്. തോടുകൾ ഏറിയ പങ്കും വറ്റുന്നവയാണ്. കുളക്കുടി തോട്, മീനം, മാർക്കറ്റ് വാർഡുകളെ ബന്ധിപ്പിക്കുന്ന ഒരു പ്രധാന ജലശ്യംഘലയാണ്. മേൽപ്പറഞ്ഞ കുളക്കുടി തോടിനോട് ചേർന്ന് ഒരു തലക്കുളം നിർമ്മിക്കേണ്ടത് അനിവാര്യമാണ്.

ഉപരിതല ജലസ്രോതസുകളിലെ മറ്റൊരു പങ്ക് ഇവിടുത്തെ കുളങ്ങൾ വഹിക്കുന്നു പഞ്ചായത്തിൽ ആകെ വലുതും ചെറുതുമായി 16 കുളങ്ങളുണ്ട്. ഇതിൽ 3 കുളങ്ങൾ – ആര്യക്കോട് കുളം, ഓലിക്കൽ കുളം, ചിറത്താഴ കുളം – എന്നിവ താരതമ്യേന വറ്റുന്നവയാണ്.

കുളങ്ങളുടെ വിസ്തൃതി, അവ ഉൾപ്പെടുന്ന വാർഡ് എന്നിവ താഴെച്ചേർക്കുന്നു.

കുളങ്ങൾ	ഉൾപ്പെടുന്ന വാർഡ്	വിസ്തൃതി നീളംxവീതി മീറ്ററിൽ
വെട്ടിമുറ്റത്ത്	1	7x5
ഇരുവേലിക്കൽ	2	5x2
ദർഭയിൽ	3	5x3
കുണ്ടനാട്	3	5x3
ആര്യക്കോട്	3	5x3
പട്ടാഴി ക്ഷേത്രക്കുളം	4	40x35
ചിറത്താഴ കുളം	4	7x5
അയണിവേലിൽ	5	4x3
കുളക്കുഴി	5	15x10
തോണ്ടലിൽ	6	10x5
പ്ലാന്തോട്ടം	6	6x3
ഏറ്റിയാട്ട്	7	5x3
ഉരുപ്പാകുഴി	7	5x3
പാവക്കോട്ട്	7	5x3
ഓലിക്കൽ (1)	7	6x4
ഓലിക്കൽ (2)	7	3x2

അവലംബം: വിഭവഭൂപടം, സാമൂഹ്യ സാമ്പത്തിക സർവ്വേ

പട്ടാഴി ക്ഷേത്രക്കുളം നൂറ്റാണ്ടുകൾക്കു മുമ്പ് പൊതുജനങ്ങൾക്ക് ഉപയോഗിക്കാൻ അനുവദനീയമായിരുന്നില്ല. ക്ഷേത്രപ്രവേശന വിളംബരത്തോടുകൂടി ഇത് ദൈനംദിന ആവശ്യങ്ങൾക്കായി പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തു. മേൽപ്പറഞ്ഞ കുളങ്ങളിൽ ഏറിയ പങ്കും കാർഷിക വിളകൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ വിപുലീകരിക്കേണ്ടതാണ്. ഏറിയ പങ്കും പാർശ്വഭിത്തി കെട്ടിയതാണ്.

പഞ്ചായത്തിൽ വറ്റാത്ത നീരുറവകളും കാണപ്പെടുന്നുണ്ട്. മലമുകളിലും അവയോട് ചേർന്നുള്ള ചരിവുകളിലുമായി പ്രധാനപ്പെട്ടവ കാണപ്പെടുന്നു. കോടിയാട്ട് ഭാഗത്തും പുലിക്കുന്ന് മലയുടെ ഭാഗത്തും എൻ.എസ്.എസ്.എ സ്റ്റേറ്റ് ഭാഗത്തും തോയിതടഭാഗത്തും നരിക്കോടു ഭാഗത്തും ഇവ കാണാം.

പട്ടാഴി പഞ്ചായത്തിലെ ഭൂഗർഭജല സ്രോതസ്സുകളിൽ പ്രധാനപ്പെട്ട കിണറുകൾ മൊത്തം 1913 ആണ്. ഇവയിൽ ഏറിയ പങ്കും താഴ്വരകളിലും താഴ്വരകളാൽ ചുറ്റപ്പെട്ട ചരിവുകളിലും കാണപ്പെടുന്നു എന്നതിനാൽ പൊതുവെ വറ്റാത്തവയാണ്. വറ്റുന്നവയിൽ ഏറിയ പങ്കും അടിഭാഗങ്ങളിൽ കരിങ്കൽ പാറകളാൽ നിക്ഷേപിതമാണ്. ഏറ്റവും കൂടുതൽ വറ്റുന്ന കിണറുകൾ മരുതമൺഭാഗം, കുണ്ടയം വാർഡുകളിലാണ്. പൊതുവെ ഇവയുടെ ശരാശരി ആഴം 5 മീറ്ററിനും 10 മീറ്ററിനും മദ്ധ്യേയാണ്. മേൽപ്പറഞ്ഞ വാർഡുകൾ പൊതുവേ ഉയർന്ന സമതലങ്ങളാലും ചരിവുകളാലും വിന്യസിക്കപ്പെട്ടിരിക്കുന്നു. നല്ല ജലലഭ്യതയുള്ള കിണറുകളിൽ ഏറിയ പങ്കും മീനം വാർഡിൽ കാണപ്പെടുന്നു.



വാർഡ് തലത്തിലുള്ള കിണറുകളുടെ വിതരണം താഴെ ചേർക്കുന്നു.

വാർഡ്	കിണറുകൾ	
	വറ്റുന്നവ	വറ്റാത്തവ
1	58	204
2	110	207
3	41	38
4	34	138
5	60	224
6	30	110
7	51	93
8	36	179
9	69	225

അവലംബം: വിഭവഭൂപടം, സാമൂഹ്യ സാമ്പത്തിക സർവ്വേ

പട്ടാഴി പഞ്ചായത്തിന്റെ ജലസ്രോതസ്സുകടെയും ജലലഭ്യതയുടെയും വിശദാംശങ്ങൾ അപഗ്രഥിച്ചതിന്റെ പശ്ചാത്തലത്തിൽ ഇരുപ്പാകുഴി, കോടിയാട്ട് കുഴി, പന്തപ്ലാവ്, ദർഭയിൽ, നീർകുഴി, മൊട്ടക്കുന്ന്, പുലിച്ചാണിവിള, കാഞ്ഞിരംവിള, ഹൈസ്കൂൾ ഭാഗം, കോളൂർ എൽ.പി. എസ്. ഭാഗം തുടങ്ങിയ പ്രദേശങ്ങൾ കുടിവെള്ളക്ഷാമ നേരിടുന്നതായി അനുമാനിക്കാം. തെക്കേത്തേരി യു.പി.എസ്. സ്കൂളിന് സമീപമുള്ള കിണറുകളും വറ്റുന്നവയാകയാൽ ഇവിടെയും ജലക്ഷാമം അനുഭവപ്പെടുന്നു. പൊതുവെ പട്ടാഴി ഗ്രാമപഞ്ചായത്ത് ജലലഭ്യതയിൽ വളരെ മുന്നിലാണ്.

പൊതുകിണർ, കുഴൽകിണർ മുതലായവ യഥാക്രമം 35ഉം 12ഉം ആകുന്നു. കുഴൽക്കിണറുകളിൽ ഭൂരിഭാഗവും വറ്റുന്നവയാണ്. അടിയ



ന്തിര നടപടികൾ ഈ ഭാഗങ്ങളിൽ ഉണ്ടാകേണ്ട താണ്. ജലലഭ്യതയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ മൂന്ന് മേഖലകളായി തരംതിരിക്കാം, കുറവ്, മിതം, പൊതുവെ കൂടുതൽ.

റബ്ബർ കൃഷി ചെയ്യുന്നത് ഈ പഞ്ചായത്തിൽ തുലോം കുറവാണ്. താഴ്വരകളിലെ നെൽകൃഷി (മുണ്ടകൻ, വിരുപ്പ്) നല്ലരീതിയിൽ കാണപ്പെടുന്നു. ഇരുപ്പു കൃഷി ജലസേചന സൗകര്യക്കുറവ് കാരണം പരക്കെ മന്ദീഭവിച്ചിട്ടുണ്ട്. കൃഷിക്കാരുടെ സേവന തുറകൾ മറ്റ് കാർഷിക മേഖ



ഭൂവിനിയോഗം

ഭൂവിനിയോഗ ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ഏറിയ പങ്കും റബ്ബർക്കൃഷി മേഖല കൈയടക്കിയിരിക്കുന്നു.

മൊത്തം വിസ്തൃതിയുടെ 54 ശതമാനം റബ്ബർ കൃഷിയാണ് കാണുന്നത്. ഉയർന്ന സമതലങ്ങളിലും ചരിവുകളിലും റബ്ബർ കൃഷി കണ്ടുവരുന്നു. ജനങ്ങൾ പൊതുവെ നാണ്യവിളകൾക്ക് താൽപര്യം കാണിക്കുന്നുണ്ട്. ഇടത്തരം ചരിവുകളിലും മിതമായ ചരിവുകളിലും മിശ്രിത കൃഷി വളരെ പ്രയോജനമാകുന്ന രീതിയിൽ കണ്ടുവരുന്നു. തെങ്ങ്, മരച്ചീനി, വാഴ മുതലായവ ഇവയിൽ ഉൾപ്പെടുന്നുണ്ട്. നെൽപാടങ്ങൾ നികത്തിലയിൽ വ്യാപരിക്കുന്നത് ഈ പഞ്ചായത്തിൽ ദൃശ്യമാണ്. നടീൽ വസ്തുക്കളുടെ വിതരണം, വളം, കാർഷികോപകരണങ്ങളുടെ വിതരണം, ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി നെൽക്കൃഷി കൂടുതൽ വർദ്ധിപ്പിക്കാം. നെൽപ്പാടങ്ങൾ നികത്തി പാർപ്പിട സൗകര്യം ഉണ്ടാക്കുന്നതും ഈ പഞ്ചായത്തിൽ കുറവാണ്. പാറകൾ ഭൂവിനിയോഗത്തിൽ ഒരു പരിധി വരെ ഭൂമി അപഹരിക്കുന്നുണ്ട്.

ഭൂവിനിയോഗം


വിസ്തീർണ്ണം ചതുരശ്ര കി.മീ.
10
8
6
4
2
0
PLR
MC
MT
CO.
T
B
P1+P2
ReMC
ReT
R
വിസ്തീർണ്ണം


ഭൂവിനിയോഗം
(ച. കി. മീറ്ററിൽ)
10.102 (PLR)
0·094 (MT)
2.07 (P1+P2)
0·156 (Co)
6.128 (MC)
Source: PRM Programme, CESS

പഞ്ചായത്തിലെ ഭൂവിനിയോഗം, അവയുടെ വിസ്തൃതി എന്നിവ ചുവടെ ചേർക്കുന്നു.

ഭൂവിനിയോഗം	വിസ്തൃതി (ഹെക്ടറിൽ)
റബ്ബർ (PLR)	1,010.20
മിശ്രിതകൃഷി (MC)	612.80
മിശ്രിത മരങ്ങൾ (MT)	9.40
തെങ്ങ് (Co)	15.60
മരച്ചീനി (T)	2.40
നെൽകൃഷി (P1+P2)	207.70
മിശ്രിതകൃഷിയാൽ നികത്തിയത്	4.60
മരച്ചീനിയാൽ നികത്തിയത്	1.80
പാറ	5.0

മിശ്രിത കൃഷി – മാവ്, പ്ലാവ്, കമുക് തുടങ്ങിയ ഫലവൃക്ഷങ്ങൾ.
മിശ്രിതമരങ്ങൾ –പാഴ്മരങ്ങൾ, വെള്ളമരങ്ങൾ മുതലായവ

പട്ടാഴി പഞ്ചായത്തിന്റെ ഭൂവിനിയോഗ ഭൂപങ്ങളെയും ഭൂരൂപം, നിമ്നോന്നതി, ജലലഭ്യത, മണ്ണൊലിപ്പ മുതലായവയെ ശാസ്ത്രീയമായി വിശകലനം ചെയ്ത് പരിസ്ഥിതിയ്ക്കനുയോജ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. വിഭവങ്ങളുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാതെയുള്ള സംരക്ഷണ വികസന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള പ്രാരംഭ ദിശയിലുള്ള പരിസ്ഥിതി ബന്ധിത അവലോകനം ഇതോടൊപ്പം ചേർത്തിരിക്കുന്നു ***(പരിസ്ഥിതി ബന്ധിത അവലോകനം).***

കാലാവസ്ഥ

പട്ടാഴി ഗ്രാമപഞ്ചായത്ത് മലനാട് കാർഷിക കാലാവസ്ഥാ മേഖലയിൽ ഉൾപ്പെടുന്നു. കേരളത്തിലെ വാർഷിക വർഷപാതം 1993ൽ 2819 മി.മീറ്ററും ശരാശരി മാസ വർഷപാതം 234.9 മില്ലിമീറ്ററും ആയിരുന്നു. കൊല്ലം ജില്ലയിൽ ഇത് യഥാക്രമം 3265 മി.മീറ്ററും 241.6 മി.മീറ്ററുമായിരുന്നു. ഈ പഞ്ചായത്തിൽ 1993ലെ വാർഷിക വർഷപാതം 2993 മി.മീറ്ററും 236 മി. മീറ്ററും ആയിരുന്നു. 1995ൽ ഇത് യഥാക്രമം 2841.3 മി.മീറ്ററും 236 മി.മീറ്ററും ആണ്. ജൂൺ, ഒക്ടോബർ മാസങ്ങളിലാണ് ഈ പഞ്ചായത്തിൽ പൊതുവേ കൂടുതൽ മഴ ലഭിക്കുന്നത്. 1993 മുതൽ 1996 വരെ ഈ പഞ്ചായത്തിൽ ലഭിച്ച മഴയുടെ അളവ് ചുവടെ ചേർക്കുന്നു.

1993ൽ ഈ പഞ്ചായത്തിൽ ഏറ്റവും കൂടിയ താപനില ഏപ്രിൽ മാസത്തിലും (36.7°C) ഏറ്റവും കുറഞ്ഞ താപനില ജനുവരി മാസത്തിലും (19.6°C) രേഖപ്പെടുത്തുകയുണ്ടായി. 1994ൽ ആനുപാതിക ബാഷ്പാംശം ഏറ്റവും

മഴയുടെ അളവ് (മി.മീ.)

വർഷം	1993	1994	1995	1996
ജനുവരി	33.6	9.2	11.0	
ഫെബ്രുവരി	62.0	35.0	28.8	29.0
മാർച്ച്	51.6	34.8	80.4	62.4
ഏപ്രിൽ	210.0	315.6	341.8	280.5
മേയ്	357.2	258.4	261.3	79.2
ജൂൺ	612.6	521.4	405.8	429.1
ജൂലായ്	640.2	462.1	484.9	426.1
ആഗസ്റ്റ്	178.2	420.1	406.8	367.6
സെപ്റ്റംബർ	113.0	192.1	275.1	349.2
ഒക്ടോബർ	471.6	503.0	315.9	518.0
നവംബർ	250.0	192.2	231.3	356.2
ഡിസംബർ	47.0	26.2	-	-
ആകെ പെയ്തമഴ	2993.0	2921.5	2841.3	2908.3

അവലംബം CWC ആഫീസ് റിക്കാർഡ്.

കൂടിയത് ആഗസ്റ്റ് മാസത്തിലും (95%) ഏറ്റവും കുറഞ്ഞത് മാർച്ച് മാസത്തിലും (57%) ആയിരുന്നു.

ജനപ്രകൃതി

പത്തനാപുരം ബ്ലോക്കിൽ ജനസാന്ദ്രതയിൽ മൂന്നാം സ്ഥാനത്തു നില്ക്കുന്നതും കല്ലടയാറിനു തെക്ക് 18.65 ച.കി.മീ. വിസ്തൃതിയുള്ളതമായ പ്രദേശമാണ് പട്ടാഴി ഗ്രാമഞ്ചായത്ത്. 1991ലെ കാനേഷുമാരി കണക്കുകൾ പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 16,222 ആയിരുന്നു. 1981ൽ ഇത് 15,025 ആയിരുന്നു. 1996ൽ അംഗൻവാടികളിൽനിന്നു ശേഖരിച്ച കണക്കുകൾ പ്രകാരം ജനസംഖ്യ 17,953 ആണ്. കേരളത്തിലെ ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 749ഉം കൊല്ലം ജില്ലയുടേത് 967ഉം ആണ്. ഇവിടുത്തെ ജനസാന്ദ്രത 1991ൽ ച.കി.മീറ്ററിന് 870ഉം 1996ലേത് 963ഉം ആണ് 5 വർഷം കൊണ്ട് ജനസഖ്യയിൽ 1731ഉം ജനസാന്ദ്രതയിൽ 11 ശതമാനവും വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 1991ലെ ജനസംഖ്യയിൽ 7886 പുരുഷന്മാരും 8336 സ്ത്രീകളും ഉൾപ്പെടുന്നു. സ്ത്രീ-പുരുഷ അനുപാതം 1000 പുരുഷന്മാർക്ക് 1057 സ്ത്രീകൾ ആയിരുന്നു. 1996ൽ ഇത് യഥാക്രമ 8911ഉം 9042ഉം 1000ന് 1015ഉം ആണ്.

1981ൽ ഇവിടെ 11547 സാക്ഷരർ ഉണ്ടായിരുന്നത് 1991ൽ 13141 ആയി വർദ്ധിച്ചിട്ടുണ്ട്. നവസാക്ഷരർക്കുള്ള തുടർവിദ്യാഭ്യാസം ഏറെക്കുറെ ഇപ്പോഴും നടന്നുവരുന്നു. പട്ടികജാതി ജനസംഖ്യ 1981ലേത് 1999 ആയിരുന്നത് 1996ൽ 2385 ആയി വർദ്ധിച്ചിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ജനസംഖ്യ, കുടുംബങ്ങളുടെ എണ്ണം, പട്ടികജാതി വിവരണം എന്നിവ പട്ടിക രൂപത്തിൽ ഇതോടൊപ്പം ചേർത്തിരിക്കുന്നു. ***(ജനസംഖ്യാ വിവരണം)***

വാർഡ്തലത്തിലുള്ള വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുവരെ സംബന്ധിക്കുന്ന വിവരണം ഇതോടൊപ്പം ചേർത്തിരിക്കുന്നു. ***(വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ വിവരം)***

പരിസ്ഥിതി ബന്ധിത അവലോകനം.

ഭൂരൂപം	നിമ്നോന്നതി	ഉപരിതലമണ്ണ്	ജലലഭ്യത	മണ്ണൊലിപ്പ്	നിലവിലുള്ള ഭൂവിനിയോഗം	പരിസ്ഥിതി പ്രശ്നങ്ങൾ	സംരക്ഷണനടപടികൾ
ഉയർന്ന സമതലം	100 മീറ്ററിന് മുകളിൽ	ചരൽ കൂടിയ ലാറ്ററൈറ്റ്	പൊതുവേ കുറവ്	താരതമ്യേന കുറവ്. പാർശ്വ-ങ്ങളിൽ ഉണ്ട്	റബ്ബർ, പാറ നിറഞ്ഞത്	ഖനനപ്രക്രിയ നടക്കുന്ന ഇടങ്ങളിൽ മണ്ണിന്റെ കനം കുറവായതിനാൽ മണ്ണൊലിപ്പിന് സാധ്യതയുണ്ട്	പരിസ്ഥിതിക്ക് ദോഷം ചെയ്യാ-തുള്ള മണ്ണൊലിപ്പ് നിവാരണ-പ്രവർത്തനങ്ങൾ, ദീർഘകാല വൃക്ഷങ്ങൾ റബ്ബർ എന്നിവ തുടരേണ്ടതാണ്.
മിതമായ ചരിവ്	60 മീറ്ററിനും 100 മീറ്ററിനും ഇടയിൽ	ലാറ്ററൈറ്റ്	താരതമ്യേന കുറവ്	പൊതുവേ കൂടുതൽ	റബ്ബർ മരച്ചീനി	മണ്ണൊലിപ്പ് ഭീഷണി	മരച്ചീനിപോലുള്ള കിഴങ്ങുവർഗ്ഗ കൃഷികൾ ഒഴിവാക്കുക. നിമ്നോന്നതിയെ അവലംബിച്ചുള്ള തിട്ടകൾ കെട്ടുക, ശാസ്ത്രീയമായ മണ്ണൊലിപ്പ് നിവാരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്
ഇടത്തരം ചരിവ്	40 മീറ്ററിനും 60 മീറ്ററിനും ഇടയിൽ	ലാറ്ററൈറ്റ്	മിതം	പൊതുവേ കുറവ്	റബ്ബർ തെങ്ങ് മിശ്രിതകൃഷി.	ജലലഭ്യത കുറവ്	നീർമറിതടങ്ങൾ വിപുലീകരിച്ച് പരിസ്ഥിതിക്ക് ദോഷം ചെയ്യാതെയുള്ള നീർഗമനമാർഗ്ഗങ്ങൾ സൃഷ്ടിക്കുക
നദിതിട്ട	20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ	മണൽ കലർന്ന എക്കൽ	താരതമ്യേന കൂടുതൽ	ഇല്ല	തെങ്ങ് റബ്ബർ മിശ്രിതകൃഷി	ആറ്റുമട്ടൽ ഇടച്ചിലുണ്ട്	ആറ്റുതീരം പാറ കെട്ടി സംരക്ഷികക്കണം. മട്ടലിൽനിന്നും 20 കി.മീറ്ററിനകത്തുള്ള മണൽവാരൽ നിർത്തണം.
താഴ്വര	20 മീറ്ററിന് താഴെ	എക്കൽ	കൂടുതൽ	ഇല്ല	നെല്ല്, വാഴ കപ്പ പയറുവർഗ്ഗങ്ങൾ പച്ചക്കറി	നികത്തൽ ഭീഷണി പാടശേഖരങ്ങൾ നേരിടുന്നു. പാർപ്പിടം, റബ്ബർ, തെങ്ങ് മുതലായവയുടെ ക്രമാതീതമായ വർദ്ധനവ്.	നീർമറി തടങ്ങളിൽ തടയണകൾ നിർമ്മിക്കുകയും കല്ലടയാറിനു കുറുകെ ചെക്ക് ഡാമുകൾ നിർമ്മക്കുകയും ചെയ്യുക. പാടശേഖരങ്ങൾ നികത്തുന്നത് തടയുക.

അവലംബം: വിഭവഭൂപടം, സെസ്സ്.

വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ വിവരം

സർവ്വേ	ഗവൺമെന്റ്		കർഷക		ഗവൺമെന്റ് ജീവനക്കാർ		ഗവൺമെന്റ് ജീവനക്കാരുടെ ആശ്രിതർ/പെൻഷൻകാരുടെ ആശ്രിതർ		ഗവൺമെന്റ് പെൻഷൻകാർ		ഗവൺമെന്റ് പെൻഷൻകാരുടെ ആശ്രിതർ		സ്വകാര്യ മേഖലയിലെ ജീവനക്കാർ		സ്വകാര്യ മേഖലയിലെ ജീവനക്കാരുടെ ആശ്രിതർ		സ്വകാര്യ മേഖലയിലെ പെൻഷൻകാർ		സ്വകാര്യ മേഖലയിലെ പെൻഷൻകാരുടെ ആശ്രിതർ		സ്വയം തൊഴിൽ		സ്വയം തൊഴിലെടുക്കുന്നവരുടെ ആശ്രിതർ		തൊഴിൽ രഹിതർ	
	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
I	408	44	269	7	30	5	3	2	-	-	9	-	18	14	17	1	24	3	9	-	29	12	-	5	375	741
II	400	65	172	1	111	24	14	1	3	1	8	1	23	10	4	-	19-	-	11	-	35	27	7	40	402	822
III	411	76	242	5	118	30	11	-	-	-	-	1	7	24	1	-	7	-	3	1	22	15	4	2	393	757
IV	388	157	99	48	137	61	8	-	-	-	3	-	15	11	2	-	39	2	8	-	77	35	52	29	486	778
V	370	96	140	3	70	30	23	-	1	-	1	-	33	30	33	-	24	5	6	1	39	27	27	22	343	766
VI	458	87	146	1	111	20	6	-	2	1	10	2	26	34	19	-	63	2	19	-	56	27	-	-	485	854
VII	615	207	218	42	116	27	37	2	4	-	3	-	25	98	20	2	52	4	16	1	124	31	-	1	515	950
VIII	455	106	178	1	141	45	19	-	1	-	-	-	29	30	2	-	15	1	12	2	52	27	3	117	451	695
IX	362	44	189	7	7	6	24	-	2	-	1	-	13	14	1	-	36	-	8	1	18	16	29	2	447	847
	3867	882	1683	115	910	248	145	5	13	2	35	4	189	265	99	3	279	17	92	6	452	217	122	244	3897	7210

അവലംബം: ദേശീയ വിവര ശേഖരണം കേന്ദ്രം.

ജനസംഖ്യാ വിവരണം

വാർഡ്	കുടുംബങ്ങളുടെ എണ്ണം				പട്ടിക ജാതി കുടും-ബങ്ങൾ	ജനസംഖ്യ			6 വയസ്സിന് താഴെയുള്ള കുട്ടികൾ			പട്ടികജാതി			സാക്ഷരർ		നിരക്ഷരർ	
	ആകെ	ഹിന്ദു (ശതമാനം)	ക്രിസ്-ത്യർ (ശതമാനം)	മുസ്ലീം (ശതമാനം)		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആൺ	പെൺ
I	342	51.5	25.6	22.9	10	783	790	1573	96	69	165	37	31	68	655	634	32	87
II	401	83.2	16.8	00	85	809	924	1736	101	89	190	172	154	326	661	724	47	114
III	380	42.5	57.5	00	50	808	861	1669	109	88	197	73	75	148	659	645	40	128
IV	443	80.9	14.1	5.0	150	926	964	1890	121	108	229	262	254	506	747	717	58	139
V	374	96.4	3.1	0.5	45	740	884	1624	75	93	168	89	107	196	641	687	24	104
VI	411	76.9	18.6	4.5	70	943	941	1884	110	104	214	116	127	243	798	762	35	75
VII	493	63.4	25.6	11.0	75	1130	1158	2288	126	134	260	185	200	385	957	931	47	93
VIII	412	59.4	40.6	0.0	95	909	918	1827	111	89	200	150	144	294	757	747	41	82
IX	371	44.3	55.7	0.0	30	838	893	1791	107	90	197	65	48	113	695	724	36	79
ആകെ	3627	67.8	27.8	4.4	610	7886	8336	16222	956	864	1820	1149	1140	2289	6570	6571	360	901

അവലംബം: ദേശീയ വിവര ശേഖരണം കേന്ദ്രം, IRDP സർവ്വേ റിപ്പോർട്ട്

5. വികസന മേഖലകൾ

5.1 കൃഷിയും ജലസേചനവും

161/4 ചതുരശ്ര മൈൽ വിസ്തീർണ്ണമുള്ള പ്രകൃതിരമണീയമായ ഒരു ഗ്രാമമായിരുന്നു പട്ടാഴി. ഹരിതാഭമായ മലമടക്കുകളാൽ ചുറ്റപ്പെട്ട ഈ പ്രദേശത്തിന്റെ നാലതിർത്തികളിൽ, അഞ്ചു മലയും മരുതമലയും പുലിക്കുന്നുമലയും തൃക്കു പാലേശ്വരം കുന്നും തല ഉയർത്തി കാവൽനിൽക്കുന്നു. ഒത്ത മദ്ധ്യത്തിലൂടെ 11 കി.മീ. ദൂരം പടിഞ്ഞാറോട്ടൊഴുകി കല്ലടയാറ് ഈ പ്രദേശത്തെ ഫലഭൂയിഷ്ഠമാക്കുന്നു. പ്രകൃത്യാ രണ്ടായിവിഭജിക്കപ്പെട്ട ഈ ഭൂവിഭാഗം, പട്ടാഴി, പട്ടാഴിവടക്കേക്കര പഞ്ചായത്തുകളായെങ്കിലും ആത്മീയമായി ജനങ്ങളെ കോർത്തിണക്കുന്ന പ്രസിദ്ധമായ പട്ടാഴിദേവീക്ഷേത്രം ഈ നാടിന്റെ ഏകാത്മകത നിലനിർത്തിപ്പോരുന്നു. ഫലപുഷ്ടിയുള്ളതും കാർഷികപ്രധാനവുമായ ഈ പ്രദേശത്തു ജീവിച്ചിരുന്നവർ ദേവസ്വത്തിന്റെ പാട്ടക്കാരും കുടികിടപ്പുകാരുമായിരുന്നതുകൊണ്ടുണ്ടായ അന്യഥാബോധം സൃഷ്ടിച്ച അപകർഷത നൂറ്റാണ്ടുകളായി നമ്മെ കാർന്നുതിന്നിരുന്നു.

താങ്ങാനാവാത്ത നികുതി (പാട്ടം)ഭാരം, ഭൂമിയിൽ സ്ഥിരാവകാശമില്ലായ്മ, കീഴ്ഴാഴക്കങ്ങൾക്ക് അടിമകളാകേണ്ടിവന്ന സാമൂഹ്യപശ്ചാത്തലം ഇവയെല്ലാം കാർഷികരംഗത്തെ അപചയങ്ങൾക്കു കാരണമായിഭവിച്ചു.

സ്വാതന്ത്ര്യലബ്ധിക്കുശേഷം 1961-ൽ പട്ടാഴിദേവസ്വം ബില്ല്, നിയമമായി നടപ്പിൽവന്നതോടെ ഭൂമിയുടെ ജന്മാവകാശം പാട്ടക്കാരായ കൃഷിക്കാരിൽ വന്നുചേരാൻ തുടങ്ങുകയും സ്വന്തം മണ്ണിൽ പൊന്നുവിലയിക്കാനുള്ള അക്ഷീണപരിശ്രമം ആംഭിക്കുകയും ചെയ്തു.

പട്ടാഴി ഭരണപരമായി തെക്ക്, വടക്ക് പഞ്ചായത്തുകളായി വിഭജിക്കപ്പെട്ടതിൽ കല്ലടയാറിനുതെക്കുഭാഗത്തുള്ള 18.65 ച.കി.മീറ്റർ വിസ്തൃതിയുള്ള ""പട്ടാഴി''യാണ് നമ്മുടെ ഗ്രാമപഞ്ചായത്ത്.

തെക്കുനിന്നു വടക്കോട്ടു താരമ്യേന ചരിവുള്ള ഈ പ്രദേശത്തെ ഉയർച്ച താഴ്ചയുടെ അടിസ്ഥാനത്തിൽ പ്രധാനമായും നാലായിതരം തിരിക്കാം.

1. സമുദ്രനിരപ്പിൽനിന്നും 20 മീറ്റർ വരെ
2. 20 മീറ്ററിനും 60 മീറ്ററിനും ഇടയിൽ
3. 60 മീറ്ററിനും 100 മീറ്ററിനും ഇടയിൽ
4. 100 മീറ്ററിൽ കൂടുതൽ ഉയരമുള്ളവ

186 മീറ്റർ ഉയരമുള്ള മരുതമലയാണ് നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പൊക്കം കൂടിയ ഭാഗം.

ഭൂഉടമസ്ഥരിൽ 98 ശതമാനവും ഒരു ഹോക്കറിൽ താഴെമാത്രം ഭൂമി കൈവശമുള്ളവരാണ്. കൃഷിഭവനിൽനിന്നും ശേഖരിച്ച കണക്കുകൾപ്രകാരം ആകെ 3530 ഭൂഉടമസ്ഥരിൽ 3450 പേർ ഒരു ഹെക്കറിൽ താഴെ ഭൂമിയുള്ള നാനമാത്രകർഷകരും 70 പേർ 1 ഹെക്കറിനും 2ഹെക്കറിനും ഇടയിൽ ഭൂമിയുള്ള ഇടത്തരം കർഷകരും 10 പേർ 2ഹെക്കറിനുമുകളിൽ ഭൂമിയുള്ള വൻകിട കർഷകരുമാണ്. ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.13ഹെക്കർ ആണെങ്കിൽ ഈ ഗ്രാമപഞ്ചായത്തിന്റേതാണ് 0.103ഹെക്കർ ആണ്.

ഉടമസ്ഥത സംബന്ധിച്ച വിവരം

ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	വിസ്തീർണ്ണം	ശതമാനം
ഒരു ഹെക്ടറിൽതാഴെ	3450	1200	97.8
ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ	70	1401.9	
രണ്ട് ഹെക്ടറിനുമുകളിൽ	10	40	0.3
ആകെ	3530	1380	100.0

അവലംബം കൃഷിഭവൻ

വർഷങ്ങൾക്കുമുമ്പ് ധാരാളംഭൂമി തരിശു കിടന്നിരുന്നു. തെങ്ങ്, മാവ്, പ്ലാവ്, കമുക്, കശുമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും ആഞ്ഞിലി, പൂവണ്ണ്, കാഞ്ഞിരം, ഇലവ്, മുരിക്ക്, പേഴ്, പെരുമരം, വട്ട, പന മുതലായ മറ്റു വൃക്ഷങ്ങളും സമൃദ്ധിയായുണ്ടായിരുന്നു.

ആകാശംമുട്ടെ തഴച്ചുവളർന്നുനിന്നിരുന്ന "മുളക്കൂട്ടങ്ങൾ' ലോകഭൂപടത്തിൽ പട്ടാഴിയുടെ സ്ഥാനം എടുത്തുകാട്ടി. 37മീറ്റർ നീളമുണ്ടായിരുന്ന ലോകത്തിൽ ഏറ്റവും നീളംകൂടിയ മുള പട്ടാഴിയിലാണ് കണ്ടെത്തിയത് എന്ന് 1904-ൽ ഗിന്നസ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉയർന്നപ്രദേശങ്ങളിലും മലഞ്ചരിവുകളിലും മുമ്പൊക്കെ ഈട്ടിമരങ്ങൾ സുലഭമായിരുന്നു. റബ്ബർകൃഷി കുന്നിൻചരിവുകളിൽ അപൂർവ്വമായിമാത്രം ഉണ്ടായിരുന്നു.

കാർഷികവിളകളിൽ പ്രമുഖസ്ഥാനം നെല്ല്, മരച്ചീനി എന്നിവയ്ക്കായിരുന്നു. ചേന, കാച്ചിൽ, ചേമ്പ്, വാഴ (ഏത്തവാഴ), കരിമ്പ്, ഇഞ്ചി, ചെറികിഴങ്ങ്, കൂർക്ക (ചീവക്കിഴങ്ങ്), മധുരക്കിഴങ്ങ്, പാവൽ, പടവലം, വഴുതന, പച്ചമുളക്, പഷർ, മുതിര, ഉഴുന്ന് എന്നിവ ധാരാളം കൃഷിചെയ്തിരുന്നു.

നാട്ടുമാവ്, കപ്പമാവ്, കിളിച്ചുണ്ടൻമാവ്, മൂവാണ്ടൻമാവ് എന്നിങ്ങനെ വിവിധയിനം മാവുകളുണ്ടെങ്കിലും നാട്ടുമാമ്പഴത്തിന്റെ സ്വാത് ഇന്നും പ്രായമുള്ളവരിൽ കൊതിയുണർത്തുന്നു. ഫലവൃക്ഷങ്ങളിലും പാഴ്മരങ്ങളിലും കുരുമുളകുവള്ളിപടർത്തി കുരുമുളകു കൃഷിയിന്നും ചെയ്തുവരുന്നു. പാടങ്ങളിൽ നെൽകൃഷി ചെയ്തിരുന്നതുകൂടാതെ കരപ്പുരയിടങ്ങളിലും നെല്ലുകൃഷിചെയ്തിരുന്നു.

പ്രധാന നെൽവിത്തിനങ്ങൾ മുണ്ടകൻ, ചമ്പാവ്, അതിക്കിരാഴി, അറുവാംവെള്ള, കുറ്റാലൻ, കുരിക്കുറ്റാലൻ, അമര, ചേറാടി എന്നിവയായിരുന്നു. ജൈവവളങ്ങൾമാത്രമാണ് മുൻകാലങ്ങളിൽ പ്രയോഗിച്ചിരുന്നത്.

നെൽകൃഷിയെ ബാധിക്കുന്ന തുലോംകുറവായിരുന്നു. കുറ്റിമാച്ചിൽ എന്നരോഗം അപൂർവ്വമായി ചേറാടിനെല്ലിനെ ബാധിച്ചിരുന്നു. ചാവിശല്യം നെൽകൃഷിക്ക് ഒരു ഭീഷണിയായിരുന്നു. അജ്ഞതകൊണ്ടോ അനാചാരംകൊണ്ടോ, ചാഴിശല്യം ഒഴിവാക്കാൻ പനയോലയിൽ ഞറുക്ക്എഴുതി നിലങ്ങളിൽ സ്ഥാപിച്ച് ചാഴിവിലക്കുനടത്തുമായിരുന്നു. രാത്രിയിൽ തീപ്പന്തങ്ങൾ കത്തിച്ചും ചാഴിയെ നശിപ്പിക്കുന്നപതിവുണ്ടായിരുന്നു.

കൃഷികളെല്ലാംതന്നെ മഴയെ ആശ്രയിച്ചാണ് നടത്തിയിരുന്നത്. നെൽകൃഷിക്ക് ജലസേചനം ചെയ്യുന്നതിന് തലക്കുളങ്ങളും തോടുകളും ചെറുതോടുകളും (കൈത്തോട്) പ്രയോജനപ്പെടുത്തിയിരുന്നു. തോടുകളിൽ തടയണയിട്ടും തലക്കുളങ്ങളിൽ നിന്ന് നീർച്ചാലുകൾ വഴിയും പാടങ്ങളിൽ വെള്ളം എത്തിക്കുകയായിരുന്നു പതിവ്.

തെങ്ങ് കൂടുതലായും ആറ്റുമട്ടൽ പ്രദേശത്താണുണ്ടായിരുന്നത്. സമനിരപ്പിലും തെങ്ങുകൃഷി നല്ലരീതിയിലുണ്ടായിരുന്നു. നാളികേരവും മരച്ചീനിയും മുൻകാലങ്ങളിൽ ചങ്ങാടങ്ങളിലും കെട്ടുവള്ളങ്ങളിലുമായി, കല്ലട, കൊല്ലം തുടങ്ങിയ തീരപ്രദേശകമ്പോളങ്ങളിൽ കൊണ്ടുപോയിവിറ്റഴിച്ചിരുന്നു. കശുവണ്ടി, പച്ചക്കറികൃഷിസാ

ധനങ്ങൾ, കുരുമുളക്, വാഴക്കുല എന്നീവിഭവങ്ങൾ പറക്കോട്, കലയപുരം, പത്തനാപുരം എന്നീ സമീപപ്രദേശങ്ങളിലുള്ള മാർക്കറ്റുകളിലും പട്ടാഴിചന്തയിലും കൊണ്ടുപോയി കച്ചവടം ചെയ്തിരുന്നു.

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ കൃഷിക്കു നല്കിയ പ്രാമുഖ്യവും NES ബ്ലോക്കുകളുടെ ആവീർഭാവവും കൃഷിക്കുമാന്യതയുണ്ടാക്കി. കൂടാതെ ശാസ്ത്രീയ കൃഷിസമ്പ്രദായങ്ങളും വളപ്രയോഘങ്ങളും സംബന്ധിച്ച അവബോധം സൃഷ്ടിക്കാനും കഴിഞ്ഞു. തുടർന്നുള്ള ഒരു കാലഘട്ടം കാർഷികരംഗത്ത് അഭിവൃദ്ധിയുടെ ചരിത്രമാണു സൂചിപ്പിക്കുന്നത്. കാർഷികത്തൊഴിലാളികളുടെ ലഭ്യത ഇക്കാര്യത്തിൽ ഒരു പ്രധാന ഘടകംതന്നെ.

എന്നാൽ റബ്ബർകൃഷികൂടുതൽ ആദായകരമാണ് എന്നുവന്നതോടുകൂടി നമ്മുടെ ഗ്രാമത്തിലെ നാമമാത്രകർഷകർവരെ അതിൽ ആകൃഷ്ടരായി. മലഞ്ചരിവുകളിലും, സമനിരപ്പുള്ള പ്രദേശങ്ങളിലും ആറ്റുമട്ടലിലുമൊക്കെ ചെയ്തുവന്നിരുന്നു. കരകൃഷികൾൾ, റബ്ബർകൃഷിക്കുവേണ്ടി വഴിമാറിക്കൊടുത്തു എന്നുള്ളതാണ് സമീപകാലചരിത്രം. എന്തിനേറെ, നെൽപ്പാടങ്ങൾ നികത്തിപ്പോലും റബ്ബർകൃഷിയോ കുറഞ്ഞപക്ഷം റബ്ബർ നഴ്സറികളോ നടത്തുന്നതിനുപയോഗപ്പെടുത്തുന്നു എന്നുകാണുമ്പോൾ റബ്ബർകൃഷിയുടെ കടന്നുകയറ്റം എത്രമാത്രമാണെന്ന് ഊഹിക്കാവുന്നതേയുള്ളൂ. നെല്ലരികഴിഞ്ഞാൽ നമ്മുടെ ആഹാരപദാർത്ഥങ്ങളിൽ പ്രധാനപ്പെട്ട മരച്ചീനി, മറ്റുകിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എന്നിവ മിക്കവാറും അപ്രത്യക്ഷമായിത്തുടങ്ങി എന്നുമാത്രമല്ല, തമിഴ്നാട്ടിൽനിന്ന് ഇറക്കുമതിചെയ്യുന്ന ഗുണമേന്മയില്ലാത്ത പച്ചക്കറിസാധനങ്ങളെ പൂർണ്ണമായും ആശ്രയിച്ചേ പറ്റൂഎന്ന പതനത്തിലാണെത്തിയിരിക്കുന്നത്.

അമൂല്യ ഔഷധസസ്യങ്ങൾ നിറഞ്ഞനമ്മുടെ കാവുകളിൽ പലതും വെട്ടിനശിപ്പിച്ചുഖളഞ്ഞു. ഇത്മൂലം ഔഷധസസ്യങ്ങൾക്ക് അറുതിവരും എന്നുമാത്രമല്ല പരിസ്ഥിതി പ്രശ്നം സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട് എന്നത് ദുഃഖസത്യമാണ്.

നമ്മുടെ പഞ്ചായത്തിൽ 1961-ൽ 290ഹെക്ടർ നിലം നെൽക്കൃഷിക്കായുപയോഗിച്ചിരുന്നതെങ്കിൽ 1991 ആയപ്പോഴേക്കും 210ഹെക്ടർ നിലത്തിൽ മാത്രമേ നെൽകൃഷി ചെയ്തിരുനന്നുള്ളൂ എന്നുംകാണുന്നു. 30 വർഷത്തിനിടയിൽ 80ഹെക്ടർ നിലം (മൊത്തംനിലത്തിന്റെ 27.5ശതമാനം) മറ്റുകൃഷികൾക്കായി വിനിയോഗിക്കുകയോ നിലംനികത്തി കരയാക്കുകയോ ചെയ്തിട്ടുണ്ട്. നെല്ലുൽപ്പാദനരംഗത്തെ ഈ തിരിച്ചുപോക്കിന്റെ കാരണം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ഭൂവിസ്തൃതിയിലുള്ള വ്യത്യാസം ചുവടെ പട്ടികയായി ചേർത്തിരിക്കുന്നു.

ഭൂവിസ്തൃതിയിലുള്ള വ്യത്യാസം ഹെക്ടറിൽ

വിള	1961	1971	1981	1991
നെല്ല്	290	245	220	210
തെങ്ങ്	455	450	435	400
റബ്ബർ	622	690	810	900

അവലംബം കൃഷിഭവൻ

കരയ്ക്കു കൃഷിചെയ്തിരുന്ന മരച്ചീനി, ഏത്തവാഴ, ഇഞ്ചി എന്നിവ മിക്കവാറും ഇന്ന് നിലങ്ങളിലാണ് കൃഷിചെയ്യുന്നത്. വിലയിലുള്ള അനിശ്ചിതത്വം, നെൽകൃഷിചെയ്യുനന്കിനുള്ള വർദ്ധിചെലവ്, നെൽക്കൃഷിയിൽ പരിചയസമ്പന്നരായ കർഷകത്തൊഴിലാളികളുടെ കുറവ് എന്നിവയാണ് ഈ മാറ്റത്തിനുകാരണം.

കൂടാതെ കൃഷിക്കുള്ള ആവർത്തനചെലവുകൾ കുറവായതുകൊണ്ടും ദീർഘകാലം താരതമ്യേനനെച്ചപ്പെട്ട ആദായം കിട്ടുമെന്നുള്ളതുകൊണ്ടും റബ്ബർകൃഷി വ്യാപകമായി ചെയ്യാൻതുടങ്ങി. പരമ്പരാഗതമായി ചെയ്തുവന്ന മരച്ചീനി, വാഴ, കരിമ്പ്, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ എന്നിവ ക്രമേണകുറയാൻ തുടങ്ങി. ജലസേചനത്തിനാശ്രയിച്ചിരുന്ന കുളങ്ങൾ, തോടുകൾ എന്നിവ വേണ്ടരീതിയിൽ സംരക്ഷിക്കാതിരുന്നതുകൊണ്ട് മണ്ണടിഞ്ഞ് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നു.

ഭൂവിനിയോഗം.

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 1876ഹെക്ടറാണ്. കുന്നിൻമുകൾ, മലഞ്ചരിവ്, സമതലം, ആറ്റുതീരം എന്നിങ്ങനെ നാലായി ഈ പ്രദേശത്തെ തരംതിരിക്കാം.

മണ്ണിന്റെ തരവും ഗുണനിലവാരവും

ഭൂരൂപങ്ങൾ	വിസ്തീർണ്ണം	മണ്ണ്	മണ്ണിന്റെ ജൈവാംശം (ശതമാനം)	ഗുണനിലവാരം	
				ഭാവകം കിലോ/ഹെക്ടർ	ക്ഷാരഗുണം കിലോ/ഹെക്ടർ
ആറ്റുമട്ടൽ	143.8	മണൽ കലർന്ന എക്കൽ	0.34	16716	103.28
നിലങ്ങൾ	330.7	എക്കൽ	0.62	15.07	160.17
മലഞ്ചരിവ്	1318.1	ചെമ്മണ്ണ് (ലാറ്ററൈറ്റ്)	0.75	8.05	140.5
കുന്നിൻമുകൾ	62.4	കരിമണ്ണ് (ചരൽകലർന്ന ലാറ്ററൈറ്റ്)	1.25	13.8	133.3

അവലംബം CESS റിപ്പോർട്ട്, കൃഷിഭവൻ

ആറ്റുമട്ടലിലും നിലങ്ങളിലും എക്കൽ മണ്ണും, സമതലങ്ങലിൽ ചെമ്മണ്ണും വെട്ടുകല്ലും, കുന്നിൻചരുവിൽ ചരൽകലർന്ന കരിമണ്ണും മല മുകളിൽ പാറയും കരിമണ്ണും ആണുള്ളത്. അശാസ്ത്രീയമായ രാസവളപ്രയോഗംമൂലം മണ്ണിന്റെ അമ്ലസ്വഭാവം കൂടിവരുന്നതായിട്ടാണ് കാണുന്നത്. കൃഷിഭവൻ രേഖകൾപ്രകാരം ശരാശരി PH മൂല്യം 5 മുതൽ 6 വരെയാണ്.

ഭൂവിസ്തൃതിയുടെ 53.8 ശതമാനഭാഗം റബ്ബർകൃഷിക്കും 11.03 ശതമാനം നെൽകൃഷിക്കും ഉപയോഗിക്കുന്നു. മുമ്പ് ഒരുപൂകൃഷി ചെയ്തിരുന്ന നിലങ്ങളിൽ ഇപ്പോൾ രണ്ടുപൂകൃഷിചെയ്യുന്നു.

ശേഷിച്ചഭാഗത്ത് തെങ്ങ്, മരച്ചീനി, വാഴ മുതലായവ കൃഷിചെയ്യുന്നു. കൊക്കോകൃഷിയും, മൾബറികൃഷിയും പരീക്ഷിച്ചുപരാജയപ്പെട്ട ഇനങ്ങളാണ്.

നെല്ലിന്റെ ഉല്പാദനക്ഷമത ഒരു ഹെക്ടറിന് 1875കി.ഗ്രാം ആണ്. സങ്കരയിനത്തിൽപ്പെട്ട H4, ജ്യോതി, 8-8-56, പവിഴം, ഓണം തുടങ്ങിയ ഉല്പാദനക്ഷമത കൂടിയ വിത്തിനങ്ങളാണ് ഇപ്പോൾ കൃഷിചെയ്തുവരുന്നത്. ചേറാടികൃഷിയും കുറവല്ല.

റബ്ബറിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 1800കി.ഗ്രാം ആണ്. പ്രധാനമായും RRIM 600, G.T.1, തുടങ്ങിയ ബഡ് ഇനങ്ങളാണ് കൃഷിചെയ്തുവരുന്നത്.

തെങ്ങിന്റെ ഉല്പാദനക്ഷമത ഹെക്ടറിന് 8125 നാളികേരമാണ്. T X D, D X T, കോമാടൻ, നാടൻതെങ്ങുകൾ എന്നീ ഇനങ്ങൾ കൃഷിചെയ്യുന്നു.

വിവിധ വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും തഴെ പട്ടികയായിചേർക്കുന്നു.

വിളവിസ്തീർണ്ണവും ഉല്പാദനവും

വിള	വിസ്തീർണ്ണം	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത
നെല്ല് ഒരിപ്പൂ, ഇരിപ്പൂ	246	461.25 ടൺ	1875കി.ഗ്രാം.
റബ്ബർ	900	1620 ടൺ	1800കി.ഗ്രാം.
തെങ്ങ്	400	3250000 എണ്ണം	8125 എണ്ണം.
മരച്ചീനി	85	1020 ടൺ	12000കി.ഗ്രാം.
പയർ	20	10 ടൺ	500കി.ഗ്രാം.
വാഴ	90	1800 ടൺ	20000 കി.ഗ്രാം.
പച്ചക്കറികൾ	31	8 ടൺ	258 കി.ഗ്രാം.
കുരുമുളക്	40	10 ടൺ	250 കി.ഗ്രാം.
കശുമാവ്	20	13 ടൺ	650 കി.ഗ്രാം.

അവലംബം കൃഷിഭവൻ

ജലസേചനം

കൃഷിക്ക് മഴയെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. മഴസുലഭമായി ലഭിക്കുനന്ത് മേയ്, ജൂൺമാസങ്ങളിലും ഒക്ടോബർ, നവംബർമാസങ്ങളിലുമാണ്.

1993മുതൽ 96വരെ ലഭിച്ച മഴയുടെ അളവ് താഴെപട്ടികയായിചേർക്കുന്നു.

മഴയുടെ അളവ് (മി.മീ.)

വർഷം	1993	1994	1995	1996
ജനുവരി	33.6	9.2	11.0	
ഫെബ്രുവരി	62.0	35.0	28.8	29.0
മാർച്ച്	51.6	34.8	80.4	62.4
ഏപ്രിൽ	210.0	315.6	341.8	280.5
മേയ്	357.2	258.4	261.3	79.2
ജൂൺ	612.6	521.4	405.8	429.1
ജൂലായ്	640.2	462.1	484.9	426.1
ആഗസ്റ്റ്	178.2	420.1	406.8	367.6
സെപ്റ്റംബർ	113.0	192.1	275.1	349.2
ഒക്ടോബർ	471.6	503.0	315.9	518.0
നവംബർ	250.0	192.2	231.3	356.2
ഡിസംബർ	47.0	26.2	-	-
ആകെ പെയ്തമഴ	2993.0	2921.5	2841.3	2908.3

അവലംബം CWC ആഫീസ് റിക്കാർഡ്.

ഇതുകൂടാതെ തോടുകൾ, കുളങ്ങൾ തുടങ്ങിയ ജലസ്രോതസ്സുകളേയും ആശ്രയിക്കുന്നു.

വിശദമായ വിവരം താഴെകൊടുത്തിരിക്കുന്ന പട്ടികയിൽനിന്നും ലഭിക്കുന്നതാണ്.

കുളങ്ങൾ	ഉൾപ്പെടുന്ന വാർഡ്	വിസ്തൃതി (നീളംXവീതി) മീറ്ററിൽ
വെട്ടിമുറ്റത്ത്	1	7X5
ഇരുവേലിയ്ക്കൽ	2	5X2
ദർഭയിൽ	3	5X3
കുണ്ടനാട്	3	5X3
ആര്യക്കോട്	3	5X3
പട്ടാഴിക്ഷേത്രകുളം	4	40X35
ചിറത്താഴകുളം	4	7X5
അയണിവേലിൽ	5	4X3
കുളക്കുഴി	5	15X10
തോണ്ടലിൽ	6	10X5
പ്ലാന്തോട്ടം	6	6X3
ഏറ്റിയോട്ട്	7	5X3
ഇരുപ്പാക്കുഴി	7	5X3
പാവക്കോട്ട്	7	5X3
ഓലിയ്ക്കൽ (1)	7	6X4
ഓലിക്കൽ (2)	7	3X2

(അവലംബം വിഭവഭൂപടം, സാമൂഹ്യസാമ്പത്തിക സർവ്വേ.)

തോടുകളെ സംബന്ധിക്കുന്നവിവരം

പേര്	നീളം	പ്രയോജനം ലഭിക്കുന്ന ഏലാകൾ
കാരിക്കൽ-കൊന്നാറയ്ക്കൽ-കല്ലടയാറ്	5 കി.മീ.	കാരിക്കൽ, പനയനഴികം, കൊന്നാറയ്ക്കൽ
പാണ്ടിത്തിട്ട-പൂക്കുന്നിൽ-കല്ലടയാറ്	3 കി.മീ.	ഇരുപ്പാക്കുഴി, പാറയ്ക്കൽ, പൂക്കുന്നിൽ
ക്ഷേത്രക്കുളം-മങ്ങാട്ടുതോട്ടം	4 കി.മീ.	ചിറത്താഴ, പാലവയൽ, ചെമ്പാണിക്കൽ, വെള്ളാറ, ഇരുവേലിക്കൽ, വിരുത്തി
പ്ലാന്തോട്ടം-പെരുന്തോട്ടം	2 കി.മീ.	കുളക്കുടി ഏല
കുണ്ടിനാട്-ആര്യക്കോട് വിരുത്തി	4 കി.മീ.	കണ്ടിനാട്, ആര്യക്കോട്, ആലന്നൂർ, വിരുത്തിഏലാകൾ
മണ്ണൂർ-കൊല്ലാ	1 കി.മീ.	മണ്ണൂർ, വെള്ളാറ
ഇളംകുളംപള്ളി-കല്ലടയാറ്	1 കി.മീ.	ഇളംകുളത്ത് ഏലാ.

പേര്	നീളം	പ്രയോജനം ലഭിക്കുന്ന ഏലാകൾ
പൈങ്ങോട്ട്-ഇരുവേലിക്കൽ	2 കി.മീ.	പൈങ്ങോട്ട്, നീലംകുന്നത്ത്, ചെമ്പാണിക്കൽ, വെള്ളാറ ഇടമേൽ, കാരിക്കവഞ്ചി, വിരുത്തി
ചാത്താരുകുഴി-കല്ലടയാറ്	0.75 കി.മീ.	ചാത്താരുകുഴി ഏലാ.
ചെറുകാലൂർ - കല്ലടയാറ്	0.85കി.മീ.	ചെറുകാലൂർ ഏലാ.

അവലംബം പഞ്ചായത്ത് ഓഫീസ് രേഖ.

മണ്ണ് ജലസംരക്ഷണം

വർഷകാലത്തുണ്ടാകുന്ന മണ്ണൊലിപ്പ് കുന്നിൻ ചരുവുകളിൽ വൃക്ഷങ്ങൾവച്ചുപിടിപ്പിച്ചും ഈടികൾകെട്ടിയും തടയുന്നു. പശ്ചിമ ഘട്ടവികസന പദ്ധതിയുടെ ഭാഗമായി 1980 കാലഘട്ടത്തിൽ ഈ ഗ്രാമത്തിൽ വ്യാപകമായി ഈടികെട്ടി സംരക്ഷണജോലികൾ ചെയ്തിട്ടുണ്ട്. ഭൂമി കിളച്ചും കാനകൾ നിർമ്മിച്ചും ജല സംരക്ഷണ പ്രവർത്തികൾ നടത്തിവരുന്നു.

വളം, കീടനാശിനി

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോയാണ് പ്രധാന വളം വില്പന കേന്ദ്രം. ആറാട്ടുപുഴ, വിരുത്തി, ദർഭ, പന്തപ്ലാവ്, കോളൂർ ജംഗ്ഷൻ എന്നീ ഭാഗങ്ങളിലുണ്ടായിരുന്ന വളം സബ് ഡിപ്പോകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഏതാനും സ്വകാര്യവളം ഡിപ്പോകളും ഉണ്ട്.

റബ്ബർ, നെല്ല്, തെങ്ങ് എന്നീ വിളകൾക്കാണ് കീടനാശിനികൾ പ്രധാനമായും ഉപയോഗിക്കുന്നത്. ഇവയുടെ ഉപയോഗത്തിൽ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയരീതികളോ സ്വീകരിച്ചുകാണുന്നില്ല.

കാർഷികോപകരണങ്ങൾ

4 ട്രില്ലർ, 6 റോക്ക് സ്പ്രേയർ, 17 നാപ്സ്റ്റാക്ക് സ്പ്രേയർ, 1 മെതിയെന്ത്രം, തെങ്ങുകയറ്റയന്ത്രം എന്നിവ കൃഷിഭവൻവഴി നൽകിയിട്ടുണ്ട്. നിലം ഒരുക്കുന്നതിന് 4 ജോഡി ഉഴവുമാടുകൾമാത്രമാണുള്ളത് എന്നുകാണുന്നു. ഈ കണക്ക് ഒരുപക്ഷേ അതിശയോക്തിപരമാണെങ്കിലും ട്രില്ലറുകളുടെയും ട്രാക്ടറുകളുടെയും ആവശ്യകതയിലേക്ക് ഇത് വിരൽചൂണ്ടുന്നു.

പാടശേഖരസമിതികൾ

രജിസ്റ്റർ ചെയ്തിട്ടുള്ള 6പാടശേഖരസമിതികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയുടെ പ്രവർത്തനം തൃപ്തികരമല്ലെന്നാണ് ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള അഭിപ്രായം. ഇതുകൂടാതെ ഒരു കേരവികസന സമിതിയും ഒരു കുരുമുളകുവികസന സമിതിയും നിലവിലുണ്ട്.

കൂലിനിരക്ക്

പഞ്ചായത്തിൽ കൃഷി മുഖ്യഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർ 1768പേരാണ്. കർഷകത്തൊഴിലാളികൾ 1158പേരുണ്ട്. ഇവരുടെ ശരാശരികൂലിനിരക്ക് പുരുഷന് 100രൂപയും സ്ത്രീക്ക് 65രൂപയും ആണ്. ഈ മേഖലയിലെ തൊഴിലാളികളുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു. വിദ്യാഭ്യാസം ലഭിച്ച പുതിയതലമുറയ്ക്ക് കാർഷികത്തൊഴിലിനോടുള്ള ആഭിമുഖ്യമില്ലായ്മയും മറ്റുതൊഴിലുകളിലേയ്ക്ക് ആകർഷിക്കപ്പെടുന്നതുമാണ് ഇതിനുകാരണം.

വായ്പാസൗകര്യം

പഞ്ചായത്തുപരിധിയിൽ ഒരു സഹകരണ സ്ഥാപനവും ഒരു ഷെഡ്യൂൾ ബാങ്കും ആണ് കാർഷികവായ്പ ലഭിക്കുന്നതിനുള്ള സ്ഥാപനങ്ങൾ. 9-ാം വാർഡ് കുണ്ടയം സർവ്വീസ് സഹകരണബാങ്കിന്റെ പരിധിയിൽപ്പെടുന്ന. ഇവകൂടാതെ പത്തനാപുരം താലൂക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് പഞ്ചായത്തിലെ കർഷകർക്ക് വായ്പലഭ്യമാക്കുന്നു.

വിശദമായപട്ടിക ചുവടെ ചേർക്കുന്നു.

വായ്പ സംബന്ധിച്ച വിവരങ്ങൾ

സ്ഥാപനത്തിന്റെ പേര്	വിതരണം ചെയ്ത ഹ്രസ്വകാലം	കാർഷികവായ്പ. മധ്യകാലം
പട്ടാഴി സർവ്വീസ് സഹകരമബാങ്ക്	3,72,962	5,79,753
പത്തനാപുരം താലൂക്ക് പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസനബാങ്ക്	1,74,122	1,10,935
ആകെ.	5,47,084	6,90,688

നഴ്സറികൾ

പഞ്ചായത്തിൽ റബ്ബർ, കുരുമുളക്, മാഞ്ചിയം, തേക്ക് തുടങ്ങിയ നടീൽ വസ്തുക്കൾ വില്പനനടത്തുന്ന 10-ൽ അധികം നഴ്സറികളുണ്ട്.

കൃഷിഭവൻ

1987 ഡിസംബർ 1-ാം തീയതി ആണ് പട്ടാഴി പഞ്ചായത്തിൽ കൃഷിഭവന്റെ പ്രവർത്തനം ആരഭിച്ചത്. ഒരു കൃഷി ആഫീസറും 3 കൃഷിഅസിസ്റ്റന്റുമാരും അവിടെ ജീവനക്കാരായുണ്ട്. കൃഷി അഫീസിന്റെ ചുറ്റുവട്ടത്തുള്ളവരൊഴികെ മറ്റുള്ളവർക്ക് ഇതിന്റെ പ്രയജനം പൂർണ്ണമായികിട്ടുന്നില്ല. സർക്കാരിൽനിന്ന് ലഭിക്കുന്ന സബ്സിഡികളും നടീൽ വസ്തുക്കളും വിതരണംചെയ്യുന്നതിൽമാത്രം കൃഷിഭവന്റെ പ്രവർത്തനം ഒതുങ്ങിപോകുന്നതായി പരാതിയുണ്ട്. സർക്കാർ ആവിഷ്കരിക്കുന്ന പല പദ്ധതികളും കർഷകർ അറിയാതെപോകുന്നു. ഇപ്പോൾ കൃഷിഭവൻവഴി നടപ്പാക്കിക്കൊണ്ടിരിക്കുന്ന ചില പദ്ധതികൾ താഴെ ചേർക്കുന്നു.

1. നെൽകൃഷിക്ക് ഉല്പാദക ബോണസ്സ്.
2. തെങ്ങുകൃഷിക്ക് രാസവള സബ്സിഡി 50%.
3. ജലസേചനത്തിനു പമ്പുസെറ്റ് സ്ഥാപിക്കാൻ
4. 25 പ്രധാനവിളകൾക്കു ലഭിക്കുന്ന ഇൻഷുറൻസ് സംരക്ഷണം.
5. കുരുമുളകുകൃഷി വിസ്തീർണ്ണം വർദ്ധിപ്പിക്കാൻ പദ്ധതി
6. ഇഞ്ചി, മഞ്ഞൾക്കൃഷി വർദ്ധിപ്പിക്കാൻ പദ്ധതി.
7. കശുമാവുതൈയും നടീൽക്കൂലി 3രൂപ ക്രമത്തിലുള്ള തുകയും നൽകുന്നു.

പ്രശ്നങ്ങൾ

കൊല്ലം ജില്ലയിലെ കൃഷിക്കു ജലസേചനസൗകര്യം ലഭിക്കുക എന്നലക്ഷ്യത്തോടെ ആരംഭിച്ച കല്ലട പദ്ധതിയുടെ കനാൽ ജില്ലയിലെ മിക്കപഞ്ചായത്തുകളിലുംകൂടി കടന്നു പോകുന്നു. എന്നാൽ പട്ടാഴി, പട്ടാഴിവടക്കേക്കര പഞ്ചായത്തുകളെ പൂർണ്ണമായും ഒഴിവാക്കിയത് എന്തുകൊണ്ടെന്നു വ്യക്തമല്ല.

പട്ടാഴി പഞ്ചായത്തിലെ കുളക്കുടി, ഇലംകുളം, മണ്ണൂർ, വിരുത്തി, പനയം, കൊന്നാറയ്ക്കൽ, നെച്ചൂർ, ചെറുകാലൂർ, ഏറത്തൂർ, പ്ലാക്കോട് തുടങ്ങിയ ഏലാകളിൽ ജലസേചന സൗജന്യം ഇല്ലാത്തതുകൊണ്ട് നെൽകൃഷിക്കു വളരെയേറെ ബുദ്ധിമുട്ടനുഭവപ്പെടുന്നു. മലഞ്ചരുവുകളിൽ മണ്ണൊലിപ്പു വ്യപകമായി അനുഭവപ്പെടുന്നു. നെൽകൃഷിക്കാവശ്യമായ തൊഴിലാളികളെ കിട്ടാതെവരുന്നതും ഉല്പാദനചെലവിന്റെ വർദ്ധനയും ഉല്പന്നങ്ങളുടെ വിലയുലുള്ള അസ്ഥിരതയും നെൽകൃഷിയെ ബാധിക്കുന്ന രോഗങ്ങളും കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവും ഒക്കെ നെല്ലിന്റെ ഉല്പാദനത്തെ

പ്രതികൂലമായി ബാധിക്കുന്നു.

തെങ്ങുകൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയിൽ ഗണ്യമായകുറവ് അനുഭവപ്പെടുന്നു. കൂടുതൽ ഫലംതരുന്ന സങ്കരയിനം തൈകൾ ഒരുമാറ്റത്തിന്റെ സൂചനനൽകുന്നുണ്ടെങ്കിലും തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളും നാളീകേരത്തിന്റെ വിലക്കുറവും റബ്ബർകൃഷിയുടെ വ്യാപനവുംഒക്കെ തെങ്ങുകൃഷിയെ ബാധിക്കുന്ന പ്രശ്നങ്ങളാണ്.

നമ്മുടെ കൃഷിഭൂമിയിൽ നല്ലൊരുഭാഗം മരച്ചീനികൃഷിക്കായി വിനിയോഗിച്ചിരുന്നു. എന്നാൽ കൂടുതൽ ആദായകരമായ റബ്ബർകൃഷിയുടെ ആവിർഭാവവും ഉല്പന്നത്തിനു വിപണന-സംസ്കരണ സൗകര്യങ്ങൾ ഇല്ലാതെവന്നതും ഒരുകാലത്ത് നമ്മുടെ പ്രധാനകൃഷികളിൽ ഒന്നായ മരച്ചീനിക്കൃഷിയുടെ വംശനാശം വരുത്തിക്കൊണ്ടിരിക്കുന്നു.

ശാസ്ത്രീയമായി മണ്ണുപരിശോധന നടത്താത്തതുകൊണ്ട് അമിതമായ രാസവളപ്രയോഗം നടത്തേണ്ടിവരുന്നത് ഉല്പാദനക്ഷമത കുറയുന്നതിനു കാരണമാകുന്നു. ജൈവവളം ആവശ്യത്തിനില്ലാതെ വരുന്നത് മണ്ണിന്റെ ഘടനയെത്തന്നെ ദോഷമായി ബാധിക്കാൻ ഇടയായിട്ടുണ്ട്.

പശ്ചിമഘട്ടവികസനത്തിന്റെ ഭാഗമായി ഈടുകെട്ടിസംരക്ഷിക്കാത്ത പ്രദേശങ്ങളിൽ വ്യാപകമായി മണ്ണൊലിപ്പുഭീഷണി ഉണ്ടാകുന്നുണ്ട്. ഈ പ്രദേശങ്ങളിൽ റബ്ബർകൃഷിചെയ്ത് മണ്ണൊലിപ്പിനെ പ്രതിരോധിക്കാനുള്ള സാദ്ധ്യത ഉപയോഗിക്കപ്പെടുത്തുന്നില്ല. കൂടാതെ മലഞ്ചരിവുകളിൽ തീറ്റപ്പുൽക്കൃഷി നടത്താനുള്ള സാദ്ധ്യതകളും ഉപയോഗപ്പെടുത്താൻ പറ്റുന്നില്ല.

കൃഷിഭവൻ സ്ഥിതിചെയ്യുന്ന നാലാം (4) വാർഡിലൊഴികെ മറ്റു വാർഡുകളിൽ അതുകൊണ്ടുള്ള പ്രയോജനം വേണ്ടത്ര ലഭിക്കുന്നില്ല എന്നതാണ് ഗ്രാമസഭകളിൽനിന്നുള്ള റിപ്പോർട്ട് സൂചിപ്പിക്കുന്നത്.

കാറ്റുവീഴ്ച, കൂമ്പുചീയൽ, മണ്ടചീയൽ എന്നിവ തെങ്ങിനും, തണ്ടുതുരപ്പൻ, ചാഴിക്കേട്, മണ്ടപഴുപ്പ് ഇവനെല്ലിനും, ചീക്കുരോഗം, പട്ടമരവിപ്പ്, കുമിൾരോഗം ഇവ റബ്ബറിനും, ദ്രുതവാട്ടം, തിരികൊഴിച്ചിൽ ഇവ കുരുമുളകിനും, മണ്ടയടപ്പ് ഏത്തവാഴയ്ക്കും കണ്ടുവരുന്ന പ്രധാനരോഗങ്ങളാണ്.

പരമ്പരാഗതമായ കൃഷിഉപകരണങ്ങളും കൃഷിരീതികളുമാണ് ഇന്നും നമ്മുടെ നാട്ടിൽ പ്രചാരത്തിലുള്ളത്. തുണ്ടുതുണ്ടായി വിഭജിക്കപ്പെട്ട് അതിർവരമ്പുകൾ സ്ഥാപിച്ചിട്ടുള്ള ഏലായിൽ യന്ത്രോപകരണങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. കരഭൂമിയുടെ തുണ്ടവൽക്കരണവും ആധുനിക രീതിയിലുള്ള കൃഷിസമ്പ്രദായത്തിനും തടസ്സം സൃഷ്ടിക്കുന്നു.

നെൽക്കൃഷിക്ക് അനുയോജ്യമായ പാടങ്ങളിൽനിന്നു വ്യാപകമായി ചെളി(ചേറ്)യെടുത്തു ചുടുകട്ട നിർമ്മാണത്തിനുപയോഗിക്കുന്നതും അനിയന്ത്രിതമായ മണൽ വാരൽമൂലം ആറ്റുമട്ടൽ ഇടിയുന്നതും കൃഷിയുടെ പുരോഗതിക്ക് തടസ്സമായി നില്ക്കുന്ന പരിസ്ഥിതിപ്രശ്നങ്ങളാണ്. കർഷകർക്ക് സർക്കാരിൽനിന്നുള്ള വിവിധ ആനുകൂല്യങ്ങളെപ്പറ്റിയുള്ള അവരുടെ അജ്ഞതയും കൃഷിഉദ്യോഗസ്ഥന്മാരിൽനിന്നു യഥാസമയം വിദഗ്ദ്ധോപദേശം ലഭിക്കായ്കയും മികച്ച ഉല്പാദനശേഷിയുള്ള വിത്തിനങ്ങളും നടീൽ വസ്തുക്കളും ലഭിക്കായ്കയും ഫലപ്രദമായി ജൈവവളം ഉപയോഗിക്കാൻ കഴിയാത്തതും ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളാണെന്നാണ് ഗ്രാമസഭകളിലെ അഭിപ്രായം.

പരിഹാരങ്ങൾ

I. ജലസേചനം

1. കല്ലടയാറ്റിൽ കുറുകെ ചെക്കുഡാമുകൾകെട്ടി ലിഫ്റ്റ് ഇറിഗേഷൻ വഴി കൃഷിയിടങ്ങളിൽ ജലസേചനസൗകര്യങ്ങൾ ഉണ്ടാക്കിയാൽ മൂന്നുപീവ് നെൽകൃഷിചെയ്യാൻ കഴിയും.
2. താഴെപറയുന്ന തോടുകൾ ആവശ്യമായ സംരക്ഷണവേലകൾ ചെയ്തും, കുളങ്ങളുമായി ബന്ധിപ്പിച്ചും ചീപ്പുകളും തടയണകളും നിർമ്മിച്ചും ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

		കി.മീ.
I.	കാരിക്കൽ-പനയഴികം-കൊന്നാറയ്ക്കൽ	5
II.	പാണ്ടിത്തിട്ട-ഇരുപ്പാക്കുഴി-പാറയ്ക്കൽ-പൂക്കുന്നിൽ-കല്ലടയാറ്	3
III.	ക്ഷേത്രക്കുളം-മങ്ങാട്ടുതോട്ടം	4
IV.	പ്ലാന്തോട്ടം-പെരുന്തോട്ടം	2
V.	കുങ്ങിനാട്-ആര്യക്കോട്-വിരുത്തി	4
VI.	മണ്ണൂർ-കൊല്ലാ	1
VII.	ഇളംകുളംപള്ളി-കല്ലടയാറ്	1
VIII.	പൈങ്ങോട്-ഇരുവേലിക്കൽ	2
XI.	ചാത്താരുകുഴി-കല്ലടയാറ്	0.75
X.	ചെറുകാലൂരും-കല്ലടയാറ്	0.85
XI.	പ്ലാക്കോട്ട് ഏലായുടെ സംരക്ഷണ വരമ്പ് കെട്ടിബലപ്പെടുത്തുക.	

3. നിലവിലുള്ള കുളങ്ങളും ജലസേചനയോഗ്യമായ തോടുകളും സംരക്ഷിക്കണം.

II.

1. മണ്ണുസാമ്പിളുകൾ പരിശോധിക്കുന്നതിന് സ്ഥിരസംവിധാനം ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിന് കർഷകരിൽ ബോധവൽക്കരണം നടത്തുകയും ചെയ്യണം.
2. ഉല്പാദനക്ഷമതകൂടിയ എല്ലാത്തരം മുന്തിയ ഇനം വിത്തിനങ്ങളും നടീൽവസ്തുക്കളും സംഭരിച്ചും ഉല്പാദിപ്പിച്ചും വിതരണചെയ്യുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ നഴ്സറി തുടങ്ങണം.
3. എല്ലാ പായശേഖരങ്ങളിലും പാടശേഖരസമിതികൾ രൂപീകരിച്ചും നിലവിലുള്ളവ പുനർജ്ജീവിപ്പിച്ചും നെൽക്കൃഷി രംഗത്തു കർഷകരുടെ കൂട്ടായ്മയും സഹകരണവും ഉറപ്പാക്കുക.
4. പാടശേഖരങ്ങളിൽ ഇടവിളയായി പച്ചക്കറികൃഷിനടത്തുന്നതിന് കർഷകർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പ്രോത്സാഹനവും നൽകാനുള്ള സംവിധാനം ഉണ്ടാക്കുക.
5. കർഷകർക്കു ജൈവവളം ഉല്പാദിപ്പിക്കാനും പ്രയോഗിക്കാനും ഉള്ള പ്രോത്സാഹനവും ബോധവൽക്കരണവും നൽകണം.
6. ആവശ്യമായ സ്ഥലങ്ങളിൽ വളംഡിപ്പോകൾ തുറക്കണം.
7. ഏത്തവാഴ, ഇഞ്ചി, വെറ്റിലക്കൊടി എന്നിവയുടെ കൃഷിക്കു പ്രോത്സാഹനം നല്കണം.
9. പഞ്ചായത്തിൽ തിരഞ്ഞെടുത്ത കർഷകരെ മുന്തിയതരം പച്ചക്കറിവിത്ത് ഉല്പാദിപ്പിക്കാൻ ചുമതലപ്പെടുത്തുകയും അവ പഞ്ചായത്ത് തലത്തിൽ സംഭരിച്ച് വിതരണം നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.
10. പുൽക്കൃഷിയും പൂക്കൃഷിയും പ്രോത്സാഹിപ്പിക്കണം.
11. ഔഷധസസ്യക്കൃഷി യൂണിറ്റുകൾ ആരംഭിക്കണം.
12. കാർഷി വികസനസമിതി രൂപീകരിക്കണം. ഇതിന്റെ നേതൃത്വത്തിൽ കാർഷികരംഗത്തുണ്ടാകുന്ന പ്രശ്നങ്ങൾ പഠിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകണം.
13. നല്ല കർഷകരെ കണ്ടെത്തി അവാർഡുകളും പ്രോത്സാഹന ഗ്രാന്റുകളും നല്കണം
14. എല്ലാ ഏലാകളിലും ടില്ലറുകളും ട്രാക്ടറുകളും ഇറക്കുന്നതിന് സൗകര്യമായ സ്ഥാനത്ത് വരമ്പുകൾ നിർമ്മിച്ച സൗകര്യം ഉണ്ടാക്കേണ്ടതാണ്.
15. നീർതടാടിസ്ഥാനത്തിൽ ജലസേചനസൗകര്യങ്ങൾ വികസിപ്പിച്ച് ജലമാമേജുമെന്റ് കാര്യക്ഷമമാക്കണം.
16. തെങ്ങുകൃഷിക്ക് ഡിപ്പ് ഇറിഗേഷനുള്ള പ്രോത്സാഹനം ചെയ്യണം.
17. ഇറിഗേഷൻ സൗകര്യത്തിനുവേണ്ടിയുള്ള സൗകര്യപ്രദമായകുളങ്ങളിൽ മത്സ്യക്കൃഷിക്കുള്ള പദ്ധതി ആവിഷ്കരിക്കണം.
18. നിലവിലുള്ള കൃഷിഭവന്റെ പ്രവർത്തനം പഞ്ചായത്തിലെ എല്ലായിടത്തും വ്യാപിപ്പിക്കുക. ശാസ്ത്രീയ കൃഷിരീതികളെപ്പറ്റിയുള്ള അപബോധം കൃഷിക്കാരിൽ വളർത്തിയെടുക്കാനുള്ള പദ്ധികളാവിഷ്കരിക്കണം.

5.2 മൃഗസംരക്ഷണം

ചരിത്രപരമായ പ്രത്യേകതകളാൽ കൈവശഭൂമിയിൽ ജന്മാവകാശമില്ലാതിരുന്ന പട്ടാഴിയിലെ കർഷകരുടെ ഒരു പ്രധാന ഉപജീവന മാർഗ്ഗമായിരുന്നു കാലിവളർത്തൽ. പശു, കാള, എരുമ, പോത്ത്, ആട്, പട്ടി എന്നിവയായിരുന്നു പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയായിരുന്നു. കോഴിമുട്ട ദൂരസ്ഥലങ്ങളിൽനിന്ന് കച്ചവടക്കാർ വന്ന് ശേഖരിച്ചു കൊണ്ടുപോയിരുന്നു. ഇന്ന് നമ്മുടെ ആവശ്യത്തിനുള്ള മുട്ട മറ്റു സ്ഥലങ്ങളിൽനിന്നും ഇറക്കുമതി ചെയ്യേണ്ടിയിരിക്കുന്നു.

വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവ്, കാലിത്തീറ്റയുടെ വിലവർദ്ധനവ്, പാൽ വിറ്റഴിക്കുന്നതിനുള്ള സംവിധാനമില്ലായ്മ, ചികിത്സാസൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ ഇന്ന് കാലിവളർത്തലിന് പ്രതിബന്ധമായിനില്ക്കുന്ന ഘടകങ്ങളാണ്. പഞ്ചായത്തിൽ പുൽകൃഷി ചെയ്യുന്ന വളരെ കുറച്ചുപേർ മാത്രമേ ഉള്ളു. സങ്കര ഇനം പശുക്കളെ വളർത്തുന്നതിനുള്ള ഭാരിച്ച സാമ്പത്തികച്ചെലവ് സാധാരണ കുടുംബങ്ങൾക്ക് താങ്ങാനാവാത്തതാണ്. ഉല്പാദിപ്പിക്കപ്പെടുന്ന പാൽ മുഴുവനും വിറ്റഴിക്കുന്നതിനുള്ള സംവിധാനങ്ങളും പഞ്ചായത്തിലില്ല.

പഞ്ചായത്തിൽ പ്രതിദിനം 2516 ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നു. പ്രതിശീർഷ പാലുല്പാദനം 150 മ.ലിറ്ററാണ്. പട്ടാഴി മാർക്കറ്റ് വാർഡ് കേന്ദ്രീകരിച്ച് ഒരു പാൽ സൊസൈറ്റി നിലവിലുണ്ട്. ഇത് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. എല്ലാ കാലികർഷകരെയും അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല. 126 ലിറ്റർ പാൽ മാത്രമാണ് ഇവിടെ പ്രതിദിനം ശേഖരിക്കുന്നത്. ഇപ്പോൾ പഞ്ചായത്തിൽ 5506 പശുക്കളും 1432 ആടുകളും 19 എരുമകളുമുണ്ട്. വിശദമായ പട്ടിക ചുവടെ കൊടുക്കുന്നു.

വളർത്തുമൃഗങ്ങളുടെ കണക്ക്

കാള	നാടൻ	വംശവർദ്ധനവ്	-
		മറ്റുള്ളവ	11
	സങ്കരം	വംശവർദ്ധനവ്	-
		മറ്റുള്ളവ	17
പശു	നാടൻ	കറവ ഉള്ളത്	151
		കറവ ഇല്ലാത്തത്	273
	സങ്കരം	കറവ ഉള്ളത്	2810
		കറവ ഇല്ലാത്തത്	2272
എരുമ		കറവ ഉള്ളത്	15
		കറവ ഇല്ലാത്തത്	4
പോത്ത്			6
ആട്			1432
പട്ടി			895

അവലംബം: 14-ാമത് ലൈവ്സ്റ്റോക്ക് സെൻസസ്

പഞ്ചായത്തിലെ മിക്കവാറും വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. 1900 പൂവൻ കോഴികളും 12610 പിടക്കോഴികളും ഉണ്ടെന്നാണ് കണക്ക്. വിശദമായ വിവരം താഴെക്കൊടുക്കുന്നു.

വളർത്തുപക്ഷികളുടെ കണക്ക്

പൂവൻ കോഴി		1900
പിടക്കോഴി	മുട്ടയിടുന്നത്	9270
	മുട്ടയിടാത്തത്	3340
താറാവ്	ആൺ	25
	പെൺ	290
മറ്റുള്ളവ		56

അവലംബം 14-ാമത് ലൈവ്സ്റ്റോക്ക് സെൻസസ്

പഞ്ചായത്തിൽ ഡി.ഡബ്ല്യു.സി.ആർ.എ. യുടെ ഒരു ക്ഷീരവികസന യൂണിറ്റ് മരുത മൺഭാഗം കേന്ദ്രമാക്കി പ്രവർത്തിക്കുന്നുണ്ട്. വനിതാ സംരംഭകർക്കായി മറ്റു പശുവളർത്തൽ യൂണിറ്റുകളൊന്നും പഞ്ചായത്തിലില്ല.

മാർക്കറ്റ് വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു മൃഗാശുപത്രി പഞ്ചായത്തിലുണ്ട്. ഇതിന്റെ പ്രയോജനം പഞ്ചായത്തിലെല്ലായിടത്തും ലഭിക്കുന്നില്ല. 2, 9 വാർഡുകളിൽ ഓരോ ഐ.സി.ഡി.പി. സബ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനവും വേണ്ടത്ര പ്രയോജനകരമല്ല. 2-ാം വാർഡിലെ സെന്ററിൽ മുഴുവൻസമയ ജീവനക്കാരനില്ല.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ, ഉദരരോഗം, കുളമ്പുരോഗം, അകിടുവീക്കം, ചങ്കടപ്പ്, മുടന്തുപനി തുടങ്ങിയവയാണ്. പട്ടാഴി മൃഗാശുപത്രിയിൽനിന്നും ശേഖരിച്ച ചികിത്സയെ സംബന്ധിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	കോഴി	താറാവ്
1	ദഹനസംബന്ധമായവ	720	26	192	15	16	-
2	ശ്വാസകോശസംബന്ധം	400	-	260	-	56	-
3	ഉപാപചയ സംബന്ധം	90	-	10	-	-	-
4	ത്വക് രോഗങ്ങൾ	160	-	20	26	-	-
5	ധാതുലവണങ്ങളുടെ അഭാവം	50	-	10	-	-	-
6	പരാദരോഗങ്ങൾ	520	30	90	45	-	150
7	പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	80	26	35	-	--	
8	വന്ധ്യത	110	-	-	-	-	-
9	അകിടുവീക്കം	100	10	25	-	-	-
10	മുടന്തൻ പനി	120	-	-	-	-	-
11	പകർച്ചവ്യാധികൾ	10	-	10	-	15	-

അവലംബം: സെക്കണ്ടറി ഡേറ്റ

കാലികർഷകർക്ക് രോഗപ്രതിരോധ നടപടികളെക്കുറിച്ചും ശുചിത്വത്തെ സംബന്ധിച്ചുമുള്ള അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാറ്റുന്നതിനു തടസ്സമാകുന്നു. കോഴിവസന്തയാണ് കോഴികളെ ബാധിക്കുനന പ്രധാന രോഗം.

ഈ പഞ്ചായത്തിൽ 35 ഗോബർ ഗ്യാസ് പ്രാന്റുകൾ ഉണ്ട്. ഇരുപത്തിരണ്ടെണ്ണം കൃഷിഭവനിൽനിന്നുള്ള സാമ്പത്തിക സഹായത്തോടെ നിർമ്മിച്ചവയാണ്. കൃഷിഭവൻ മുഖേന ഗോബർ ഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുവാൻ ധനസഹായമുണ്ടെങ്കിലും ഇതിനെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

മൃഗാശുപത്രിയിൽ നടത്തിയ പേവിഷ ബാധയ്ക്കുള്ള പ്രതിരോധ കുത്തിവയ്പിന്റെയും ബീജ

സങ്കലനത്തിന്റെയും വിവരങ്ങൾ താഴെക്കൊടുക്കുന്നു.

പേവിഷ ബാധ

പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച
പ്രതിരോധകുത്തിവയ്പു നൽകിയവയുടെ എണ്ണം	-	-	-	150	2
കടിയേറ്റതിനുശേഷം കുത്തിവയ്പു നടത്തിയവയുടെ എണ്ണം	3	-	4	5	-

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗ ഇനം	പശു	കിടാരി	എരുമ
ആകെ എണ്ണം	3406	2000	19
കൃത്രിമ ബീജസങ്കലനം നടത്തിയവ	767	300	3
ഗർഭധാരണത്തിന് രണ്ടിലധികം ബീജസങ്കലനം വേണ്ടിവന്നവ	127	150	-

കർഷകർ കാലിവളർത്തലിന്റെ ഉപോല്പന്നമായ ജൈവവള നിർമ്മാണത്തിനുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നില്ല.

പ്രശ്നങ്ങൾ

1. പാൽവില്പനയ്ക്കുള്ള സംവിധാനങ്ങളില്ല
2. കാലിത്തീറ്റയുടെ അമിതമായ വില
3. പ്രതിരോധ കുത്തിവയ്പിനുള്ള സൗകര്യമുണ്ട്
4. മൃഗാശുപത്രിയുടെ പ്രയോജനം എല്ലായിടത്തും ലഭിക്കുന്നില്ല
5. സങ്കര ഇനം പശുക്കളെ വളർത്താനുള്ള താങ്ങാനാവാത്ത സാമ്പത്തിക ചെലവ്
6. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
7. പേനായ്ക്കളുടെ ശല്യ
8. ഉല്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോഴുള്ള പാലിന്റെ വിലക്കുറവ്
9. കിടാരികളുടെ ഉയർന്ന വില
10. ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ലഭ്യമല്ല
11. പ്രോവൺ ബുൾ സെമൻ ലഭ്യമല്ല

സാദ്ധ്യതകൾ

1. പുൽക്കൃഷി വ്യാപിക്കണം
2. കാലിത്തീറ്റ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കണം
3. ക്ഷീരോല്പാദന സഹകരണ സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിലെല്ലായിടത്തും വ്യാപിപ്പിക്കണം. പാൽ സംഭരണ-വിതരണ കേന്ദ്രങ്ങൾ വാർഡുകൾതോറും തുറക്കണം. സംഘത്തിൽ പഞ്ചായത്തിലെ എല്ലാ കാലികർഷകരെയും അംഗങ്ങളാക്കണം.
4. പാലിൽനിന്നുള്ള മറ്റ് ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം.
5. സംരക്ഷണത്തിന് സാമ്പത്തിക ചിലവു കുറവുള്ള പശു കിടാരികളെ (ഉദാ: വച്ചൂർ പശു) കർഷകർക്ക് വിതരണം ചെയ്യണം.
6. ഐ.സി.ഡി.പി. ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. അവ ഇല്ലാത്ത വാർഡുകളിൽ തുറക്കണം.
7. വളർത്തു നായക്കൾക്കുള്ള ലൈസൻസിംഗ് സമ്പ്രദായം കർശനമാക്കുകയും പേവിഷത്തിനെതിരെയുള്ള പ്രതിരോധ കുത്തി

വയ്പ് നടത്തുകയും വേണം. തെരുവുനായ്ക്കളെ നശിപ്പിക്കാനുള്ള ഊർജ്ജിത പരിപാടി നടപ്പാക്കണം.

8. ഇറച്ചി-മുട്ട കോഴികൾ, താറാവ് എന്നിവയെ വളർത്തുന്ന പുതിയ യൂണിറ്റുകൾ തുടങ്ങാനുള്ള പ്രോത്സാഹനം നൽകണം.
9. ക്ഷീരോല്പാദക യൂണിറ്റുകളും ക്ഷീരോല്പന്ന യൂണിറ്റുകളും തുടങ്ങാൻ വനിതാ സംഘങ്ങൾക്ക് പ്രോത്സാഹനം നല്കണം.
10. എഗ്ഗർ നഴ്സറികൾ തുടങ്ങാൻ പ്രോത്സാഹനം നല്കണം.
11. സ്കൂൾ പൗൾട്രി ക്ലബ്ബുകൾ തുടങ്ങണം.
12. റബ്ബർ ഷീറ്റ് ഉറ ചെയ്യുന്നതിലൂടെ കിട്ടുന്ന ആസിഡ് കലർന്ന വെള്ളവും ചാണകവും ചേർത്തുള്ള ഗ്യാസ് പ്ലാന്റുകൾ ഉണ്ടാക്കണം.
13. ജൈവവള നിർമ്മാണ യൂണിറ്റ് ആരംഭിക്കണം.

മത്സ്യസമ്പത്ത്

നമ്മുടെ പഞ്ചായത്തിന്റെ വടക്കും പടിഞ്ഞാറും കൂടി 11 കി.മീ. നീളത്തിൽ ഒഴുകുന്ന കല്ലടയാറിന്റെ തീരവാസികൾക്ക് ആറ്റു മത്സ്യം ഒരു ഓർമ്മ മാത്രമായി മാറിക്കഴിഞ്ഞു. നമ്മുടെ തോടുകളിലും കുളങ്ങളിലും നെല്പാടങ്ങളിലും മുപ്പത് വർഷം മുമ്പുവരെ സുലഭമായിരുന്ന മത്സ്യ സമ്പത്തും അപ്രത്യക്ഷമായിക്കഴിഞ്ഞിരിക്കുന്നു. അലങ്കാരത്തിനുവേണ്ടിയോ ആദായത്തിനുവേണ്ടിയോ മത്സ്യം വളർത്തുന്ന ആരും തന്നെ ഈ പഞ്ചായത്തിലില്ലെന്നു പറയാം.

പുനലൂർ പേപ്പർ മിൽ പ്രവർത്തനം നിലച്ചുപോയെങ്കിലും അത് പ്രവർത്തിരുന്ന കാലത്ത് കല്ലടയാറ്റിലെക്ക് ഒഴുക്കിവിട്ടിരുന്ന വിഷദ്രാവകം നമ്മുടെ ആറ്റുമത്സ്യങ്ങളുടെ കഥ കഴിച്ചു. തോടുകളിലും നെൽപാടങ്ങളിലും ഉണ്ടായിരുന്നവയാകട്ടെ രാസവള-കീടനാശിനി പ്രയോഗം മൂലം ഉന്മൂലനം ചെയ്യപ്പെടുകയും ചെയ്തു. എന്നിരുന്നാലും നിലവിലുള്ള കുളങ്ങളും ഇഷ്ടികക്കു വേണ്ടി മണ്ണെടുക്കുന്ന ഗർത്തങ്ങളും മത്സ്യക്കൃഷിക്ക് ഉപയോഗിക്കാനുള്ള സാദ്ധ്യതയുണ്ട്. കല്ലടയാറ്റിൽ ചെക്ക് ഡാമുകൾ നിർമ്മിച്ച് മത്സ്യക്കൃഷി നടത്തുന്നതിനെപ്പറ്റി ആലോചിക്കേണ്ടതാണ്.

ഇന്ന് നമുക്ക് ലഭിക്കുന്ന കടൽ മത്സ്യം തീരപ്രദേശങ്ങളിൽനിന്നും വാഹനങ്ങളിൽ കൊണ്ടുവന്ന് വില്പന നടത്തുന്നവയാണ്. തീരപ്രദേശങ്ങളിൽ മത്സ്യ ബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരെപ്പോലെ കടൽ കനിഞ്ഞില്ലെങ്കിൽ ഇവരുടെ ജീവിതവും പട്ടിണിയിലാകും.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കുളങ്ങൾ മത്സ്യക്കൃഷിക്കുപയോഗിക്കണം.
2. ചുടുകട്ടയ്ക്ക് മണ്ണെടുക്കുന്ന കുഴികൾ മത്സ്യക്കൃഷിക്കുപയോഗുക്കണം.
3. മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി ലഭ്യമാക്കണം.
4. മത്സ്യക്കൃഷിക്ക് താല്പര്യമുള്ളവർക്ക് പരിശീലനവും ധനസഹായങ്ങളും നൽകണം.

5.3 വിദ്യാഭ്യാസം

ഒരു ജനതയുടെ പുരോഗതിയിൽ നിർണ്ണായകമായ സ്ഥാനം വിദ്യാഭ്യാസത്തിനുണ്ട്. പട്ടാഴിയുടെ ചരിത്രത്തിലും അത്തരം സ്വാധീനം ചെലുത്താൻ ആത്യാധുനികവിദ്യാഭ്യാസത്തിനു കഴിഞ്ഞിരുന്നുവെന്ന്, ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് വിവിധമേഖലകളിൽ പട്ടാഴി നേടിയിട്ടുള്ള പുരോഗതിയിൽ നിന്നു മനസ്സിലാക്കാം. ഇന്നേക്ക് ഒരു നൂറ്റാണ്ട് മുമ്പാണ് ഇവിടെ ഔപചാരികവിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചത്. ബ്രട്ടീഷുകാരുടെ ഭരണകാലത്ത് സ്വാതിതിരുനാൾ, തിരുവിതാംകൂർ രാജാവായിരുന്നപ്പോൾ ഇംഗ്ലീഷുകാരുടെ ഉപദേശപ്രകാരം നാട്ടിലുടനീളം വിദ്യായങ്ങൾ സ്ഥാപിച്ചു തുടങ്ങിയിരുന്നു. ഇതിന്റെ ഭാഗമായി പട്ടാഴിയിൽ 1895 –96 കാലത്ത് ഒരരു സർക്കാർ പ്രൈമറി സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചു.

ക്ഷേത്രങ്ങൾ ഒരു കാലത്ത് കലാ–സാംസ്ക്കാരിക–സാമൂഹ്യകേന്ദ്രങ്ങളായിരുന്നു. വിദ്യാലയം ഗ്രന്ഥശാല. കലാഅഭ്യാസനവേദികൾ എന്നീ സാംസ്ക്കാരിക പ്രചരണക്ന്ദ്രങ്ങൾ അക്കാലത്ത് മിക്കവാറും ക്ഷേത്രങ്ങളോടനുബന്ധിച്ചോ, ക്ഷേത്രസമീപത്തോ ആണ് സ്ഥാപിച്ച് പ്രവർത്തനം നടത്തിവന്നിട്ടുള്ളത്. നമ്മുടെ പട്ടാഴി ഗ്രാമപ്രദേശത്ത് ആദ്യം സ്ഥാപിതമായ വിദ്യാലയവും ഗ്രന്ഥശാലയും പട്ടാഴിക്ഷേത്രത്തിനു തൊട്ടു മുമ്പിലായിരുന്നു,എന്നു കാണാം. തന്നെയുമല്ല മേൽപ്പറഞ്ഞ പ്രാഥമിക വിദ്യാലയം സ്ഥാപിക്കുന്നതിനു മുൻകൈയെടുത്ത് അന്നത്തെ ദേവസ്വം ഭരണച്ചുമതലയുള്ള ഗവൺമെന്റു സെക്രട്ടറിയായിരുന്ന ശങ്കരനാരായണപിള്ള ആയിരുന്നു. ഈ പ്രൈമറി സ്ക്കൂളാണ് വിവധഘട്ടങ്ങലിലെ വികാസ പരിണാമങ്ങളുടെ ഫലമായി ഇന്നത്തെ വൊക്കേഷനൽ ഹയർ സെക്കന്ററി സ്ക്കൂളായി ഉയർന്നത്.

പ്രൈമറി സ്ക്കൂൾ സ്ഥാപിച്ച് കുറെ നാളുകൾക്കുശേഷം അത് മലയാളം മിഡിൽ സ്ക്കൂൾ ആയി ഉയർത്തപ്പെട്ടു. അന്നത്തെ ഏഴാം ക്ലാസ്സു കൂടി അനുവദിച്ചതോടെ മലയാളം മിഡിൽ സ്ക്കൂൾ സർട്ടിഫിക്കറ്റ് പൊതുപരീക്ഷ പാസ്സായവർ നമ്മുടെ നാട്ടിലുണ്ടായി. പൊതുവിദ്യാഭ്യാസത്തിൽ അംഗീകാരമുള്ള ഒരു ഘട്ടം പൂർത്തിയാവുകയായിരുന്നു ഏഴാം ക്ലാസ്സ് പാസ്സാകുന്നതോടെ.

സ്വാതന്ത്ര്യലബ്ധിക്കുശേഷം വിദ്യാഭ്യാസരംഗത്തുണ്ടായ മാറ്റങ്ങളനുസരിച്ച് മലയാളം മിഡിൽ സ്ക്കൂൾ ഇംഗ്ലീഷ് മിഡിൽ സ്ക്കൂളായും പിന്നീടതു യു.പി സ്ക്കൂളായും മാറി. മലയാളം മിഡിൽ സ്ക്കൂൾ ആയിരിക്കത്തന്നെ, സ്ക്കുളിനു കെട്ടിടം നിർമ്മിക്കുകയും മറ്റു ഭൗതികസാഹചർങ്ങൾ ഉണ്ടാക്കിക്കൊടുക്കയും ചെയ്തിരന്നത് നാട്ടുകാർ തന്നെയാണ്. ഇവയ്ക്കെല്ലാം നേതൃത്വം കൊടുത്തിരുന്നത് ശങ്കരമംഗലത്ത് ശങ്കരനാരായണപിള്ളയും ചിറക്കരോട്ടു ബാലകൃഷ്ണപിള്ള എന്നിവരായിരുന്നു. തുടർന്നു 1950–ൽ മിഡിൽസ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തുന്നതിന് നാട്ടുകാരിൽനിന്നും പിരിച്ച് 1,0000 രൂപ കെട്ടിവച്ച് അംഗീകാരം വാങ്ങാനും മറ്റും മുന്നിട്ടുനിന്നു പ്രവർത്തിച്ചത് ശ്രീ. കോട്ടാമൻചെല്ലപ്പൻപിള്ളയും സഹപ്രവർതത്തകരുമായിരുന്നു.

പല കാലഘട്ടങ്ങളിലായി പട്ടാഴിയുടെ വിവിധ വാർഡുകളിൽ താഴെ പറയുന്ന വിദ്യാലയങ്ങളും സ്ഥാപിയമായി. 1. പന്തപ്ലാവ് ഗവ: വി.വി.എൽ.പി സ്ക്കൂൾ, (ഇത് ആദ്യം ഒരു സ്വകാര്യമാനേജ്മെന്റുസ്ക്കൂൾ)2. ഗവ: എൽ.പി എസ് തെക്കെത്തേരി, 3. ഗവ: ന്യൂ എൽ.പി. എസ തെക്കെത്തേരി, 4.. ഡബ്ലിയു.എൽ.പി എസ്. പട്ടാഴി, 5. ഗവ; ന്യൂ എൽ.പി.എസ്. പന്തപ്ലാവ്. 6. എസ്. വി. എൽ.പി.എസ് മീനം. 7. ന്യൂ എൽ.പി എസ് മണക്കാല. 8. ഗവ: എൽ. പി .എസ്. പട്ടാഴി. (ഇത് ഗവ: ഹൈസ്ക്കൂളായശേഷം വേർതിരച്ചതാണ്) 9. വി.വി.യു.പി.എസ്. പന്തപ്ലാവ്. 10. ഡി. വി.യു.പി എസ്. തെക്കെത്തേരി എന്നിവയാണ്. ഇതിൽ ഡബ്ലിയു.എൽ. പി.എസ് പട്ടാഴിയും

ഡബ്ലിയു. എൽ.പി എസ് തെക്കേത്തേരിയും പട്ടികജാതിക്കാർക്കു വേണ്ടി വെൽഫെയർ ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ, പകൽ സ്ക്കൂളുകളെന്ന പേരിൽ പ്രത്യേകം അനുവദിച്ചുകൊണ്ടിരിക്കുന്നതും പിന്നീട് ഡിപ്പാർട്ട്മെന്റിന്റെ പൂർണ്ണ ചുമതലയിൽ ഉള്ളതുമാണ്. വി.വി.യു.പി എസ് പന്തപ്ലാവ്, ഡി.വി.യു.പി.എസ് തെക്കെത്തേരി, എസ്.വി.എൽ.പി. എസ് മീനം എന്നീ സ്ക്കൂളുകൾ സ്വകാര്യ മാനേജ്മെന്റ് എയിഡഡ് സ്ക്കൂളുകളാണ്.



ഇതുകൂടാതെ പഞ്ചായത്തുപ്രദേശത്ത് ഒരു അംഗീകൃത ഇംഗ്ലീഷ് മീഡിയം യു.പി. സ്ക്കൂളും,അംഗീകാരമില്ലാത്ത് ഒരു ഇംഗ്ലീഷ് മീഡിയം പ്രൈമറി സ്ക്കുളും പ്രവർത്തിക്കുന്നു. 1947–60 കാലയളവിൽ വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങളും പഞ്ചായത്തിലുടനീളം വ്യാപിച്ചിരുന്നു.

ജനസംഖ്യ ആകെ 18953– ഉള്ള പട്ടാഴി ഗ്രാമപഞ്ചായത്തിൽ 2612 വിദ്യാർത്ഥികൾ 7 ഗവ: സ്ക്കൂളുകളിലും 3 എയിഡഡ് സ്ക്കൂളുകളിലും 2 അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിലുമായി പഠിക്കുന്നു. അദ്ധ്യാപകരുടെ എണ്ണം ഇപ്പോൾ 107 ആണ്. സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ പഠനം നിർത്തിപ്പോയ കുട്ടികൾ നാമമാത്രമായെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. (പട്ടിക 1A, 1B, 1C, 1D, 1E & II ശദ്ധിക്കുക)

ഇതു കൂടാതെ നമ്മുടെ പഞ്ചായത്തിനു പുറത്തുള്ള അൺ എയിഡഡ് സ്ക്കൂളുകളിൽ ഏതാണ്ടു പത്തു ശതമാനത്തോളം കുട്ടികൾ പോയി പഠിക്കുന്നുമുണ്ട്.

പട്ടാഴിയുടെ ഹൃദയഭാഗത്ത് സ്ഥാപിതമായ ആദ്യത്തെ പ്രൈമറി വിദ്യാലയം , ഹൈസ്ക്കൂൾ ആയിരുന്നപ്പോൾ അതിന്റെ പ്ലാറ്റിനം ജൂബിലി 1971–ൽ ആഘോഷിക്കപ്പെടുകയുണ്ടായി. പ്രസ്തുത വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളുടെ വിപുലമായ ഒരു സംഘടന ശ്രീമാന്മാർ. എ.എ മജീദ് പ്രസിഡന്റും പി. ബാലകൃഷ്ണൻ സെക്രട്ടറിയുമായി രൂപീകരിച്ചു പ്രവർത്തന നിരതമായി.

പൂർവ്വവിദ്യാർത്ഥികളോടൊപ്പംഅദ്ധ്യാപകർ രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ എന്നിവരുടെ ആവേശപൂർണ്ണമായ സഹകരണത്തോടെ വിവിധ സമ്മേളനങ്ങൾ, കലാപരിപാടികൾ മുതലായ ചടങ്ങുകളോടെ ജൂബിലി ആർഭാടമായി ആഘോഷിക്കുകയുണ്ടായി. ഹെഡ്മാസ്റ്റർ. ശ്രീ. ജോർജ്ജ് ഫിലിപ്പ്, പൂർവ്വവിദ്യാർത്ഥിസംഘടന രക്ഷാധികാരി റിട്ട. ജഡ്ജ്. കെ കോരുത്, രക്ഷകർത്താസമിതി പ്രസിഡന്റ് ചിറക്കരോട്ട് പി. ബാലകൃഷ്ണപിള്ള തുടങ്ങിയ പകരമതികളുടെ മേൽനോട്ടത്തിൽ നടത്തപ്പെട്ട ജൂബിലി ആഘോഷപരിപാടികൾ ഒരു ചരിത്ര സംഭവമായി ഓർമ്മയിൽ തങ്ങി നിൽക്കുന്നു.

ഹൈസ്ക്കൂൾ, വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളായി ഉയർത്തപ്പെടുന്നതിനും സ്ക്കൂളിനു പുതുതായി രണ്ടുനിലക്കെട്ടിടമുൾപ്പടെയുള്ള കെട്ടിടങ്ങളും ചുറ്റുമതിലും മറ്റു പണികഴിപ്പിക്കുന്നതിനും കഴിഞ്ഞത് നമ്മുടെ പ്രതിനിധിയായിരുന്ന ബഹു: മന്ത്രി . ഇ. ചന്ദ്രശേഖരൻനായരുടെ പ്രത്യേക പരിഗണന കൊണ്ടാണെന്ന സത്യം വിസ്മരിച്ചുകൂടാ.

ഉന്നതവിദ്യാഭ്യാസത്തിന് കോളേജുകൾ, സാങ്കേതികവിദ്യാഭ്യാസങ്ങൾ എന്നിവ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഇല്ലതന്നെ. എസ്.എസ്. എൽ,സി പാസ്സാകുന്ന വിദ്യാർത്ഥികളിൽ ഒരു നല്ല ശതമാനംപരിസരപ്രദേശത്തുള്ള മാലൂർ സെന്റ് സ്റ്റീഫൻസ് കോളേജ്, കൊട്ടാരക്കര സെന്റ് ഗ്രിഗോറിയോസ് കോളേജ് എന്നിവിടങ്ങളിൽ ചേർന്നു പഠിക്കുന്നു. യൂണിവേഴ്സിറ്റി വിദ്യാഭ്യാസം ആഗ്രഹിക്കുന്ന ബാക്കി കുട്ടികൾ കൊട്ടാരക്കര പത്തനാപുരം മുതലായിടത്തുള്ള പാരലൽ കോളേജുകളിൽ അഭയം തേടുന്നു. കൂടാതെ ഡിപ്ലോമാ, ഐ.ടി.ഐ. കോഴ്സുകൾക്ക് പോകുന്ന വിദ്യാർത്ഥികളും മറ്റു പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്

പഞ്ചായത്ത് പ്രദേശത്ത് രണ്ടു ടൈപ്പ റൈറ്റിംഗ് സ്ഥാപനങ്ങളും ഒരു കമ്പ്യൂട്ടർ പരി

5-4 പൊതു ജനാരോഗ്യവും കുടി വെള്ളവും

1950 കളിലാണ് ഗ്രാമപഞ്ചായത്തിൽ ആധുനിക ചികത്സാ സമ്പ്രദായങ്ങൾ ഉദയം ചെയ്തത്. അതുവരെ ഇവിടുത്തെ ജനങ്ങൾ പാരമ്പര്യ വൈദ്യരീതികളാണ് ആശ്രയിച്ചിരുന്നത്. കോളറ, വസൂരി, ജ്വരം തുടങ്ങിയ പകർച്ച വ്യാധികൾ അനേകം പേരുടെ ജീവൻ അപഹരിച്ചിരുന്നു. അന്ധവിശ്വാസ ജടിലമായ മന്ത്രവാദങ്ങളും, വഴിപാടുകളും ആയിരുന്നു അന്ന് രോഗങ്ങൾക്കു പ്രതിവിധി കണ്ടിരുന്നത്. കുറെ പേരെങ്കിലും പാരമ്പര്യ നാട്ടു വൈദ്യന്മാരേയും ആശ്രയിച്ചിരുന്നു.. ജനങ്ങൾക്ക് ഔപചാരിക വിദ്യാഭ്യാസം ലഭ്യമായപ്പോൾ പുറം ലോകത്തെക്കുറിച്ചുള്ള അറിവിന്റെ വ്യാപ്തി വർദ്ധിക്കുകയും ആധുനീക ചികത്സാ രീതികളെക്കുറിച്ചുള്ള അവബോധം ഉണ്ടാകുകയും ചെയതോടെ ചികിത്സ തേടി സമീപ പ്രദേശങ്ങളിലേക്കു പോകാൻ തുടങ്ങി. വാഹനഗതാഗത സൗകര്യങ്ങളൊട്ടും ഇല്ലാതിരുന്ന അക്കാലത്ത് പത്തും പതിനഞ്ചും കിലോമീറ്ററുകൾക്കപ്പുറമുള്ള കൊട്ടാരക്കര, പുനലൂർ, അടൂർ, കലയപുരം അന്നിവിടങ്ങളിലുള്ള ആശുപത്രികളിലേക്കു ചാക്കുകെട്ടിലുകളിൽ ചുമന്നാണ് രോഗികളെ കൊണ്ടുപൊയ്ക്കോണ്ടിരുന്നത്. ഇതിനു പരിഹാരം കാണുന്നനതിനു അന്ന് ഗ്രാമത്തിന്റെ ഭരണം കയ്യാളിയിരുന്ന വില്ലേജ് അപ്‌ലിസ്റ്റു കമ്മിറ്റി സർക്കാരിൽ നിന്നും ഒരു മിഡ്‌വൈഫറി സെന്റർ അനനുവദിപ്പിച്ചു. പിന്നീട് കൂടുതൽ സൗകര്യങ്ങളോടുകൂടിയ ഒരു ആശുപത്രി നിർമ്മിക്കുന്നതിനെക്കുറിച്ച് ആലോചിക്കുവാൻ 1125 ചിങ്ങം 12 ാം തിയതി പട്ടാഴി സഹകരണ സംഘം ആഫീസിൽ വച്ച് ഒരു ആലോചന യോഗം വിളിച്ചു കൂട്ടി. ആശുപത്രി നിർമ്മിക്കണമെങ്കിൽ ആകെ ചെലവാകുന്ന 60000 രൂപായുടെ ആറിലൊന്നു തുക പഞ്ചായത്തുകമ്മിറ്റിയും ആറിലൊന്നു തുക പൊതുജനങ്ങളും കെട്ടി വെയ്ക്കണ മെന്നായിരുന്നു. ഇതു രണ്ടു ചേർന്ന ഇരുപതിനായിരം രൂപ പഞ്ചായത്തു കമ്മിറ്റി ദേവസ്വം ഓഫീസിൽ നിന്നു ഏറ്റു വാങ്ങി സർക്കാരിലടയ്ക്കുകയും 1959 ൽ ഒരേക്കർ മുപ്പത്തിണ്ടു സെന്റു. സ്ഥലത്ത് ആശുപത്രി കെട്ടിടത്തിന്റെ പണി പൂർത്തീകരിക്കുകയും ചെയ്തതായാണ് രേഖകളിൽ നിന്നു മനസ്സിലാക്കുവാൻ കഴിയുന്നത്. 1960 ൽ ഇതിന്റെ പ്രവർത്തനം ആരംഭിച്ചതോടെ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പ്രശ്നങ്ങൾക്ക് കുറയൊക്കെ പരിഹാരം കാണാൻ കഴിഞ്ഞിരുന്നു.

1978 ൽ ഒരു ഈ എസ് ഐ ഡിസ്പൻസറിയും 1993 ൽ ഒരു ഗവ. ഹോമിയോ ഡിസ്പൻസറിയും ഇവിടെ പ്രവർത്തനം ആരംഭിച്ചു. 1966 മുതൽ ഗവ. അംഗീകൃത ആയുർവേദചികത്സാ കേന്ദ്രമായഅരിപ്പാട്ടു വൈദ്യശാല ഇവിടെ പ്രവർത്തിച്ചു വരുന്നു. ഇവ കൂടാതെ സ്വകാര്യ മേഖലയിൽ നാല് ആയുർവേദ ഔഷധ ശാലകളും,ഒരു അലോപ്പതി ഡിസ്പൻസറിയും, രണ്ടു ഹോമിയോ ക്ലിനിക്കുകളും മൂന്നു പാരമ്പര്യ വിഷ ചികിത്സാ കേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട് (പട്ടിക 5.5a) പഞ്ചായത്തിൽ ആരോഗ്യരംഗത്ത് പ്രവർത്തിക്കന്ന42 ജീവനക്കാരാണുള്ളത്.

പട്ടിക 5.5 a

ആരോഗ്യസ്ഥാപനങ്ങളുടെ വിവരം

ക്രമനമ്പർ	സ്ഥാപനങ്ങൾ	സ്ഥിതി ചെയ്യുന്ന വാർഡ്	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1	പ്രാഥമിക ആരോഗ്യ കേന്ദ്രം	5	1959	25
2	ഈ എസ് ഐ ആശുപത്രി	7	1978	8
3	ഗവ. ഹോമിയോ ആശുപത്രി	6	1993	4
4	അരിപ്പാട്ടു വൈദ്യശാല	5	1966	2
5	കുടുംബക്ഷേമ ഉപകേന്ദ്രം തെക്കേത്തേരി	2		1
6	കുടുംബക്ഷേമ ഉപകേന്ദ്രം കുന്നിമേൽ	7		1
7	കുടുംബക്ഷേമ ഉപകേന്ദ്രം പന്തപ്ലാവ്	8		1
	ആകെ		42	

അവലംബം: ദ്വിതീയ വിവരശേഖരണം

പട്ടാഴി ഗവ. ഡിസ്പൻസറി പ്രൈമറി ഹെൽത്തു സെന്ററായി ഉയർത്തികയും അതിന്റെ കീഴിൽ തെക്കേത്തേരി,

പന്തപ്ലാവ്, കന്നിമേൽ എന്നിവിടങ്ങളിൽ മൂന്നു കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു. എന്നാലും ഇവിടുത്തെ ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾക്കു പൂർണ്ണമായി പരിഹാരം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും ഭൂരിപക്ഷം ജനങ്ങളും മതിയായ സൗകര്യങ്ങളില്ലാത്തതുകൊണ്ട് ചികിത്സ തേടി ദൂരസ്ഥലങ്ങളിൽ പോകേണ്ട സ്ഥിതിയാണുള്ളത്. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ വിവിധ രോഗങ്ങൾക്കായി ചികിത്സക്കെത്തുന്നവരുടെ വിശദമായ വിവരം ചുവടെ ചേർക്കുന്നു.

പട്ടിക 5.5b

പട്ടാഴി പി എച്ച് സി യിൽ ചികത്സക്കെത്തുനന്നവരുടെ വിവരം

വർഷം	ഇൻപേഷ്യന്റ്	ഔട്ട്പേഷ്യന്റ്	തക്ക്രോഗം	വാതരോഗങ്ങൾ	പകർച്ച	മറ്റുള്ളരോഗങ്ങൾ	ആകെ
	എണ്ണം	എണ്ണം			വ്യാധികൾ		
1992	408	17955	918	1744	11775	3926	18363
1993	666	21779	1122	2132	14393	4798	22445
1994	1042	24671	1286	2443	16448	5496	25713
1995	908	18458	968	1841	12418	4139	19366
ആകെ	**3024**	**82863**	**4294**	**8160**	**55074**	**18359**	**85887**

അവലംബം പി എച്ച് സി രേഖകൾ

പഞ്ചായത്തിലെ ശരാശരി കുടുംവലുപ്പം 4.5 ആണ് 1991 ലെ സെൻസസ്) ജനന നിരക്ക് 12.9 ഉം മരണനിരക്ക് 6.3ഉം ആണെന്നു കാണുന്നു. കേരളത്തിലെ ജനനനിരക്ക് 17ഉം മരണനിരക്ക് 5.9ഉം ആണ്. ജനനമരണ നിയന്ത്രണ മാർഗ്ഗങ്ങൾ പൊതുവെ തൃപ്തികരമാണ്. ശിശുമരണനിരക്ക് സംസ്ഥാനത്തിന്റേതിൽ നിന്ന് തുലോം കുറവാണ്. കേരളത്തിന്റേത് 1000 ത്തിന് 16 ആണെങ്കിൽ പഞ്ചായത്തിന്റേത് 4.3 ആണ്.

പഞ്ചായത്തിൽ 5 ക്ഷയരോഗികളും 2 കുഷ്ഠരോഗികളും 5 ക്യാൻസർ രോഗികളും ഉള്ളതായി വില്ലേജാഫിസിലെ പെൻഷൻ രജിസ്റ്ററിൽ നിന്നും മനസ്സിലാക്കുന്നു. കൃത്യമായ കണക്കുകൾ ലഭിച്ചിട്ടില്ല. അംഗവൈകല്ല്യമുള്ള 31 പേരും 17 മന്ദബുദ്ധികളുമാണുള്ളത്.

പഞ്ചായത്തിലെ 87% അമ്മമാരും കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചവരാണ്. വിശദമായ പട്ടിക താഴെ ചേർക്കുന്നു.

പട്ടിക 5.5c

കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ച അമ്മമാരുടെ വിവരം.

കുട്ടികളുടെ എണ്ണം	അമ്മമാരുടെ എണ്ണം	കുടുംബാസൂത്രണംസ്വീകരിച്ച അമ്മമാർ	ശതമാനം
1 കുട്ടി	482	301	62.4
2 കുട്ടി	1373	1303	94.9
2 ൽ കൂടുതൽകുട്ടികൾ	177	166	93.8
ആകെ	2032	1770	87.1

അവലംബം പി എച്ച് സി രേഖകൾ

ഒരു വയസ്സിനു താഴെ പ്രായമുള്ള 199 കുട്ടികളുള്ളതിൽ എല്ലാവരും പ്രതിരോധ കുത്തി വെയ്പുകൾ നടത്തിയിട്ടുണ്ട്. 15 നും 44നും മദ്ധ്യേ പ്രായമുള്ള (സ്ത്രീയുടെ പ്രായം) 2307 ദമ്പതികൾ പഞ്ചായത്തിലുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു

പട്ടിക 5.5d

പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

	സ്ത്രീയുടെ പ്രായം		
15-19	107	30-34	540
20-24	372	35-39	443
25-29	589	40-44	256

അങ്കണവാടികളിൽ നിന്നു ലഭിച്ചകണക്കുകൾ പ്രകാരം പഞ്ചായത്തിലെ കുട്ടികളുടെ ആരോഗ്യപോഷണ നിലവാരത്തെ കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 5.5e

പ്രായം	നോർമൽ			1-ാം ഗ്രേഡ്			2-ാം ഗ്രേഡ്			3-ാം ഗ്രേഡ്		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1വയസ്സിൽ താഴെ	67	59	126	42	40	82	13	7	20	-	-	-
1-3വയസ്	101	101	202	55	63	118	41	25	66	-	-	-
3-6വയസ്	134	122	256	77	86	163	37	32	69	-	-	-
ആകെ	302	282	584	174	189	363	91	64	155	-	-	-

1-ാം ഗ്രേഡ് ലഘുവായ പോഷണകുറവുള്ളവർ 363

2-ാം ഗ്രേഡ് മിതമായ പോഷണകുറവുള്ളവർ 155

3- ാം ഗ്രേഡ് ഗുരുതരമായ പോഷണകുറവുള്ളവർ ഇല്ല

കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധകുത്തിവെയ്പിനെ സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു

പട്ടിക 5.5f

	ഡി. റ്റി. പി				പോളിയോ			ഡി. റ്റി				മീസൽസ്
ബി. സിജി	1d	2d	3d	BD	1d	2d	3d	BD	1D	2D	3D BD	
249	118	110	90	382	118	110	90	382	517			3000

ടെറ്റനസ് ടോക്സോയിഡ് എടുത്ത ഗർഭിണികൾ

പട്ടിക 5.5g

1D	2D	BD
90	100	80

പട്ടിക 5.5h

ഇരുമ്പ്/ഫോളിക്കാസിഡ് ലഭിച്ച		വിറ്റമിൻ A ലഭിച്ച	ആശുപത്രിയിൽ നടന്ന	വീട്ടിൽനടന്ന
കുട്ടികൾ	ഗർഭിണികൾ	കുട്ടികൾ	പ്രസവങ്ങൾ	പ്രസവങ്ങൾ
301	370	1195	226	ഇല്ല

പൊതുവെ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പ്രവർത്തനം തൃപ്തികരമാണെന്നു പറയുവാൻ നിവർത്തിയില്ല. പഞ്ചായത്തിലെ മുഴുവനും ജനങ്ങൾക്കു ആശ്രയകേന്ദ്രമായ പട്ടാഴി ആരോഗ്യകേന്ദ്രത്തിന്റെ സ്ഥിതി ആശാവഹമല്ല. ഒരു സ്ഥിരം ഡോക്ടർ ഉണ്ടെങ്കിലും മറ്റു ചികത്സാ സൗകര്യങ്ങൾ തുലോം പരിമിതമാണ്. ആവശ്യത്തിനു മരുന്നുകളോ കെട്ടിട സൗകര്യങ്ങളോ ഇല്ല. പ്രസവ ശുശ്രൂഷക്കും, കിടത്തി ചികത്സിക്കുവാനും ഉള്ള സൗകര്യങ്ങളൊന്നും തന്നെയില്ല. ലാബോറട്ടറി സൗകര്യങ്ങളും ഇല്ല. ഗ്രാമോദ്ധാരണ സമിതി എന്ന സന്നദ്ധ സംഘടന 1994 ൽ എഴു പതിനായിരത്തോളം രൂപാ നാട്ടുകാരിൽ നിന്ന് സമാഹരിച്ച് വാട്ടർ ടാങ്കും പമ്പു സെറ്റും സ്ഥാപിച്ചിട്ടുണ്ട്. അടിയ ന്തിരമായി ആശുപത്രിക്ക് ആവശ്യമായത്ര കെട്ടിടങ്ങൾ നിർമ്മിക്കുകയും ഒരു ഗൈനക്കോളജിസ്റ്റുൾപ്പെട്ട ആവശ്യമായ ഡോക്ടർമാരെ നിയനിക്കുകയും മറ്റു ചികത്സാസൗകര്യങ്ങൾ ഉണ്ടാക്കുകയും വേണം.

പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതുണ്ട്. പൊതു ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖത നിരന്തരമായ ബോധ വത്ക്കരണത്തിലൂടെ മാറ്റിയെടുക്കുവാൻ ആരോഗ്യപ്രവർത്തകർക്കു കഴിയണം. അതിനു സമയാസമയങ്ങളിൽ ജനകീയ ഇടപെടലുകൾ ഉണ്ടാകണം. കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ ഇല്ലാത്ത വാർഡുകളിൽ അതു സ്ഥാപിക്കു വാനുള്ള നടപടിയുണ്ടാവണം.

മറ്റ് ആരോഗ്യ സ്ഥപനങ്ങളൊന്നും നിലവില്ലാത്ത താഴത്തുവടക്കു വാർഡിൽ ആറാട്ടുപുഴ കേന്ദ്രമാക്കി ഒരു ഗവ. ആയുർവേദ ആശുപത്രി സ്ഥാപിക്കണമെന്ന് ശക്തമായ അഭിപ്രായം അവിടുത്തെ ഗ്രാമസഭയിൽ നിന്ന് ഉയർ ന്നു വന്നിട്ടുണ്ട്. അവിടെയുള്ള പഞ്ചായത്തുവക പുറമ്പോക്കുഭൂമി അതിനുപയോഗിക്കുവാൻ കഴിയും. അതുപോലെ

തന്നെ തെക്കേത്തേരി , കണ്ടയം, വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും ആരോഗ്യസ്ഥാപനങ്ങൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്.

1993 ൽസ്ഥാപിതമായ ഗവ. ഹോമിയോ ഡിസ്പൻസറിക്ക്ഇതുവരേയും സ്വന്തമായ കെട്ടിടം ഉണ്ടായിട്ടില്ല. പഞ്ചായത്തുവക നേഴ്സറി സ്കൂൾ പ്രവർത്തിച്ചിരുന്ന മാർക്കറ്റു വാർഡിലുള്ള കെട്ടിടം ഹോമിയോ ആശുപത്രിക്കായി വിട്ടുകൊടുക്കുകയും ആവശ്യമായ മറ്റു സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുകയും വേണം.

പരിസര ശുചിത്വം

പരിസര മലിനീകരണം പൊതുവെ കുറവുള്ള ഗ്രാമമാണ്. എന്നാലും പഞ്ചായത്തിന്റ എ ചില പ്രദേശങ്ങളിൽ ശുചീകരണത്തിന്റെ ആഭാവത്തെക്കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. കോളനികളിലും ജനങ്ങൾ തിങ്ങി പാർക്കുന്നിടങ്ങളിലും ശരിയായ ആരോഗ്യ ബോധവത്കരണത്തിലൂടെ ജനങ്ങൾക്ക് ശുചിത്വബോധം ഉണ്ടാകേണ്ടിയിരിക്കുന്നു.ശുചീകരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിൽ സ്ഥിരം ജീവനക്കാരെ നിയമിക്കണം.

4-ാം വാർഡിൽ ഹൈസ്കൂളിനു സമീപം ചായക്കടകളിൽനിന്നും മറ്റും റോഡിലേക്കൊഴുക്കിവിടുന്ന മലിന ജലം കെട്ടിക്കിടന്ന് പരിസര മലിനീകരണം ഉണ്ടാക്കുന്നതായി പരാതിയുണ്ട്. റോഡിനിരുവശവും ഓടകൾ നിർമ്മിച്ച് ജലം ഒഴുകി പോകാനുള്ള സൗകര്യമുണ്ടാക്കണം. ഹൈസ്കൂൾ ജംഗ്ഷനിൽ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ പണിയണം.

6-ാം വാർഡിൽ മാർക്കറ്റിൽ ഇറച്ചി വ്യാപാരം നടത്തുന്നവർ കളയുന്ന അവശിഷ്ടങ്ങൾ ഗുരുതരമായ മലിനീകരണം പ്രശ്നം സൃഷ്ടിക്കുന്നതായി ഗ്രാമസഭയിൽ പരാതി ഉയർന്നു വന്നിട്ടുണ്ട്. സൗകര്യപ്രദമായ സ്ഥലത്ത് അറവുശാല നിർമ്മിക്കുകയും അവശിഷ്ടങ്ങൾ ഉണ്ടാക്കുകയും വേണം.

7-ാം വാർഡിൽ പാവക്കോടു ഭാഗത്ത് മത്സ്യക്കച്ചവടം നടത്തുന്നവർ റോഡിലേക്കൊഴിക്കുന്ന മീൻവെള്ളം ദുർഗന്ധം ഉണ്ടാക്കുന്നതായി പരാതി ഉയർന്നു വന്നിട്ടുണ്ട്. പകരം സംവിധാനങ്ങളുണ്ടാക്കി പരിഹാരം കാണേണ്ടതാണ്.

4-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന പൊതു ശ്മശാനത്തിന് ചുറ്റുമതിലില്ല. കാടുകയറി ഉപയോഗശൂന്യമായ രീതിയിൽ കിടക്കുന്നു.

കക്കൂസ്

പഞ്ചായത്തിൽ 17.23% വീടുകൾക്കാണ് കക്കൂസ് ഇല്ലാത്തത്. IRDP സർവ്വേ പ്രകാരം കക്കൂസ് ഇല്ലാത്ത വീടുകളുടെ വാർഡു തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

പട്ടിക. 5.5

വാർഡ്	കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം	വിവിധപദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകൾ	പൂർത്തീകരിച്ചവ	ഇനി കക്കൂസുകൾ വേണ്ടവരുടെ എണ്ണം
1	89	5	5	84
2	109	4	4	105
3	98	6	6	92
4	86	8	7	78
5	62	7	6	55
6	48	9	8	39
7	72	9	8	6
8	81	7	7	74
9	43	8	8	35
ആകെ	688	63	59	625

അവലംബം IRDP രേഖ

സാമ്പത്തിക ബുദ്ധിമുട്ടാണ് കൂടുതൽ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കുവാനുള്ള പ്രധാനതടസ്സം. സന്നദ്ധ

സംഘടനകളുടെ സഹകരണത്തോടെ കക്കൂസുകൾ നിർമ്മിച്ചു നൽകുന്നതിന് ആവശ്യമായ ഫണ്ട് പഞ്ചായത്തിൽ നിന്നും കണ്ടെത്തണം. സ്ഥലപരിമിതിയും കക്കൂസ് നിർമ്മാണത്തിനു ഒരു തടസ്സമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികൾ പോലുള്ള സ്ഥലങ്ങളിൽ പൊതുകക്കൂസുകൾ നിർമ്മിക്കാവുന്നതാണ്. പരിസര ശുചിത്വത്തെക്കുറിച്ചുള്ള ശരിയായ ബോധം ജനങ്ങളിലുണ്ടാകുകയും കക്കൂസുകൾ നിർമ്മിക്കാനും അവ ഉപയോഗിക്കാനും അവരെ പ്രേരിപ്പിക്കുകയും വേണം.

അടൂർ ജലവിതരണ പദ്ധതിയുമായി ബന്ധപ്പെട്ട് നിർദ്ധനരായ കുടുംബങ്ങൾക്ക് കക്കൂസുകൾ നിർമ്മിച്ചു നൽകാനുള്ള വേൾഡുബാങ്കിന്റെ ഒരു പദ്ധതി ഉള്ളതായിട്ട് അറിയാൻ കഴിഞ്ഞിട്ടുണ്ട്. വിശദമായ വിവരങ്ങൾ മനസ്സിലാക്കി ആ പദ്ധതികൂടി ഉപയോഗപ്പെടുത്തുവാൻ കഴിയണം.

പ്രശ്നങ്ങൾ

1. പട്ടാഴി പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിച്ചിട്ട് 36 വർഷങ്ങളായെങ്കിലും ഇന്നും ഒരു ഡോക്ടറുടെ സേവനം മാത്രമാണുള്ളത്. 1964 ൽ ലേബർറൂമും പ്രസവവാർഡും ഉണ്ടാക്കിയെങ്കിലും ഇന്ന് അതു പ്രവർത്തനക്ഷമമല്ല. പഞ്ചായത്തിലെ നിർദ്ധനരായ കുടുംബങ്ങളിലെ ഗർഭിണികൾക്ക് ആശ്രയിക്കാനുള്ള ഏകമാർഗ്ഗം നഷ്ടപ്പെട്ടിരിക്കുകയാണ്. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം അപര്യാപ്തമാണ്. ലബോറട്ടറി സൗകര്യങ്ങളില്ല. കെട്ടിട സൗകര്യങ്ങൾ പരിമിതമാണ്. ചുറ്റുമതിലും സ്റ്റാഫ് ക്വാർട്ടേഴ്സും ഇല്ല. ആവശ്യമായത്ര മരുന്നുകൾ ലഭ്യമല്ല. ഉപകരണങ്ങളും സജ്ജീകരണങ്ങളും പരിമിതമാണ്.

2. 1, 3, 4, 6, 9 എന്നീ വാർഡുകളിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളില്ല.

3. ഗവ. ഹോമിയോ ഡിസ്പെൻസറിയ്ക്ക് സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളും ഇല്ല. ആവശ്യമായ മരുന്ന് പലപ്പോഴും ലഭിക്കാറില്ല.

4. പഞ്ചായത്തിൽ ഗവ. ആയുർവേദ ആശുപത്രിയില്ല.

5. 4-ാം വാർഡിൽ 6-ാം വാർഡിൽ മാർക്കറ്റ് 7-ാംവാർഡിൽ പാവക്കോട്ടുഭാഗം എന്നിവിടങ്ങളിൽ പരിസരമലിനീകരണം അനുഭവപ്പെടുന്നു.

6. കോളനികളിലും ജനങ്ങൾ തിങ്ങിപ്പാർക്കുന്നിടങ്ങളിലും ആരോഗ്യ ബോധവൽക്കരണക്ലാസുകളുടെ ആവശ്യകതയുണ്ട്.

7. കക്കൂസുകൾ നിർമ്മിക്കാനുള്ള വിദഗ്ദപരിശീലനം ലഭിച്ചവരുടെ അഭാവമുണ്ട്.

8. പൊതു ശ്മശാനം ഉപയോഗയോഗ്യമല്ല. ചുറ്റുമതിലില്ല.

നിർദ്ദേശങ്ങൾ

1. പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും, ശിശു രോഗ വിദഗ്ദനെയും അടിയന്തിരമായി നിയമിക്കണം.

2. ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കും, ആവശ്യമായ വാർഡുകളും, സ്റ്റാഫ് കോർട്ടേഴ്സും, ചുറ്റുമതിലും ഉണ്ടാക്കണം. ലേബർ റൂം അടിയന്തിരമായി പ്രവർത്തനക്ഷമമാക്കണം.

3. 1, 3, 4, 6, 9 വാർഡുകളിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ തുടങ്ങണം. ആവശ്യമായ സ്റ്റാഫിന് നിയമിക്കണം. ജനങ്ങൾക്കു പ്രയോജനകരമായ പ്രവർത്തനം ഉറപ്പാക്കണം.

4. ഗവ. ഹോമിയോ ഡിസ്പെൻസറിക്കു സ്വന്തമായി കെട്ടിടം ഉണ്ടാകുന്നതുവരെ പഞ്ചായത്തുവക നഴ്സറി സ്കൂൾ പ്രവർത്തിച്ചിരുന്ന കെട്ടിടം വിട്ടു കൊടുക്കണം. പ്രവർത്തനം കാര്യക്ഷമമാക്കണം.

5. ഒരു ഗവ. ആയുർവേദ ആശുപത്രി സ്ഥാപിക്കണം

6. ഹൈസ്കൂൾ ജംഗ്ഷനിൽ റോഡിനിരുവശവും ഓടകൾ നിർമ്മിച്ച് ജലം ഒഴുകി പോകാനുള്ള സൗകര്യമുണ്ടാക്കണം. അവിടെ ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ ജനകീയ പങ്കാളിത്തത്തോടെ നിർമ്മിക്കണം.

മാർക്കറ്റിൽ ദുർഗന്ധം ഉണ്ടാക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാനും സംസ്കരിക്കാനുമുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കണം. ഒരു പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കണം. സൗകര്യപ്രദമായ സ്ഥലത്ത് അറവുശാല നിർമ്മിക്കണം. ഇറച്ചി വ്യാപാരം നടത്തുന്നവർ മാർക്കറ്റിൽ അവശിഷ്ടങ്ങൾ ഇടുന്നത് കർശനമായി തടയുന്നതിനുള്ള നടപടി സ്വീകരിക്കണം. കന്നിമേൽ പാവക്കോട്ടു ഭാഗത്ത് മീൻവെള്ളം റോഡിലേക്കൊഴിക്കുന്നത് തടയണം. ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ ഒഴുക്കി കളയാനുള്ള സംവിധാനം ഉണ്ടാക്കണം.

7. ആരോഗ്യസംരക്ഷണസമിതി രൂപീകരിച്ച് ആരോഗ്യബോധവൽക്കരണ ക്ലാസുകൾ നടത്തണം. പഞ്ചായത്തിലെ മറ്റ് ആരോഗ്യപ്രവർത്തനങ്ങൾ നടത്തുകയും യഥാസമയങ്ങളിൽ അവലോകനം ചെയ്യുകയും വേണം. സമിതിയുടെ നേതൃത്വത്തിൽ പഞ്ചായത്തിൽ സർവ്വെ നടത്തി. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡുകൾ നിശ്ചയിക്കുകയും, ഹെൽത്തു ക്ലാസുകൾ വിതരണം ചെയ്യുകയും വേണം. വരുമാനം കുറഞ്ഞവർക്ക് സൗജന്യ ചികിത്സയും കൂടിയവർക്ക്

ഗ്രേഡ് അനുസരിച്ച് ഉപയോഗഫീസ് ഈടാക്കുകയും വേണം. ഈ തുക ആശു പത്രിയുടെ ചികിത്സാസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുപയോഗിക്കണം.

8. ആധുനിക രീതിയിൽ കക്കൂസുകൾ നിർമ്മിക്കാനുള്ള വിദഗ്ദ പരിശീലനം നൽകണം.

9. 4-ാം വാർഡിലുള്ള പൊതുശ്മശാനത്തിന് ചുറ്റുമതിൽ കെട്ടുകയും ഉപയോഗയോഗ്യമാക്കുകയും വേണം.

കുടിവെള്ളം

പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണശ്രയിക്കുന്നത്. ഇരുപ്പാക്കുഴി, കോടിയാട്ടുകുഴി, മയിലാടുംപാറ, കോളൂർ, നീർക്കുഴി, ദർദ തുടങ്ങിയ ചില പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ കൂടുതൽ പ്രദേശങ്ങളിലും കുടിവെള്ള ലഭ്യത ആവശ്യത്തിനുണ്ട്. പഞ്ചായത്തിലാകെ 1913 കിണറുകളുള്ളതിൽ 488 കിണറുകൾ മാത്രമാണ് വരുന്നവ (സെസ്സ് റിപ്പോർട്ട്) കേരളാ വാട്ടർ അതോറിട്ടിയുടെ ഒരു ജലവിതരണപദ്ധതി പൂക്കുന്നുമല പട്ടികജാതി സങ്കേതത്തിൽ പ്രവർത്തിക്കുന്ന തൊഴിച്ചാൽ മറ്റു ജലവിതരണ പദ്ധതികളൊന്നും ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ലോകബാങ്കിന്റെ സഹായത്തോടെ നടപ്പാക്കുന്ന അടൂർ ശുദ്ധജലവിതരണ പദ്ധതിയിൽ ഈ പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തി 23 കി. മീ. നീളത്തിൽ പൈപ്പുകൾ ഇട്ട് വാട്ടർ ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി തേക്കേത്തേരി, മയിലാടുംപാറ എന്നിവിടങ്ങളിൽ ടാങ്കുകൾ നിർമ്മിക്കാനുള്ള നിർദ്ദേശമുണ്ട്. 1997 മാർച്ചു 31 നോടുകൂടി കമ്മീഷൻ ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു. വിവിധ വാർഡുകളിലായി 15 കുഴൽ കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. അവയൊന്നും വേണ്ടത്ര ഉപയോഗപ്രദമല്ല.

ഒന്നാം വാർഡിൽ രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നില്ല. വേനൽക്കാലങ്ങളിൽ കിണറുകളിലെ ജനനിരപ്പ് അമിതമായി താഴുന്നു. കല്ലടയാറ്റിലെ അനിയന്ത്രിതമായ മണലൂറ്റു പ്രദേശങ്ങൾ സൃഷ്ടിക്കുന്നു.

രണ്ടാം വാർഡിൽ നിരപ്പിൽ ഭാഗത്ത് കുടിവെള്ളക്ഷാമമനുഭവേപ്പെടാറുണ്ട്. ആറിനോടുചേർന്ന ഭാഗങ്ങളിൽ മണലൂറ്റുമൂലമുള്ള പ്രശ്നങ്ങളുണ്ട്. മൂന്നാം വാർഡിൽ ദർദ, നീർക്കുഴി, തരിക്കോട്ട്, നെടിയ പാറ, മൊട്ടക്കുന്ന്, പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. വേനൽക്കാലത്ത് രണ്ടുകിലോമീറ്ററിലധികം യാത്ര ചെയ്ത് കുടിവെള്ളം കൊണ്ടുവരുന്നു.

നാലാം വാർഡിൽ ഹൈസ്കൂൾ ജംഗ്ഷൻ മേപ്പലം കുന്ന് എന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമമനുഭവപ്പെടാറുണ്ട്. അഞ്ചാം വാർഡിൽ പൊതുവേ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നില്ല. മണലൂറ്റുമൂലം കിണറുകളിലെ ജലനിരപ്പു താഴുന്നു.

ആറാംവാർഡിൽ മുരുകൻ കോവിൽ, മാർക്കറ്റ് എനന്നിവിടങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

ഏഴാം വാർഡിൽ ശരണംമുകൾ, വെൽഫയർ എൽ. പി. എസ്, പാവക്കോട്, ഇരുപ്പാക്കുഴി, കോടിയാട്ടുകുഴി, കടുവാക്കുഴി, എന്നിവിടങ്ങളിൽ കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. എട്ടാം വാർഡിൽ കാട്ടാമല, കരിശ്ശടി, കലയപുരംഭാഗം എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

ഒമ്പതാം വാർഡിൽ മയിലാടുംപാറ, നെയ്യൂർ തെക്കേക്കര പട്ടികജാതി ആവാസകേന്ദ്രം, സമീപപ്രദേശങ്ങൾ എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമാണ് അനുഭവപ്പെടാറുള്ളത്. രണ്ടുകിലോമീറ്ററിലധികം യാത്ര ചെയ്ത് കുടിവെള്ളം ശേഖരിക്കേണ്ടിയിരിക്കുന്നു.

രണ്ട്, മൂന്ന്, നാല്, ആറ്, വാർഡുകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിർദ്ദിഷ്ട അടൂർ ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെടുത്തി കൂടുതൽ പൈപ്പുലൈനുകൾ സ്ഥാപിക്കേണ്ടതാണ്. അതിനായി കേരളാ വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ടു ആവശ്യമായ നീക്കങ്ങൾ നടത്തേണ്ടതാണ്.

ദർഭ, തരിക്കോട് പ്രദേശങ്ങളിലുള്ള പ്രകൃതിദത്ത നീരുറവകൾ വികസിപ്പിച്ച് ഓവർനൈസ് ടാങ്കു നിർമ്മിച്ച് ജലം ലഭരിച്ചു വിതരണം നടത്തിയാൽ ദർദ, നരിക്കോട്, നെടിയപാറ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും. നീർക്കുഴിയിലുള്ള പൊതുകുളം (ഏറ്റിയോട്ടുകുളം) ഉപയോഗ്യമാക്കി ആ പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്. മുരുകൻ കോവിൽ ഭാഗത്ത് പൊതു കിണർ നിർമ്മിച്ച് ആ പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാൻ കഴിയും. കോളൂർ വെൽഫയർ എൽ. പി. എസ്.ഭാഗത്ത് കുടിവെള്ളക്ഷാമം പരിഹരിക്കാൻ സ്കൂളിന്റെ കിഴക്കു ഭാഗത്തുള്ള ഏലായിൽ കുളം കുഴിച്ച് ഓവർഹെഡ് ടാങ്കിൽ ജലം സംഭരിച്ച് വിതരണം നടത്താവുന്നതാണ്.ശരണംമുകൾ ഭാഗത്ത് വാട്ടർ ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് ശരണംമുകൾ, പാവക്കോട്,കടുവാക്കുഴി ഭാഗങ്ങളിൽ ജലവിതരണം നടത്താൻ കഴിയും.

ബ്ലോക്കുതല വികസന സെമിനാറിൽ ചർച്ച ചെയ്യേണ്ടത്.

തലവൂർ പഞ്ചായത്തിലെ നടുത്തേരി വാർഡിൽ കണ്ടൻകോട് ഏലായുടെ തലക്കുളം വിപുലീകരിച്ച് മൈലാടുംപാറ ന്യൂ എൽ പി എസ് ഗ്രൗണ്ടിൽ ടാങ്ക് നിർമ്മിച്ച ജലം സംഭരിച്ച് വിതരണം നടത്തിയാൽ പട്ടാഴി പഞ്ചായത്തിലെ കുണ്ടയം, പണ്ടപ്ലാവ് വാർഡുകളിലേയും ഇരുപ്പാക്കുഴി, കോടിയാട്ടുകുഴി, പ്രദേശങ്ങളിലേയും തലവൂർ പഞ്ചായത്തിലെ

തെറ്റിയോട്ടുതെക്കേക്കര പട്ടിക ജാതി സങ്കേതം, അമ്പലനിരപ്പ്, നെല്ലിപ്പള്ളി എന്നീ പ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

നീർമറി പ്രദേശങ്ങൾ പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ വികസിപ്പിച്ച് പുതിയ ജലസേചന പദ്ധതികൾക്ക് തുടക്കം കുറിക്കുവാൻ അധികൃതർ ശ്രദ്ധ കേന്ദ്രീകരിക്കണം. ഭൂഗർഭ ജലസ്രോതസ്സുകളായ കിണറുകളെ ആശ്രയിച്ചു ജീവിക്കുന്ന ഈ ഗ്രാമത്തിലെ ജനങ്ങൾക്ക് ഭൂപ്രകൃതി ജലലഭ്യത ഇവയെക്കുറിച്ചുള്ള ശാസ്ത്രീയ അറിവും കഴിവും കൂടുതൽ ഊർജ്ജസ്വലമാക്കേണ്ടതുണ്ട്. കുടിവെള്ളം പൊതുവെ ജലസ്രോതസ്സുകളെ അവലംബിച്ചു പറയുമ്പോൾ പഞ്ചായത്തിന്റെ ഭൂപ്രദേശങ്ങളെ ജലലഭ്യത അടിസ്ഥാനത്തിൽ വേർതിരിച്ച ഭൂപടം ശ്രദ്ധേയമാണ്.



ശുദ്ധജല സ്രോതസ്സുകൾ

പട്ടിക

കിണറുകൾ				കുഴൽ കിണറുകൾ	മൊത്തം
പൊതുകിണറുകൾ		സ്വകാര്യ കിണറുകൾ			
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തതത്		
27	9	1425	488	15	1949

അവലംബം. വിഭവ ഭൂപടം, സെസ്സ്.

പട്ടിക

കുടിവെള്ള പ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും.

വാർഡ്	പ്രശ്നമേഖല	നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗം
1	പൊതുവേ കുടിവെള്ളക്ഷാമം കുറവാണ്. ആറ്റുതീരത്തുള്ള കിണറുകളിലെ ജലനിരപ്പു താഴുന്നു.	നിർദ്ദിഷ്ട ജലവിതരണ പദ്ധതിയുടെ പൈപ്പുലൈൻ സ്ഥാപിച്ചിട്ടില്ലാത്ത ഇടങ്ങളിലേക്കു വ്യാപിപ്പിക്കണം. മണൽവാരൽ നിയന്ത്രിക്കണം.
2	നിരപ്പിൽഭാഗത്ത് കുടിവെള്ളക്ഷാമം	നിർദ്ദിഷ്ട ജലവിതരണ പദ്ധതിയുടെ പൈപ്പുലൈൻ നീട്ടണം. പൊതുകിണറുകൾ ഉപയോഗയോഗ്യമാക്കണം.
3	ദർഭ, നീർക്കുഴി, തരിക്കോട്, മൊട്ടക്കുന്ന്, നെടിയപാറ എന്നിവിടങ്ങളിൽ കുടിവെള്ള	ദർഭ, തരിക്കോട് ഭാഗങ്ങളിലെ പ്രകൃതിദത്ത ജലസ്രോതസ്സ് വികസിപ്പിച്ചെടുത്ത്

പട്ടായി ഗ്രാമപഞ്ചായത്ത് ജനകീയസൂത്രണം 1996

	ക്ഷാമം.	ജലം ടാങ്കിൽ സംഭരിച്ചു വിതരണം നടത്തണം. നീർക്കുഴി, ഏറ്റിയോട്ടു കുളത്തിലെ ജലം ഫലപ്രദമായി ഉപയോഗിക്കണം.മൊട്ടക്കുന്നുഭാഗത്ത് ടാങ്കു നിർമ്മിച്ച് ജലം സംഭരിക്കണം.
4	ഹൈസ്കൂൾ ജംഗ്ഷൻ മേപ്പലം കുന്ന് ഇവിടങ്ങളിൽ കുടിവെള്ളക്ഷാമം.	നിർദ്ദിഷ്ട ജലവിതരണ പദ്ധതി നടപ്പിലാക്കി പരിഹരിക്കണം.
5	കുടിവെള്ളഭാമം കാര്യമായി അനുഭവപ്പെടുന്നില്ല. കിണറുകളിലെ ജലനിരപ്പു താഴുന്നു.	മണൽ വാരലിന് നിയന്ത്രണം ഏർപ്പെടുത്തി കിണറ്റിലെ ജലനിരപ്പ് സംരക്ഷിക്കണം
6	മുരുകൻകോവിൽ, മാർക്കറ്റ് എന്നിവിടങ്ങളിൽ ജലക്ഷാമം.	നിർദ്ദിഷ്ട പൈപ്പ്ലൈൻ കമ്മീഷൻ ചെയ്യുമ്പോൾ മാർക്കറ്റിലെ ജലക്ഷാമം മുരുകൻകോവിൽ പുതിയ കിണർ കുഴിച്ചു പരിഹരിക്കാം
7	ശരണംമുകൾ WLPS പാവക്കോട്, തുരുപ്പാക്കുഴി, കോടിയാട്ട്, കുഴിക്കടുവാക്കുഴി എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം	പാവക്കോട് ശരണംമുകൾ ഭാഗത്ത്, പാവക്കോട് കുളത്തിനടുത്ത് ടാങ്കു സ്ഥാപിച്ചു ജലവിതരണം നടത്തണം. WLPS ഗ്രൗണ്ടിൽ ടാങ്കുകെട്ടി കിഴക്കു വശത്ത് ഏലായുടെ ഭാഗത്ത് കുളം നിർമ്മി ച്ച് ജലം സംഭരിച്ചു വിതരണം നടത്തണം. മറ്റുള്ളി ടത്ത്, മൈലാടും പാറയിൽ നടപ്പാക്കുന്ന പദ്ധതി ഉപയോ ഗപ്പെടുത്താവുന്നതാണ്.
8	കാട്ടാമല,കുരിശ്ശടി,കലയപുരം ഭാഗം എന്നിവടങ്ങളിൽ കുടിവെള്ളക്ഷാമം	മൈലാടുംപാറയിൽ നടപ്പിലാക്കുന്ന ശുദ്ധ ജലവിതരണ പദ്ധതി ഇവിടേയും പ്രായാജന പ്പെടുത്താം.
9	ടർക്കി മൈലാടുംപാറ, നെഞ്ചൂർ തെക്കേക്കര പട്ടിക ജാതി സങ്കേതം എന്നിവടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം	തലവൂർ പഞ്ചായത്തിലെ കുരുംകോട് ഏലായിൽ ലെതലക്കുളം വികസിപ്പിച്ചു ജലം ടാങ്കിൽ സംഭരിച്ച് New L P S ഗ്രൗണ്ടിൽ ടാങ്കുകെട്ടി ശേഖരിച്ചു വിതരണം ചെയ്യണം.

5.5 വ്യവസായം

വ്യവസായരംഗത്ത് വളരെയൊന്നും പുരോഗതി കൈവരിക്കാൻ പട്ടാഴി ഗ്രാമപഞ്ചായത്തിനും കഴിഞ്ഞിട്ടില്ല. ചരിത്രപരമായ പ്രത്യേകതകളും പശ്ചാത്തലസൗകര്യങ്ങളുടെ കുറവും വ്യവസായസംരംഭങ്ങൾ അനുവദിക്കുവാൻ തടസ്സമായി നിന്നിരുന്നു. 1965-ൽ സ്വകാര്യ മേഖലയിൽ ആരംഭിച്ച കശുവണ്ടി സംസ്ക്കരണ ഫാക്ടറിമാത്രമാണ് ഈ പഞ്ചായത്തിൽ എടുത്തുപറയത്തക്ക ഒരു വ്യവസായസ്ഥാപനം. കൂടാതെ ഇഷ്ടികചൂളങ്ങളും, തടിയറപ്പുമില്ലുകളും തീപ്പെട്ടിനിർമ്മാണയൂണിറ്റും ഒക്കെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. പട്ടികജാതിവനിതകളുടെ ഒരു കൈത്തറി നെയ്ത്തുശാല 6-ാം വാർഡിൽ പ്രവർത്തിക്കുന്നുണ്ട്. 4-ാം വാർഡിൽ ഒരു ക്ഷീരോൽപന്ന യണിറ്റ് വനിതകളുടേതായുണ്ട്. വിശിദമായ പട്ടിക ചുവിടെ കൊടുക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വ്യവസായ സ്ഥാപനങ്ങൾ

ക്രമ നമ്പർ	വ്യവസായം	എണ്ണം	തൊഴിലാളികൾ		
			പുരുഷൻ	സ്ത്രി	ആകെ
1	കശുവണ്ടിസംസ്ക്കാരം	1	27	672	699
2	കൈത്തറി നെയ്ത്ത് (വനിതാ)	1		8	8
3	ക്ഷീരോല്പന്നം (വനിതാ)	1		4	4
4	തീപ്പെട്ടി നിർമ്മാണം	1	2	6	8
5	നാടൻ ചുടുകട്ട	7	45	72	117
6	വയർകട്ഇഷ്ടിക	1	12	8	20
7	സിമന്റ് കട്ട	1	5		5
8	തടിയറപ്പുമിൽ	2	4		4
9	ധാന്യപൊടിപ്പ്മിൽ	8	8		8
10	എണ്ണയാട്ടുമിൽ	2	2		2
11	ഫർണിച്ചർ നിർമ്മണം	1	5		5
12	ആകെ	26	110	770	880

അവലംബം . ദ്വിതീയവിവരശേഖരണം.

പഞ്ചായത്തിൽ ഒന്ന്, രണ്ട് വാർഡുകളിൽ നടന്നുവന്നിരുന്ന പരമ്പരാഗത വ്യവസായമായ കളിമൺ പാത്രനിർമ്മാണം ഇപ്പോൾ അപ്രത്യക്ഷമായിരിക്കുകയാണ്. രണ്ടാം വാർഡിൽ സഹകരണാടിസ്ഥാനത്തിൽ നടത്തിയിരുന്ന ഓടു നിർമാണ കമ്പനിയും വർഷങ്ങൾക്കു മുമ്പുതന്നെ അടച്ചു പൂട്ടുകയുണ്ടായി.

പഞ്ചായത്തിൽ 880 പേർ വിവിധ വ്യവസായങ്ങളിൽ പണിയെടുക്കുന്നു. ഇതിൽ 110 പേർ പുരുഷന്മാരും 770 പേർ സ്ത്രീകളുമാണ്. ഏറ്റവും കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്നത് കശുവണ്ടിസംസ്ക്കരണ ഫാക്ടറിയിലാണ് അവിടെ ഈ സീസണിൽ 102 തൊഴിൽ ദിനങ്ങളാണ് ലഭിച്ചത് മുൻ വർഷങ്ങളിൽ ഇതിൽ കുറച്ചു തൊഴിൽദിനങ്ങൾ മാത്രമേ ലഭിച്ചിരുന്നുള്ളു.

ആകർഷമായ വേതനസേവന വ്യവസ്ഥകൾ നിശ്ചയിച്ച് തൊഴിൽ രഹിതരായ ധാരളം ആളുകൾക്ക് വ്യവസായ മേഖലയിൽ തൊഴിൽ നല്കുവാനുള്ള സാധ്യത ഇവിടുണ്ട്. പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുവാനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടുള്ള അഭിപ്രായങ്ങൾ എല്ലാ ഗ്രമസഭയിലും ഉയർന്നുവന്നിരുന്നു. ഈ പഞ്ചായത്തിലെ പ്രധാനകാർഷിക ഉല്പന്നമായ റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിച്ച് നടത്താവുന്ന നിരവധി വ്യവസായ യൂണിറ്റുകൾ തുടങ്ങാനുള്ള സാധ്യത ഉപയോഗപ്പെടുത്താൻ കഴിയുന്നില്ലായെന്നത് ഒരു പോരായ്മ തന്നെയ്ണ്.

പ്രശ്നങ്ങൾ

വ്യവസായിക വികസനത്തിന് അത്യന്താപക്ഷിതമായ വൈദ്യുതി, ഗതാഗതം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവാണ് സംരംഭകർ നേരിടുന്ന പ്രധാന പ്രശ്നം. സാങ്കേതിക പരിജ്ഞാനക്കുറവും, ധനസഹായം കുട്ടുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും വിപണന സാധ്യതകുറവുമൊക്ക വ്യവസായിക വികസനത്തിന് തടസ്സം നില്ക്കുന്ന കാര്യങ്ങളാണ്. മോശമായ സേവന വേതനവ്യവസ്ഥകൾ തൊഴിലാളികളെ ഈരംഗത്തുനിന്നും അകറ്റിനിർത്തുന്ന വസ്തുതയാണ്

പഞ്ചായത്തിൽ ലഭിക്കുന്ന മുഖ്യ അസംസ്കൃതവസ്തുവായ റബ്ബർ ഈ മേഖലയിൽ പ്രയോജനപ്പെടുത്തൻ കഴിയാതെ പോകുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. നമ്മുടെ ഗ്രാമം ഉപഭോഗ വസ്തുക്കളുടെ നല്ല ഒരു വിപണിയായിട്ടും അത് ഉണ്ടാക്കി വില്ക്കുന്ന ഒരു യൂണിറ്റുപോലും ഇവിടെ ഇല്ലാത്തത് ഗൗരവമായിചിന്തിക്കേണ്ട കാര്യമാണ്.

സാധ്യതകൾ

ഉയർന്ന സാക്ഷരതാ നിലവാരമുള്ള ഈ പഞ്ചായത്തിലെ യുവതിയുവാക്കളിൽ ഏറിയ പങ്കും മറ്റു സ്ഥലങ്ങളിൽ ജോലി തേടി പോകുന്നവരാണ്. കൂടുതൽ കുടുംബങ്ങളും ഗൾഫ് നാടുകളിൽ നിന്നുള്ള വരുമാനത്തെ ആശ്രയിച്ചുകഴിയുന്നു. എന്നാലും വ്യവസായം തുടങ്ങുവാനുള്ള സാധ്യതകൾക്ക് കുറവൊന്നുമില്ല.

റബ്ബർ, നാളികേരം, നെല്ല് തുടങ്ങിയ കാർഷികോല്പന്നങ്ങൾ ഉപയോഗിച്ച് നടത്താവുന്ന നിരവധി വ്യവസായസംരംഭങ്ങൾക്ക് സാധ്യതയുണ്ട്. ആവശ്യമായ സാങ്കേതിക പരിജ്ഞാനം ലഭിച്ചാൽ മുതൽമുടക്കാൻ തയ്യാറുള്ള നിരവധിപേർ ഈ പഞ്ചായത്തിലുണ്ട്.

ഇവിടെ ലഭ്യമാകുന്ന അസംസ്കൃതപദാർത്ഥങ്ങളുപയോഗിച്ച് കുറഞ്ഞ ചിലവിൽ നടത്താവുന്ന ഏതാനും വവ്യവസായയൂണിറ്റുകളുടെ പട്ടിക ചുവടെ ചേർക്കുന്നു

പട്ടിക 5 3

ക്രമ നമ്പർ	വ്യവസായയൂണിറ്റ്	മുതൽമുടക്ക് (ലക്ഷം)	വാർഷികഉല്പാദനക്ഷമത (ലക്ഷം)
1	ഏത്തക്കായ് ഉല്പന്നങ്ങൾ	3.80	12.75
2	തേങ്ങസംസക്കരണവും, വെളിച്ചെണ്ണയും പിണ്ണാക്കും	14.0	82.0
3	കൊഴുപ്പുവിമുക്തമായ തേങ്ങ	7.5	15.0
4	കുരുമുളകുപൊടി	11.0	50.0
5	ഉണക്കിപൊടിച്ച കുരുമുളക്	3.25	31.5
6	അച്ചാറുകൾ	1.5	11.0
7	ധാന്യമില്ലുകൾ	10.25	78.5
8	കശുവണ്ടിതോട് എണ്ണ	4.6	4.0
9	പപ്പടനിർമ്മാണം	0.5	3.6
10	പൊടിയാക്കിയ പുളി	8.5	29.0
11	മിനി ബേക്കറി	1.0	5.4
12	കൂൺകൃഷിയും സംസ്ക്കരണവും	1.8	300.0
13	നേന്ത്രക്കാപൊടി/കാലിത്തീറ്റനിർമ്മാണം	12.15	10.0
14	മുളക്, മല്ലിപ്പൊടിനിർമ്മാണം	1.71	6.0
15	ഇഡ്ഡലി, ദോശ,വട പൊടി	1.93	6.5
16	വെളിച്ചെണ്ണസംസ്ക്കരണം	1.55	4.5
17	ആയുർവേദിക്പ്രോഡക്ട്	3.89	5.0
18	അലക്കുകട്ട	1.222	—
19	ഡിറ്റർജന്റ് ബാർ	1.456	—
20	കർപ്പൂരകട്ടകൾ	0.925	5.0
21	സാമ്പ്രാണിത്തിരി നിർമ്മാണം	0.506	4.5
22	റബ്ബർ മോൾഡസ് ഗുഡ്സ്	1.032	5.0
23	ജെൻസ് സാന്റൽസ്	1.271	—
24	റബ്ബർ ബാൻഡ്സ്	1.346	10.0
25	സ്ക്കൂൾ ബാഗ്സ്	0.79	—
26	പ്ലാസ്റ്റിക് വളകൾ	2.03	30.0
27	റബ്ബർ വുഡ്ട്രീറ്റ്മെന്റ്	15.4	—
28	മെക്കാനിക്കൽ ടോയിസ്	4.8	8.5
29	ഇലക്ട്രോണിക്സ് ചോക്ക്	3,33	—
30	വാട്ടർലെവൽ ഇൻഡിക്കേറ്റർ കം കൺട്രോളർ	0.755	—
31	സിമന്റ് ഹോളോബ്ലോക്കുകളും, സോളിഡ് ബ്ലോക്കുകളും	3.613	18.0
32	റെഡിമെയ്ഡ് ഗാർമെന്റസ്	0.817	
33	ബ്രേസിയേർസ്	0.53	
34	സ്മാൾഡ്രെസ്മെറ്റീരിയൽസ് ഫോർ ബേബീസ്	0.664	
35	പ്രീകാസ്റ്റ് റീ ഇൻഫോഴ്സ് കോൺക്രീറ്റ് ഫ്രെയിമുകൾ	1.52	

36	സ്മിന്റ് ജാലി/വെന്റിലേറ്റർ	0.961	
37	തീപ്പെട്ടി നിർമ്മാണം	1.84	5.5
38	ചെടികളും പുഷ്പങ്ങളും	0.29	
39	ടി.വി. റേഡിയോ, ടേപ്പ് റിക്കാർഡർ റിപ്പയറിംഗ്	0.561	2.0
40	മാര്യേജ് ബ്യൂറോ	0.546	1.5
41	വസ്ത്രങ്ങൾ അലക്കു സ്ഥാപനം	0.614	1.5
42	ഫങ്ഷൻ അറേജ്മെന്റുകൾ	1.81	10.0
43	ടൂർ ഓപ്പറേറ്റേഴ്സ്	1.63	6.0
44	റബ്ബർ പാൽ സംസ്ക്കരണം	25.0	

മേൽപറഞ്ഞ ചെറുകിടവ്യവസാസംരംഭങ്ങൾക്കെല്ലാം വിവിധ ഏജൻസികളിൽനിന്ന് വായ്പകളും വിദഗ്ദ്ധോപദേശങ്ങളും ലഭിക്കുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ റബ്ബറധിഷ്ഠിത വൻകിടവ്യവസായങ്ങൾക്കുള്ള സാധ്യതയും പഞ്ചായത്തിലുണ്ട്. (ഉദാ. ലാറ്റക്സ് ത്രെഡ്)

നിർദ്ദേശങ്ങൾ

1. പത്തംഗങ്ങളിൽ കൂടാതെ ഒരു വ്യവസായ വികസനസമിതി രൂപീകരിക്കണം. ഇതിന്റെ നേതൃത്വത്തിൽ സാധ്യതകളെപ്പറ്റി വിശദമായ സർവ്വേ നടത്തണം
2. വ്യസായ സംരംഭങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിന് ഒരു ഇൻഡ്സട്രിയിൽ ഗൈഡൻസ് ബ്യൂറോ പഞ്ചായത്തിലാരംഭിക്കണം.
3. പുതിയവ്യവസായസംരംഭങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവരെ കണ്ടെത്തി അവരുടെ ഒരു പട്ടിക ഉണ്ടാക്കി ഗ്രാമപഞ്ചായത്താഫീസിൽ സൂക്ഷിക്കണം. അവർക്ക് ആവശ്യമായ വിദഗ്ദ്ധ പരിശീലനവും, ഉപദേശവും വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട് നൽകണം.
4. ചെറുകിട വ്യവസായസമൂഹങ്ങൾ സ്ഥാപിക്കണം
5. വ്യവസായവികസനസെമിനാറുകൾ നടത്തി പുതിയ സംരംഭകരുടെ ഭയവും വൈമുഖ്യവും അകറ്റണം.
6. സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം .

5.8 സംസ്ക്കാരം

കെട്ടുപിണഞ്ഞുകിടന്നിരുന്ന ആചാരനുഷ്ഠാനങ്ങളുടെയും ഭൂവ്യവസ്ഥ അടിച്ചേല്പിക്കപ്പെട്ട പാരതന്ത്ര്യത്തിന്റെയും തടവറയിലായിരുന്നു പഴയ ഗ്രാമസമൂഹം. നമ്മുടെ നാട്ടിൽ ഇന്നു ജീവിച്ചിരിക്കുന്ന അപൂർവ്വം ചില മുത്തശ്ശിമാർ, കെട്ടുകല്യാണം, തിരണ്ടുകല്യാണം, കുളിഅടിയന്തിരങ്ങൾ തുടങ്ങിയവയെപ്പറ്റിയുള്ള നാട്ടറിവും കേട്ടറിവും പിൻതലമുറക്കു പകർന്നു നൽകുന്നു. അവരുടെ ഞാത്തിവളർത്തിയ കാതുകളും മറ്റും പഴയ ഒരു സംസ്ക്കാരത്തിന്റെ സജീവസ്മരണകളാണെന്നു കാണാം. വായ്ക്കുരവയും സർപ്പംപാട്ടും, തിരുവാതിരപ്പാട്ടും കിളിപ്പാട്ടുകളോടൊപ്പം മുഴങ്ങിയുള്ള ഗ്രാമാന്തരീക്ഷമായിരുന്നു നമ്മുടേതും.

ചുട്ടിത്തോർത്തുടുത്ത് എഴുത്തോലക്കെട്ടുമായി ഓലക്കുടയേന്തി എഴുത്തുകളരിയിലേക്കു പോകുന്ന ബാലികാബാലന്മാരുടെയും, ഒറ്റമുണ്ടുടുത്ത് തൊപ്പിപ്പാളചൂടി, കാലികളെ തെളിച്ച് ഉത്സാഹത്തിമിർപ്പോടെ പാടത്തേക്കുപോകുന്ന കർഷകരുടെയും മിഴിവുറ്റചിത്രങ്ങളും, ഉച്ചിക്കുടുമയും വില്ലുകടുക്കനും വില്ലുവണ്ടിയുമുള്ള പ്രതാപികളും, നാലുകെട്ടും നടുമുറ്റവും തുളസിത്തറയും പടിപ്പുരയുമുള്ള ഗൃഹസ്ഥന്മാരും, തീണ്ടാപ്പാടങ്ങളെ ഓച്ഛാനിച്ചുനിൽക്കുന്ന അടിയാളന്മാരും എല്ലാം പഴയ സംസ്ക്കാരത്തിന്റെ ഭാഗങ്ങളായിരുന്നു.

അന്നത്തെ മിക്ക ഭവനങ്ങളും ഓലയോ പുല്ലോ മേഞ്ഞവയായിരുന്നു. കർഷകത്തൊഴിലാളികൾ പുല്ലു മാടങ്ങളിലായിരുന്നു പാർത്തിരുന്നത്. ജാതിചിന്തയും അയിത്തവും പ്രബലമായിരുന്നു. ഭക്ഷണക്രമം ലളിതമായിരുന്നു. നെല്ലരികേരളീയരുടെ മുഖ്യആഹാരമായിരുന്നുവെങ്കിലും മലനാടൻ ചുവയുള്ള പട്ടാഴിയിലെ ജനസാമാന്യത്തിന്റെ ആഹാരത്തിൽ മരച്ചീനിക്കു പ്രമുഖസ്ഥാനമുണ്ടായിരുന്നു. മിഥുനം, കർക്കിടകം മാസങ്ങൾ എന്നും താളും തകരയും ഭക്ഷിക്കേണ്ടിവരുന്ന പഞ്ഞമാസങ്ങളായിരുന്നു. മൺപാത്രങ്ങളും ഓലക്കുടയും ഓട്ടുപാത്രങ്ങളും നമ്മുടെ പഴയസംസ്ക്കാരത്തിന്റെ ഓർമ്മകളായി മാറിപ്പോയി.

നമ്മുടെ നാടിന്റെ വൃദ്ധിക്ഷയങ്ങൾക്കു സാക്ഷ്യം വഹിക്കുന്ന കല്ലടയാറ് ഗ്രാമീണജീവിതത്തെ സാരമായി സ്വാധീനിച്ചിട്ടുണ്ട്. സഞ്ചാരയോഗ്യമായറോഡുകൾ ഇല്ലാതിരുന്ന പഴയകാലത്ത് കല്ലടയാറ്റിൽക്കൂടി തടികളും മുളകളും ചങ്ങാടം കെട്ടിയും നാളീകേരം മാല കെട്ടിയും പടിഞ്ഞാറൻപ്രദേശങ്ങളിൽ കൊണ്ടുപോയി കച്ചവടം ചെയ്യുമായിരുന്നു. മടക്കയാത്രയിൽ ഈ പ്രദേശത്തിന്റെ ആവശ്യത്തിനുള്ളപലവ്യജ്ഞനങ്ങളും തുണിത്തരങ്ങളും കൊണ്ടുവരികും ചെയ്തിരുന്നു. നാണയവിനിമയത്തോടൊപ്പം ചരക്കുവിനിമയവും അന്നു പ്രചാരത്തിലുണ്ടായിരുന്നു. നാഴിയരിയും പത്തുമുളകും പരസ്പരം കൈമാറി കുടുംബങ്ങൾ അന്നു സൗഹൃദം പങ്കിട്ടിരുന്നു.

നമ്മുടെ നാട്ടിൽ ജനസംഖ്യയിൽ ഭൂരിപക്ഷം എന്നും ഹിന്ദുക്കൾക്കായിരുന്നു. മേധാവിത്വം ഉപരിവർഗ്ഗത്തിനും ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഇവിടെ നൂറ്റാണ്ടുകൾക്കു മുൻപുതന്നെ വാസമുറപ്പിച്ചതായികാണാം. മതപരമായ ഒരു അധീശത്വം നിലനിന്നിരുന്നുവെങ്കിലും പിൽക്കാലത്ത് ആ നിലയ്ക്ക് മാറ്റം വന്നിട്ടുണ്ട്.

ആചാരനുഷ്ഠാനങ്ങൾക്കും, ഭക്ഷണക്രമങ്ങൾക്കും, കൃഷിരീതിക്കും, വേഷവിധാനങ്ങൾക്കും, കെട്ടിടനിർമ്മാണരീതിക്കും, സമ്പ

ത്തിന്റെ ഉൽപ്പാദനവിനിയോഗ സമ്പ്രദായങ്ങൾക്കും ഒക്കെവന്ന വലിയ ഭാവാന്തരങ്ങളുടെ കഥയാണ് കഴിഞ്ഞ നാലഞ്ചു പതിറ്റാണ്ടുകൾക്ക് പറയുവാനുള്ളത്. പുത്തൻ ഉപഭോഗസംസ്ക്കാരം നമ്മുടെ സാംസ്ക്കാരികത്തനിമ നഷ്ടമാക്കിയോ?

പട്ടാഴിയുടെ സാംസ്ക്കാരികചരിത്രം ഇവിടുത്തെ ക്ഷേത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. നൂറ്റാണ്ടുകളായി ക്ഷേത്രാങ്കണത്തിൽ അരങ്ങേറിയിട്ടുള്ള ക്ഷേത്രകലകളും അതിപ്രഗത്ഭരായ കലാകാരന്മാർഅവതരിപ്പിച്ചിട്ടുള്ള കലാവിരുന്നുകളും ജനങ്ങളുടെ കലാസാംസ്ക്കാരിക വളർച്ചയ്ക്ക് സഹായിച്ചിട്ടുണ്ട്. കുംഭം മീനമാസങ്ങളിലെ തിരുവാതിര ഉത്സവങ്ങൾ നാട്ടുകാർക്കെല്ലാം ക്ഷേത്രാങ്കണത്തിൽ ഒത്തുകൂടി സൗഹൃദം പുതുക്കുന്നതിനുള്ള അവസരം നൽകുന്നതോടൊപ്പം വിജ്ഞാനത്തിനും വിനോദത്തിനുമുള്ള വക നൽകുകയും ചെയ്യുന്നു. പടയണി, വേലകളി, കോലംതുള്ളൽ, പുള്ളുവൻപാട്ട്, പ്രമാടിതുള്ളൽ, കാക്കാരിശ്ശിനാടകം, മറ്റുക്ഷേത്രങ്ങളിൽ ദൃശ്യമല്ലാത്ത പേച്ച് എന്ന അത്യപൂർവ്വമായ കലാരൂപം ഇവയെല്ലാം ഈ കലാസദനത്തിൽ അരങ്ങേറിയിരുന്നു. മിക്കതും ഇപ്പോഴും തുടരുന്നു. 'പൊന്നിൻതിരുമുടിയേറ്റ് മീനത്തിരുവാതിര ഉത്സവത്തെ അത്യാകർഷവും ഭക്തിസാന്ദ്രവുമാക്കുന്നു.

പരിചമുട്ടുകളി, മാർഗ്ഗം കളി എന്നീ ദൃശ്യശ്രാവ്യകലകളും നിലനിന്നിരുന്നു. ക്രിസ്തുമസും നബിദാനാഘോഷങ്ങളും മതകൺവെൻഷനുകളും ഉത്സവങ്ങളും മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുന്ന വേളകളാണ്.

കേരളത്തനിമയുടെ മധുരസ്മരണകളുണർത്തുന്ന തുമ്പിതുള്ളൽ, കമ്പടികളി, ഞാറ്റുപാട്ട്, സീതകളി, എന്നീ കലാവിശേഷങ്ങളും നല്ലതങ്കാൾ, രാമലീല, കൃഷ്ണലീല, ഔസേപ്പുചരിത്രം എന്നീ സംഗീതനാടകങ്ങളും പഴമക്കാരിൽ ആസ്വാദനത്തിന്റെ അലകൾ ഉതിർത്തിരുന്നു.

സ്വാതന്ത്ര്യലബ്ധിക്കുമുമ്പുതന്നെ ഭാരതത്തിൽ ഉയർന്നുവന്ന നവോത്ഥാനപ്രസ്ഥാനങ്ങൾ സ്വാതന്ത്ര്യാനന്തരം ശക്തിപ്രാപിക്കുകയും അതിന്റെ അലയൊലികൾ നമ്മുടെ പ്രദേശത്തും പ്രകടമാവുകയും ചെയ്തിട്ടുണ്ട്. പട്ടാഴിയിലെ രാഷ്ട്രീയരംഗവും സജീവമായിരുന്നു. ഭാരതം സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിൽ കത്തിജ്വലിച്ചുനിന്നപ്പോൾ നമ്മുടെ നാട്ടിലും വിദ്യാലയങ്ങളിലുമെല്ലാം അതിന്റെ പ്രകാശരേണുക്കൾ സദൃശ്യമായിരുന്നു.

1950-65 കാലയളവിൽ ഇവിടെ പ്രവർത്തിച്ചിരുന്ന പുരോഗമന കലാസമിതി തുടർന്നു പല ഘട്ടങ്ങളിലായി രൂപം കൊണ്ട നേതാജി ആർട്സ് ആന്റ് സ്പോർട്ടസ് ക്ലബ്, ഫ്രണ്ട്സ് റിക്രിയേഷൻ സെന്റർ, നവജീവോദയകലാസമിതി, വൈ.എം.എ, ആറാട്ടുപുഴ, യുവവേദി, യുവശക്തി തുടങ്ങിയ കലാകായികസംഘടനകൾ നമ്മുടെ ഗ്രാമാന്തരീക്ഷത്തിൽ ഉണർത്തിയ സാംസ്ക്കാരികചൈതന്യം അനുഗൃഹീതമാണ്. നാടകങ്ങൾ, കൈയെഴുത്തുമാസികൾ, കായികമത്സരങ്ങൾ, സെമിനാറുകൾ തുടങ്ങി ഒട്ടേറെ സംരംഭങ്ങൾക്ക് നമ്മുടെ ഗ്രാമം സാക്ഷ്യം വഹിച്ചിട്ടുണ്ട്. സ്ക്കൂൾ വാർഷികങ്ങളോടനുബന്ധിച്ച് അരങ്ങേറിയിട്ടുള്ള കലാ-കായികപ്രകടനങ്ങളും ഒളിമങ്ങാത്ത അനുഭവങ്ങൾ തന്നെ.

നമ്മുടെ ഗ്രാമപഞ്ചായത്തിനുള്ളിൽ രണ്ടു സിനിമാതിയേറ്ററുകൾ പ്രവർത്തിക്കുന്നുണ്ട്. 'നവരംഗ' ഫൈൻ ആർട്ട്സ് സൊസൈറ്റി നിലവാരമുള്ള കലാവിരുന്ന് ഒരുക്കുന്നതിൽ പ്രത്യകം ശ്രദ്ധിച്ചുകൊണ്ട് പ്രവർത്തനരംഗത്തുണ്ട്. പുരോഗമന-കലാ-സാഹിത്യപ്രവർത്തനങ്ങളുമായി കേരളശാസ്ത്രസാഹിത്യപരിഷത്തിന്റെ ഒരു ശാഖ നമ്മുടെ പ്രദേശത്ത് അർപ്പണബുദ്ധിയോടെ പ്രവർത്തിക്കിന്നു കായികരംഗം പലപ്പോഴും സജീവമാക്കുന്നത് ദേവീ വോളീബാൾ അസോസിയേഷൻ (DVA) ആണെന്നു പറയാം. പന്തപ്ലാവ് മാതൃഭൂമി സ്റ്റഡിസർക്കിൾ, ലിയോ ആർട്സ് ആന്റ് സ്പോർട്ട്സ് ക്ലബ് മയിലാടുംപാറ, അങ്ങനെ യുവജനങ്ങൾ മുന്നിട്ടിനിന്ന് വളരെ ശ്രദ്ധാപൂർവ്വം ഈ രംഗത്തു നൽകിയിട്ടുള്ള സംഭാവനകൾ നമ്മുടെ സാംസ്ക്കാരിക സമ്പത്ത് സംപുഷ്ടമാക്കുന്നു.

പട്ടിക. 1.

നിലവിലുള്ള (പ്രവർത്തനം ഉള്ളതും ഇല്ലാത്തതുമായ) ഗ്രന്ഥശാലകളും വായനശാലകളും

ക്രമ നമ്പർ	പേരും മേൽവിലാസവും	കെട്ടിടം	പ്രവർത്തനവിവരം
1	വിജ്ഞാനപ്രദായനി ഗ്രന്ഥശാല പട്ടാഴി	ഉണ്ട്	പഞ്ചായത്തിന്റെ ചുമതല പ്രവർത്തിക്കുന്നു
2	വിജ്ഞാനപോഷിണി ഗ്രന്ഥശാല തെക്കേത്തേരി	ഉണ്ട്	പ്രവർത്തിക്കുന്നു
3	വൈ എം എ, ലൈബ്രറി & റീഡിംഗ് റൂം, ആറാട്ടുപുഴ	ഉണ്ട്	പ്രവർത്തിക്കുന്നു
4	അജന്താ ഗ്രന്ഥശാല പന്തപ്ലാവ്	ഉണ്ട്	പ്രവർത്തനം സജീവമല്ല
5	ദേശസേവിനി ഗ്രന്ഥശാല & വായനശാല, പന്ത്രണ്ടുമൂറി	ഉണ്ട്	പ്രവർത്തനമില്ല
6	ഹരിജൻ വെൽഫെയർ ഗ്രന്ഥശാല തെക്കേത്തേരി	ഇല്ല	പ്രവർത്തനമില്ല

പട്ടിക. 2.

നിലവിലുള്ളതും ഉണ്ടായിരുന്നതുമായ കായിക-കലാ സംഘടനകൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	കെട്ടിടം	പ്രവർത്തനവിവരം
1	ദേവീ വോളിബാൾ അസോ യേഷൻ (DVA), പട്ടാഴി	ഇല്ല	സജീവം
2	മഹാത്മാഗ്രാമനവോത്ഥാന സഭ, മാർക്കറ്റ്	ഇല്ല	സജീവം
3	വൈ.എം.എ ആർട്ട്സ് & സ്പോർട്ടസ്	ഉണ്ട്	സജീവമല്ല
4.	സംഗീതാലയം, മരുതമൺഭാഗം	ഇല്ല	സജീവം
5	ഗ്രാമവികസനസമിതി തെക്കേത്തേരി	ഇല്ല	സാമാന്യം
6	ലോട്ടസ് സ്പോർട്ടസ് & ആർട്ടസ്, തെക്കേത്തേരി	ഇല്ല	സാമാന്യം
7	പ്രതിഭ ആർട്ടസ് & സ്പോർട്ടസ്	ഇല്ല	സാമാന്യം
8	യുവവേദി,തെക്കേത്തേരി	ഇല്ല	സാമാന്യം
9	യുവതാര	ഇല്ല	സജീവം
10	യുവശക്തി ആർട്ട്സ് & സ്പോർട്ട്സ്	ഇല്ല	സാമാന്യം
11	ശില്പകലാ ആർട്ടസ് & സ്പോർട്ടസ്	ഇല്ല	സജീവം
12	ദേശസേവിനി-കന്നിമേൽ	ഇല്ല	സജീവം

13	മൂവി ദി സ്പോർട്ടസ്	ഇല്ല	സജീവം
14	യുവവേദി	ഇല്ല	സജീവം
15	പൗരസമിതി, East കന്നിമേൽ	ഇല്ല	സജീവം
16	അജന്താ, പന്തപ്ലാവ്	ഉണ്ട്	സാമാന്യം
17	മാതൃഭൂമി സ്റ്റഡിസർക്കിൾ പന്ത്രണ്ടുമുറി	ഇല്ല	സജീവം
18	പുലരി ആർട്സ്, നെച്ചൂർ കുണ്ടയം	ഇല്ല	സാമാന്യം
19	ഭഗത്സിംഗ് അർട്സ് & സ്പോർട്ടസ്, പുളിവിള	ഇല്ല	സജീവം
20	ലിയോ സ്പോർട്ടസ് & ആർട്ടസ്, മയിലാടുംപാറ	ഇല്ല	സജീവം
21	നവരംഗഫൈൻ ആർട്സ്, പട്ടാഴി	ഇല്ല	സജീവം
22	ശാസ്ത്രസാഹിത്യ പരിഷത്ത് (പു.ക.സ) പട്ടാഴി ശാഖ.	ഇല്ല	സജീവം

എന്നാൽ അടുത്ത കാലങ്ങളായി ഈഅവസ്ഥയ്ക്കു മങ്ങലേറ്റിട്ടുണ്ടെന്നു പറയേണ്ടിയിരിക്കുന്നു.

ഒട്ടുമിക്ക കലാകായികസംഘടനകളും തനതായ പ്രവർത്തനത്തിലൂടെ യുവജനങ്ങളിലുള്ള പ്രതിഭ ഉണർത്തുന്നതിനോ വളർത്തുന്നതിനോ ശ്രമിച്ചുകാണുന്നില്ല. ഏതെങ്കിലും ദേശീയോത്സവത്തോടനുബന്ധിച്ച് ഒരു വാർഷികവും പ്രൊഫഷണൽ കലാവേദി അവതരിപ്പിക്കുന്ന ഒരു കലാവിരുന്നുമായി പ്രവർത്തനം ഒതുക്കുന്നു. ഇത് ആശാവഹമല്ല. സ്വന്തമായി കെട്ടിടവും ആഡിറ്റോറിയവുമുള്ള വൈ.എം.എ, അജന്താതിയറ്റേഴ്സ്, കെട്ടിടത്തിന് അടിത്തറകെട്ടിയിട്ടുള്ള യൂത്ത്സെന്റർ ഇവ ആദ്യകാലത്തെപ്പോലെ സജീവമല്ല. കലാസമിതികൾ പലതും നാമാവിശേഷമായിക്കൊണ്ടിരിക്കുന്നു. ഇത് ഭാവനാസമ്പന്നമായ നേതൃത്വത്തിന്റെയും സാമ്പത്തിക സുസ്ഥിരതയുടെയും അഭാവംമൂലമാണെന്നു കാണാം.

'അതിഥി ദേവോ ഭവ' എന്ന ഭാരതീയ ദർശനത്തിന്റെ അന്തഃസത്ത് ഉൾക്കൊണ്ടാണ് 'നാനത്വത്തിൽ ഏകത്വം' എന്ന ആശയം ഇവിടെ വേരൂന്നിയത്. പാശ്ചാത്യദാർശനികനായ 'വിക്ടർ കസിൻസ്' രേഖപ്പെടുത്തിയിരിക്കുന്നതു നോക്കൂ. 'India contains the whole history of phylosophy in a nut shell. തത്വചിന്താധിഷ്ഠിതമായ ഭാരതസംസ്ക്കാരത്തെക്കുറിച്ച് എത്ര സൂഷ്മമായി പ്രതിപാദിച്ചിരിക്കുന്നു! ശ്രേഷ്ഠമായ ഈ സംസ്ക്കാരവിശേഷത്തിന്റെ ഉടമകളെന്ന് ഊറ്റം കൊള്ളുന്ന നാം ഇന്ന് എവിടെ എത്തിനിൽക്കുന്നു. പുത്തൻ ഉപഭോഗസംസ്ക്കാരത്തിലും മാദ്ധ്യമസംസ്ക്കാരത്തിലും മദ്യവും മയക്കുമരുന്നും സമൂഹത്തിൽ വരുത്തിവയ്ക്കുന്ന വിനക്കൊപ്പമാണ് ഇതെന്നുകൂടി വരുമ്പോൾ തലമുറകളെത്തന്നെ ധാർമ്മികാധ:പതനത്തിലേക്കുനയിച്ചെന്നു വരാം. അങ്ങനെയൊരു ദു:സ്ഥിതിയെ നോക്കി പരിതപിച്ചിട്ടോ, കൊഞ്ഞനം കാട്ടിയിട്ടോ കാര്യമല്ല.

യുവതലമുറ ഇതിനെതിരെ പ്രതികരിക്കേണ്ടിയിരിക്കുന്നു. കലാ-കായിക-സാംസ്ക്കാരികരംഗത്തുള്ള പ്രവർത്തനങ്ങളിലൂടെ വളരെയേറെ സംഭാവനകൾ സമൂഹത്തിനുവേണ്ടി നൽകാൻ കഴിയും. കൂടുതൽ യുവാക്കളെ ആ മണ്ഡലങ്ങളിലേക്ക് ആകർഷിക്കണം. ഈടുറ്റ സാമൂഹ്യസേവന പ്രവർത്തനശൈലിയിലൂടെയും പ്രചാരണത്തിലൂടെയും ആരോഗ്യകരമായ അവബോധം സമൂഹത്തിൽ വളർത്തിയെടുക്കുവാൻ അവർക്കു കഴിയണം. അതിനുള്ള സാദ്ധ്യതകളും നിർദ്ദേശങ്ങളും നമ്മുടെ ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെടുകയുണ്ടായി എന്നത് ആശാവഹം തന്നെ.ഗ്രന്ഥശാലകൾ, വായനശാലകൾ എന്നിവ വിജ്ഞാനത്തിന്റെ വിത്തുകൾ വിതറുന്ന ഉപാധികളാണല്ലോ. കേരളം സാക്ഷരതയിൽ മുന്നിട്ടുനിൽക്കുന്നു എന്നത് അഭിമാനകരം തന്നെ. 1943-ൽ സ്ഥാപിതമായ പട്ടാഴി

വിജ്ഞാനപ്രദായിനി ഗ്രന്ഥശാല ഈ ഗ്രാമത്തിന്റെ സാംസ്ക്കാരികചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. അതുപോലെ പട്ടാഴിയുടെ വിവധ ഭാഗങ്ങളിലായി പ്രവർത്തിച്ചിരുന്ന മറ്റു ഗ്രന്ഥശാലകളിൽ തെക്കേത്തേരി വിജ്ഞാനപോഷിണി ഗ്രന്ഥശാല, വൈ. എം. എ ലൈബ്രറി & റീഡിംഗ് റൂം., അജന്താഗ്രന്ഥശാല, പന്തപ്ലാവ് എന്നിവയൊക്കെ പ്രവർത്തനം സജീവമല്ലെങ്കിലും നിലവിലുണ്ട്. അറിവും അച്ചടക്കവും ഉള്ള വ്യക്തിത്വം രൂപപ്പെടുത്താൻ വായനയും പഠനവും കൂടിയേ തീരൂ. അതുകൊണ്ട് ഗ്രമീണരിൽ വായനാശീലം വളർത്തിയെടുക്കുന്നതിന് ഗ്രന്ഥശാലാ പ്രസ്ഥാനങ്ങൾക്കു കഴിയണം. ഗ്രന്ഥശാലകളിൽനിന്നു പുസ്തകം എടുത്തു വായിക്കുന്നത് കഴിഞ്ഞൊരു കാലത്ത് നമ്മുടെ ഗ്രാമീണരിൽ പലരും ശീലമാക്കിയിരുന്നു. ഗ്രന്ഥശാലാപ്രവർത്തനങ്ങളിൽ സജീവപങ്കാളികളുമായിരുന്നു പലരും. പക്ഷേ ഇന്നു ചിത്രം മാറിപ്പോയി. ഇരുട്ടിലേക്ക് ഒളിക്കാനുള്ള പ്രവണതയാണ് പരക്കെ ദൃശ്യമാവുന്നത്. ഇതു നമ്മുടെ സാംസ്ക്കാരികച്യുതിക്ക് ആക്കം കൂട്ടുന്നു.

അറിവും അച്ചടക്കവും ആത്മവിശ്വാസവുമുള്ള കർമ്മനിരതരായ ഒരു സമൂഹത്തിനുമാത്രമേ ആ പ്രദേശത്തിന്റെ സാംസ്ക്കാരിമണ്ഡലം ദീപ്തമാക്കാൻ കഴിയൂ. നമ്മുടെ ഗ്രാമവാസികളിൽ പലർക്കും , അതിനുവേണ്ടിയുള്ള ഉദാത്തമായ പരിശ്രമത്തിൽ പങ്കാളികളാവാൻ കളിയും.എന്ന് ജനകീയാസൂത്രണപ്രക്രിയ സൂചന നൽകുന്നു.

നിർദ്ദേശങ്ങൾ

1. വിജ്ഞാനപ്രദായിനി ഗ്രന്ഥശാല സെൻട്രൽ ലൈബ്രറിയായി വാർഡുകൾ തോറും അതിന്റെ ഉപകേന്ദ്രങ്ങൾ സ്ഥാപിച്ചു പ്രവർത്തിക്കണം. ഉപകേന്ദ്രങ്ങളിൽ വായനശാലകൾ തുറക്കുകും പഞ്ചായത്തിന്റെ ചുമതലയിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുകയും വേണം. അതിനോടൊപ്പംകുട്ടികളുടെ ക്ലബുകൾ രൂപീകരിക്കണം. സെൻട്രൽ ലൈബ്രറിക്ക് ഒരു ഉപദേശകസമിതി ഉണ്ടായിരിക്കുകയും അതിന്റെ നിയന്ത്രണത്തിൽ എല്ലാ ലൈബ്രറികളുടെയും പ്രവർത്തനം ഏകോപിക്കുകയും വേണം. സയൻസ് ക്ലബ് രൂപീകരിക്കണം ഗ്രന്ഥശാലകളിൽ ആവിശ്യത്തിന് റഫറൻസ് ഗ്രന്ഥങ്ങൾ, ശാസ്ത്രപുസ്തകകോർണ്ണർ ഇവ ഉണ്ടാകണം. പഠനത്തിനും ഗവേഷണത്തിനും സൗകര്യം ഉണ്ടാകണം.
2. പഞ്ചായത്തിലുള്ള എല്ലാ കലാ-കായിക-സാംസ്ക്കാരികസംഘടനകളും രജിസ്റ്റർ ചെയ്യണം. (പഞ്ചായത്തിൽ) ഈ സംഘടനകൾക്ക് പഞ്ചായത്ത് തലത്തിലുള്ള ഒരു കേന്ദ്രസമിതി(പഞ്ചായത്തു-ജനകീയകമ്മറ്റി) എല്ലാ സംഘടനകളുടെയും പ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട് രൂപീകരിക്കണം.
3. പട്ടാഴിയിലെ മുഴുവൻ സാംസ്ക്കാരി പ്രവർത്തകരുടെയും പ്രാതിനിധ്യം ഉള്ള ഒരു കലാകേന്ദ്രം ഉണ്ടാക്കണം. (നിർവ്വാഹകസമിതിയിൽ അംഗങ്ങൾ പരിമിതമായിരിക്കണം) ഇതിന്റെ ആഭിമുഖ്യത്തിൽ ചർച്ചകൾ, സിംപോസിയങ്ങൾ, സെമിനാറുകൾ മറ്റു ബോധവൽക്കരണപ്രവർത്തനങ്ങൾ, കലാപ്രകടനങ്ങൾ എന്നിവ സംഘടിപ്പികാകവുന്നതാണ്. സംഗീതം, നൃത്തം, വാദ്യോപകരണങ്ങൾ, ചിത്രരചന, തുടങ്ങിയ ലളിതകലാഭ്യാസന സൗകര്യങ്ങൾ നിർബന്ധമായും ഈ കേന്ദ്രത്തിന്റെ ചുമതലയിൽ നടത്തേണ്ടതാണ്. പഞ്ചായത്ത് ഇതിനു സാമ്പത്തികസഹായം നൽകേണ്ടതാണ്.
4. സ്ക്കൂളുകളിൽ കായിക-കലാഭിരുചി വളർത്തുന്നതിന് കൂടുതൽ സൗകര്യം ഉണ്ടാകണം. ക്ലാസ്സ് സാഹിത്യസമാജങ്ങൾ പുനരുജ്ജീവിപ്പിക്കണം. സ്ക്കൂൾ വാർഷികങ്ങളിലും, കലോത്സവങ്ങളിലും പണക്കൊഴുപ്പുകൊണ്ടു മോടികൂട്ടുന്ന മത്സരസമ്പ്രദായം നിയന്ത്രിക്കണം.
5. ഒരു അഗതിമന്ദിരം ഉണ്ടാകണം.
6. അപൂർണ്ണമായിക്കിടക്കുന്നആഡിറ്റോറിയം കം-കമ്മ്യൂണിറ്റി ഹാളിന്റെ പണിപൂർത്തിയാക്കണം. പഞ്ചായത്തിൽ അത്യാധുനികസംവിധാനത്തോടുകൂടിയ ആഡിറ്റോറിയം ഉണ്ടാകണം.
7. തെക്കേത്തേരി വിഞ്ജാനപോഷിണി ഗ്രന്ഥശാലക്കു മന്ദിരം പുതുക്കി പണിയണം.
8. ഡോക്യുമെന്ററി ചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള സംവിധാനം ഉണ്ടാകണം.
9. ഓരോവാർഡിലും പൊതുവായി ഓരോ ടി.വി.സെന്ററുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കണം.
10. അൾളീലചിത്രങ്ങളും പോസ്റ്ററുകളും പൊതുനിരത്തിൽ പതിക്കുന്നതു തടയണം.
11. സിനിമാതിയേറ്ററുകളിൽ നിലവാരമുള്ള നല്ല ചിത്രങ്ങൾ മാത്രം പ്രദർശിപ്പിക്കാനുള്ള സംവിധാനം വേണം.

5.6 ഗതാഗതം

കുറച്ചു കൊല്ലങ്ങൾക്കുമുമ്പുവരെ തൊട്ടടുത്ത പ്രദേശങ്ങളുമായിപോലും ബന്ധപ്പെടാൻ വേണ്ടത്ര ഗതാഗത മാർഗ്ഗങ്ങളും സൗകര്യങ്ങളുമില്ലാതെ ബുദ്ധിമുട്ടനുഭവിച്ച നാടാണ് പട്ടാഴി. നമ്മുടെ നാടിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പ്. വലിയോരളവിൽ ഈ ദുരവസ്ഥയ്ക്കു കാരണമായിരുന്നു. അടുത്തകാലംവരെ ഒന്നായിരുന്ന പട്ടാഴി ഗ്രാമത്തിന്റെ ഒത്ത നടുക്കുകൂടി 11 കിലോമീറ്റർ ദൂരത്തിൽ കല്ലടയാർ ഒഴുകുന്നു. കല്ലടയാറിൽ വന്നു ചേരുന്ന നിരവധി തോടുകളുമുണ്ട്. ഇവ രണ്ടുകരയുമായി ബന്ധിപ്പിക്കാൻ സൃഷ്ടിച്ച പ്രതിബന്ധങ്ങൾ അടുത്ത കാലംവരെ നിലനിന്നിരുന്നു.

അമ്പതുവർഷങ്ങൾക്കുമുമ്പ് ഇന്നു കാണുന്ന മിക്ക റോഡുകളും പട്ടാഴിയുടെ ഭൂപടത്തിൽ ഉണ്ടായിരുന്നില്ല. കുന്നിക്കോട് പട്ടാഴി റോഡാണ് തുടക്കത്തിൽ ഉണ്ടാ യതെന്നു കാണാം. പഞ്ചായത്തുകളുടെ ആവിർഭാവത്തിനുമുമ്പു പട്ടാഴിയുടെ പ്രാദേശിക ഭരണകാര്യങ്ങൾ നിർവ്വഹിച്ചിരുന്നത് വില്ലേജ് അപ്പലിഫ്റ്റ് കമ്മിറ്റി ഗ്രാമോദ്ധാരണ സ്ഥിതിയായിരുന്നു. 1124 മേടം 27-ാം തീയതി അതിന്റെ രണ്ടാമതുയോഗം "ഗൗരിമന്ദിര" ത്തിൽ വച്ചുകൂടി. ആ യോഗത്തിന്റെ തീരുമാനം ചുവടെ ചേർക്കുന്നു.

"ഈ കേന്ദ്രത്തിൽ നടപ്പിൽ വരുത്തേണ്ട പബ്ലിക്ക്, വർക്ക്സിനെപ്പറ്റി ആലോചിച്ചു. പബ്ലിക്ക് വർക്സിൽ പ്രാധാന്യം അർഹിക്കുന്നത് റോഡുകൾക്കാണെന്നും നാട്ടുകാരുടെ ചുമതലയിൽ വെട്ടിതുറന്നിട്ടുള്ളതും എന്നാൽ ഇപ്പോൾ വാഹനസൗകര്യം ഇല്ലാത്തതുമായ റോഡുകൾക്കു മുൻഗണന നൽകണമെന്നു കമ്മിറ്റി തീരുമാനിക്കുന്നു. അതനുസരിച്ചു റോഡിനു ആവശ്യമുള്ള ഭൂമി മുഴുവൻ ഉടമസ്ഥർ വിട്ടുകൊടുക്കുകയും, മൺവേല ചെയ്തുതീർക്കുകയും ചെയ്തിട്ടുള്ള താഴെപ്പറയുന്ന റോഡുകൾ ഡിപ്പാർട്ടുമെന്റു ഏറ്റെടുത്തു പണി നടത്തണമെന്നുള്ള യോഗം വില്ലേജ് അപ്പലിഫ്റ്റ് ആഫീസർ അവർകളോട് അപേക്ഷിക്കുന്നു.

1. കുന്നിക്കോട്-പട്ടാഴി എന്നപേരിൽ തലവൂർ ശ്രമോദ്ധാരണ കേന്ദ്രത്തിൽനിന്നും പണി തീർന്നിട്ടുള്ള റോഡിന് തുടർന്നു പട്ടാഴിചന്നവരെ ഉള്ളഭാഗം.
2. ഏഴംകുളം-പട്ടാഴിറോഡ് അവസാനിക്കുന്ന ആറ്റുകടവിൽ നിന്ന് പട്ടാഴി പ്രോപ്പറിലേക്കുള്ള ഭാഗം.

നാട്ടുകാർ മുന്നിട്ടിറങ്ങി സ്വന്തം പരിശ്രമങ്ങൾ കൊണ്ടോ തലങ്ങും വിലങ്ങും നാട്ടിൽ ഉടനീളം പിന്നെയും റോഡുകൾ വെട്ടി. മൈലം-പട്ടാഴി, ഏനാത്ത്-പട്ടാഴി, പത്തനാപുരം-ഏനാത്ത്, പിടവൂർ-പട്ടാഴി, ആറാട്ടുപുഴ-അന്നമൺ പഞ്ചായത്ത് ജംഗ്ഷൻ-വിരുത്തി തുടങ്ങി ഇന്നു കാണുന്ന മിക്ക റോഡുകളും 1950കാലഘട്ടത്തിൽ മൺവേല ചെയ്തു പൂർത്തിയാക്കിയവയാണ്. ഇരുവേ ലിക്കൽ, നെച്ചൂർ പനയനം തുടങ്ങി പല സ്ഥലങ്ങളിലും കലുങ്കുകളും, ഫുട്ട്ബ്രിഡ്ജുകളും, ചപ്പാത്ത്, കോസവേ, റാംപ് എന്നിവയും പണി കഴിപ്പിച്ചു. ആറാട്ടുപുഴ കടവിലും ഇടക്കടവിലും മറ്റും കടത്തുവള്ളം ഏർപ്പെടുത്തിയതും ഈ കാലയളവിലാണ്.

വേണ്ടത്ര പരിചരണം ഇല്ലാതെ പുല്ലാഞ്ഞി ക്കാടുമേഞ്ഞ് കിടന്ന ഈ വഴിത്താരകൾ ഗതാഗതയോഗ്യമാക്കുന്നതിനു പിന്നെയും കാലമേറെ വേണ്ടിവന്നു. 1950കളുടെ തുടക്കത്തിൽ മന്ത്രിമാർ മുതൽ ഉദ്യോഗസ്ഥന്മാർവരെ പട്ടാഴിയിൽ വന്നിരുന്നത്. എം. സി റോഡിൽ ഏനാത്തുവരെ എത്തിയിട്ടു ആറാട്ടുപുഴക്കടവു വഴിയുള്ള റോഡിൽക്കൂടിയായിരുന്നു. മൈലംതോട്ടിൽ പാലം നിർമ്മിച്ചതോടുകൂടി കൊട്ടാരക്കരക്കുള്ള ഗതാഗതമാർഗ്ഗം തുറന്നുകിട്ടി. പഴഞ്ഞിതോട്ടിൽ 'തണ്ണാൻ കടവ്' പാലവും വരണമൺതോട്ടിൽ അന്നമൺ പാലവും തുറന്നതോടുകൂടി ഗതാഗതസൗകര്യങ്ങളിൽ നമുക്കുണ്ടായിരുന്നു. പിന്നോക്കാ വസ്ഥയ്ക്ക് സാവധാനമെങ്കിലും, മാറ്റമുണ്ടായി. കല്ലടയാറ്റിൽ ആറാട്ടുപുഴക്കടവിൽ ഒരു പാലം നിർമ്മിക്കു ന്നതിനു 1952 മുതൽ നടത്തിവന്ന പരിശ്രമങ്ങൾ, ഒടുവിൽ നാട്ടുകാരിൽ ചേരിതിരിവുണ്ടാക്കി. തർക്കത്തിനു വഴിയൊ രുക്കിയതുമൂലം ഇരുപതുവർഷത്തെയങ്കിലും പുറകോട്ടടി നമുക്കുണ്ടായിട്ടുണ്ട്. തർക്കത്തിന്റെ ഒടുവിൽ 18.10.79ൽ ഉണ്ടായ തീർപ്പ് ഇങ്ങനെയായിരുന്നു.

Govt. of Kerala

Public Works and Electricity Department.
No. 30521-k1-7a-P.W. dt. 18-10-79

From.

The Special Secretary to Government
Public Works Department

To.

The Chief Engineer
Buildings Roads
Trivandrum

Sir,

Sub. Communication- Bridge at Arattupuzha- Constructim of
Ref. Your letter No CA2- 129138 -76 2h 13-1-1997

I am tot invite your attertim to the letter cited and to request you to take steps for the construction of the bridge an Allapuzha and to make adejusted provision for the Works. I am also to inferm you that the for a bridge an Edakkadavu may be taken up seperatualy.

P. Soumini
for Special secratery to Government

5-12-79 ൽ ഈ ഉത്തരവു പുതിയ സർക്കാർ ഭേദഗതി ചെയ്തു.

In inviting your attention to the letter cited I am to inform you that in modification or the orders cited, the proposal for the construction of a bridge an Edakkadavu in approved.

I am also to inform you that the guestive of construction of a bridge at Arattupuzha kadavu will be considered separately.

YF.
Sd-
Soymini
Joint Secretary
for special secratary to Government.

ഈ തർക്കത്തിൽ ഒടുവിൽ 8-8-81 ൽ വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൊട്ടാരക്കര ടിബിയിൽ വച്ചു. നടന്ന ചർച്ചയ്ക്കുശേഷം 2-ാമത്തെ ഉത്തരവിലെ താല്പര്യ പ്രകാരം ഇടക്കടവിൽ പാലം നിർമ്മിക്കാൻ തീരുമാനിച്ചു.

4-12-90 ൽ ഇടക്കടവുപാലം ഗതാഗതത്തിനായി തുറന്നുകൊടുത്തു. ഇതോടുകൂടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗം തുറക്കുകയും ഗതാഗത സൗകര്യങ്ങളിൽ കുറേ പുരോഗതി കൈവരിക്കുകയും ചെയ്തു. ആറാട്ടുപുഴ ക്കടവു പാലം കൂടി നിർമ്മിച്ചാൽ കുന്നിക്കോടു പട്ടാഴിറോഡിനെ 3കിലോമീറ്റർ ദൂരത്തിൽ എം. സി. റോഡുമായി ബന്ധിപ്പിക്കാൻ കഴിയും.

ആവശ്യബോധം സൃഷ്ടിച്ച പ്രചോദനം ഉൾക്കൊണ്ട് നമ്മുടെ കാരണവന്മാർ നാടിന്റെ വികസനത്തിനു പാതയൊരുക്കാൻ വേണ്ടി കയ്മെയ്മറന്ന് വിനിയോഗിച്ച കർമ്മശേഷിയും, റോഡിനു വേണ്ടി എത്ര ഭൂമിവേണമെങ്കിലും വിട്ടുകൊടുക്കാൻ കാണിച്ച സന്മനോഭാവവും ഇന്നത്തെ തലമുറയ്ക്കു ഒരു പഴങ്കഥയാവുകയാണോ? ഇന്നുണ നമ്മുടെ പഞ്ചായത്തുകേന്ദ്രത്തിലെത്തിച്ചേരുവാൻ കുജേയം, തെക്കേതേരി തുടങ്ങിയ വാർഡുകളിൽനിന്ന് സുഗമമായ ഈ വാർഡുകളിൽ നമ്മുടെ പഴയ തലമുറയുടെ മാതൃക പിന്തുടർന്നു പുതിയ പാതകൾ വെട്ടിത്തുറക്കാൻ കാണിക്കുന്ന പരിശ്രമങ്ങൾ അഭിനന്ദനം അർഹിക്കുന്നു.

അയത്തിൽ-പാറമുകൾ, പാറമുകൾ-കൈതവാരം, ചൂരണ്ടൂർ-ിലഞ്ഞിക്കൽ, ഇ. എസ്. ഐ-ഏറ്റിയോട്ടം മൂർത്തിവിള-കൊല്ലൻപടി എന്നിവയാണ് നാട്ടുകാരുടെ ശ്രമദാനത്തിലൂടെ രൂപപ്പെടുന്ന മേൽപ്പറഞ്ഞ വഴികൾ.

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ ടാർചെയ്ത 25.4കിലോമീറ്റർ റോഡുണ്ട്. ഇതുൾപ്പെടെ വാഹനഗതാഗതത്തിനു അനുയോജ്യമായ 61കിലോമീറ്റർ റോഡാണ് നമുക്കുള്ളത്. ഒരു ചതുരശ്രകിലോമീറ്റർ വിസ്തീർണ്ണത്തിനു 3.27 കിലോമീറ്റർ. ഇത് സംസ്ഥാന ശരാശരിയേക്കാൾ ലേശം മാത്രം കൂടുതലാണ്.

ടാർ ചെയ്ത 6 PWD റോഡുകൾ താഴെ ചേർക്കുന്നു.

കുന്നിക്കോട്-പട്ടാഴി	5.50 കി. മീ.
മൈലം-പട്ടാഴി	1
പിടവൂർ-പട്ടാഴി	8.5
അന്നമൺ-ാറാട്ടുപുഴ	2.8
പാണ്ണിത്തിട്ട-പനംപറ്റ്	1.65
H.S. -ഇടക്കടവ്	1.6
ആകെ	21 കി. മീ.

പഞ്ചായത്തിന്റെ ചുമതലയിൽ ടാർ ചെയ്തറോഡുകളുടെവിവരം ഇപ്രകാരമാണ്.

പനയനം-ദർഭ	2കി. മീ
പഞ്ചായത്തു ജംഗ്ഷൻ-വിരുത്തി	
കേരളമംഗലം-പുളിമൂട്	600കി. മീ
കുരങ്ങിപ്പള്ളിൽ-പെരുമ്പലം	300മീ

ഈ റോഡുകൾ ഭാഗീകമായി ടാർ ചെയ്തിട്ടുള്ളവയാകയാൽ അവയുടെ ശേഷിച്ച ഭാഗം മുൻഗണനാക്രമത്തിൽ ടാർ ചെയ്തു പൂർത്തിയാക്കേണ്ടവയാണ്.

പൂക്കുന്നിമലറോഡിനു 1.61 കിലോമീറ്റർ ദൂരമുണ്ട്. ഇതു മെറ്റൽ ചെയ്തിട്ട് പല വർഷങ്ങളായി ഈ റോഡും ഉടനെ ടാർ ചെയ്തു പൂർത്തിയാക്കേണ്ടതാണ്.

V.T.C. ഫണ്ടുപയോഗിച്ചു ഈ വർഷം പണി ആരംഭിച്ചിട്ടുള്ള റോഡുകൾ.

കുച്ചിതെക്കേതിൽ-ചുരണ്ടൂർ	ടാറിംഗ്	2 ലക്ഷം രൂപ
പഞ്ചായത്തു ജംഗ്ഷൻ-വിരുത്തി	ടാറിംഗ്	1ലക്ഷം

JRY ഫണ്ടുപയോഗിച്ചു നടത്തുന്ന റോഡ്

പന്ത്രണ്ടുമുറി-കുളപ്പുഴ	ടാറിംഗ്	152000 രൂപ
പനയനം-ദർഭ	ടാറിംഗ്	256308 രൂപ

സ്പെഷ്യൽ ഗ്രാന്റുപയോഗിച്ചു നടത്തുന്ന ജോലി.

ഇടികര റോഡ് നിർമ്മാണം	1.85000 രൂപാ.

എം. പി. ഫണ്ടിൽനിന്നും പേരൂർ-റെഡിയോ കിസോക്ക് റോഡിനു ഒന്നരലക്ഷം രൂപയും എം. എൽ. ഒ ഫണ്ടിൽനിന്ന് കുച്ചിതെക്കേതിൽ-ചൂരണ്ടൂർ കടവു റോഡിനു രണ്ടുലക്ഷം രൂപയും, കേളർമുക്കു-കോടിയാട്ടു റോഡിനു തോട്ടിലെഎ പാലത്തിനുമായി രണ്ടുലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഉപാധിരഹിതഫണ്ടിൽനിന്ന് പഞ്ചായത്തു ജംഗ്ഷനിൽനിന്നു വിരുത്തിയിലേക്കുള്ള റോഡിന്റെ ശേഷിച്ച ഭാഗം ടാർ ചെയ്യുന്നതിനു 2ലക്ഷം രൂപയും കേരളമംഗലം-പുളിമൂടു റോഡിന്റെ ശേഷിച്ച ഭാഗത്ത് ടാറിംഗ് തുടരുന്നതിനു രണ്ടുലക്ഷം രൂപയും ചെലവഴിക്കാൻ കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്.

റോഡുവികസനം

നിലവിലുള്ള റോഡുകളുടെ വികസനത്തിനു ആദ്യം നമുക്കു വേണ്ടത് വിവിധ വാർഡുകളിലുള്ള റോഡുകളുടെ കൃത്യമായ വിവരങ്ങളാണ്. ഇന്നു നമ്മുടെ റോഡുരജിസ്റ്റർ പൂർണ്ണമല്ല. വിവരങ്ങൾ കൃത്യവുമല്ല. വീതുയപടെയും ഉപയോഗത്തിന്റെയും അടിസ്ഥാനത്തിൽ റോഡുകളെ തരംതിരിച്ചു പട്ടികപ്പെടുത്തുന്നത് ഉചിതമായിരിക്കും.

മിക്ക വില്ലേജ് റോഡുകളും ഏലായിൽ എത്തിച്ചേരുന്നവയാണ്. ഏലായുടെ രണ്ടുകരക്കും വന്നു നിൽക്കുന്നതും വളരെ ആളുകൾക്കു പ്രയോജനം ലഭിക്കുന്നതുമായ റോഡുകൾ, നിലത്തിന്റെ ഉപയോഗത്തിനു ഗണ്യമായ നഷ്ടം സംഭവിക്കാതെ കൂട്ടിയോജിപ്പിക്കണമെന്ന് ചില ഗ്രാമസഭകളിൽനിന്നു നിർദ്ദേശം വന്നിട്ടുണ്ട്. അത്തരം റോഡുകളെ പ്രത്യേകം പട്ടികപെടുത്തി ചുവടെ ചേർക്കുന്നു.

വാർഡ്	റോഡിന്റെപേര്	ഏലാ
1	ആറാട്ടുപുഴ,മണ്ണിലഴികംഇതുകുളം	ഏലാവഴി
2,3	കുന്നയ്ക്കാട്ട,ഗവ ആശുപത്രി	ആറാട്ടുപുഴകാഞ്ഞിരത്തിങ്കൽ ഏലാ
	തുണ്ടിലഴികം മുടിപ്പുര,	കുളക്കുഴി,പഞ്ചായത്തിങ്കൽ ഏലാവഴി
4	കോലുവേലിൽ കൊട്ടയ്ക്കാട്	കൊല്ലായിൽ മണ്ണുരേലാവഴി
5	നെട്ടൂർകുളംതുണ്ടത്തിൽ	കുളക്കുഴി ഏലാവഴി
6	പൂന്തലളം, പാലമൂട്	കുളക്കുഴി ഏലാവഴി
7	ഇ. എസ്. ഐ. നീർക്കുഴിപാലക്കോട്	ഏലാവഴി
8	പന്ത്രണ്ടുമുറി, നെടിയവിളആലക്കോട്	ഏലാവഴി
9	കൊച്ചീക്കടവ്, നിരപ്പിൽചെറുകാലൂർഏലാവഴി	

ഗ്രാമീണറോഡുകൾ നിർമ്മിക്കുന്നതിനും ഉള്ളവ പരിരക്ഷിക്കുന്നതിനും ജനകീയ പദ്ധതികളും ജനശക്തിയുടെ പരമാവധി പ്രയോജനപ്പെടുത്തേ ണ്ടതാകുന്നു. ശ്രമദാനംമൂലം പുതിയറോഡുകൾ നിർമ്മിക്കുവാൻ കഴിയണം. പ ഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും, റോഡുനിർമ്മാണത്തിനു വേണ്ടി വരുന്നതുകയും പരിഗണിക്കുമ്പോൾ, നമുക്കു കൈമുതലാ യതുജനശക്തി ഉപയോഗപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാകും. പോയ വർഷങ്ങളിൽ റോഡുവികസന ത്തിനുവേണ്ടി ചെലവഴിച്ചിട്ടുള്ള തുകകളും കണക്കു അമ്പരപ്പുനോക്കുന്നവയാണ്. ഇനി ഈ വഴിക്കു ചെലവിടേണ്ട തുകക്കു വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കണം.

നിലവിലുള്ള മിക്കറോഡുകളും ആവശ്യത്തിനുള്ള വീതിയില്ല. ആവശ്യമായ ഓടയില്ലാത്തറോഡുകളായതുകൊണ്ടു പല റോഡുകളും മഴക്കാലത്തു താറുമാറാകുന്നു. കലുങ്കുകളും ചപ്പാത്തുകളും ഇല്ലാത്തതും റോഡിന്റെ തകർച്ച യ്ക്കുകാരണമാകുന്നു. റോഡിന്റെ വശങ്ങൾ കല്ലുകെട്ടി സംരക്ഷിക്കേണ്ട ഭാഗങ്ങളുണ്ട്. റോഡുവക്കത്തെ താമസക്കാർ റോഡിന്റെ സ്ഥലം കയ്യടക്കിയ സംഭവങ്ങളുണ്ട്. ഓടകൾ അടയ്ക്കുകയും വഴിക്കു തടസ്സമാകത്തക്കവണ്ണം വൃക്ഷങ്ങൾ വളർത്തുകയും ചെയ്യുന്നവരും ചുരുക്കമല്ല. വീടുകൾ നിർമ്മിക്കുന്നതിനു സാധന സാമഗ്രികൾ റോഡുവക്കത്തു ശേഖരിച്ചു വളരെക്കാലം മണലുകളും റോഡുകളും നശിക്കുന്നുണ്ട്. അവയ്ക്കുടമയായ വളവുകൾ മാറ്റിയെടു ക്കേണ്ടതാണ് മറ്റൊരു പ്രധാന പ്രശ്നം.

പരിഹാര നിർദ്ദേശങ്ങൾ

1. ആറാട്ടുപുഴക്കടവിൽ ഒരുമേരൂർ പാലം നിർമ്മിക്കാനും
2. കുന്നിക്കോട് പട്ടാഴി മൈലം, പട്ടാഴി എന്നീ റോഡുകളുടെ വീതി വർദ്ധിപ്പിക്കണം. അപകടകരമായ വളവുകൾ മാറ്റണം. ടാർ ചെയ്ത സ്ഥലത്തിന്റെ അരികിൽ മണ്ണൊരിപ്പുണ്ടായിട്ടുള്ള കുഴികൾ മെറ്റൽ ചെയ്തു നികത്തണം.

വാഹനഗതാഗതം.

പട്ടാഴി അതൃത്തിയുടെ തെക്കുഭാഗത്ത് കൊട്ടാരക്കര താലൂക്കും പടിഞ്ഞാറും വടക്കും ഭാഗങ്ങൾ സ്ഥിതിചെയ്യുന്നത്. അടൂർ താലൂക്കും കിഴക്കുഭാഗത്തും പത്തനാപുരം താലൂക്കുമാണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്ത് കേന്ദ്രത്തിൽനിന്നും കുന്നിക്കോട്, കൊട്ടാരക്കര, പത്തനാപുരം ഏഴംകുളം എന്നീ കേന്ദ്രങ്ങളിലേക്കും 10 കിലോമീറ്റർ ദൂരവും ഏനാത്തിനു 5 കിലോമീറ്റർ ദൂരവും ഉണ്ടാകും. 1950 വരെ ഈ പ്രദേശങ്ങളിലേക്കൊന്നും നമുക്കു വാഹനഗതാ ഗതത്തിനുള്ള മാർഗ്ഗമോ സൗകര്യങ്ങളോ ഉണ്ടായിരുന്നില്ല. നമ്മുടെ കാർഷികവിഭവങ്ങൾ പാറക്കോട്, പത്തനാപുരം, കലയപുരം, കായംകുളം, കൊല്ലം, തുടങ്ങിയ മാർക്കറ്റു കളിൽ കൊണ്ടുപൊയ്ക്കൊണ്ടിരുന്നത്. "ചക്കടാവണ്ടി"കളിലാണ് നമുക്കു ആവശ്യമായ ഭക്ഷ്യവസ്തുക്കളും നിത്യോപയോഗസാധനങ്ങളും കൊണ്ടുവന്നിരുന്നതും ഈ മാർഗ്ഗങ്ങളുപ യോഗിച്ചുതന്നെ. 4-ാം ക്ലാസുകഴിഞ്ഞുള്ള വിദ്യാഭ്യാസത്തിനു വടക്കടത്തുകാവ്, അടൂർ, കൊട്ടാരക്കര എന്നീ സ്ഥല ങ്ങളിൽ പണ്ടു നമ്മുടെ പൂർവ്വീകർ നടന്നുപോകണമായിരുന്നു.

1951ലാണ് പട്ടാഴിയുടെ നടുവീഥിയിൽകൂടി ആദ്യമായി ബസ്സ് സർവ്വീസ് തുടങ്ങിയത്. കുന്നിക്കോടു പട്ടാഴിറോഡും ഏനാത്തു പട്ടാഴി റോഡും തമ്മിൽ ആറാട്ടുപുഴക്കടവിലെ ചങ്ങാടം ഉപയോഗിച്ച് ബദ്ധപ്പെടുത്തി പുനലൂർ ശാസ്താംകോട്ട റൂട്ടിൽ ശ്രീകുമാർ എന്ന സർവ്വീസ് തുടങ്ങി. ഇതേ മാർഗ്ഗത്തിൽകൂടി പിന്നീട് ആവണീശ്വരം പട്ടക്കടവുറൂട്ടിൽ വിജയകുമാർ എന്ന മറ്റൊരുബസ്സ് സർവ്വീസും ആരംഭിച്ചു. ഇവ വളരെക്കാലം നിലനിന്നില്ല. 1960ൽ കെ. എസ്സ്. ആർ.ടി. സി ആരംഭിക്കുംവരെ നാം കാളവണ്ടി യുഗത്തിലായിരുന്നു എന്നു പറയാം.

കൊട്ടാരക്കരനിന്നും മൈലംവഴി പട്ടാഴി കെ. എസ്. ആർ. ടി. സി 1960 ൽ സർക്കുലർ സർവ്വീസ് കുന്നിക്കോട് റൂട്ടിൽ ആരംഭിച്ചതാണ് ഗതാഗതരംഗത്തെ പ്രധാനവഴിത്തിരിവ്. ഈ സർവീസുകൾ ആരംഭിക്കുവാൻ മുൻകൈയ്യെടുത്തത് ശ്രീ. ആർ. ബാലകൃഷ്ണപിള്ള അവർകളാണ്. ഇപ്പോൾ കൊട്ടാരക്കര മൈലം വഴിപട്ടാഴി, പുനലൂർ കുന്നിക്കോടുവഴി എന്നീ സർവീസുകൾക്കുപുറമെ അഞ്ചൽ, കുട്ടേറ, പത്തനാപുരം, അടൂർ തുടങ്ങിയ പ്രദേശങ്ങളിലേക്കും KSRTC സർവ്വീസുകൾ നടത്തുന്നുണ്ട്.

പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ

കൊട്ടാരക്കര പട്ടാഴി സർവീസ് ആരംഭിച്ചിട്ട് മുപ്പത്തഞ്ചിൽപരം വർഷങ്ങളായി. കൊട്ടാരക്കര ട്രാൻസ്പോർട്ടു ഡിപ്പോയിലെ ഏറ്റവുംകൂടുതൽ കളക്ഷൻ ഉള്ള ഷെഡ്യൂളാണിത്. പട്ടാഴിയിലെ ദേവിക്ഷേത്രത്തിന്റെ പ്രശസ്തിയോടൊപ്പം ഇവിടെ എത്തുന്ന യാത്രക്കാരുടെ എണ്ണവും ദിനംപ്രതിയെന്നവണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അവരുടെ യാത്രാ സൗകര്യത്തിനു മതിയായ ബസ്സുകൾ ഇപ്പോൾ ഓടിക്കുന്നില്ല. നിരവധി പ്രൈവറ്റുസർവ്വീസുകൾ നിരോധിച്ചശേഷമാണ് ഈ റൂട്ട് KSRTC കുത്തകയാക്കിയത്.

ജില്ലാ തലസ്ഥാനം, സംസ്ഥാന തലസ്ഥാനം എന്നിവിടങ്ങളിലേക്കു പട്ടാഴിയിൽ നിന്നു നേരിട്ടുള്ള സർവ്വീസുകളില്ല. ഇടക്കാലത്തു ആരംഭിച്ചവ നിർത്തലാക്കി. അടൂർ, പന്തളം മാലൂർ, തുടങ്ങിയ കോളജുകളിൽ പോകേണ്ട വിദ്യാർത്ഥികൾക്കും വാഹന സൗകര്യം ലഭിക്കുന്നില്ല.

പുനലൂർ നിന്നും പട്ടാഴിക്കുള്ള സർവീസിനും അന്നുമുതൽ ഇന്നുവരെ ഒറ്റ ഷെഡ്യൂളാണുള്ളത്. തിരക്കേറിയ ഈ റൂട്ടിലും വാഹന സൗകര്യം ഇല്ലാതെ യാത്രക്കാർ വലയുന്നു.

അന്നുമുതൽ ആറാട്ടുപുഴ, വഴി പട്ടാഴിക്ക്, കൊട്ടാരക്കര നിന്നും 1989 ൽ ആരംഭിച്ച സർവീസു ഇപ്പോൾ നിലച്ചമട്ടാണ്. രാവിലെ ഒരു തവണമാത്രമേ അത് സർവീസ് നടത്തുന്നുള്ളൂ. ആറാടുപുഴനിന്നു അന്നമൺ വഴി പുത്തൂർ മുക്കിലേക്കുള്ള റോഡ്

പൂർണ്ണമായും ടാർ ചെയ്ത ഗതാഗത യോഗ്യമായ റോഡാണ്. ഈ റൂട്ടിലെ യാത്രക്കാർ അനുഭവിക്കുന്ന യാത്രാക്ലേശ ഉടനടിപരിഹരിക്കേണ്ടതാണ്.

പത്തനാപുരത്തിനുള്ള യാത്രാക്ലേശം അടിയന്തിരമായി പരിഹാര് കാണേണ്ട പ്രശ്നമാണ്. പച്ചാഴിയിൽ നിന്നും പിടവൂർ വഴി പത്തനാപുരത്തേക്കുള്ള കെ. എസ്.ആർ. ടി. സി ബസ്സ് പുനലൂർ ഡിപ്പോയിൽ നിന്നുള്ള സർവ്വീസാണ്. ഇതു പലപ്പോഴും മുടങ്ങുന്നു. ഈ റൂട്ടിലെ ട്രിപ്പടിക്കുന്ന സ്വന്തം പ്രൈവറ്റുജീപ്പുകളുടെ മരണപ്പാച്ചിൽ യാത്രക്കാരുടെ തിരക്കിന് സാക്ഷിപത്രമാണ്. ഈ യാത്രക്കാരുടെ ബാഹുല്യത്തെ പ്രയോജനപ്പെടുത്താൻ കെ. എസ് ആർ. ടി. സിക്കു കഴിയുന്നില്ല. ആറാട്ടുപുഴ എന്ന ടെർമിനൽ പോയിന്റിലേക്കു നീട്ടി കൂടുതൽ ബസ്സുകൾ ഈ റൂട്ടിൽ ഓടിക്കാൻ അധികൃതർ ഉടനെ നടപടിയെടുക്കണം.

ടാറിംഗ് പൂർത്തിയയാകുന്നതോടുകൂടി തികച്ചും ഗതാഗതയോഗ്യമാകുന്ന പഞ്ചായത്തുജംഗ്ഷൻ വിരുത്തി റോഡിലും, പനയനം ദർഭറോഡിലും കേരളമംഗലം പുളിമൂടു റോഡുകളിലും ബസ്സു ഗതാഗതം ആരംഭിക്കണം.

ഒറ്റപ്പെട്ടുകിടക്കുന്ന പട്ടാഴിയുടെ കിഴക്കൻ മേഖലയെ ബന്ധിപ്പിച്ചുകൊണ്ട്, പാണ്ടിത്തിട്ട മൈലാടുംപാറവഴി പത്തനാപുരത്തേക്കും ബസ്സ് സർവ്വീസ് ആവശ്യമായിരിക്കുന്നു.

പത്തു പതിനഞ്ചുവർഷംകൊണ്ട് പട്ടാഴിയിൽ കാർ, ജീപ്പ്, ടെമ്പോ, ലോറി, ഓട്ടോറിക്ഷാ, തുടങ്ങിയ വാഹനങ്ങളുടെ എണ്ണം അതിശയകരമായ നിലയിൽ വർദ്ധിച്ചിട്ടുണ്ട്. ഇവയ്ക്ക് പാർക്കിംഗിനുള്ള സൗകര്യം അടിയന്തിരമായി കണ്ടുപിടിക്കണം. കുറച്ചു ഓട്ടോറിക്ഷാകൾ മാത്രം ഹൈസ്കൂൾ ജംഗ്ഷനിലും ബാക്കിയുള്ള എല്ലാത്തരം വാഹനങ്ങളും മാർക്കറ്റ് ജംഗ്ഷനിലുമാണ് ഇപ്പോൾ പാർക്കുചെയ്യുന്നത്. പണ്ടേതന്നെ ഗതാഗതക്കുരുക്കുള്ള ഈ സ്ഥലങ്ങളിൽ, ഇവയുടെ പാർക്കിംഗ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

മാർക്കറ്റ് ജംഗ്ഷനിലും, ഹൈസ്കൂൾ ജംഗ്ഷനിലും ഉള്ള ഗതാഗതകുരുക്കു സത്വരമായി പരിഹാരം കാണേണ്ട മറ്റൊരു പ്രശ്നമാണ്.

കടത്തുകൾ

പഴയ നമ്മുടെ പഞ്ചായത്തിനെ കല്ലടയാറു കൊണ്ടാണ് പട്ടാഴിയെന്നും പട്ടാഴിവടക്കെന്നും വേർതിരിക്കുന്നത്. ഈ കരകളെ ബന്ധിപ്പിക്കാൻ ഇടക്കടവിൽ പാലം നിർമ്മിച്ചത് വലിയ ഒരനുഗ്രഹമായി. ഇതുകൂടാതെ പട്ടാഴി ആറാട്ടു പുഴക്കടവിലും വള്ളിപ്പുറം കടവിലും, കൊച്ചീക്കടവിലും P.W.D കടത്തുകൾ ഉണ്ട്. ആറാട്ടുപുഴയിൽ വാഹനഗതാഗതത്തിനുള്ള സംവിധാനം ഉണ്ടായിരുന്നെങ്കിലും ഉപയോഗശൂന്യമായതിനെത്തുടർന്ന് അതു നിറുത്തലാക്കി. ഫണ്ടുപയോഗിച്ചു വള്ളങ്ങൾ പണി കഴിപ്പിച്ചിട്ടുണ്ട്. കടത്തുജോലിക്കാർക്കു പഞ്ചായത്തിൽ നിന്നും വേതനം നൽകുന്നു. മണൽ വാരൽ മൂലവും മറ്റും കടത്തുകടവിൽ ആളുകൾക്കു വള്ളം ഉപയോഗിക്കു ന്നതിനും, വള്ളങ്ങൾ

അടുക്കുന്നതിനും പ്രയാസം അനുഭവപ്പെടുന്നു. റാംപുകൾ കെട്ടിയും കല്ലുകൾ അടുക്കിയും ഇരുകരകളേയും സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്.

ഊർജ്ജം.

നാടിന്റെപുരോഗതിയിൽ വൈദ്യുതിയുടെ സ്ഥാനം നാം തിരിച്ചറിഞ്ഞത് 1958ലാണ്. നമ്മുടെ നാട്ടിൽ വെളിച്ചം വന്ന വഴിയുടെ തുടക്കം ഇപ്രകാരമാണെന്നു രേഖകൾ വെളിപ്പെടുത്തുന്നു. പട്ടാഴി പഞ്ചായത്തു കമ്മിറ്റിയുടെ 9-12-1958ലെ 207-ാം നമ്പർ തീരുമാനം.

"പട്ടാഴിയിലേക്കു ഇലക്ട്രിസിറ്റി വ്യാപിപ്പിക്കുനടനതിനുള്ള ഒരു സ്കീം ഡിപ്പാർട്ടുമെന്ററിന്റെ പരിഗണനയിൽ ഇരിക്കുന്നതായി അറിയുന്നതിനാൽ ഇത് എത്രയും വേഗം നടപ്പിലാക്കുന്നതിന് ആവശ്യമായ ശ്രമദാനം ചെയ്യാൻ ഈ നാട്ടുകാർ തയ്യാറാണെന്ന് നാട്ടുകാർക്കു വേണ്ടി ഈ പഞ്ചായത്തു ഡിപ്പാർട്ടുമെന്റിനു ഉറപ്പുകൊടുക്കുകയും ഉടൻ തന്നെ ജോലി ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു"

അപ്രകാരം ഇലക്ട്രിക് പോസ്റ്റുകളിട്ട് പണി തുടങ്ങിയപ്പോൾ കമ്മിറ്റിക്കു മറ്റൊരു തീരുമാനം കൂടി എടുക്കേണ്ടിവന്നു.

"കേരള ഇലക്ട്രിക്ക്മസ്റ്റർ റോൾ വർക്കേഴ്സ് യൂണിയനിൽനിന്നും 99-59-ാം നമ്പറായി 22-1-59ൽ അപേക്ഷ കമ്മിറ്റി ചർച്ച ചെയ്യുകയും, പ്രസ്തുത തൊഴിലാളികൾക്കു അവശത വരത്തക്കനിലിൽ ഈ പഞ്ചായത്തിന്റെ ചുമതലയിൽ ശ്രമദാനം ചെയ്യേണ്ടതില്ലെന്നു തീരുമാനിക്കുകയും ചെയ്യുന്നു"

(പട്ടിക പഞ്ചായത്തു കമ്മിറ്റിയുടെ 28-159ലെ 229-ാം നമ്പർ തീരുമാനം)

അങ്ങനെ നമ്മുടെ ശ്രമദാനം ഇല്ലാതെ തന്നെ പണികൾ ആരംഭിച്ചെങ്കിലും, ഇടയ്ക്കുവച്ച് നിർത്തിവച്ച പണികൾ പുനരാരംഭിക്കുവാൻ 24.9.59ൽ കമ്മിറ്റിക്കുവീണ്ടും അഭ്യർത്ഥിക്കേണ്ടിവന്നു. പലഘട്ട ങ്ങളിലായി പട്ടാഴിയുടെ ഒമ്പതു വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട്. പട്ടാഴിയിലെ വൈദ്യുതി ഉപഭോക്താക്കളിൽ അധികവും കുളക്കട സെക്ഷന്റെ കീഴിലാണ് 8.0.9.0 വാർഡുകളിലെ ഉപഭോക്താക്കൾ പത്തനാപുരം, വിളക്കുടി സെക്ഷനുകളും പരിധിയിൽപ്പെടുന്നു. എന്നാൽ ഇനിയും വൈദ്യുതി ലൈൻ എത്തിയട്ടില്ലാത്ത ചില പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. മീനം വാർഡിൽ ഇടവഴിമുതൽ ദേശസേവിനിജംഗ്ഷൽ വരെ 1 കിലോമീറ്റർ ദൂരം 22 വീടുകൾ.

കന്നിമേൽ വാർഡിൽ ലക്ഷംവീടുകോളനിയിലും സമീപപ്രദേശങ്ങളും. മഞ്ഞകാലാവിള, നെടുംപാലോട്ടുഭാഗം. കൊന്നാറക്കൽ ഭാഗം.

മരുതമൺ ഭാഗം. വിരുത്തി മുതൽ മേപ്പറഭാഗം വരെ

തെക്കേതേരി. കാഞ്ഞിരംവിള ജംഗ്ഷൻമുതൽ നരിക്കോട് ഭാഗംവരെയും മുതിരപ്പാറമുതൽ മൊട്ടക്കുന്നുവരെയും.

മാർക്കറ്റ്. പനയനഴികത്തുമേലേഹരിജൻ കോളനിയും സമീപപ്രദേശങ്ങളും.

ഇടമുഴിഭാഗത്ത് മിനിമം ഗാരന്റി വ്യവസ്ഥയിൽ വൈദ്യുതി ലഭിക്കുന്നതിന് 1990 ൽ അപേക്ഷിച്ചിട്ടുണ്ട്. ഈ വർക്കിന് കുളക്കട സെക്ഷനിൽ മുൻഗണനയിൽ ഒന്നാം സ്ഥാനമാണ്.

കലയപുരത്തും പത്തനാപുരത്തും കുടൽ ഉള്ള കെ. വി. സബ്സ്റ്റേഷനുകളിൽ നിന്നാണ് പട്ടാഴി പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്.

പഞ്ചായത്തിലെ നിലവിലുള്ള ഉപഭോക്താക്കളെ ഇങ്ങനെ തരംതിരിക്കാം.

ഗാർഹികം	2299
വ്യാപാരം	510
വ്യാവസായികം	23
കാർഷികം	8

ഗാർഹിക ഉപഭോക്താക്കളിൽ 199 പേർക്കു സൗജന്യമായാണ് വൈദ്യുതി നൽകുന്നത്. ഉപഭോക്താക്കൾക്കു കറന്റുചാർജ് അടയ്ക്കുന്നതിനു ഒരു സബ്ഇൻജിനിയറാഫീസ് പട്ടാഴിയിൽ പ്രവർത്തിക്കുന്നു. ഉപഭോക്താക്കളുടെ എണ്ണവും നമ്മുടെ സാധ്യതകളും കണക്കിലെടുക്കുമ്പോൾ ഒരു അസ്സിസ്റ്റന്റു എഞ്ചിനിയർ ആഫീസ് ഇവിടെ ആവശ്യമാണ്. ഈ ആവശ്യം ഉന്നയിച്ചു 1994ൽ പട്ടാഴി ഗ്രാമോദ്ധാരണ സമിതി നൽകിയ അപേക്ഷ അനുകൂല റിപ്പോർട്ടുകളോടുകൂടി ശുപാർശ ചെയ്തു പോയെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ല.

പഞ്ചായത്തു പ്രദേശത്ത് ട്രാൻസ്ഫോർമറുകളിൽനിന്നാണ് വൈദ്യുതി പ്രസരിപ്പിക്കുന്നത്. വോൾട്ടേജ് ക്ഷാമത്തിനു ഒരളവുവരെ പരിഹാരമായിട്ടുണ്ടെങ്കിലും മീനം എൽ.പി.എസ് ഭാഗത്തും, ഇരുപ്പാക്കുടി കോടിയാട്ടുകുഴി ഇടിക്കരഭാഗത്തും പന്നപ്പാവു മാങ്ങറക്കടവു ഭാഗത്തും മരത്തിനാൽ ജംഗ്ഷനുചുറ്റുവട്ടത്തും, മണ്ണിലഴികം തുണ്ടിൽ ഭാഗത്തും വോൾട്ടേജ് ക്ഷാമം ഇപ്പോഴും അനുഭവപ്പെടുന്നു.

ഇതിൽ മീനം ഭാഗത്തുള്ള വോൾട്ടേജ്ക്ഷാമം പരിഹരിക്കുവാൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് അംഗീകരിച്ചു വന്നിട്ടുണ്ട്. മുരുകൻ കോവിൽ ഭാഗത്തെ വോൾട്ടേജ് ക്ഷാമത്തിന് കോടിയാട്ടു റേഷൻ മുക്കിൽ ഒരു ട്രാൻസ്ഫോർമർ വയ്ക്കാൻ നേരത്തെ അനുമതി അയച്ചിരുന്നെങ്കിലും, അതുലഭിക്കാതെ പോയി. പൂക്കുന്നിൽ അമ്പലം മുതലുള്ള ഭാഗത്ത് സിംഗിൾഫേസ് മാറ്റി ത്രിഫേസ് ആക്കാൻ അനിവാര്യം കാട്ടിയിട്ടുണ്ട്. മെറ്റീരിയൽസു കിട്ടിയാൽ പണി തുടങ്ങുമെന്ന് അറിയുന്നു.

ദർഭ മുതൽ മരത്തുനാൽ ഭാഗം വരെയുള്ള സ്ഥലത്ത് സിംഗിൾ ഫേസ് ത്രീ ഫേസാക്കി ലൈൻ കൺവർട്ടു ചെയ്യാനുള്ള എസ്റ്റിമേറ്റിനും അംഗീകാരം ലഭിച്ചിട്ടുണ്ട്. മെറ്റീരിയൽസു ലഭിക്കുകയാണ് ഇവിടേയും പ്രശ്നം.

താഴത്തുവാക്കുതുണ്ടിൽ ഭാഗത്തുള്ള വോൾട്ടേജ് ക്ഷാമത്തിനും പരിഹാരനടപടികൾ ആരംഭിക്കേണ്ടതായിട്ടുണ്ട്.

പൂക്കുന്നിലിനും പന്ത്രണ്ടേമുറിക്കും ഇടയിലും ആറാട്ടുപുഴ അന്നമൺ ലൈനിലുമുള്ള ചെറിയ ഗ്യാപുകൾക്കും പരിഹാരം ആവശ്യമാണ്.

ഇതുകൂടാതെ E.S.I ജംഗ്ഷനിൽ അനുഭവപ്പെടുന്ന വോൾട്ടേജ് കുറവിനും താമരക്കുടിയിൽനിന്നുള്ള സിംഗിൾ ഫേസ് ത്രീ ഫേസായി കൺവർട്ടു ചെയ്യുന്ന ജോലി ആദ്യവർക്കായി ചെയ്യുമെന്നറിയുന്നു. ഹൈസ്ക്കൂൾ ജംഗ്ഷനിൽ പുന്തല മുതൽ നോങ്ങേലിൽ ഭാഗം വരെയുള്ള ജോലിയും ഉടനെ ആരംഭിക്കും.

വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷ സമർപ്പിച്ചു കാത്തിരിക്കുന്നവരിൽ 132 സാധാരണ അപേക്ഷകരുണ്ട്. O.T.Pയിൽ 15 പേർക്കും OYEC യിൽ 24 പേർക്കും കണക്ഷൻ ലഭിച്ചിട്ടില്ല.

പട്ടാഴി പഞ്ചായത്തു പ്രദേശത്തു 552ബൾബുകളും 58 ട്യൂബുകളും ആണ് സ്ട്രീറ്റ് ലൈറ്റിനു വേണ്ടി ഉപയോഗിക്കുന്നത്. പ്രതിമാസം 7693 രൂപാ സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പഞ്ചായത്തിൽ നിന്നും കറന്റ് ചാർജ് അടയ്ക്കുന്നുണ്ട്.

താഴെപറയുന്ന ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

1. പൂക്കുന്നിമല
2. അടയ്ക്കാമരക്കുഴി
3. കോളൂർപ്പുറം
4. മേപ്പാലംകുന്ന്
5. ചാർത്തുകുഴി

ഈ വർഷം 16 ഓർഡിനറി കണക്ഷൻ നൽകിയപ്പോൾ O T P യിൽ 4-ം OYECയിൽ 63ം കണക്ഷനുകൾ നൽകിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1. വൈദ്യുതി കണക്ഷനു വേണ്ടിനീണ്ട കാത്തിരിപ്പു വേണ്ടിവരുന്നു. സാധാരണ അപേക്ഷകരിൽ 1432 പേർ കാത്തിരിക്കുന്നു. OTP യിൽ 15 പേരും OYEC യിൽ പെട്ടവർക്കാണെന്നു കാണുമ്പോൾ, സാധരണ അപേക്ഷകർക്കു നീണ്ട കാത്തിരിപ്പു തന്നെ. വേണ്ടി വരും.
2. ട്രാൻസ്ഫോർമറുകൾ മാറ്റിയും ലൈനുകൾ കൺവർട്ടുചെയ്തും വോൾട്ടേജു ക്ഷാമം പരിഹരിക്കാൻ 6 ജോലികൾ മെറ്റീരിയൽസിന്റെ അഭാവത്താൽ അവശേഷിക്കുന്നു.
3. സമയാസമയങ്ങളിൽ മീറ്റർ റീഡിംഗ് നടത്താനുള്ളതു മൂലം ഉപഭോക്താക്കൾക്കു നിജസ്ഥിതി മനസ്സിലാക്കാൻ പ്രയാസം അനുഭവപ്പെടുന്നു.
4. 1990-ൽ മിനിമം ഗ്യാരണ്ടി വെച്ചതും കുളക്കട സെക്ഷനിൽ ഒന്നാമതായി പരിഗണിക്കേണ്ടതുമായ ഇടമുവ ലൈനിന്റെ വൈദ്യുതീകരണം പോലും എന്നു നടക്കുമെന്നു വ്യക്തമാക്കാൻ അധികൃതർക്കു കഴിയുന്നില്ല. മെറ്റീരിയ ൽസിന്റെ അഭാവം അക്ഷന്തമ്യമായ കാലതാമസത്തിനും വഴിയോരുക്കുന്നു.
5. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനും ഗ്രാമസഭകളിൽ നിന്നു വന്നിട്ടുള്ള നിർദ്ദേസം പരിഗണിക്കാൻ, പഞ്ചാ യത്തിന്റെ സാമ്പത്തീക സ്ഥിതി അനുവദിക്കുന്നില്ല.
6. വൈദ്യുതിയുടെ പ്രസരണത്തിനും ലൈൻ വലിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന സാമഗ്രികൾ പലപ്പോഴും ഉപേക്ഷിക്കപ്പെട്ട നിലയിൽഅവിടവിടെ കിടന്നു നഷ്ടപ്പെടുന്നു
7. കറണ്ടു മോഷണം നടത്തുന്നവരേയും കണക്കില്ലാതെ അമിത വൈദ്യുതി ഉപയോഗിക്കുന്നവരേയും കണ്ടു പിടിക്കാൻ സംവിധാനമില്ല. ഈ നഷ്ടത്തിൽ കൂട്ടുനില്ക്കുന്നവരെ കർശനമായി ശിക്ഷിക്കേണ്ടതാണ്.

8. നിലവിലുള്ളകൊട്ടാരക്കര, പത്തനാപുരം സബ്സ്റ്റേഷനുകളിൽനിന്നു യഥാക്രമം 15,17 കിലോമീറ്റർ ദൂരത്തിലാണ് പട്ടാഴിപ്രദേശം സ്ഥിതി ചെയ്യുന്നത്. 11 K.V ലൈനുകളിൽ ഉണ്ടാകുന്ന പ്രസരണ നഷ്ടമാണ് വോൾട്ടേജു കുറവിനു പ്രധാന കാരണം. പട്ടാഴി പ്രദേശത്തു ഒരു 110 K.V സബ്സ്റ്റേഷൻ സ്ഥാപിച്ചു ആ പ്രശ്നത്തിനു പരിഹാരം കാണാം.

വൈദ്യുതിയുടെ പ്രസരണ നഷ്ടം, വീടുകളിലെ കറന്റിന്റെ ദുരുപയോഗം ഇവതടയുവാനും അപകടങ്ങൾ ഇല്ലാതാക്കുവാനും വൈദ്യുതിബോർഡിന്റെ സഹായത്തോടെ ബോധവൽകരണ ക്യമ്പുപകൾ നടത്തണം. വൈദ്യുതി ബോർഡിലെ ജീവനക്കാരും ഉപഭോക്താക്കളും തമ്മിൽ നല്ല ബന്ധംസ്ഥാപിക്കാനും തെറ്റിദ്ധാരണകൾ ഒഴിവാക്കാനും ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിനു വിറകാണ് ഉപയോഗിച്ചുവന്നിരുന്നതെങ്കിലും ഈയിടെയായി മണ്ണെണ്ണ ഉപയോഗിച്ചുള്ള സ്റ്റൗവുകളും, ഗ്യാസ് അടുപ്പുകളും പലേടങ്ങളിലും ഉപയോഗിച്ചുതുടങ്ങിയിട്ടുണ്ട്. വൈദ്യുതി ഉപയോഗിച്ചുള്ള പമ്പുസെറ്റുകളും ഹീറ്ററുകളും പ്രവർത്തിപഅക്കുന്നവരും കുറവല്ല.

പുകയില്ലാത്ത അടുപ്പുകൾ കുറവായേ ഇവിടെ ഉപയോഗിക്കപ്പെടുന്നുള്ളു. സോളാർ വിളക്കുകളെ പറ്റി വലിയ അറിവൊന്നും ആ ഈ പ്രദേശത്തില്ല. പഞ്ചായത്തിന്റെ മുൻകൈയ്യോടുകൂടി അനർട്ടിന്റെ സഹായം ഉപയോഗപ്പെടുത്തി പുകയില്ലാത്ത അടുപപുകളെപറ്റി ബോധവത്കരണം നടത്തേണ്ടതുണ്ട്. വിറകിന്റെ ഉപയോഗം വർദ്ധിച്ചു വരുന്നതുമൂലം വിറകിനു ക്ഷാമവും വിലവർദ്ധനയുംഅനുഭവപ്പെടുന്നു. ഇടത്തരക്കാരുംസ, പാവപ്പെട്ടവരും ക്ലിപ്തവരുമാനക്കാരും ഇതുമൂലം വല്ലാത്ത ബുദ്ധിമുട്ടനുഭവിക്കുന്നു.

മാർക്കറ്റ്.

നമ്മുടെ പഞ്ചായത്തിലെ പ്രധാന മാർക്കറ്റ് എന്നാണ് തുടങ്ങിയതെന്നു വ്യക്തമായ വിവരങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞിട്ടില്ല. ഏതായാലും വില്ലേജ് അപ്ലിഫ്റ്റ്കമ്മറ്റിയുടെ കാലത്തു തന്നെ മാർക്കറ്റു നിലവിലുണ്ടായിരുന്നതായി കാണാം.

നമ്മുടെ നാട്ടിലെ കാർഷിക വിഭവങ്ങൾ വിപണനത്തിനെത്തിയിരുന്നത് പട്ടാഴി മാർക്കറ്റിൽ മാത്രമായിരുന്നില്ല. പ്രസിദ്ധമായ പറക്കോട്, കലയപുരം മാർക്കറ്റുകളിൽ നല്ലൊരു പങ്ക് കാർഷിക വിഭവങ്ങൾ തലച്ചുമടായും കാളവണ്ടിയിൽ കയറ്റിയും കൊണ്ടുപോയിരുന്നു. ഇന്നും വാഴക്കുല കുരുമുളക്,ഇഞ്ചി, കശുവണ്ടി, വെറ്റില, അടയ്ക്കാ തുടങ്ങിയ ഉല്പന്നങ്ങൾ വൻതോതിൽ മേല്പറഞ്ഞ മാർക്കറ്റുകളിലേക്കു ഒഴുകുന്നുണ്ട്.

ഉപഭക്ഷ്യവിളയായിരുന്ന മരച്ചീനിയും ചേന,കാച്ചിൽ, ചേമ്പു, നാളികേരം പച്ചക്കറികൾ തുടങ്ങിയ ഉല്പന്നങ്ങളും നമ്മുടെ മാർക്കറ്റിൽ സുലഭമായി കിട്ടുന്ന ഒരു കാലം ഉണ്ടായിരുന്നു. കടപ്പുറത്തുനിന്നും തലച്ചുമടായും സൈക്കിളിലുമായി മത്സ്യം എത്തുമ്പോഴേക്കും ഉച്ചസമയം കഴിഞ്ഞിരിക്കും. അപ്പോഴാണു ചന്ത ഉഷാറാവുക.

എന്നാൽ ഇപ്പോൾ ചന്തയുടെഅ രൂപഭാവങ്ങളിലും അവിടെ എത്തുന്ന ഉല്പന്നങ്ങളുടെ കാര്യത്തിലും വൻപിച്ച മാറ്റം സംഭവിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽനിന്നുമെത്തുന്ന മലക്കറിയാണ് ഇന്ന് മാർക്കറ്റിലെ പ്രധാന വില്പന വസ്തു. മത്സ്യം ഇപ്പോൾ രാവിലെതന്നെ എത്തുന്നു. പണ്ടു കാലത്തു ചന്ത തുടങ്ങാൻ ഉച്ചകഴിയുമായിരുന്നെങ്കിൽ ഇപ്പോൾ ഉച്ചയാവു മ്പോഴേക്കും ചന്തകഴിഞ്ഞിരിക്കും. ചന്തക്കു വിശാലമായ ഒരു ഗ്രൗണ്ട് ഇപ്പോഴുമുണ്ട്. 1959 ൽ ഗ്രൗണ്ടിന്റെ കിഴക്കു ഭാഗത്തു പണികഴിപ്പിച്ചിട്ടുള്ള ഫിഷ് സ്റ്റാൾ മത്സ്യവ്യാപാരികൾ ഉപയോഗപ്പെടുത്തിന്നില്ല. ഇറച്ചി വ്യാപാരത്തിനു പ്രത്യേക സ്റ്റാൾ കെട്ടിയിട്ടുണ്ട്.

ബുധനും ശനിയുമാണ് ചന്തദിവസങ്ങൾ 1972ൽ പട്ടാഴിമാർക്കറ്റിൽ റോഡിനഭിമുഖമായി വടക്കുകു പടിഞ്ഞാറെ ഭാഗത്തു 5 മുറികളുള്ള ഒരു സ്റ്റാൾ പണികഴിപ്പിച്ചു. 14-8-72ൽ 4 മുറികൾ ലേലം ചെയ്തു വാടകയ്ക്കു കൊടുത്തു. ഒരു മുറി വെയിറ്റിംഗ് ഷെഡ്ഡായി ഉപയോഗിച്ചു വരുന്നു. റൂറൽ ഡവലപ് മെൻറിന്റെ വായ്പ ഉപയോഗിച്ചു മാർക്കറ്റിന്റെ തെക്കു വശത്തായി റോഡു സൈഡിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചിട്ടുണ്ട്. ഇതിന്റെ താഴത്തെ മുറികൾ വാടകയ്ക്കു ലേലം ചെയ്തു കൊടുത്തിട്ടുണ്ട്. മുകളിൽ ഒരു ഭാഗത്തുരജിസ്റ്റർ കച്ചേരിയും തെക്കു ഭാഗത്തായിഹോമിയോ ആശുപത്രിയും പ്രവർത്തിക്കുന്നു. ഹോമിയോ ആശുപത്രിക്കു വാടക ഈടാക്കുന്നില്ല. രജിസ്റ്റർ കച്ചേരിക്കു വാടക നിശ്ചയിച്ചു കിട്ടിയിട്ടില്ല. പട്ടാഴി ആറാട്ടുപുഴയിൽ മുൻപു നല്ല നിലയിൽ ഒരു അന്തിചന്ത പ്രവർത്തിച്ചിരുന്നു. സ്ഥലം ലഭ്യമല്ലാതെ വന്നപ്പോൾ അതു നിലച്ചു. അന്തിചന്ത പുന:സ്ഥാപിക്കണ മെന്ന ആ ഭാഗത്തെ ഗ്രാമസഭയിൽ ആവശ്യം ഉയർന്നിട്ടുണ്ട്.

കർഷക പ്രധാനമായ നമ്മുടെ നാട്ടിൽ പണ്ടുകാലത്ത് ഒരുകാളചന്ത നടന്നിരുന്നു. അതു പുനരുജ്ജീവിപ്പിക്കാൻ പഞ്ചായത്തുമെമ്പർ കൂടിയായിരുന്ന പരേതനായ ശ്രീ. വരൂർ രാമനുണ്ണിത്താൻ സ്വന്തം സ്ഥലം നല്കി കൊണ്ട് ശ്രമിച്ചെങ്കിലും ദീർഘനാൾ നിലനിന്നില്ല.

പ്രശ്നങ്ങൾ

1. നമ്മുടെ നാട്ടിൽ നിന്നും അന്യനാട്ടിലെ മാർക്കറ്റിലേക്കുള്ള ഉല്പന്നങ്ങളുടെ ഒഴുക്കു നമ്മുടെ മാർക്കറ്റിന്റെ പുരോഗതിക്കുതടസ്സമാകുന്നു.
2. പത്തനാപുരം, കലയപുരം മാർക്കറ്റുകളുടെ ദിവസം തന്നെയാണ് ഇവിടുത്തെ മാ2ക്കറ്റന്റേയും ദിവസങ്ങൾ. തന്മൂലം നമ്മുടെ കാർഷിക ഉല്പന്നങ്ങൾ വാങ്ങാനുള്ള വ്യാപാരികളെ ഇങ്ങോട്ടാകർഷിക്കാൻ കഴിയുന്നില്ല.
3. ഫിഷ് സ്റ്റാളുകൾ ഉപയോഗിക്കാതെ കിടക്കുന്നു
4. പട്ടാഴിമാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ലക്സ് പഞ്ചായത്തിനു ഒരുഉബാധ്യതയായി തീർന്നിരിക്കുന്നു. 21 ലക്ഷം രൂപാ ഇപ്പോൾ തന്നെ അടച്ചു തീർക്കാനുണ്ട്. കോംപ്ലക്സിന്റെ പണികൾ തൃപ്തികരമായിരുന്നില്ല.
5. മാർക്കറ്റിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നു.

പരിഹാരങ്ങൾ

1. നമ്മുടെ നാട്ടിലെ കാർഷീക വിഭവങ്ങൾക്കു പട്ടാഴി മാർക്കറ്റു തന്നെ വവിപണിയായി തീരത്തക്ക വിധത്തിൽ വ്യാപകമായ പ്രചരണ് നടത്തിവ്യാപാരികളെ ഇങ്ങോട്ടാകർഷിക്കണം.
2. ചന്തദിനങ്ങളിൽ മാറ്റം വരുത്തുന്നകാര്യം ആലോചിക്കേണ്ടതാണ്.
3. ഫിഷ്സ്റ്റാളുകൾ മത്സ്യകച്ചവടത്തിനായി ഉപയോഗിക്കാൻ കർശനമായി നിർദ്ദേശിക്കണം. ഫിഷ് സ്റ്റാളിന്റെ സൗകര്യങ്ങളിൽ ഏതെങ്കിലും കൂടുതലായി ഏർപ്പെടുത്തണമെങ്കിൽ അത് ചെയ്തു കൊടുക്കണം.
4. ഷിപ്പിംഗ് കോംപ്ലക്സിന്റെ മുൻവശത്തിള റോഡിന്റെ നിരപ്പു P W D യുമായി ബന്ധപ്പെട്ടു ഉയർത്തുകയും കെട്ടിടത്തിന്റെ മുറ്റം ആകർഷകമാക്കുകയും വേണം.
5. പച്ചക്കറി കാർഷിക വിഭവങ്ങൾ ഇവക്കു പ്രത്യേക സ്ഥലനിർണ്ണയം നടത്തണം
6. വാഹനങ്ങളുടെ പാർക്കിംഗ് മാർക്കറ്റിന്റെ പ്രവർത്തനത്തിനു ദോഷകരമല്ലാത്ത വിധത്തിൽ മാറ്റി ഏർപെടുത്തണം. ബസ്സ്റ്റോപ്പു മാറ്റി സ്ഥാപിക്കണം
7. മാർക്കറ്റിന്റെ വടക്കുപടിഞ്ഞാറു നില്ക്കുന്ന പഴയസ്റ്റാൾ കെട്ടിടത്തോടു ചേർന്നു കിഴക്കുവശത്ത് ചനത ക്കഭിമുഖമായി ടിൻഷീറ്റു മേഞ്ഞ സ്റ്റാളുകൾ നിർമ്മിച്ചു നൽകണം.
8. തെക്കു വശത്തുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ കിഴക്കു വശത്തുല്ല സ്റ്റാളുകൾക്കഭിമുഖമായി കിഴക്കുവശത്തുനിന്നും സെമിപെർനന്റ് സ്റ്റാളുകൾ പണിയുകയും അവയ്ക്കുമുകളിൽ ഫൈബർ മേച്ചിൽ ഏർപ്പെടുത്തുകയും ചെയ്താൽ മഴക്കാലത്തും ചന്തക്കു തടസ്സമാകാതെയിരിക്കും. ഇവിടെ മലക്കറി, മറ്റുല്പന്നങ്ങൾ ഇവയ്ക്കുല്ല പ്രത്യേക കോർണ്ണറായി ഉപയോഗപ്പെടുത്തണം. മാർക്കറ്റിംഗമ ശാസ്ത്രീയമായ ഒരു പുനസംവിധാനം ആവശ്യമാണ്.
9. മാർക്കറ്റ് വൃത്തിയായി സൂക്ഷിക്കുകയാമ പരമപ്രധാനം. ചന്തദിവസങ്ങൾ കൂടാതെ ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം കൂടി ചന്ത തൂക്കുന്നതിനും ചപ്പുചവറുകൾ വീണും വെള്ളം കെട്ടികിടന്നും വൃത്തികേടാകാതെ ശ്രമിക്കുന്നതിനും സംവിധാനം ഉണ്ടാകണം.
10. ഫിഷ്സ്റ്റാളുകളിൽ നിന്നുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും, ഇറച്ചി വില്പനശാലയിൽ അവശിഷ്ടങ്ങൾ കിടന്നു ദുർഗന്ധമുണ്ടാകാതെ സൂക്ഷിക്കുന്നതിനും കർശനമായ നടപടികൾ സ്വീകരിക്കണം. സ്ലോട്ടർ ഹൗസ് സ്ഥാപിച്ചു കശാപ്പുനടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും വേണം.
11. അനാഥരുടെ താവളമോ, സാമൂഹ്യവിരുദ്ധരുടെ വിഹാരകേന്ദ്രമായോ മാറാതിരിക്കാൻ മാർക്കറ്റിനു ചുറ്റുമതിൽ കെട്ടണം. ചന്തയുടെ വടക്കുവശത്തു കിഴക്കു പടിഞ്ഞാറു ഭാഗങ്ങളിൽ റോഡിനും ചന്തക്കും അഭിമുഖമായി ഒരു സ്റ്റാൾ നിർമ്മിച്ചാൽ ഒരു മതിലിന്റെ സഹായമില്ലാതെ ആ വശത്തു അടവു വരുത്താം.
12. മാർക്കറ്റിലെ ട്രാഫിക് സംവിധാനത്തിനു വിദഗ്ദരുമായി ആലോചിച്ചു മാറ്റം വരുത്തേണ്ടതാണ്. തിരക്കേറിയ വാഹനഗതാഗതത്തിനും ബൈപാസുകൾ നിർമ്മിച്ചു പരിഹാരമുണ്ടാക്കണം. പാറക്കാട്ടുമുക്കിൽ നിന്നു കാട്ടിഴകി വഴി പനയനത്തോ ഷോപപഇംഗ് കോപ്ലക്സിന്റെ തെക്കുവശത്തൊ ഇറങ്ങുവാനുള്ള വഴി സൗകര്യം ലഭിച്ചാൽ മാർക്കറ്റിലെ വാഹനക്കുരുക്കിനു പരിഹാരമാവും.
13. ചന്തദിവസങ്ങളിൽ മാത്രം വ്യാപാരത്തിനു എത്തുന്ന വ്യാപാരികളെക്കൂടി നികുതിയുടെ പരിധിയിൽപ്പെടുത്താൻ ചന്ത ലേലത്തിൽ നിന്നുള്ള വരുമാനം വർദ്ധിക്കും.
14. സാനിറ്റേഷൻ സൗകര്യങ്ങൾ ഒട്ടും തന്നെയില്ലാത്ത മാർക്കറ്റിൽ മൂത്രപുരയും കക്കുസും നിർമഇഇച്ചു അതു വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള ചുമതലകൂടി ചന്തയിലെ തൂപ്പുജോലിക്കു നിയോഗിക്കപ്പെടുന്ന (കോൺട്രാക്ടി സ്ഥാനത്തിലായാലും) ഏല്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.
15. ആറാട്ടുപുഴയിൽ ഒരു അന്തിചന്തക്കു സ്ഥലം കണ്ടെത്തി അന്തിചന്ത തുടങ്ങണം. ഇരുപ്പാക്കുഴിയിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു അന്തിചന്ത തുടങ്ങണം.

അടിയന്തിരമായി ടാർ ചെയ്യേണ്ട റോഡുകൾ

	റോഡുകളുടെ പേര്	നീളം	വീതി	വാർഡ്	മറ്റു വിവരങ്ങൾ
1	പുളിവിള-മയിലാടും പാറ	2.450	8	IX	രണ്ടു പഞ്ചായത്തുകളെയും രണ്ടു PWD റോഡുകളേയും യോജിപ്പിക്കുന്നു
2	പനയനം-കോടിയാട്ടുകുഴി പന്തപ്ലാവ്	2.500	6	VII	
3	മരുരാമൺഭാഗം-മുക്കുട്ടുമണ്ണ്	2.300	6	II	
4	ദർഭ, നരിക്കോട്, പഞ്ചായത്ത് അതിര്		0.700	8	III
5	പേരൂർ ജംഗ്ഷൻ to റേഡിയോ കിയോസ്ക്കാ		1.800	6	IV
6	കോടിയാട്ടുകുഴി ഇരുപ്പാക്കുഴി കുരിശടി	1.150	6	VII-VIII	
7	മേചലകുന്ന് I.H.D.P. കോളനി റോഡ് മുതിരപാറ		0.800	6	IV
8	കൊല്ലൻപറമ്പ്, കല്ലൂർക്കടവ്	1-000	6	V	
9	ദേശസേവിതി to മാങ്ങാറക്കടവ്			6	V
10	വടക്കേക്കര Jn to കൃഷിഭവൻ മലങ്കാവ്		1.000	5	IV
11	പാറക്കാട് ജംഗ്ഷൻ-മാർക്കറ്റ്	400	4	VI	
12	ആറാട്ടുപുഴ to മണക്കുന്നിൽ കടവ്	1.000	5	I	

വീതിക്കൂട്ടി ഉദ്ധാരണപ്പണികൾ നടത്തി ടാർചെയ്ത് ഗതാഗത യോഗ്യമാക്കേണ്ടവ

					വാർഡ്
1	പെരുമ്പലം ജംഗ് to കൊന്നമൺ കടവ്		600	5	താഴത്തുവടക്ക്
2	ആറാട്ടുപുഴ തുണ്ടിൽ, മുടിപാറ ജംഗ്ഷൻ	2.500	5		താഴത്തുവടക്ക്
3	ഗവൺമെന്റ് ഹോസ്പിറ്റൽ കൊന്നക്കാട്ടു ജംഗ്ഷൻ to കാഞ്ഞിരംവിള				മരുരാമൺഭാഗം
4	ലക്ഷംവീട് to ആലന്ദൂർ ഏലാ		900	4	മരുരാമൺഭാഗം
5	കോളൂർ ജംഗ്ഷൻ to കോടിയാട്ട്	750	4		തെക്കേത്തേരി
6	മുളട്ടുമണ്ണ് to തെക്കേത്തേരി L.P.S.	2.200	6		തെക്കേത്തേരി
7	മാത്തിയോട് ജംഗ്ഷൻ to ആശുപത്രി ജംഗ്ഷൻ	1.000	5		നടുത്തേരി
8	പുന്തല ജംഗ്ഷൻ to പാലമൂട്			5	നടുത്തേരി
9	നെട്ടൂർ ജംഗ്ഷൻ to തുണ്ടത്തിൽ	1.200	4.5		മിനം
10	മാർക്കറ്റ് Jn പേഴുംകാല ജംഗ്ഷൻ	650	4		മാർക്കറ്റ്
11	N.S.S. ജംഗ്ഷൻ to ഇരുപ്പാക്കുഴി				കണിമേൽ
12	E.S.I. ജംഗ്ഷൻ to നീർക്കുഴി		5		കണിമേൽ
13	കോളൂർ ജംഗ്ഷൻ to കോടിയാട്ട്				കണിമേൽ
14	V.V.L.P.S. Jn to കലയപുരം				പന്തപ്ലാവ്
15	പരുവപാറ, ഇരുപ്പാകുഴി				പന്തപ്ലാവ്
16	മൂർത്തിവിള to കലയപുരം	1260	8		കുഞ്ഞയം
17	ഗുരുമന്ദിരം to ചെറുകുളത്ത്കടവ്				കുഞ്ഞയം
18	പുളിവിള to പ്ലാക്കോട്ട്, ഗുരുമന്ദിരം				കുഞ്ഞയം

നിലവിലുള്ള പഞ്ചായത്തുറോഡുകൾ സഞ്ചാരയോഗ്യമാക്കേണ്ടവ

1	വെള്ളാറ ഏലാ to കൊന്നക്കാട്ടുകടവ് (ശാഖ ഉൾപ്പെടെ)	1.100	3.5	
2	മുസ്ലീംപള്ളി to മുടിപ്പുര (ശാഖ ഉൾപ്പെടെ)	1.500	3	
3	ആറാട്ടുപുഴ to കൊന്നക്കാട്	950	4	
4	പുത്തൻവീട്ടിൽ to മണ്ണൂർ ഏല		750	3.5

	(ശാഖ ആറ്റൂർ ജംഗ്ഷൻ കൊല്ലായിൽ)			
5	ഇളംതോട്ടം to വെട്ടിമുറ്റത്ത് കോയിപ്പുറം		800	3.5
6	കോലുവേലിൽ to മണ്ണൂർ ഏലാ കെല്ലായിൽ	300	6	
7	വേളൂർ to അയണിമൂട്ടിൽപടി	200	3	
8	ആലുംമൂട്ടിൽ to മണ്ണൂർ ഏലാ		200	4
9	കൊരങ്ങിപള്ളി to മണ്ണൂർ ഏലാ		200	3
10	കോല്ലന്റെ കിഴക്കേതിൽ to പത്തായിത്തിങ്കൽ	1.000	3.5	
11	വിളയിൽ ജംഗ്ഷൻ to പാറക്കടവ്			
12	വിളയിൽ ജംഗ്ഷൻ-ാലപ്പുറത്ത് മഠം (ശാഖകൾ ചേർന്ന്)	1.000	3.5	
13	വലമ്പറത്ത് കടവ്-നെടിയകാല തച്ചിരേത്ത്പടി, കണിയാരയ്യത്ത്		1.500	3.5
14	ബംഗ്ലാവിൽ ജംഗ്ഷൻ-ചാപ്പൽ (ശാഖകൾ ഉൾപ്പെടെ)		900	3.5
15	എളംകുളം ഏലാ-മണക്കുന്നിൽകടവ് (ശാഖ ഉൾപ്പെടെ)	1.000	4	
16	പുളിമൂട്ടിൽ-കാവുംപാട്ട് കടവ്	120	4	
വാർഡ് 2				
1	വേലംപറമ്പിൽ to പുതിയവീട്ടിൽപടി (ശാഖകൾ ഉൾപ്പെടെ)	760	4	
2	ആനമറിക്കുന്നത്ത് to കുരാ ഏലാ	950	4.5	
3	ആര്യക്കോട്ട് ഏലാ to എരമത്ത്പടി	1020	4.5	
4	ആലന്തൂർ ഏലാ to കോയിപ്പുറം	450	3.5	
5	നിരപ്പിൽ ജംഗ്ഷൻ to മേലാഏല	420	3.5	
6	പുളിക്കൽ ജംഗ്ഷൻ to കുളപ്പള്ളിൽകടവ്	150	3.5	
7	വൈദ്യശാല to ആലന്തൂർഏല		240	3.5
8	പ്ലാവിറ ജംഗ്ഷൻ to ഇടമേൽഏല	390	3.5	
9	പ്ലാവിള ജംഗ്ഷൻ to വിരുത്തിഏല	530	3.5	
10	തെക്കേത്തേരി L.P.S. Jn. പുതിയവീട്ടിൽപടി	580	4	
11	കൊച്ചുവിള Jn to ഇടമേൽ ഏല		1050	3.5
12	വെള്ളറ ഏല. to പൂവക്കോട്	680	4	
13	ഇലഞ്ഞിക്കൽ Jn to തൂക്കുപാലേശ്വരം	1650	4	
14	വിരുത്തി ജംഗ്ഷൻ to മഠത്തേലിക്കടവ്	900	4	
15	എലംപറമ്പിൽമുക്ക് to പുതിയവീട്ടിൽ	600	4	
16	നെക്കെത്തേരി L.P.S. to ലക്ഷംവീട് കോളനി	700	4	
17	നിരപ്പിൻമുക്ക് to പാറവിളമുക്ക് ശാഖാറോഡ് ഉൾപ്പെടെ		700	4
18	തെക്കെത്തേരി UPS to പൂവക്കോട്ട് ഏല	400	4	
19	വിരുത്തി ജംഗ്ഷൻ to പഞ്ചായത്ത് ശാഖ ഉൾപ്പെടെ	900	4	
20	പുളിക്കൽ Jn-കൊടിയാക്കടവ്		500	4
വാർഡ് 3				
1	തടത്തിൽ Jn to മരത്തിനാൽ	1030	5	
3	ആര്യക്കോട് എലാ to 1 PC faithHome		1600	5
4	മുക്കൂട്ടുമണ്ണിൽ to ലക്ഷംവീട്	1660	6	
5	കാഞ്ഞിരംവിള to മേലാ ഏല		570	35
6	കാഞ്ഞിരംവിള to തെന്നാറ്റൂർ എല ശാഖഉൾപ്പെടെ	1340	4	
7	കോടിയാട്ട് Jn to എറ്റിയോട്	875	4.5	
8	ഏറ്റിയോട് Jn to വൈക്കംവഴി തീർക്കുഴി		440	4
9	നീർക്കുഴി to ഇഞ്ചക്കുഴി		1200	3.5
10	ദർദ ജംഗ്ഷൻ to ആലുവിള	650	3.5	
11	ഇഞ്ചക്കുഴിമുക്ക് മരുത്തൂർ	1815	4	
12	പനന്തോട്ടത്തുമുക്ക്, ബംഗ്ലാവ്മുക്ക് to ആര്യക്കേട്ട് എല	1100	4	
13	കാഞ്ഞിരംവിള to ഇലഞ്ഞിക്കൽ		1000	.5
വാർഡ് 4				

1	കുളക്കുടി ഏലാ ആശുപത്രി ജംഗ്ഷൻ to പത്തായത്തിൽ കര	980	5	
2	വടക്കേക്കര ജംഗ്ഷൻ to തുണ്ടത്തിൽ ജംഗ്ഷൻ 400	4		
3	മുതിരപ്പാറ Jn to റേഡിയോകോഡ്	980	4.5	
4	എണ്ണക്കൽ Jn to തോണ്ടലിൽ Jn ശാഖ ഉൾപ്പെടെ	450	4	
5	വരിക്കപ്ലാംമൂട് to അഞ്ചരങ്ങി Jn	260	4	
6	മണ്ണൂർ ഏലാ to ചിറത്താഴെ ഏല	200	3.5	
7	മാത്തിയോട്ട് Jn to ആശുപത്രി Jn ശാഖ ഉൾപ്പെടെ	1000	4.5	
8	പുതിയവീട്ടിൽ എല to കൊല്ലായിമെലെ		500	4
9	റേഡിയോകോസ് to ചിറത്താഴവയൽ	500	4	
10	കൊല്ലായി ഏല നീലം കുന്നത്ത് ശാഖ ഉൾപ്പെടെ	600	4	
11	അമ്പലം Jn. തുണ്ടത്തിൽ	1100	4	
വാർഡ് 5				
1	മീനം LPS-കീഴൂട്ടുകടവ് (ശാഖ)		685	4
2	നെട്ടൂർ-കുളക്കുടി (ശാഖ)	1.000	4	
3	മിനം LPS-താഴേക്കുഴിവേലിൽ		750	5
4	മിനം LPS-മുതിരക്കാലാ കടവ്		620	4
5	കേരളമംഗലം-കുളക്കുടി ഏല	510	4	
6	പയനുംമൂട്-കല്ലൂർകടവ്		900	4.5
7	കൊട്ടറ Jun to മങ്ങന്നൂർകടവ്		700	3.5
8	ചെറുവേലിൽ-കടപുഴകടവ്	550	3.5	
9	കൊട്ടറ-കിഴക്കേക്കര		300	3.5
10	പുന്തല ജംഗ്ഷൻ-ദേശസേവിനി, ഇടമൂഴി	500	3.5	
11	പെരുന്തോട്ടത്തിൽമൂഴി (ശാഖ 3)	720	4.5	
12	കുമ്പഴ-കുറക്കോണത്ത് ഏല	90	30	
13	കേരളമംഗലം-തേലുവേലിക്കടവ്		370	4
14	വെട്ടിയറ-കുറകോണത്ത് ഏല	100	3.5	
15	അരിപ്പാട്ടു വൈദ്യശാല-മങ്ങനൂർകടവ് (ശാഖ)	435	4	
16	മേലൂട്ട്-കുളക്കുട്ടി ഏല		200	
17	പയനുംമൂട് ഏല-ഏറന്തൂർ ഏല		170	4
18	കോയിക്കൽ-തലാപ്പിൽ കടവ്	150	4	
വാർഡ് 6				
1	പനയ്നഴികത്ത്-പുലിക്കുന്നുമല		200	3
2	കുറ്റിയിൽ-പനയനഴികത്ത്	500		
3	കുളക്കുടിഏലാ-അണക്കത്ത് (ശാകാ റോഡുകൾ)	800		
4	പുതുവേലിൽ-കൊണാക്കൽ ഏല			
5	കുറ്റിവേലിൽ-മുഞ്ഞക്കര ഏലാ		180	3
6	തോങ്ങാലിൽ-കോട്ടൂർ ഏലി			
7	കോടിയാട്ടുകുഴി-മുഞ്ഞക്കര ഏലാ	600	5	
8	പട്ടാണിയഴികത്ത്-പുന്തല			
9	കുഴിയിൽ ഹരിജൻകോളനി-മാർക്കറ്റ്			
10	ചരുവിള-പാറക്കടവ്			
11	ദേശസേവിനി-കൊന്നാറയ്കകൽ			
12	വിളയിൽമുക്ക്-കാവുങ്കൽ			
വാർഡ് 7				
1	പാവക്കോട്-ശരണംമുകൾ			
2	പാവക്കോട്-നെടുമ്പാലോട്ട് ഏലാ	470	4	
3	വെൽഫെയർസ്ക്കൂൾ-മുളട്ടുമണ്ണിൽ	870	3.5	
4	പാവക്കോട്-ശരണംമുകൾ, കടുവാക്കുഴി	470	4	
5	കടുവാക്കുഴി-മുട്ടോട്ട്	420	4	
6	മൂലത്തുണ്ടിൽ-ഇരുപ്പനക്കുഴി-(ശാഖ)	1000	5	
7	പാലാറക്കുഴി-അടയ്ക്കാമരക്കുഴി		330	3.5
8	കോടിയാട്ടുകുഴി-പള്ളിമുക്ക്	350	5	

9	ഏറ്റിയോട്-പരുത്തിപ്പാറ (ശാഖ 2)	1100	4.5	
10	കോടിയാട്ടുകുഴി-പുന്തല ഏല	1240		
11	N.S.S.എസ്റ്റേറ്റ്-അമ്പലനിരപ്പ്		550	4
12	കോടിയാട്ടു ജംഗ്ഷൻ-പരുത്തൂർ		1100	
വാർഡ് 8				
1	V.V. LPS to കലയപുരം Jn	1450	5	
2	ഹെൽത്ത് സെന്റർ to പൂക്കുന്നുമല (മലങ്കാവ് Jn) ഹരിജൻകോളനി		750	4
3	പന്ത്രണ്ടുമുറി ജംഗ്ഷൻ to നെടിയവിള ജംഗ്ഷൻ	840	4	
4	പന്നപ്ലാവ് Jn to മാങ്ങാറ കടവ്		800	5
5	പന്നപ്ലാവ് Jn to ഇരുപ്പാക്കുഴി	1200	5	
6	നെല്ലിവേലിൽ കടവ്		300	3.5
7	പളളിപുറം കടത്തുകടവ്		250	3.5
8	ആവണിശ്വരത്തു കടവ്		600	3.5
9	പരുവപാറ ഇരുപ്പാകുഴി		1200	4
10	പൂക്കുന്നുമല to കോടിയാട്ടുകുഴി		1400	3.5
വാർഡ് 9		നീളം	വീതി	
1	ടർക്കി-ചാഞ്ഞാതുകുഴി		1.100	4
2	പുലരി ജംഗ്ഷൻ to നെഞ്ചൂർ ഏലം	350	3.	
3	പാലമൂട്ടിൽപടി to ഇഞ്ചപാറ	800	3.5	
4	വെണ്ണിക്കുളം-മുർത്തിവിള (ശാഖ കൊല്ലൻപടി)	800	3	
5	മണക്കാല-മാന്തോട്ടം (ശാഖ ചേർത്ത്)	900	4	
6	കുരിശുംമൂട്-ആറമുളപചി വാവക്കുഴി	700	3.5	
7	കൊച്ചിക്കടവ്-ചെറുകാലൂർ നിരപ്പിൽ	1.000	4	
8	ഈട്ടികൂട്ടംചെറുകാല്ലൂർ		750	3
9	ഈട്ടികൂട്ടം-ഗുരുമന്ദിരം (പിടവൂർ)	450	4.5	
10	പുളിവിള-താങ്ങാൻകടവ് (സർക്കുലർ)	400	3.5	
11	കൊച്ചുതുങ്ങിൽ-തെങ്ങുംകടവ്		120	3

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിട നിർമ്മാണരംഗത്ത് കഴിഞ്ഞ രണ്ടു ദശകങ്ങളിലായി ഉണ്ടായിട്ടുള്ള പുരോഗതി നമ്മുടെ ഗ്രാമത്തിന്റെ മുഖച്ഛായതന്നെ മാറ്റിക്കളഞ്ഞു. സ്വാതന്ത്ര്യലബ്ധിക്കുശേഷം മറ്റേതു മേഖലയിലുമുണ്ടായിട്ടുള്ള പുരോഗതിയേക്കാൾ ഗതിവേഗം ഈ രംഗത്തു ദൃശ്യമാണ്. നാലുകെട്ടും തുളസിത്തറയും നടുമുറ്റവും നെല്ലറയും പത്തായവും പടിപ്പുരയുമൊക്കെയായിരുന്നു പണ്ടത്തെ നമ്മുടെ പാർപ്പിട സങ്കല്പം. ഇന്നത് കോൺക്രീറ്റ് സൗധങ്ങൾക്കും കാർ പോർച്ചിനും സിറ്റവുട്ടുകൾക്കും ഒക്കെയായി വഴിമാറി കൊണ്ടിരിക്കുന്നു.

കയറികിടക്കാൻ ഒരു കൂര എന്നത് ഏതൊരു പൗരന്റെയും ഒഴിച്ചുകൂടാനാവാത്ത ആവശ്യമാണ്. ഈ പ്രശ്നത്തിനു പരിഹാരമുണ്ടാകാനുള്ള ആസൂത്രിതമായ ഒരു നീക്കം നടന്നത് 1970 കളിലാണ്. വഴിവക്കിലന്തി യുറങ്ങിയിരുന്ന പതിനായിരങ്ങൾക്കു ആശ്വാസമേകാൻ 'ലക്ഷംവൂടുകൾ' നിർമ്മിച്ചത് ഈ രംഗത്തെ ആദ്യചുവടു വെയ്പാണെന്നു പറയാം. കേരളാസ്റ്റേറ്റ് ഹൗസിംഗ് ബോർഡു തുടങ്ങിയ ഏജൻസികൾ ഭവനനിർമ്മാണരംഗത്തേക്കു കടന്നുവന്നതോടുകൂടി ക്ലിപ്തവരുമാനക്കാർക്കും ഇടത്തരക്കാർക്കും വീടുകൾ നിർമ്മിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമായി തുടങ്ങി. ആധുനിക വിദ്യാഭ്യാസവും, തൊഴിൽ സൗകര്യങ്ങളും ലഭ്യമായതോടുകൂടി ഭവനനിർമ്മാണരംഗത്ത് നൂതന പ്രവണതകൾ പ്രത്യക്ഷപ്പെട്ടു. ഗൾഫുമേഖലയിലെ സാമ്പത്തിക സ്രോതസ്സുകളിൽനിന്നുള്ള ഒഴുക്കു നമ്മുടെ നാട്ടിലും എത്തിയതോടുകൂടി ഭൂപ്രഭുക്കൾക്കും സമ്പന്നവർഗ്ഗത്തിനും മാത്രം പ്രത്യക്ഷമായിരുന്ന മേഖല യിലേക്കു മറ്റൊരുവിഭാഗംകൂടി കടന്നുകയറി. നല്ലൊരു പങ്ക് ഇടത്തരം വീടുകളുടെയും ചെറ്റക്കുടിലുകളുടെയും സ്ഥാനത്ത് മണിമന്ദിരങ്ങൾ ഉയർന്നതു അങ്ങനെയാണ്. വഴിവക്കിൽ നിരനിരയായി രമ്യഹർമ്മങ്ങൾ ഉയരുന്ന കാഴ്ച ഇന്നു പട്ടാഴിയുടെ രാജവീഥികളിൽ എവിടെയും കാണാം. കെട്ടിടനിർമ്മാണത്തിനു മാത്രമായി ഭൂമി ചെറുതുണ്ടുകളായി വിഭജിക്കപ്പെടുന്നു. ഭൂമിയുടെ വില സകലമതിപ്പുകളെയും കവച്ചുവച്ചു ഉയർന്നുകൊണ്ടിരിക്കുന്നു ഒരാവശ്യം എന്നതിലുപരി ആഡംബരങ്ങൾക്കുള്ള മത്സരവേദിയായി കെട്ടിടനിർമ്മാണരംഗം മാറി കഴി ഞ്ഞു വാസ്തുശില്പകലയിൽ പുതിയ സങ്കേതങ്ങൾ നേടിയുള്ള പരക്കംപാച്ചിലിനിടിയിൽ ഗ്രാമീണ തനിമതന്നെ ചോർന്നുപോകുന്നതു വേറേ കാര്യം.

പാർപ്പിടരംഗത്തുണ്ടായ ഈ കുതിച്ചുചാട്ടം വിവിധമേഖലകളിൽ ധാരാളം തൊഴിലവസരങ്ങാ സൃഷ്ടിച്ചത് നമ്മുടെ നാട്ടിലെ സാമ്പത്തികരംഗത്ത് ആശാവഹമായ പുരോഗതിയുണ്ടാക്കാൻ സഹായിച്ചു. കാർഷികമേഖലയിൽ കുറഞ്ഞകൂലിക്കു തൊഴിൽ ചെയ്തിരുന്നവർക്കു കെട്ടിടനിർമ്മാണരംഗം ഒരാശ്വാസമായി. രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്നവരുടെ ജീവിതനിലവാരം ക്രമേണ മെച്ചപ്പെട്ടു. അവർക്കും ഒരു വീട് എന്ന സങ്കല്പത്തിനു മുന്തിയ പരിഗണന നൽകേണ്ടിവരുന്നു. എന്നാൽ ദാരിദ്യമേഖലക്കു താഴെയുള്ളവർക്കു ഭവനമിർമ്മാണരംഗത്തെ സാധ നമാഗ്രികളുടെ വിലയും, അവയുടെ ദൗർലഭ്യം കൂലികൂടുതലും ഇന്നു ഒരു പേടിസ്വപ്നമായി മാറിയിരിക്കുന്നു വീടുവയ്ക്കുന്നതിന് അനുയോജ്യമായ ഭൂമി സമ്പാദിക്കുന്നതിനും അവർക്കു നിർവാഹമില്ലാതായിരിക്കുകയാണ് അതുകൊണ്ടുതന്നെ താഴ്ന്നവരുമാനക്കാരുടെയും ദുർബല ജനവിഭാഗത്തിന്റെയും പാർപ്പിടനിർമ്മാണം ഗൗരവവമായ പരിഗണനക്കു വിധേയമാക്കേണ്ടിയിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ 4260 വീടുകളാണ് ഉള്ളത്. ഇതിൽ 989 വീടുകൾ ഭേദപ്പെട്ടവയും 2451 വീടുകൾ ഇടത്തരവും 940 വീടുകൾ ഓലമേഞ്ഞവയോ കുടിലുകളോ ആണെന്നു കാണാം.

പട്ടിക 5-7 ശ്രദ്ധിക്കുക

ഗ്രാമസഭ റിപ്പോർട്ടുകൾ പ്രകാരം 500 കുടുംബങ്ങൾ ഭവനരഹിതരായി നമ്മുടെ പഞ്ചായത്തിൽ ഉണ്ട് ഇടത്തരം വീടുകളിലും ഓലമേഞ്ഞ വീടുകളിലും ഒന്നിലധികം കുടുംബങ്ങൾ പാർക്കുന്നവയും ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ രണ്ട് ലക്ഷംവീടുകോളനികളും രണ്ട് HDP കോളനികളും ഒരു സെറ്റിൽമെന്റുകോളനിയും ഉണ്ട്

ഭവനനിർമ്മാണത്തിനുള്ള വായ്പാസഹായം നൽകുന്നതിനു നമ്മുടെ താലൂക്കിൽ ഒരു ഹൗസിംഗ് കോ-ഓപ്പ റേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നു. പത്തനാപുരം പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കും പട്ടാഴി സർവ്വീസ് സഹകരണബാങ്കും ഈ രംഗത്ത് സഹായഹസ്തം നീട്ടുന്ന സ്ഥാപനങ്ങളാണ്. ഭവനമിർ മ്മാണ ബോർഡുവഴി രാജീവ് ദശലക്ഷം, മൈത്രിഭവൻ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത്, ഇടത്തരം വരുമാ നക്കാർക്കു സഹായകമാണ്.

വായ്പകൾക്കുള്ള ഉയർന്ന പലിശനിരക്കും, യഥാസമയം വായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും സാധാരണക്കാരന് പ്രതിബന്ധങ്ങളായി അനുഭവപ്പെടുന്നു. നിർമ്മിക്കുന്ന വീടുതന്നെ ഈടായ്

സ്വീകരിക്കാൻ വ്യവസ്ഥ ചെയ്യുകയാണ് വേണ്ടത് പലിശനിരക്കിൽ കുറവുവരുത്തണം. വീടുകൾ വയ്ക്കുന്നതിനുള്ള പ്ലോട്ടുകൾ ലഭ്യമാക്കുകയെന്നതാണ് മറ്റൊരു പ്രശനം. ദുർബല ജനവിഭാഗങ്ങൾക്കു വീടുവയ്ക്കാനും ഇടത്തരക്കാർക്കു ഭവനനിർമ്മാണത്തിനും, പുതുക്കി പണിക്കും സഹായങ്ങളോ വായ്പകളോ നൽകാൻ കുറെകൂടി വിപുലമായ രീതിയിലുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

ദുർബല ജനവിഭാഗങ്ങൾക്കും ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്കും പട്ടികജാതിക്കാർക്കും വിവിധ സനായ പദ്ധതിപ്രകാരം കഴിഞ്ഞ 7 വർഷങ്ങളായി 80 വീടുകളാണ് നൽകിയിട്ടുള്ളത് പഞ്ചായത്തുവഴിയും ബ്ലോക്കുവഴിയും ദുർബലജനവിഭാഗത്തിനും പട്ടിക ജാതികാർക്കും നൽകിയ സഹായങ്ങൾ ഭവനനിർമ്മാണരംഗത്ത് ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കോളനികളുടെ സമഗ്രവികസനത്തിനുവേണ്ടി വകയിരുത്തിയ തുകയിൽനിന്നും ഭവനനിർമ്മാണത്തിനുംവേണ്ടി ഗണ്യമായ തുക ചെലവഴിച്ചിട്ടുള്ളതാണ്.

പാർപ്പിടനിർമ്മാണരംഗത്ത് തൊഴിലാളികൾക്കു 1972-73 കാലഘട്ടത്തിൽ 10 രൂപാ കൂലി നല്കിയിരുന്നെങ്കിൽ ഇന്നു 100 മുതൽ 150 രൂപാവരെ കൂലി നൽകണം. അവിദഗ്ദ്ധ തൊഴിലാളിക്കു 90 മുതൽ 100 രൂപാവരെ കൂലി നൽകുന്നു. സ്ത്രീ തൊഴിലാളിക്കു അല്പം കൂലി കുറവാണ്. കെട്ടിടനിർമ്മാണരംഗത്ത് കൂടുതൽ സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. നമ്മുടെ പാർപ്പിടനിർമ്മാണത്തിനും ആവശ്യത്തിനും വിദഗ്ദ്ധതൊഴിലാളികളെ ലഭിക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. തന്മൂലം പണികൾ ഇടക്കു തടസ്സപ്പെടുകയോ, ഉപേക്ഷിക്കപ്പെടുകയോ ചെയ്യുന്നു. അതു കൂടുതൽ നഷ്ടത്തിനു ഇടവരുത്തുന്നു. അയൽസംസ്ഥാനത്തുനിന്നു വിദഗ്ദ്ധ തൊഴിലാളികളെന്ന ഭാവത്തിൽ എത്തിച്ചേരുന്നവരാണ് ഈ കുറവ് പലപ്പോഴും പരിഹരിക്കുന്നത്. അവരുടെ കരവിരുത് കുറ്റമറ്റതാണെന്നു പറയുകവയ്യ.

കെട്ടിടനിർമ്മാണരംഗത്തെ സാധന സാമഗ്രികളുടെ വിലവർദ്ധനവാണ് മറ്റൊരു പ്രശ്നം. 87-88 ൽ സിമിന്റിന്റെ വില 70 രൂപയായിരുന്നത് ഇപ്പോൾ 190 രൂപയിലധികമായി. പൂഴ്ത്തിവച്ചും മറ്റും കൃത്രിമമായി വിലവർദ്ധനവു നോക്കുന്ന സന്ദർഭവങ്ങളും വിരളമല്ല. ചൂടുകട്ടയുടെ വില മാസംതോറും കൂടുന്നു. 6 മാസത്തിനുള്ളിൽ 1000 കട്ടയുടെ വിലയിൽ 500 രൂപാവരെ വർദ്ധനവുണ്ടായിട്ടുണ്ട്. മാസംതോറും ചുടുകട്ടകളങ്ങളുണ്ടായപ്പോഴാണ് വിലയിൽ കൂടുതൽ വർദ്ധനവുണ്ടായത്. നമ്മുടെനാട്ടിലലെ കല്ലടയിൽനിന്നു ശേഖരിക്കുന്ന ണണലിന് ലേലത്തുകയിൽ കുറവുണ്ടായിട്ടും ഇവിടെത്തന്നെയുള്ളവിലയിൽ 6 മാസത്തിനുള്ളിൽ ഒരുലോടിനു 400 രൂപയുടെ വർദ്ധനവുണ്ടായി. കഴിഞ്ഞ സീസണിൽ 625 രൂപായായിരുന്നു ഒരു ലോഡിന്റെ വില. ഇപ്പോൾ ആയിരം രൂപയ്ക്കുമുകളിൽ കമ്പിയുടെ വിലയിലും വർദ്ധനവുണ്ടായിട്ടുണ്ട്. കോൺക്രീറ്റിന്റെ ചാർജ്ജിലും, ഓടിന്റെയും തടിയുടെയും വിലയിലും ഒക്കെ ഈ വർദ്ധനവുണ്ടായിട്ടുണ്ട്. തടി കിട്ടാക്കനിയായി മാറുകയാണ്.

കൂലിനിരക്കിലും അതിനെ വെല്ലുന്ന സാധനസാമഗ്രികളുടെ വിലയിലും ഉണ്ടായ വർദ്ധനവ്, സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന വായ്പയും സഹായവും ഉപയോഗിച്ചുള്ള ദുർബല ജനവിഭാഗങ്ങളുടെ ഭവനനിർമ്മാണപദ്ധതിയെ പ്രതിസന്ധിയിലാക്കുന്നു.

RLEGP, NREP, IAY, JRY എന്നീ പദ്ധതികൾവഴി നൽകുന്ന സഹായ തുകയിലെ ഇപ്പോഴത്തെ വർദ്ധനവും ഒട്ടും പര്യാപ്തമല്ല. 158000 രൂപയിൽനിന്നു 21000 രൂപായി പരിധി ഉയർത്തിയിട്ടുണ്ട്.

വായ്പകളും സഹായങ്ങളും ലഭിക്കുന്നതിനുള്ള കാലതാമസവും നടപടി ക്രമങ്ങളിലെ സങ്കീർണ്ണതയുമാണ് മറ്റൊരു കാര്യം.

മറ്റു പ്രശ്നങ്ങൾ

എല്ലാ കുടുംബങ്ങൾക്കും വീടുവയ്ക്കാൻ ഭൂമിയില്ല.

താരോവുന്നതിലേറെ സാമ്പത്തികഭാരം സഹിച്ചു താരതമേന്യ വലിയ വീടുവക്കാനുള്ള പ്രവണത

പ്രത്യുല്പാദനപരമല്ലാത്ത ആവശ്യത്തിനു ചെലവിടുന്ന അമിതവ്യായമൂലമുണ്ടാകുന്ന സാമ്പത്തിക തകർച്ച

കെട്ടിടനിർമ്മാണത്തിനു അംഗീകൃത മാനദണ്ഡമില്ല.

കോളനികളിൽ അടുത്തടുത്തുള്ള വീടുകൾ നിർമ്മിച്ചിരിക്കുന്നു. ഒരു വീട്ടിൽ പല കുടുംബങ്ങൾ താമസിക്കുന്നു.

പരിഹാരങ്ങൾ

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കുവാനും ഭവനരഹിത കുടുംബങ്ങൾക്കു വീടുകൾ നിർമ്മിച്ചു നൽകുവാനും ഇപ്പോഴുള്ള സഹായങ്ങൾ അപര്യാപ്തമാണ്. വാർഡുതലത്തിൽ ഘുണഭോക്താക്കളുടെയും, സന്നദ്ധസംഘടനകളുടെയും യോഗം ചേർന്നു. സർക്കാൻ സഹായത്തിനു പുറമേ ഗുണഭോക്താവിനു നൽകാൻ കഴിയുന്ന തുക എത്രയെന്നും കണക്കാക്കി ബാക്കി തുക അദ്ധ്വാനമായോ സാധനങ്ങളായോ സമാഹരിക്കാൻ കഴിയണം.

പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. എഞ്ചനീയർ മുതൽ

ലേബർവരെ എന്തു സേവനവും സാഫല്യത്തിൽനിന്നു നൽകണം. സർക്കാർതലത്തിലുള്ള പദ്ധതികളുടെ ഏജൻസിയായും സംഘത്തിനു പ്രവർത്തിക്കാം.

സിമിന്റുകമ്പി തുടങ്ങിയനിർമ്മാണ സാമഗ്രികളുടെ വിതരണം സിവിൾസപ്ലൈസ്വഴി നടത്തുക.

മൂന്നുലക്ഷം രൂപക്കു മുകളിൽ നിർമ്മാണ ചെലവുവരുന്ന വീടുകൾക്കു കർശനമായ നിയന്ത്രണം ഏർപ്പെടുക, അംഗീകൃത മാനദണ്ഡങ്ങൾ നിശ്ചയിക്കണം.

സർക്കാർ സഹായത്തോടെയുള്ള ഭവനമിർമ്മാണത്തിനു സാങ്കേതികമായും സാമ്പത്തികമായും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.

സർക്കാർതലത്തിലുള്ള വായ്പാവിതരണം സംബന്ധിച്ചുള്ള രേഖകൾ അതതു പഞ്ചായത്തിൽ സൂക്ഷിക്കുക.

ചെലവുകുറഞ്ഞ വീടുകൾക്കു പ്രചാരണം നൽകണം.

വായ്പാപരിധി ഉയർത്തണം

IAY, JRY തുടങ്ങിയ പദ്ധതികളുടെ തുകയും വർദ്ധിപ്പിക്കണം.

ഭൂമി തുണ്ടുകളായി വിതരണം ചെയ്യുന്നതിനുള്ള ചുമതല പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഏറ്റെടുക്കണം. ഭൂരഹിതർക്കു വീടുവയ്ക്കാൻ 5 സെന്റു ഭൂമിവീതം സൗജന്യമായി നൽകണം.

കോളനികളിൽ ഫ്ലാറ്റ് സിസ്റ്റം നടപ്പിലാക്കി അടുത്തുള്ള വീടുകളുടെ പ്രശ്നം പരിഹരിക്കണം. സാനിട്ടേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

ഭവനനിർമ്മാണരംഗത്തിൽ മികച്ച സേവനം കാഴ്ചവയ്ക്കുന്ന വിവിധ സമുദായ സംഘടനകളുടെയും പത്ര സ്ഥാപനങ്ങളുടെയും പരമാവധി സേവനം നമ്മുടെ പഞ്ചായത്തിൽ ഉറപ്പുവരുത്തണം.

ഭഴനനിർമ്മാണത്തിനുള്ള ധനസഹായത്തിൽ, ഇലക്ട്രിഫിക്കേഷൻ, അടുപ്പു, കക്കൂസ്സ് എന്നിവയ്ക്കുവേണ്ടി നിശ്ചയിച്ചിരിക്കുന്ന തുക തീർത്തും അപര്യാപ്തമാണ്. അവ കലാനുസൃതമായി വർദ്ധിപ്പിക്കണം.

തടിയുടെ ഉപയോഗം ഗണ്യമായി കുറയ്ക്കണം. കട്ടിള, ജനൽ ഇവക്കു തടി ഉപയോഗിക്കാതെ, കോൺക്രീറ്റോ ഇരിമ്പുപാളികളോ ഉപയോഗിക്കാം.

ലക്ഷംവീടുകളുടെ അറ്റകുറ്റപണികളോ പുതുക്കിപണിയോ നടത്തുന്നതിനു സഹായം നൽകണം.

നിർമ്മാണതൊഴിലാളികൾക്കു പരിശീലനം നൽകണം. കൂലിനിരക്കിൽ ഏകീകരണം ഉണ്ടാകണം.

വീടു നിർമ്മിച്ചു നൽകേണ്ടവരുടെ പട്ടിക വാർഡടിസ്ഥാനത്തിൽ തയ്യാറാക്കുകയും മുൻഗണനാക്രമം നിശ്ചയിക്കുകുയും വേണം.

നിർമ്മിച്ചുനൽകുന്ന വീടുകളുടെ തുടർസംരക്ഷണത്തിനുള്ള പദ്ധതി തയ്യാറാക്കണം.

സാമൂഹ്യക്ഷേമം

പഞ്ചായത്തിലെ സാമൂഹ്യഘടന പരിശോധിച്ചാൽ വൻവ്യവസായികളോ, വൻകിട തോട്ടമുടമകളോ ഇല്ലെന്നു പറയാം. സാമ്പത്തികമായി മികച്ചനിലയിൽ കഴിയുന്നവർ 20% വരും. മുപ്പത്തഞ്ചുശതമാനം ഇടത്തരം വരുമാനമുള്ളവരും 45 ശതമാനം ദുർബല വിഭാഗത്തിൽപ്പെട്ടവരുമാണ്. ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളുടെ എണ്ണം 1711 ആണ്.

വിവിധ ജനവിഭാഗങ്ങളുടെ വരുമാനങ്ങളിലുള്ള അസന്തുലിതാവസ്ഥയും പാവപ്പെട്ടവരുടെ ജീവിതം കൂടുതൽ സങ്കീർണ്ണമാക്കുന്നു. ഗൾഫ്നാടുകളിൽനിന്നുള്ള പണവും, കണക്കിൽപ്പെടാത്ത വരുമാനവും പാവപ്പെട്ടവരുടെ ക്രിയശേഷിയെ ഭീഷണിപ്പെടുത്തുന്ന ഘടകങ്ങളാണ്. ക്ലിപ്തവരുമാനക്കാർക്കും കർഷകർക്കും കർഷക തൊഴിലാളികൾക്കുപോലും ജീവിതം അസഹ്യമാവുമ്പോൾ, ദാരിദ്യരേഖയ്ക്കു താഴെ ജീവിക്കുന്നവരെ ദുരിതങ്ങൾ വേട്ടയാടുന്നു. ഈ വിഭാഗങ്ങളെ ഉദ്ധരിക്കാനുള്ള നടപടികൾ വിജയിക്കുമ്പോൾ മാത്രമാണ് നാം പുരോഗതിപ്രാപിച്ചു എന്നു പറയാൻ കഴിയുക.

ദാരിദ്യരേഖക്കു താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്യനിർമ്മാർജ്ജന പദ്ധതിയും, സംഘടിത-അസംഘടിത തൊഴിലാളികളു?ം ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്രസംസ്ഥാനഗവൺമെന്റുകൾ നടത്തുന്ന ദാരിദ്യ നിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമ സഹകരണത്തോടെ ക്ഷേമബോർഡുകൾവഴി നടപ്പാക്കുന്നവയുമായി ഇതിനെ രണ്ടായി തരംതിരിക്കാം. പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസനകോർപ്പറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസനകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ഈ പദ്ധതികളിൽ ദാരിദ്യനിർമാർജ്ജന പദ്ധദികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയതോതിലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത് തോഴിലാളി-തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമ നിധിബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. കെട്ടിടനിർമ്മാണതൊഴിലാളികൾ,

കർഷകതൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും ഭൂരിപക്ഷംപേരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

സാമൂഹ്യക്ഷേമരംഗത്തു പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരിക്കുന്നത് ബ്ലോക്കു ഡവലപ്പുമെന്റു ആഫീസിന്റെ ആഭിമുഖ്യത്തിലാണ്. നമ്മുടെ പഞ്ചായത്തിൽ രണ്ടു വി. ഈ. ഓ. സർക്കിളുകളിലായി ഈ പ്രവർത്തനം നടക്കുന്നു. പഞ്ചായത്തിലെ ദാരിദ്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങളുടെ ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലിസ്റ്റും വേണ്ടത്ര പ്രചാരണം നൽകി കാലോചിതമായി പരിഷ്ക്കരിക്കേണ്ടതുണ്ട്. IRDP സർവ്വേപ്രകാരം പട്ടാഴി പഞ്ചായത്തിലെ ദാരിദ്യരേഖയ്ക്കു താഴെയുള്ളവരുടെ ലിസ്റ്റ് ചുവടെചേർക്കുന്നു.

ദാരിദ്ര്യരേഖയുടെ പരിധിയെ സംബന്ധിച്ച് സർക്കാരിന്റെ മാനദണ്ഡം കാലോചിതമായി മാറ്റണ്. പരിധി 25000 രൂപയെങ്കിലും ആക്കി ഉയർത്തണം. IRDP ലിസ്റ്റിൽ ഉള്ളവർക്കു സഹായം നൽകുന്നതിന് ദേശസാൽകൃത ബാങ്കുകൾ ഉദാസീനത കാണിക്കുന്നു. സർക്കാർതലത്തിലുള്ള നടപടികൾകൊണ്ടുമാത്രമേ ഈ ദുസ്ഥിതിക്കു പരിഹാരം ഉണ്ടാകാൻ കഴിയുകയുള്ളൂ. സഹകരണമേഖലയ്ക്കു ഫണ്ടു അനുവദിക്കുകയും ദുർബലവിഭാഗങ്ങൾക്കുള്ള പദ്ധതികൾ സർക്കാർതലത്തിൽ നടപ്പാക്കുകയും ചെയ്താൽ പ്പയോജനപ്പെടും. ദുർബല ജന വിഭാഗങ്ങൾക്കും പട്ടികജാതിക്കും ഭവനങ്ങൾ, കക്കൂസുകൾ എന്നിവയ്ക്കു ധനസഹായപദ്ധതികളുണ്ട്. IAY, CRSP എന്നീ പദ്ധതികൾ മുഖേനയാണ് ഇതുനടപ്പിലാക്കുന്നത്. JAY യുടെ 22 1/2% തുകയും പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി ചെലവിടുന്നു. കൃഷിഭവൻ, മൃഗസം രക്ഷണവകുപ്പു എന്നിവയിലൂടെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കു സസ്യതൈകൾ, വിത്ത്, വളം എന്നിവയും മുട്ടക്കോഴി, ആട് എന്നിവയെയും വിതരണം ചെയ്യുന്നുണ്ട്.

DWCRA

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരഭമാണു DWCRA. ഇപ്രകാരമുള്ള ഒരു യൂണിറ്റ് 2-ാം വാർഡിൽ പ്രവ2ത്തിക്കുന്നുണ്ട്. കറവമാട് യൂണിറ്റാണ് ഇവിടെ പ്രവർത്തിക്കുന്നത്. പാലിന് കടുത്തക്ഷാമം അനുഭവപ്പെടുന്ന ഈ പഞ്ചായത്തിൽ മറ്റു വാർഡുകളിലും ഇത്തരം സംരംഭം ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയും. താത്പര്യമുള്ളവരെ കണ്ടെത്താനും, ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂണിറ്റുകൾ നിശ്ചയിക്കാനും യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്താനും സന്നദ്ധപ്രവർത്തകരുടെ ഒരു കമ്മിറ്റി രൂപീകരിക്കുന്നതു നല്ലതാണ്. ഉല്പന്നങ്ങൾക്കു മാർക്കറ്റ് കണ്ടുപിടിക്കാനും സംവിധാനം ഉണ്ടാകണം. തയ്യൽയൂണിറ്റുകൾ ആരംഭിച്ചാൽ, സ്കൂളിലെ യൂണിഫോമുകൾ നിർമ്മിച്ചു വിതരണം ചെയ്യാൻ കഴിയും. യൂണിറ്റിലെ അംഗങ്ങൾക്കു നല്ലൊരു വരുമാനമാവുകയും ചെയ്യും.

ടൈസം

18 മുതൽ 35 വരെ വയസ്സുള്ള യുവതി യുവാക്കൾക്കു സ്വയംതൊഴിൽ പരിശീലനം നൽകുന്ന പരിപാടിയാണ് ടൈസം.

ഓരോ പഞ്ചായത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം നൽകാനും, പരിശീലനം ലഭിച്ചവർക്കു വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഈ പരിശീലനം ലഭിക്കുന്നവ2ക്കു തുടർന്നു യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ലായെന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുകയും, സ്റ്റൈപ്പന്റുതുക കൂട്ടുകയും വേണം. ടൈസം പരിപാടിയിൽ16 പേർക്കു പരിശീലനം ലഭിച്ചതിൽ ആരം സ്വയംതൊഴിൽ കണ്ടെത്തിയിട്ടില്ല. മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരുക്കുന്നവർ 12 പേരുണ്ട്. ശേഷിക്കുന്ന 4 പേർ തൊഴിൽരഹിതരായി നിൽക്കുന്നു. പദ്ധതിക്കു ഗുണഭോക്താക്കളെ കിട്ടുന്നില്ല എന്ന പോരായ്മയും ഉണ്ട്. ബോധവൽക്കരണത്തിലൂടെ ഇതിനു പരിഹാരം കാണാൻ യുവജനസംഘനകൾ ശ്രദ്ധിക്കണം.

ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്കു കക്കൂസു നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണ് CRSP. ആകെ 688 കുടുംബങ്ങൾക്കു കക്കൂസു വേണമെന്നു 1992 ലെ സർവെയിൽ കണ്ടെത്തിയെങ്കിലും, 63 പേർക്കു മാത്രമാണ് കക്കൂസ് അനുവദിച്ചത്. അതിൽതന്നെ 59 പേർ മാത്രമേ പണി പൂർത്തികരിച്ചിട്ടുള്ളൂ.

625 കുടുംബങ്ങൾക്കു ഇനിയും കക്കൂസു നൽകേണ്ടതുണ്ട്.

ഇതുവരെ റവന്യൂവകുപ്പ്, വില്ലേജ് ആഫീസുകൾവഴി നടപ്പാക്കിയിരുന്ന ചില ക്ഷേമപദ്ധതികൾ ഇപ്പോൾ പഞ്ചായത്തിനെ ഏൽപ്പിച്ചിട്ടുണ്ട്.

അർഹരായ മുഴുവൻപേർക്കും ആനുകൂല്യം കിട്ടുന്നില്ല എന്നും അനർഹരായ കുറെപേർക്കെങ്കിലും സഹായം ലഭിക്കുന്നുവെന്നു ഗ്രാമസഭകളിൽ പരാതി വന്നിട്ടുണ്ട്. നിത്യവ്യദ്ധിക്കു ബുദ്ധിമുട്ടുന്ന അവശർക്ക് ഈ പദ്ധതിവഴിയുള്ള സഹായം കൃത്യമായി കിട്ടുന്നില്ല എന്നുള്ളതാണ് ഏറ്റവും വലിയ പോരായ്മ. ഫണ്ടില്ലാ എന്ന പല്ലവിക്കു അർത്ഥമില്ല. വളരെ പ്രത്യാശയോടെ, ഈ സഹായപദ്ധതിയുടെ പ്രയോജനം കൃത്യമായി ലഭ്യമാക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

വിധവാ പെൻഷൻ/അഗതി പെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുകയില്ല. ഇതിൽ മാറ്റംവരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടികളാണുണ്ടാകേണ്ടത്. നമ്മുടെ പഞ്ചായത്തിൽ 48 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നു.

വികലാംഗ പെൻഷൻ

വികലാംഗത്വം തെളിയിക്കാൻ പരാതികളുണ്ട്. അർഹരായവർക്കു കിട്ടുന്നില്ലെന്നും, അനർക്കു കിട്ടുന്നുവെന്നു പരാതിയുള്ളത് ഈ പെൻശനാണ്. ഇവരെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകിയിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ 27 പേർക്ക് ആ പെൻഷൻ ലഭിക്കുന്നു.

തൊഴിവില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിൽ അർഹരായ പലർക്കും തൊഴിവില്ലായ്മവേതനം ലഭിക്കുന്നതായി പരാതിയുണ്ട്. 72 പേർക്കു ഇപ്പോൾ വേതനം കിട്ടുന്നു. വാർദ്ധ്യകാല പെൻഷനാണ് മറ്റൊരു ക്ഷേമപരിപാടി.

വിവിധതരം പെൻഷൻ ലഭിക്കുന്നവരുടെ പട്ടിക ചേർക്കുന്നു

അങ്കൺവാടികൾ

നമ്മുടെ പഞ്ചായത്തിലെ ഒൻപതു വാർഡിലും അങ്കൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. ആയിരം ജനങ്ങൾക്കു ഒരു അങ്കൻവാടി എന്നാണ് ലക്ഷ്യം. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം അങ്കൻവാടികളിൽ കുട്ടികൾ കുറയാൻ കാരണമാകുന്നു. നിലവിലുള്ള അങ്കൻവാടികളിൽ പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയുണ്ട്. വരുംതലമുറയെ വാർത്തെടുക്കുന്നു അങ്കൻവാടികൾ. ആരോഗ്യകരമായി സംവിധാനം ചെയ്യാനുള്ള ബാദ്ധ്യത നമുക്കുണ്ട്. സ്ഥലസൗകര്യം ഇല്ലാത്തവയാണ് പല അങ്കൻവാടികളും. വൃത്തിയുള്ള കിടക്കകളും, കളിസ്ഥലവും, കളിപ്പാട്ടങ്ങളും ഇരിപ്പിടങ്ങളും സജ്ജമാക്കണം. ശുദ്ധജലം ലഭ്യമാക്കുകയും വേണം. സാമൂഹ്യപ്രവർത്തകരുടെയും പഞ്ചായത്തിന്റെയും, ആരോഗ്യവകുപ്പിലെ ജീവനക്കാരുടെയും. സജീവശ്രദ്ധ ഈ രംഗത്തു അനിവാര്യമായിരിക്കുന്നു. അങ്കൻവാടികളോടനുബന്ധിച്ചു മഹിളാസമാജങ്ങൾ ഉണ്ടെങ്കിലും അവയുടെ പ്രവർത്തനം നിർജ്ജീവമാണ്. തീർച്ചയായും മഹിളാസമാജങ്ങളെ സജീവമാക്കണം. മൂന്നാംവാർഡിൽ ഒരു അങ്കൻവാടിയേ ഉള്ളൂ. ഒരു 'ക്രെപ്പും' പ്രവർത്തിക്കുന്നുണ്ട്. മറ്റെല്ലാം വാർഡിലും രണ്ടു അങ്കൺവാടികൾവീതം പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കെട്ടിടമില്ലാത്ത അങ്കൻവാടികളുമുണ്ട്. അവർക്ക് ഉടനടി കെട്ടിടം ഉണ്ടാകേണ്ടതുണ്ട്. സ്ഥലം ലഭിക്കായ്കയാണ് കെട്ടിടം ഉണ്ടാകാതിരിക്കാൻ കാരണം. അങ്കൻവാടിക്കു സ്വന്തമായി സ്ഥലം വാങ്ങാനുള്ള തുകകൂടി അനുവദിക്കേണ്ടതുണ്ട്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് അങ്കൻവാടികളിലുള്ളത്. ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെയുള്ള ജോലികൾ ഇവർ ചെയ്യുന്നുണ്ട്. "പൾസ് പോളിയോ" പരിപാടി വിജയിപ്പിച്ചതിൽ അങ്കൻവാടികൾക്കുള്ള പങ്ക് നിസ്തുലമാണ്. തുച്ഛമായ വേതനംമാത്രമാണ് ഇവർക്കു നൽകുന്നത്.

ക്ഷേമനിധികൾ

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി

പഞ്ചായത്ത് പ്രദേശത്ത് ഇപ്പോൾ ഏറേപേർ തൊഴിലെടുക്കുന്ന മേഖലയാണ് കെട്ടിടനിർമ്മാണരംഗം. ഈ രംഗത്തെ മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. കഠിനാദ്ധ്വാനം ആവശ്യമായ ഈ മേഖലയിലെ തൊഴിലാളികളുടെ പെൻഷൻ പ്രായം 55 വയസ്സാക്കുന്നത് ഉചിതമായിരിക്കും.

ആഭരണ തൊഴിലാളി ക്ഷേമനിധി

പട്ടാഴി പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നാലാൾകൂടുന്ന ജംഗഷനിൽ ഒരു ആഭരണശാല ഉണ്ട്. ധാരാളം തൊഴിലാളികൾ പണിയെടുക്കുന്ന മേഖലയാണിത്. എന്നാൽ ക്ഷേമനിധിയിൽ അവർ അംഗങ്ങളാകേണ്ടതുണ്ട്.

കൈതൊഴിലാളിവിദഗ്ദ്ധ തൊഴിലാളി ക്ഷേമനിധി

തയ്യൽ തൊഴിലാളികൾ, ബാർബർ, ഇരുമ്പുപണിക്കാർ, മരം കയറ്റക്കാർ, ബീഡിതൊഴിലാളികൾ, വാച്ച് സൈക്കിൾ റിപ്പയർമാർ, തേങ്ങ വെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്കു ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെട്ട അധികംപേരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ലന്നും കാണുന്നു.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട വിവരങ്ങൾ ലഭ്യമല്ലാത്തതുകൊണ്ടാണ് പലരും ഈ ക്ഷേമപദ്ധതികളിൽ അംഗമാകാത്തത്. ഓരോ വാർഡിലും ഇതിനാവശ്യമായ ബോധവൽക്കരണം നടത്തുന്നതിനും, ക്ഷേമപദ്ധതികളുടെ സന്ദേശം എത്തിക്കുന്നതിനും പ്രാപ്തരായവരെ ഒരു കമ്മിറ്റിയെ സംഘടിപ്പിച്ചു വിവരങ്ങൾ എത്തിക്കണം.

പൊതുവിതരണം

ഭക്ഷ്യവസ്തുക്കളും മറ്റു നിത്യോപയോഗ സാധനങ്ങളും സർക്കാർ നിശ്ചയിക്കുന്ന വിലക്ക് അളവിലും നിശ്ചിത സമയത്ത് വിതരണം ചെയ്യുന്ന സ്ഥാപനങ്ങളാണ് പൊതുവിതരണകേന്ദ്രങ്ങൾ. ലാഭകൊതി ആകാശം മുട്ടെ ഉയരുന്ന കമ്പോളവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ, വിലനിലവാരം പിടിച്ചുനിർത്താനും ഭക്ഷ്യവസ്തുക്കളും നിത്യോപയോഗ സാധനങ്ങളും ക്രമമായി ലഭിക്കുന്നതിന് സർക്കാർ ഏറ്റെടുത്തിട്ടുള്ള ദൗത്യമാണ് പൊതുവിതരണ സമ്പ്രദായം. പൂഴ്ത്തിവച്ചും വിലവർദ്ധിപ്പിച്ചും ജനങ്ങൾക്കു ദുരിതം വിതയ്ക്കാൻ നിക്ഷിപ്ത താൽപര്യക്കാർക്കും ലാഭകൊതിയൻമാർക്കും അവസരം ഉണ്ടാകാതിരിക്കാനാണ് ഈ ദൗത്യം സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. അരി, ഗോതമ്പ്, മണ്ണെണ്ണ തുടങ്ങിയ നിത്യവുംവേണ്ട സാധനങ്ങൾ ദുർബല ജനവിഭാഗങ്ങൾക്കു ഒന്നിച്ചു സംഭരിച്ചു വയ്ക്കാൻ കഴിയുകയില്ല. ജോലിചെയ്തു ഉപജീവനം നടത്തേണ്ട തൊഴിലാളികൾക്കും ഇടത്തരക്കാർക്കും കുറ്റമറ്റ പൊതുവിതരണ സമ്പ്രദായം മാത്രമാണ് ആശ്രയം. എന്നാൽ ഏറെ പരാതികളുള്ള ഒരു മേഖലയായി ഇന്നതു മാറുന്നുണ്ടോ എന്നു സംശയിക്കണം.

പട്ടാഴി പഞ്ചായത്തിൽ 10 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. 3540 റേഷൻ കാർഡുടമകൾ ഉണ്ട്. 1995-96 ൽ 16561 ഗുണഭോക്താക്കളി 14054 മേജറും 2507 മൈനറും ഉൾപ്പെടുന്നു.

പട്ടിക ശ്രദ്ധിക്കുക.

പട്ടിക 5.7 F

1995-96 ൽ 1368 കിന്റൽ അരിയും 840 കിന്റൽ ഗോതമ്പും 20 കിന്റൽ മൈദയും 795 കിന്റൽ പഞ്ചസാരയും വിതരണം ചെയ്തതായാണ് കണക്ക്. 79 പെർമിറ്റുകളിലൂടെ 7800 ലിറ്റർ മണ്ണെണ്ണയും നൽകിയതായും കാണുന്നു.

പൊതുവിതരണത്തിനായി ഒരു മാവേലിസ്റ്റോറും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കഴിഞ്ഞ ഓണം കാലയളവിൽ ആവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താനും സാധാരണക്കാരന് ക്ലിപ്തവിലക്കു സാധനങ്ങൾ നൽകാനും ഇതിനു കഴിഞ്ഞിട്ടുണ്ട്. സഹകരണബാങ്കും ഓണക്കാലത്ത് മറ്റ് നിത്യോപയോഗസാധനങ്ങളും പച്ചകറികളും ലഭ്യമാക്കുന്ന ഓണചന്ത നടത്തുന്നുണ്ട്. ബാങ്കിന്റെ ചുമതലയിൽ ഒരു കൺസ്യൂമർ സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്.

അർഹരായ എല്ലാവർക്കും റേഷൻകാർഡില്ല എന്നതാണ് ഈ രംഗത്ത ഏറ്റവും വലിയ പരാതി. റേഷൻ കാർഡു ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളെപറ്റി വേണ്ടത്ര പരിജ്ഞാനമില്ലാത്തതുകൊമ്പ്, മിക്കവരും ശ്രമം ഉപേക്ഷിക്കുകയും ചെയ്യുന്നു. അഞ്ചുശതമാനം കുടുംബങ്ങൾക്കു ഇപ്പോഴും റേഷൻകാർഡു ലഭിച്ചിട്ടില്ലന്നാണ് കണക്കാക്കുന്നത്. റേഷൻകാർഡിൽ പേരില്ലാത്ത കുടുംബാംഗങ്ങളുമുണ്ട്. നടപടിക്രമങ്ങൾ ഒന്നുകൂടെ ലളിതമാക്കിയാൽ, ഈ പ്രയാസം മാറികിട്ടും. കൃത്യയമായ അളവിലും തൂക്കത്തിലും ഭാക്ഷണസാധനങ്ങൾ കിട്ടുന്നില്ല എന്ന പരാതിയും ഉണ്ട്.

മണ്ണെണ്ണയുടെ വിതരണത്തിൽ ഏറെ പരാതികൾ നിലനില്ക്കുന്നു.

അർഹരായവർക്കു ആനുകൂല്യം കിട്ടാൻ കാലതാമസം നേരിടുന്നു.

ദാരിദ്രരേകക്കു താഴെഉള്ളവരുടെ ഉന്നമനത്തിനു നടപ്പാക്കുന്ന പദ്ധതിയിൽ പര്യാപ്തമല്ല. ഫലപ്രദവുമല്ല.

ദേശസാൽകൃതബാങ്കുകൾ പദ്ധതിയുടെ നടത്തിപ്പിൽ വേണ്ടത്ര സഹകരിക്കുന്നില്ല.

വനിതാ തൊഴിൽ സംരഭകർ മുന്നോട്ടുവരുന്നില്ല

അനർഹരായവർ ആനുകൂല്യം പറ്റുന്നു.

IRDP സിസ്റ്റ്റ്റ് അപൂർണ്ണമാണ്.

കൃഷിഭവൻവഴിയും മൃഗസംരക്ഷണവകുപ്പുവഴിയും നൽകുന്ന സഹായങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തില്ല.

DWCRA യുടെ യൂണിറ്റുകൾ 8 വാർഡുകളിലും ഇല്ല.

ടൈസ് പരിശീലകർക്കു തുച്ഛമായ സ്റ്റൈപൻറു പരിശീലനം ലഭിച്ചവരുടെ ഭാവിയെപ്പറ്റി ധാരണയില്ല.

ക്ഷേമ പരിപാടികളിൽ അപേക്ഷ നൽകുന്നതിനെപറ്റി അരിവില്ലായ്മയുണ്ട്. സഹായംകിട്ടാൻ കാലതാമസമുണ്ട്.

വിധവാ പെൻഷനും മറ്റും ആൺമക്കളുള്ളവർക്കു അർഹതയില്ല.

കർഷകതൊഴിലാളി പെൻഷൻ കിട്ടാൻ കാലതാമസം ഉണ്ടാകുന്നു.

അങ്കൻവാടികൾക്കു കെട്ടിടത്തിനു സ്ഥലം കണ്ടെത്താൽ പ്രയാസം ഉണ്ടാകുന്നു. കെട്ടിടനിർമ്മാണത്തിനുള്ള തുക കുറവാണ്.

അങ്കൻവാടികളുടെ സൗകര്യം വർദ്ധിപ്പിക്കണം.

വർക്കർ, ഹെൽപ്പർ ഇവരുടെ വേതനം വർദ്ധിപ്പിക്കണം.

അങ്കൻവാടികളിൽ കുട്ടികൾക്കു കളിസ്ഥലമില്ല.

ക്ഷേമനിധിയിൽ അർഗതയുള്ളവരെ അംഗങ്ങളാകണം.

പൊതുവിതരണ കേന്ദ്രങ്ങളിൽ അളവിലും തൂക്കത്തിലും കൃത്യത പുലർത്തുന്നില്ല. മണ്ണെണ്ണ യഥാമസയം കൃത്യമായി വിതരണം ചെയ്യുന്നില്ല.

പരിഹാരം

സാമൂഹ്യക്ഷേമ പരിപാടികളുടെ ഭാഗമായി ആനുകൂല്യം ലഭിക്കാൻ കാലതാമസം ഒഴിവാക്കണം. ഫലപ്രദമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും, കൂടുതൽ സഹായം നൽകുകയും വേണം. സഹായത്തിൽറെ തോതു ഉയർത്തണം.

ദേശസാൽകൃത ബാങ്കുകൾക്കും സഹകരണ ബാങ്കുവഴി കൂടുതൽ പദ്ധതികൾ നടപ്പാക്കാനുള്ള ശ്രമം നടത്തണ്.

പരിപാടികൾ നടപ്പിലാക്കുന്നതിനു മുൻഗണനാക്രമം നിശ്ചയിക്കണം. വാർഡുതല ജനകീയ കമ്മിറ്റികാർ മേൽനോട്ടം നടത്തണം.

വനിതാ സംരംഭകർക്കു ബോധവൽക്കരണത്തിലൂടെ പ്രോത്സാഹനം നൽകണ്. എല്ലാ വാർഡുകളിലും DWCRA യൂണിറ്റുകൾ സ്ഥാപിക്കണം.

IRDP ലിസ്റ്റു കലോചിതമായി പരിഷ്ക്കരിക്കണം. വരുമാനപരിധി ഉയർത്തണം.

പട്ടിക 5.7A

വാർഡുതിരിച്ചുള്ള വീടുകളുടെ കണക്ക്

വാർഡ്	വീടുകളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ളത്	ഓട്ടിട്ടത്	വാർത്തത്	ഭാഗികമായി വാർത്തത്	ഓല	മറ്റുള്ളവ
I	388	12	212	95	13	63	5
II	450	3	222	40	75	110	3
III	409	5	243	31	17	115	3
IV	534	14	285	101	15	128	5
V	476	4	299	63	21	89	4
VI	522	12	273	117	18	106	8
VII	534	8	312	45	19	153	5
VIII	526	17	330	82	13	98	3
IX	421	13	275	72	22	49	3
ആകെ	4260	85	2451	646	213	911	39

അവലംബം:-പഞ്ചായത്താഫീസ് രേഖകൾ

IRDP സർവ്വേപ്രകാരം-ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവരം

വാർഡ് നമ്പർ	സർവ്വേപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായംലഭിച്ചതു വഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
I	158	9	22	7	8	150
II	249	50	20	5	9	240
III	201	22	13	4	5	196
IV	200	68	22	10	8	192
V	181	13	21	9	9	172
VI	171	29	21	10	7	164
VII	243	49	21	8	9	234
VIII	223	52	21	9	9	214
IX	156	14	22	8	7	149
	1782	306	183	70	71	1711

കക്കൂസുകൾ സംബന്ധിക്കുന്ന വിവരങ്ങൾ

വാർഡ്	സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം(IRDP സർവ്വേ പ്രകാരം)	ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം എണ്ണം (1992 നുശേഷം)	പൂർത്തികരിച്ച വയുടെ എണ്ണം	ഇനി കക്കൂസുകൾ വേണ്ട കുടുബങ്ങളുടെ എണ്ണം
1	2	3	4	5
I	89	5	5	84
I	109	4	4	105
III	98	6	6	92
IV	86	8	7	78
V	62	7	6	55
VI	68	9	8	39
VII	72	9	2	63
VIII	81	7	7	74
XI	43	8	8	35
	688	63	659	625

ചിത്രം. 5.7F

ചെറുകിട വിതരണ സംവിധാനത്തെക്കുറിച്ചുള്ള വിവരങ്ങൾ

വർഷം	കാർഡ് ഉടമകളുടെ എണ്ണം			ഗുണഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണം ചെയ്ത നിത്യവസ്തുക്കൾ (ക്വിന്റൽ)							മറ്റുള്ളവ		
	മുൻഗണന	മുൻഗണനേതരം	എല്ലാം	മുൻഗണന (12 വയസ്സിനു മേൽ)	മുൻഗണന (3-12 വയസ്സ്)	എല്ലാം	അരി	ഗോതമ്പ്	റവ	മൈദ	പഞ്ചസാര	പാമോയിൽ	എല്ലാം	ചെറുകിട കച്ചവടക്കാരുടെ എണ്ണം	ചെറുകിട വിതരണം ചെയ്തത് (ക്വി)	കാർഡ് വഴിയുള്ള വിതരണം ചെയ്തത് (ക്വി)
1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1991-92	1617	1745	3362	13403	2367	15770	1756	650	10	25	756.96	ഇല്ല	3197.96	72	6816	138900
1992-93	1622	1751	3373	13443	2375	15818	1389	680	ഇല്ല	10	759.264	ഇല്ല	2838.264	75	7272	139344
1993-94	1625	1760	3385	13503	2403	15906	1368	720	ഇല്ല	ഇല്ല	763.48	ഇല്ല	2853.48	76	7392	139740
1994-95	1639	1767	3406	13593	2416	16009	1365	722	ഇല്ല	ഇല്ല	768.432	ഇല്ല	2855.423	76	7392	140748
1995-96	1720	1820	3540	14054	2507	16561	1368	840	10	20	794.92	ഇല്ല.	3232.92	79	7800	146880

"ഏറ്റവും അടിത്തട്ടിലുള്ളവർക്കു പോലും ഇതെന്റെ നാടാണെന്നും,
ഇതിന്റെ നിർമ്മിതിയിൽ എനിക്കും പങ്കുണ്ടെന്നും ബോധ്യമാവണം"
അതാണ് ഗ്രാമസ്വരാജിലേക്കുള്ള വഴി

– ഗാന്ധിജി –

5.9 വനിത

ജനസംഖ്യയിൽ പകുതിയിലേറെ സ്ത്രീകളുള്ള നമ്മുടെ രാജ്യത്ത് സാമൂഹ്യ സാംസ്ക്കാരികരംഗങ്ങളിലും നാടിന്റെ വികസനരംഗങ്ങളിലും ഒക്കെ ആ വിഭാഗത്തിന്റെ അദൃശ്യത പ്രകടമായിരുന്നു. ഭാരതസ്ത്രീയുടെ ഭാവശുദ്ധിയെ പ്രകീർത്തിക്കുമ്പോൾ 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' (സ്ത്രീ സ്വാതന്ത്ര്യമർഹിക്കുന്നില്ല) എന്ന് അവരെ കൂച്ചുവിലങ്ങിട്ടു നിർത്തിയിരുന്നു. ഭർത്താവ് മരിച്ചാൽ, ഭർത്താവിന്റെ ചിതയിൽ ചാടി ഭാര്യ ജീവനൊടുക്കുന്ന 'സതി' സമ്പ്രദായത്തിന് എന്തു ന്യായീകരണമാണോ നൽകിയിരുന്നത്! ഭാര്യ മരിച്ചാൽ ഭർത്താവ് ഒപ്പം ചാകേണ്ടതാനും ! അപ്പോൾ പുരുഷൻ സ്ത്രീയുടെ മേൽഎല്ലാതരത്തിലും ആധിപത്യം അരക്കിട്ടുറപ്പിക്കുകയായിരുന്നു. നിയമം മൂലം ഈ അനാചാരങ്ങൾക്കു പിന്നീടു വിലക്കു കല്പിച്ചിരുന്നെങ്കിലും തലമുറകളിലൂടെ കൈമാറിവന്ന ഈ മനോഭാവം പൂർണ്ണമായും മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ സ്ത്രീയുടെ പ്രശ്നങ്ങൾ വിശകലനം ചെയ്യാനും പരിഹാരം നിർദ്ദേശിക്കാനുമൊക്കെയുള്ള ബാദ്ധ്യത പുരുഷനിൽത്തന്നെ അർപ്പിതമാവുകയായിരുന്നു.

സ്വതന്ത്ര ഭാരതത്തിൽ പ്രധാനമന്ത്രിയായിരിക്കാൻ ഒരു സ്ത്രീക്ക് രണ്ടു ഊഴം ലഭിച്ചിട്ടുപോലും ഇന്നും വനിതാവിമോചനത്തിന്റെ മുറവിളി മുഴങ്ങിക്കേൾക്കുന്നു. സ്ത്രീപീഡനത്തിന്റെ കദനകഥകൾ പത്രപംക്തികളിൽ ദൈനംദിനം വന്നുകൊണ്ടിരിക്കുന്നു.

രാപകൽ പണിയെടുക്കാൻ വിധിക്കപ്പെട്ടവളാണ് സ്ത്രീ എങ്കിൽപ്പോലും ശമ്പളമോ വരുമാനമോ ഇല്ലെങ്കിൽ ഒരു ജോലിയുമില്ലെന്നാണ് വയ്പ്. ചില വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിദ്യഭ്യാസം ചെയ്യുന്നതിന് വിലക്കു കല്പിച്ചിരുന്നു. കലാരംഗത്തും സാമൂഹ്യസേവനരംഗത്തുമൊക്കെ സ്ത്രീകൾ കടന്നുവരാൻ അറച്ചുനിന്നിരുന്നു.

സാമൂഹ്യരാഷ്ട്രീയരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം നിയമംമൂലം ഉറപ്പുവരുത്തിയിട്ടുണ്ട്. തലമുറകളായി അനുഭവിച്ചുകൊണ്ടിരിക്കുന്നു പുരുഷമേധാവിത്വത്തിനും സ്ത്രീപീഡനത്തിനുമെതിരെ പ്രതികരിക്കാൻ അവർ ഇന്ന് പ്രതിജ്ഞാബദ്ധരാണ്. സ്ത്രീകളുടെ അവകാശങ്ങളെയും ചുമതലകളെയും കുറിച്ചുള്ള ബോധവൽക്കരണം അവരിൽ ആശയും ആവേശവും പകരുന്നു. ശ്രീമതിമാർ പി. എം, ജഗദമ്മ, ബെൻസി തോമസ്സ് എന്നീ വനിതകൾ യഥാക്രമം പട്ടാഴി പഞ്ചായത്ത് പ്രസസിഡന്റ് പത്തനാപുരം ബ്ലോക്കു പഞ്ചായത്തു മെമ്പർ എന്നീ സ്ഥാനങ്ങൾ അലങ്കരിക്കുന്നു എന്നത് ഇതിനുള്ള തെളിവാണ്.

തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ക്രമേണ കൂടിക്കൊണ്ടിരിക്കുന്നു. വിദ്യഭ്യാസരംഗത്തും ഏറെക്കാലംകൊണ്ട് അവർ പുരുഷന് തുല്യമോ അതിലേറെയോ ആയി മുന്നേറിയിട്ടുണ്ട്. ഈ മാറ്റം മറ്റു രംഗങ്ങളിൽകൂടി ദൃശ്യമായാൽ അവരുടെ പരാതികൾക്കും പരാധീനതകൾക്കും പരിഹാരമാകും. വനിതാവിമോചനപ്രസ്ഥാനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഫലമുണ്ടായി എന്നു വരും.

സാമൂഹ്യപ്രവർത്തനമേഖലകളിൽ വനിതകളുടെ പങ്ക് ഉറപ്പാക്കുന്ന കാര്യത്തിൽ മറ്റുപ്രദേശങ്ങളെപ്പോലെ നമ്മുടെ പഞ്ചായത്തും പിന്നിലാണ്. വനിതാവിമോചനപ്രസ്ഥാനങ്ങൾ നാടെങ്ങും സജീവമായി മുന്നേറുന്നു. ഈ കാലഘട്ടത്തിൽ നമ്മുടെ ഗ്രാമത്തിലെ വനിതകളും അവരുടം ദൗത്യം നിർവ്വഹിക്കാനുള്ള അവസരം പാഴാക്കരുത്. പഞ്ചായത്ത് രാജ് നിലവിൽ വന്നതോടെ സ്ത്രീകൾക്ക് ഭരണരംഗത്ത് മതിയായ പ്രാതിനിധ്യം ഉറപ്പാവുകയും അധികാരം അവരുടെ കൈകളിലേക്കു കൂടി വരികയും ചെയ്യുന്നതുകൊണ്ട് സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കാൻ അവസരവുമായി.

1991–ലെ കനേഷുമാരി കണക്കനുസരിച്ച് ഈ പഞ്ചായത്തിലെ സ്ത്രീകളുടെ എണ്ണം 8336 ആണ്. പുരുഷന്മാരുടെ സംഖ്യയെക്കാൾ 450 കൂടുതൽ. 1996–ൽ 131 സ്ത്രീകളാണു കൂടുതൽ. എന്നാൽ 6 വയസ്സിനു താഴെയുള്ള പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളുടെതിനെക്കാൾ കുറവാണ്.

പഞ്ചായത്തിലെ സ്ക്കൂളുകളിൽ ഇപ്പോഴത്തെ കണക്കനുസരിച്ച് 1329 ആൺകുട്ടികളും 1283 പെൺകുട്ടികളും പഠിക്കുന്നു. പ്രൈമറിതലത്തിൽ 47.75 ശതമാനവും അപ്പർ പ്രൈമറിതലത്തിൽ 49.13 ശതമാനവും ഹൈസ്ക്കൂളിൽ 51.85 ശതമാനവും പെൺകുട്ടികൾ പഠിക്കുന്നു. ഉന്നതവിദ്യഭ്യാസരംഗത്ത് പെൺകുട്ടികളുടെ എണ്ണമാണു കൂടുതൽ എന്നു കാണാം. ഉയർന്ന ക്ലാസ്സുകളിലേക്കു പോകുന്തോറും പെൺകുട്ടികളുടെ എണ്ണം കൂടുന്നതായിട്ടാണ് കാണുന്നത്. വിദ്യഭ്യാസരംഗത്തെ കൊഴിഞ്ഞിപോക്ക് ആൺകുട്ടികളിലാണ് കൂടുതൽ.

സംഖ്യയിൽ പുരുഷന്മാരെക്കാൾ കൂടുതലുള്ള സ്ത്രീകളോട് പലരംഗങ്ങളിലുമുള്ള വിവേചനത്തിന് ഇനിയും പരിഹാരം ഉണ്ടാകേണ്ടതുണ്ട്. ഏതാണ്ട് 450 കുടുംബങ്ങളിൽ സ്ത്രീകൾ കുടുംബനാഥകളാണ്. പഞ്ചായത്തിലെ സ്ക്കൂളുകളിലുള്ള 107 അദ്ധ്യാപകരിൽ 77 പേരും സ്ത്രീകളാണെന്നു കാണുന്നു. കശുവണ്ടി സംസ്ക്കരണമേഖലയിലും സ്ത്രീകളാണു കൂടുതൽ. തയ്യൽത്തൊഴിലാളികളും കൂടുതൽ സ്ത്രീകളാണ്. കാർഷികമേഖലയിൽ തൊഴിൽ ചെയ്തിരുന്ന സ്ത്രീത്തൊഴിലാളികൾ, നിർമ്മാണത്തൊഴിൽ രംഗത്തേക്കു ഗണ്യമായി മാറിക്കൊണ്ടിരിക്കുന്നു. മറ്റു മേഖലകളിലൊക്കെ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.
1991–ലെ സെൻസസ് പ്രകാരം തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക താഴെ ചേർക്കുന്നു.

വിവിധതൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ വിവരം

ക്രമ നമ്പർ	തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
1	കർഷകൻ	115	1653
2	കർഷകത്തൊഴിലാളി	248	910
3	മൃഗസംരക്ഷണം	5	145
4	കെട്ടിടനിർമ്മാണം	5	112
5	ഗതാഗതം, വാർത്താവിനിമയം	6	92
6	ചെറുകിടവ്യവസായം	269	224
7	വ്യാപാരം	17	279
8	മറ്റുള്ളവർ	217	452

തൊഴിൽരഹിതരിൽ സ്ത്രീകൾ വളരെ കൂടുതലാണെന്നു കാണുന്നുവെങ്കിലും സ്ത്രീകളെല്ലാം തന്നെ പൂർണ്ണമായോ, ഭാഗികമായോ ഗൃഹജോലിയിൽ വ്യപൃതരാണെന്ന വസ്തുത മറയ്ക്കുന്നില്ല.

സ്ത്രീകൾക്കു കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തേണ്ടത് കാലഘട്ടത്തിന്റെ ഒരാവിശ്യമാണ്. തനിക്കെതിരെ കാട്ടുന്ന ക്രൂരതകളെ സ്വന്തം കാലിൽനിന്നു നേരിടാൻ ഇത് കരുത്തു നൽകും.

പഞ്ചായത്തിൽഗ്രാമീണ മഹിളാസമാജം എന്ന പേരിൽ ഒരു സംഘടന രൂപികരിച്ചു പ്രവർത്തനം നടത്തുന്നു. പഞ്ചായത്ത് പ്രസിഡന്റ്റക്ഷാധികാരിയായുള്ള പ്രസ്തുത മഹിളാസമാജത്തിന്റെ മേൽനോട്ടത്തിൽ, ക്ഷീരോൽപ്പന്നനിർമ്മാണ യൂണിറ്റ്, കന്നുകാലിയൂണിറ്റ്, തയ്യൽക്ലാസ്സ് എന്നിവ നടത്തിവരുന്നു.

അൻപതുകളിൽ പഞ്ചായത്തിൽ സജീ

വമായി പ്രവർത്തിച്ചിരുന്ന ഒരു മഹിളാസമാജം ഉണ്ടായിരുന്നു. സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും ഇപ്പോൾ അതിന്റെ പ്രവർത്തനം നിലച്ച മട്ടാണ്

ഗ്രാമസഭകളിൽ പങ്കെടുത്തവനിതകളിൽ നിന്നും ശക്തമായി ഉയർന്നുകേട്ട ആവിശ്യം സമ്പൂർണ്ണമദ്യനിരോധനം ആവശ്യമാണെന്നാണ്. അതുപോലെ സ്ത്രീകൾ സേവനരംഗത്തേക്കു കടന്നുവരാൻ മടിക്കുന്നത് സമൂഹത്തിലുള്ള അവഗണനയും മനോഭാവവും കൊണ്ടാണെന്നും അഭിപ്രായമുണ്ട്.

പ്രശ്നങ്ങൾ

1. ബിരുദവും ബിരുദാന്തരബിരുദവും സമ്പാദിച്ച വനിതകൾപ്പോലും ആനുകാലകസംഭവങ്ങൾ മനസ്സിലാക്കാനും പ്രതികരിക്കാനും ശ്രദ്ധിക്കുന്നില്ല. വായനാശീലം കുറവാണ്. വായിക്കുന്നതുതന്നെ മാസികകളും കഥകളും.

2. ഭാര്യ, അമ്മ, സഹോദരി, മകൾ എന്നീ നിലകളിൽ സ്ത്രീയ്ക്കു സമൂഹത്തിലുള്ള സ്ഥാനം പോലെ സാമൂഹ്യജീവിതത്തിൽ തനിക്കുകൂടിയുള്ള പങ്കാളിത്തത്തെപ്പറ്റി ശരിക്കും ബോദ്ധ്യമില്ല. സേവനരംഗത്തു ധീരമായി കടന്നുവരുന്നില്ല.

3. നിയമം മൂലം സ്ത്രീകൾക്കു ലഭിക്കുന്ന പരിരക്ഷകൾ മിക്കതും അധികൃതരുടെ അലംഭാവം മൂലം കടലാസ്സിൽ ഒതുങ്ങുന്നു.

4. മദ്യപാനത്തിന്റെ ദുരന്തഫലങ്ങൾ സ്ത്രീകളെയാണു സാരമായി ബാധിക്കുന്നത്. സ്ത്രീപീഢനങ്ങളും ഏറുന്നു. സ്ത്രീധനപീഢനം അഭ്യസ്തവിദ്യരിൽപ്പോലും ഇപ്പോൾ വ്യാപിച്ചുകാണുന്നു

5. ഒട്ടുമിക്കസിനിമകളുടെയും ചില പ്രസിദ്ധീകരണമാദ്ധ്യമങ്ങളുടെയും സ്വാധീനം പലപ്പോഴും സ്ത്രീകളെ എതിർദിശയിലേക്കു ആകർഷിക്കുന്നതായി കാണുന്നു ആഡംബരത്തോടുള്ള പ്രിയം, അനുകരണവാസന, ഉള്ള വരുമാനം വേണ്ടരീതിയിൽ ഉപയോഗിക്കാനുള്ള അറിവില്ലായ്മ, അന്ധവിശ്വാസം ഇവയെല്ലാം പ്രശ്നങ്ങളാണ്.

6. സ്വയം തൊഴിൽ സാദ്ധ്യതകളെക്കുറിച്ചുള്ള ശരിയായ അറിവില്ലായ്മയും വായ്പകൾ ലഭിക്കുന്നതിനുള്ള സാങ്കേതികമായ തടസ്സങ്ങളും, പുതിയസംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ആത്മധൈര്യക്കുറവും പ്രതിബദ്ധങ്ങളാണ്.

7. എല്ലാ അംഗനവാടികളോടും ചേർന്ന് ഓരോ മഹിളാസമാജങ്ങൾ പ്രവർത്തിക്കുണ്ടെങ്കിലും അവ കാര്യക്ഷമമല്ല. കലാസാംസ്കാരികരംഗങ്ങളിൽ സ്ത്രീപങ്കാളിത്തം തുലോം കുറവാണ്

പരിഹാരമാർഗ്ഗങ്ങളും സാദ്ധ്യതകളും

1. ഗ്രാമീണമഹിളാസമാജത്തിന്റെ കീഴിൽ വാർഡുകൾ തോറും ഓരോ മഹിളാസമാജങ്ങൾ രൂപീകരിച്ചു പ്രവർത്തിപ്പിക്കണം അവയുടെ പ്രാതിനിധ്യം ഉറപ്പുവരുത്തിക്കൊണ്ട് പഞ്ചായത്തിന്റെ ചുമതലയിൽ ഗ്രാമീണമഹിളാസമാജത്തിന്റെ പ്രവർത്തനം വ്യാപകമാക്കണം

2. സ്വയം തൊഴിൽ കണ്ടെത്തലിന്റെ സാദ്ധ്യതകളെപ്പറ്റിയും ബോധവൽക്കരണം നടത്തണം. വിദഗ്ദ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിച്ചു നടത്തണം.

3. റെഡിമെയ്ഡുനിർമ്മാണശാലകൾ, ആടുകോഴിവളർത്തൽ കേന്ദ്രങ്ങൾ അച്ചാർനിർമ്മാണശാല, ചിപ്സ് നിർമ്മാണ യൂണിറ്റ്, ലേഡിസെന്റർ, ബുക്ക്ബയന്റിംഗ്, കറിപൗഡർ നിർമ്മാണയൂണിറ്റ് തുടങ്ങിയ സ്വയം തൊഴിൽ യൂണിറ്റുകൾ സംഘടിപ്പിച്ചാൽ തൊഴിലില്ലായ്മയ്ക്ക് ഒരളവുവരെ പരിഹാരം കാണാം

4. പഠനം പൂർത്തിയാക്കി നിൽക്കുന്ന യോഗ്യരായ പെൺകുട്ടികൾക്ക് സ്ക്കൂളുകളിൽ അവധിദിവസങ്ങളിലും നാലുമണിക്കുശേഷവും സ്പെഷ്യൽ ക്ലാസ്സുകൾ ഏർപ്പെടുത്തിക്കൊടുത്താവുന്നതാണ്.

5. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം സംഘടിപ്പിച്ചുകൊടുക്കാവുന്നതാണ്. പ്രീപ്രൈമറിട്രെയിനിംഗ് സ്ക്കൂൾ, നഴ്സിംഗ്സ്ക്കൂൾ, തയ്യൽ സ്ക്കൂൾ എന്നിവ അനുവദിപ്പിച്ചു നടത്താനുള്ള നടപടി വേണം

6. സ്ത്രീകൾക്കു മാത്രമായി ഒരു സഹകരണസംഘം രൂപീകരിക്കണം7. ഗവൺമെന്റാശുപ്രത്രിയിൽ, വനിതാഡോക്ടറെയും, ശിശുരോഗചികിത്സയ്ക്ക് വിദഗ്ദ്ധഡോക്ടറെയും നിയമിക്കാനുള്ള നടപടി വേണം

8. ആറാട്ടുപുഴ, ഹൈസ്ക്കൂൾ ജംഗഷൻ, മാർക്കറ്റ് ജംഗഷൻ എന്നിവിടങ്ങളിൽ പബ്ലിക് കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കണം

9. വിദ്യാർത്ഥിനികൾ, ബസ് സൗകര്യത്തിനില്ലാത്തതുകൊണ്ടു വലയുന്നു. പരിഹാരം ഉണ്ടാക്കണം. ബസ്സിൽ സ്ത്രീകളുടെ സീറ്റു ഉറപ്പുവരുത്തണം.

5.10 സഹകരണം

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച നമ്മുടെ ഗ്രാമപ്രദേശം പണ്ടുമുതൽക്കേ കാർഷികപ്രധാനമാണ്. ജനങ്ങളിൽ ഭൂരിപക്ഷവും കാർഷികവൃത്തിയെ ആശ്രയിച്ചു ജീവിച്ചിരുന്നു. കാർഷികവിഭവങ്ങൾ വിറ്റ് മറ്റാവിശ്യങ്ങൾ നിർവ്വഹിക്കേണ്ടിയിരുന്ന പൂർവ്വകാലത്ത് അതിനുള്ള വിപണന സൗകര്യം കുറവായിരുന്നതിനാൽ മറ്റു സ്ഥലങ്ങളിൽ നിന്നും ലാഭേച്ഛയോടുവരുന്ന കച്ചവടക്കാരെ ആശ്രയിക്കുകയായിരുന്നു പതിവ്. ഭൂമിയിൽ അദ്ധ്വാനിച്ചുണ്ടാക്കുന്ന കാർഷികോൽപ്പന്നങ്ങൾകക്ക് യഥാർത്ഥവില കർഷകനു തന്നെ ലഭിക്കണമെന്ന ആശയം ഇവിടുത്തെ ദീർഘവീക്ഷണമുള്ള മുൻതലമുറക്കാരിൽ രൂപം പ്രാപിച്ചതിന്റെ ഫലമായി കർഷകരുടെ ഒരു കൂട്ടായ്മ ആവിശ്യമാണെന്നു വരികയും പട്ടാഴിയുടെ കിഴക്കേ ഭാഗത്തുള്ളവരുടെ പുരോഗതി ലക്ഷ്യമാക്കി പട്ടാഴി കിഴക്കേകരപ്പുറം പർസ്പര സഹായസഹകരണസംഘം എന്നപേരിൽ ഒരു സഹകരണസ്ഥാപനം 1100 ME (AD 1929)ൽ 1023 -ാം നമ്പരായി രജിസ്റ്റർ ചെയ്തു. 1101-ൽ പ്രവർത്തനം ആരംഭിച്ചു. പട്ടാഴിയിലെ ആദ്യത്തെ ഈ സഹകരണസ്ഥാപനമാണ് വിവിധോദ്ദേശസഹകരണസംഘമായും, സർവ്വീസ് സഹകരണസംഘമായും പേരുമാറ്റം വന്ന് ഇന്നത്തെ പട്ടാഴി സഹകരണബാങ്ക് എന്ന പ്രബലമായ ധനകാര്യസ്ഥാപനമായി മാറിയത്. ഇതിന്റെ ആദ്യപ്രസിഡന്റ് കരുവേലിൽ ഗോവിന്ദപ്പിള്ളയും സെക്രട്ടറി ശങ്കരമംഗലത്ത് ശങ്കരനാരായണപിള്ളയുമായിരുന്നു.

കാലത്തിന്റെ മാറ്റത്തനനുസരിച്ചുള്ളമനുഷ്യപുരോഗതിയിൽ ഇടത്തട്ടുകാരിൽ നിന്നുള്ള ചൂഷണം ഒഴിവാകേണ്ടത് ഒരാവിശ്യമാണെന്ന് വന്നതിന്റെ അടിസ്ഥാനത്തിൽ വിവിധമേഖലകളിൽ സഹകരണപ്രസ്ഥാനങ്ങൾ രൂപം പ്രാപിക്കുകയും ക്രമേണ വളർന്ന് സാമൂഹ്യജീവിതത്തിൽ നിർണ്ണായകഘടകമായിത്തീരുകയും ചെയ്തു. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ഇന്നോളം ഉണ്ടായിട്ടുള്ളതും പ്രവർത്തനരംഗത്തു ചുവടുറപ്പിച്ചിട്ടുള്ളതുമായ താഴെ ചേർക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഇതിനു സാക്ഷ്യം വഹിക്കുന്നു.

1. പട്ടാഴി സർവ്വീസ് സഹകരണ ബാങ്ക്. നമ്പർ 1023
2. കുണ്ടയം സർവ്വീസ് സഹകരണഭാങ്ക്. നമ്പർ 3259

(8,9 വാർഡുകൾ ഇതിന്റെ പരിധിയിൽപ്പെടുന്നു)

3. പട്ടാഴി ഹരിജൻ കൈത്തറി നെയ്ത്തു വ്യവസായ സഹകരണസംഘം. നമ്പർ 2418
4. പട്ടാഴി ക്ഷീരോല്പാദക സഹകരണസംഘം
5. പട്ടാഴി റബ്ബർ ഉല്പാദകസഹകരണസംഘം നമ്പർ Q 261 .88
6. ഗവ.എച്ച്.എസ്സ്. പട്ടാഴി സ്ക്കൂൾ സഹകരണ സംഘം. CS No. Q17
7. തെക്കേത്തേരി ഡി.വി.യു.പി എസ്, സഹകരണസംഘം
8. പന്തപ്ലാവ് വി.വി.യു.പി.എസ് സഹകരണ സംഘംഇവ കൂടാതെ പത്തനാപുരം താലൂക്ക് പ്രാഥമിക സഹകരണ കാർഷികഗ്രാമവികസന ബാങ്ക്, ഹൗസിംഗ് സഹകരണസംഘം എന്നിവയുടെ പ്രവർത്തനപരിധിയിൽ നമ്മുടെ ഗ്രാമപഞ്ചായത്തും ഉൾപ്പെടുന്നു.

പട്ടാഴികിഴക്കേകരപ്പുറം പരസ്പരസഹായസഹകരണസംഘം ആരംഭിച്ചു പ്രവർത്തനം നടത്തുന്ന കാലത്തുതന്നെ പടിഞ്ഞാറെ കരക്കാരുടെ സഹകരണത്തോടെ ആറാട്ടുപുഴ കേന്ദ്രമാക്കി ഒരു സഹകരണസംഘം രൂപികരിച്ചിരുന്നു. പിന്നീടത് ഗ്രമോദ്ധാരണസഹകരണസംഘം (രജി: നമ്പർ 2767)പ്രവർത്തനം നടത്തിയിരുന്നു. റേഷൻകടകളും മറ്റും ഈ സംഘത്തിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നു. കുറെക്കാലം ഉഷാറായി പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം ഒടുവിൽ നിലനില്പിന്റെ ഭീഷണിയെ നേരിടുകയും ലിക്വിഡേറ്റ് ചെയ്യുകവഴി നാമാവിശേഷമാവുകയും ചെയ്തു.

ഈ പഞ്ചായത്തിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന സഹകരണസ്ഥാപനം 1023 - ാം നമ്പർ പട്ടാഴി സർവ്വീസ് സഹക

രണബാങ്കാണ്. ഭക്ഷ്യക്ഷാമം രൂക്ഷമായിരുന്ന രണ്ടാം ലോകമഹായുദ്ധകാലത്ത് ലഭ്യമായ ഭക്ഷ്യ ധാന്യങ്ങൾ ഈ സ്ഥാപനത്തിന്റെ കീഴിലുള്ള റേഷൻ കടകളിലൂടെ വിതരണം ചെയ്തിരുന്നു. മരച്ചീനി, നാളികേരം എന്നിവ കർഷകരിൽനിന്നും ന്യായമായവിലയ്ക്ക് ശേഖരിച്ച് വിപണനം നടത്തിയിരുന്നു.. ഒരു കാലത്ത് ഉടുതുണിക്ഷാമം ഭക്ഷ്യക്ഷാമം പോലെ രൂക്ഷമായിരുന്നു. ആ കാലയളവിൽ റേഷൻതുണി(കോട്ടാ) വിതരണം ഏറ്റെടുത്ത് നടത്തിയിരുന്നത് ഈ സ്ഥാപനം വഴിയായിരുന്നു. റേഷൻ കടകൾ സംഘത്തിന്റെ ചുമതലയിൽ ദീർഘകാലം നടത്തിവന്നിരുന്നു. ഫാക്ട് വളം ഡിപ്പോ, കൺസ്യൂമർസ്റ്റോർ, തുണിക്കട, ഓണച്ചന്ത, എന്നിവ ഇന്ന് ഈ ബാങ്കിന്റെ കീഴിൽ നടത്തിവരുന്നു. എന്നിരുന്നാൽ തന്നെയും ഇന്ന് ബാങ്കിന്റെ പ്രവർത്തനത്തിൽ ആരംഭദശകങ്ങളിലുണ്ടായിരുന്ന ആവേശവും അർപ്പണമനോഭാവവും മാനേജ്മെന്റിന്റെയോ ജീവനക്കാരുടെയോ ഭാഗത്തു കാണുന്നില്ല.

കൃഷിയുടെ ഊഴമനുസരിച്ച് യഥാസമയം വളം വാങ്ങി വിതരണം ചെയ്യുന്നതിൽ കാര്യക്ഷമത കുറവുണ്ട്. കൺസ്യൂമർസ്റ്റോറിന്റെ പ്രവർത്തനം ഗ്രാമത്തിന്റെ മറ്റു ഭാഗങ്ങളിൽ കൂടി ലഭിക്കത്തക്കരീതിയിൽ വിപുലീകരിക്കേണ്ടിയിരിക്കുന്നു. ജീവനക്കാരുടെ വേതനസേവന വ്യവസ്ഥകൾ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ചിട്ടപ്പടി ജോലി ചെയ്യുന്നവരായി മാത്രം മാറിയിരിക്കുന്നു. ഈ രംഗത്തു പലനൂതന പ്രവണതകളും സംജാതമായിട്ടുണ്ട്.

കാർഷികവായ്പയ്ക്കുപരി മറ്റു കാർഷികേതര വായ്പകൾക്ക് പ്രാമുഖ്യം വന്നിട്ടുണ്ട്. മറ്റു ധനകാര്യസ്ഥാപനങ്ങളുമായി വായ്പകളുടെയും ധനസമാഹരണത്തിന്റെയും കാര്യത്തിൽ കടുത്ത മത്സരം നേരിട്ടുകൊണ്ടിരിക്കുമ്പോൾ ഈ വ്യതിയാനം ജനങ്ങളുടെ താല്പര്യത്തിനനുസരണമാണെന്നു കാണാൻ കഴിയും. എന്നാൽ സഹകാരികളെ സ്ഥായിയായ വികസനത്തിന്റെ പാതയിലേക്കു കൊണ്ടുവരുന്നതിനുള്ള വേണ്ടത്ര ബോധവൽക്കരണം ബാങ്കിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്ന പോരായ്മയുണ്ട്.

എന്നിരുന്നാലും ജനാധിപത്യത്തിന്റെ കുറ്റമറ്റ മാതൃകയായി നമ്മുടെ സഹകരണജനാധിപത്യം ഇന്നും നിലനിൽക്കുന്നുവെന്നത് ആശ്വാസകരം തന്നെ. പട്ടാഴി സർവ്വീസ്സഹകരണബാങ്കിന്റെ ബൈലാ കാലോചിതമായി ഭേദഗതി ചെയ്യേണ്ടതാണ്. അടിയന്തിരമായി പൊതുയോഗം വിളിച്ചുചേർത്ത് സഹകരണരംഗത്തുള്ള ശക്തി ദൗർബല്യങ്ങൾ വിലയിരുത്തി സഹകാരികളുടെയും പൊതുജനങ്ങളുടെയും ആവിശ്യങ്ങൾ നിറവേറ്റാൻ ഉതകും മട്ടിൽ ബാങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയേണ്ടതാണ്. 8,9 വാർഡുകൾ കൂടി പട്ടാഴി സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

പത്തനാപുരം താലൂക്ക് ഹൗസിംഗ് സൊസൈറ്റിയിൽനിന്നും ഭവനനിർമ്മാണവായ്പകൾ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. പത്തനാപുരം പ്രാഥമിക സഹകരണകാർഷിക ഗ്രാമവികസന ബാങ്കിൽ നിന്നും കാർഷിക-കാർഷികേതര വായ്പകൾ പഞ്ചായത്തിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്.

സഹകരണസ്ഥാപനങ്ങൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ക്രഡിറ്റ് നോൺക്രഡിറ്റ്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം
1	പട്ടാഴി സഹകരണ ബാങ്ക്	ക്രഡിറ്റ്	1929	9,000	13,40,000
2	കുണ്ടയം സർവ്വീസ് സഹകരണബാങ്ക്	ക്രഡിറ്റ്	1952	5973	18,00,000
3	പട്ടാഴി ഹരിജൻ കൈത്തറിനെയ്ത്തു സഹകരണസംഘം	നോൺ ക്രെഡിറ്റ്	1984	160	23,900
4	പട്ടാഴി ക്ഷീരോല്പാദക സഹകരമസംഘം	"	1980	160	7080
5	പട്ടാഴി റബ്ബർ ഉല്പാദക സഹകരണസംഘം	"	1988	150	7500

അവലംബം :- ദ്വിതീയ വിവരണശേഖരണം

പട്ടാഴി സർവ്വീസ് സഹകരണബാങ്കിലെ വായ്പാവിതരണം സംബന്ധിച്ച വിവരങ്ങൾ

നിക്ഷേപം		വായ്പ	
ഹ്രസ്വകാലം(രൂപ)	സ്ഥിരം(രൂപ)	കാർഷികം(രൂപ)	കാർഷികേതരം(രൂപ)
37,02,000	1,80,97,000	9,52,715	1,03,28,609

അവലംബം : ദ്വിതീയ വിവരണശേഖരണം

നിർദ്ദേശങ്ങൾ

1. അംഗങ്ങൾക്കുലഭിക്കുന്ന വായ്പയുടെ പരിധി ഉയർത്തണം
2. ഗ്രൂപ്പ് ഡിപ്പോസിറ്റ് ക്രഡിറ്റ് സ്ക്കീം, സഹകാരികൾക്കുള്ള ഡിപ്പോസിറ്റ് – പെൻഷൻ സ്ക്കീം എന്നിവ നടപ്പിലാക്കുന്നതിനനുയോജ്യമായ രീതിയിൽ ബൈലാ ഭേദഗതി വരുത്തണം
3. കൂടുതൽ ചിട്ടികൾ ആരംഭിക്കണം
4. വളപ്രയോഗം നടത്തേണ്ട സീസണിൽ ആവിശ്യത്തിനു വളം ലഭ്യമാക്കണം
5. നിലവിലുള്ള തുണിവ്യാപാരം വിപുലീകരിക്കുക.
6. കൺസ്യൂമർസ്റ്റോറിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം. മോണിട്ടറിംഗ് നിർബന്ധമാക്കണം
7. ബിസിനസ്സുകാർക്ക്ഓവർഡ്രാഫറ്റ് സൗകര്യം ഏർപ്പെടുത്തണം
8. പഞ്ചായത്തിലെ ജനങ്ങളുടെ സ്വന്തം ധനകാര്യസ്ഥാപനമായി സഹകരണസ്ഥാപനങ്ങളെ കണ്ട് സമ്പാദ്യങ്ങൾ നിക്ഷേപിക്കുകയും, വായ്പാസൗകര്യങ്ങൾ ഉപയോഗപ്പെടുത്തുകയും വേണം
9. ഗ്രാമപഞ്ചായത്തുക ഫണ്ട് പട്ടാഴി സർവ്വീസ് സഹകരണബാങ്കിൽ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുകയും വേണം
10. ഗ്രാമപഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് സഹകരണബാങ്കിനെ ഫലപ്രദമായി ഉപയോഗപ്പെടുത്തണം
11. കാർഷികോല്പന്നങ്ങളുടെ സംഭരണവും വിതരണവും സഹകരണമേഖലയിൽ ഏറ്റെടുക്കണം
12. സ്വർണ്ണപ്പണയത്തിന്റെ വായ്പാപരിധി ഉയർത്തണം
13. വാഹനവായ്പ, സ്വയംതൊഴിൽവായ്പ, വീടുവയ്ക്കുന്നതിനുള്ളവായ്പ, വിദ്യാഭ്യാസത്തിനും വിവാഹാവിശ്യത്തിനുമുള്ള വായ്പ എന്നിവ വിതരണം ചെയ്യണം. ഇടപാടുകൾക്കുള്ള കാലതാമസം ഒഴിവാക്കണം
14. കർഷകക്ഷേമസഹകരണസംഘവും വനിതാക്ഷേമസഹകരണസംഘവും രൂപീകരിക്കണം
15. സഹകരണാടിസ്ഥാനത്തിൽ ചെറുകിട വായ്പാ സംരംഭങ്ങൾ ആരംഭിക്കണം

5.11 പട്ടികജാതിക്ഷേമം

കഴിഞ്ഞകാലങ്ങളിൽ നിന്നും വ്യത്യസ്തമായി പഞ്ചായത്തിലും പട്ടിജാതി വിഭാഗം വിദ്യാഭ്യാസസാമൂഹ്യമേഖവലകളിൽ കൈവരിച്ച നേട്ടങ്ങൾ ആ വിഭാഗത്തിന് മറ്റുള്ളവരോടൊപ്പം സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കടന്നുവരുവാൻ കുറെയൊക്കെ കഴിഞ്ഞിട്ടുണ്ട്. സാമൂഹ്യസാമ്പത്തികരംഗത്ത് നിരവധികാലം ചൂഷണതത്തിന് വിധേയരായിരുന്ന ഇവർക്ക് യോജിച്ച പ്രവർത്തനത്തിലൂടെ പൂർണ്ണമായിട്ടില്ലെങ്കിലും സാമൂഹികപുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽനിന്ന് പൂർണ്ണമായും മോചനം നേടാൻ ഇന്നു കഴിഞ്ഞിട്ടുണ്ട്. കുടുംബങ്ങളിലെ വിവാഹാദിചടങ്ങുകൾക്ക് നാനാജാതിമതസ്ഥരുടെയും സാന്നിദ്ധ്യം ഉണ്ടാവുകയും മറ്റുള്ളവരുടെ എല്ലാതരം ചടങ്ങുകളിലും പങ്കെടുക്കാൻ കഴിയുകയും ചെയ്യുന്നുണ്ട്

ആകെ ജനസംഖ്യയുടെ 14.1 ശതമാനം പട്ടികജാതി വിഭാഗമാണ്.ഈ പഞ്ചായത്തിലുള്ളത്. 610 പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. പട്ടിക വർഗ്ഗകുടുംബങ്ങളൊന്നുമില്ല. 3 അംഗീകൃതകോളനികൾ ഈ പഞ്ചചായത്തിലുണ്ട്. ഇടകലർന്നു ജീവിക്കുന്ന കുടുംബങ്ങളും ഉണ്ട്. 1991 -ലെ സെൻസസ്സ് കണക്കുകൾ പ്രകാരം പട്ടികജാതി ജനസംഖ്യ 2289 ആണ്. ഏറ്റവും കൂടുതൽ പട്ടികജാതി കുടുംബങ്ങൾ നടുത്തേരി വാർഡിലും ഏറ്റവും കുറവ് താഴത്തുവടക്കുവാർഡിലുമാണ് മലഞ്ചരിവുകളിലും കുന്നിൻപുറങ്ങളിലുമാണ് ഇവർ കൂടുതലും വസിക്കുന്നത്. ഫലഭൂയിഷ്ഠമായ നദിതീരങ്ങളും സമതലങ്ങളും മറ്റു വിഭാഗക്കാർ കയ്യടകക്കിയതാകാം ഇതിനു കാരണം

വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് മറ്റു വിഭാഗങ്ങൾക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ പട്ടികജാതിവിഭാഗത്തിന് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി ക്കു സേഷം തുടർന്ന് പഠിക്കുന്നതിന് പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. രക്ഷിതാക്കൾ വേണ്ടത്ര ജാഗ്രത കാണിക്കുന്നുമില്ല. സ്ക്കൂൾ വിദ്യാഭ്യാസത്തിനിടയിൽ പഠനം നിർത്തിപ്പോകുന്ന കുട്ടികളുടെ എണ്ണം പൊതുവെ കുറവാണ്.
വിവിധ ക്ലാസ്സുകളിൽ തോറ്റുപഠിക്കുന്നവരുടെ എണ്ണവും താരതമ്യേന കുറവാണ്.

തൊഴിൽ

ഭൂരിഭാഗവും കാർഷികമേഖലയിൽ തോളിലെടുത്ത് ഉപജീവനം കഴിച്ചുവന്നവരാണ്. പട്ടികജാതിക്കാരിൽ ഒരു വിഭാഗം മരം കയറ്റത്തൊഴിലാളികളാണ് പഴയകാലത്ത് നാമമാത്രമായ കൂലി മാത്രമേ ലഭിക്കുമായിരുന്നുള്ളൂ. നെല്ലും നാളികേരവുമായിരുന്നു കൂലിയായി ലഭിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ അടുത്തുള്ള കശുവണ്ടി സംസ്ക്കരണ ഫാക്ടറിയിലും ധാരാളം സ്ത്രീകൾ പണിയെടുക്കുന്നുണ്ട്. എന്നാലും വേണ്ടത്രതൊഴിൽദിനങ്ങളുടെ ലഭ്യതക്കുറവുമൂലം മറ്റു മേഖലകളിലേക്കു പോയി പണിയെടുക്കാൻ അവർ നിർബന്ധിതരാകുന്നു. കാർഷികമേഖലയിലുണ്ടായ തകർച്ചയും മറ്റുമേഖലകളിലെ ഉയർന്ന കൂലിനിരക്കും കർഷകത്തൊഴിലാളികളെ മറ്റു മേഖലകളിലേക്കാകർഷിക്കുന്നു. പ്രധാനമായും കെട്ടിട-ചുടുകട്ടനിർമ്മാണരംഗത്തേക്കാണ് ആകർഷിക്കപ്പെടുന്നത്. പുതിയ തലമുറയെ കാർഷികമേഖലയിലെ തൊഴിലുകളുമായി ബന്ധപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

പാർപ്പിടം

പട്ടിതജാതികുടുംബങ്ങൾക്കേറെയും ഒറ്റമുറിമാത്രമുള്ള പുൽമാടങ്ങളിലും ചെറ്റപ്പുരകളിലുമായിരുന്നു താമസിച്ചിരുന്നത്. വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്നപദ്ധതികളിലൂടെ പാർപ്പിടപ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രധാനമായും കോളനികളിലാണ് ഇതിന്റെ പ്രയോജനം കൂടുതൽ ലഭ്യമായിട്ടുള്ളത്. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭിച്ചിട്ടില്ല. പാർപ്പിടസൗ

കര്യങ്ങൾ ഇല്ലാത്ത കുടുംബങ്ങൾ ഇനിയുമുണ്ട്. കെട്ടിടനിർമ്മാണത്തിനനുവദിക്കുന്ന തുക അപര്യാപ്തമായതിനാൽ പല വീടുകളും പൂർത്തിയാകാതെ കിടപ്പുണ്ട്. വിവിധ ധനസഹായങ്ങളിലൂടെ ലഭിച്ച വീടുകളുടെ തുടർ സംരക്ഷണം സമയാസമയങ്ങളിൽ ചെയ്യാൻ കഴിയാതെ വരുന്നതു കൊണ്ട് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന അവസ്ഥയും ഉണ്ട്.

കക്കൂസും മറ്റു പ്രാഥമിക സൗകര്യങ്ങളും ഇല്ലാത്ത നിരവധി കുടുംബങ്ങളുണ്ട്. പ്രധാനമായും വൈദ്യുതി, കുടിവെള്ളസൗകര്യം എനന്നിവ ഇനിയും പല വീടുകളിലും എത്തേണ്ടതായുണ്ട്. കോളനികളിലേക്കും പട്ടികജാതി വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന മറ്റു പ്രദേശങ്ങളിലേക്കുമുള്ള റോഡുസൗകര്യങ്ങൾ പര്യാപ്തമില്ല

പ്രശ്നങ്ങൾ

1. കാർഷികതൊഴിൽമേഖലയിൽ നിന്നും തൊഴിലാളികൾ മറ്റു മേഖലകളിലേക്കു തൊഴിൽ തേടി പോകുന്നു.
തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നു.
2. വിദ്യാഭ്യാസപുരോഗതി വേണ്ടത്ര കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സി.ക്ക് കൂടുതൽ കുട്ടികൾക്കു വിജയിക്കാൻ കഴിയുന്നില്ല. ഉപരിവിദ്യാഭ്യാസതത്തിന് പോകാനുള്ള പ്രവണത കുറവാണ് പ്രൊഫഷണൽ കോഴ്സുകൾക്കും, ബിരുദീനന്തരകോഴ്സുകൾക്കും പഠിക്കുന്നവർ കുറവാണ്.
3. ആരോഗ്യസംരക്ഷണസംവിധാനം മെച്ചപ്പെട്ടതല്ല. പരിസരശുചിത്വം കൂടുതൽ മെച്ചമല്ല. രോഗശാന്തിക്ക് ചികിത്സാസമ്പ്രദായങ്ങളോടുള്ള പ്രതിപത്തി അന്ധവിശ്വാസങ്ങളോടുമുണ്ട്.
4. കോളനികളിൽ കുടിവെള്ളപ്രശ്നവുമുണ്ട്. വൈദ്യുതിപ്രശ്നവുമുണ്ട്.
5. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടു നിർമ്മിക്കുവാന നൽകുന്ന ധനസഹായംപര്യാപ്തമല്ലത്തതുകൊണ്ട് പണിപൂർത്തീകരിക്കാൻ കഴിയുന്നില്ല. വീടുകളുടെ സംരക്ഷണജോലികൾ യഥാസമയം ചെയ്യാൻ കഴിയുന്നില്ല.
6. പ്രാഥമിക സൗകര്യങ്ങൾ വേണ്ടത്രയില്ല. ഉള്ള സൗകര്യങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്താൻ ബോധവൽക്കരണം ആവിശ്യമുണ്ട്.
7. മെച്ചപ്പെട്ട ചികിത്സാസൗകര്യങ്ങളില്ല. അതിനാവിശ്യമായ ധനസഹായം ലഭ്യമല്ല.
8. വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന വായ്പാസൗകര്യങ്ങളും മറ്റു സഹായങ്ങളും കാര്യക്ഷമമായി ഉപയോഗപ്പെടുത്തുന്നില്ല.
9. പല പദ്ധതികളെ സംബന്ധിച്ചുള്ള അറിവ് വേണ്ടത്രയില്ല.
10. പരമ്പരാഗത കൈത്തൊഴിലുകളായ പായ്നെയ്ത്ത്, കുട്ട-വട്ടി നെയ്ത്ത്, ചൂരലുല്പന്നങ്ങൾ എന്നിവ അസംസ്ക്കൃത വസ്തുക്കൾ ലഭ്യമല്ലാത്തതിനാൽ പ്രതിസന്ധിയിലാണ്
11. റോഡുഗതാഗതസൗകര്യങ്ങൾ വേണ്ടത്രയില്ല

നിർദ്ദേശങ്ങൾ

1. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽസൗകര്യം മെച്ചപ്പെടുത്തണം.
2. പരമ്പരാഗതകൈത്തൊഴിലുകൾ പരിശീലിപ്പിക്കുകയും അസംസ്ക്കൃതവസ്തുക്കൾ ലഭ്യമാക്കുകയും വേണം.
3. അഭ്യസ്തവിദ്യരുടെ സേവനം പ്രയോജവപ്പെടുത്തി പട്ടികജാതി വിദ്യാർത്ഥികൾക്ക് ട്യൂഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തണം
4. ബിരുദാനന്തരകോഴ്സുകൾക്കും, പ്രൊഫഷണൽ കോഴ്സുകൾക്കും പഠിക്കുന്നവർക്ക് ധനസഹായം നൽകണം.
5. കുടിവെള്ളക്ഷാമം രൂക്ഷമായിട്ടുള്ള നരിക്കോട്, മേപ്പലംകുന്ന്, മൊട്ടക്കുന്ന, അടയ്ക്കാമരക്കുഴി, നെച്ചൂർ തെക്കേക്കര എന്നിവിടങ്ങളിൽ കുടിവെളംളം എത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
6. സ്വന്തമായി വീടില്ലാത്തവർക്ക് വീടു നിർമ്മിച്ചു കൊടുക്കണം
7. കക്കൂസുകൾ ഇല്ലാത്തവർക്ക് നിർമ്മിച്ചുകൊടുക്കണം
8. ആരോഗ്യവിദ്യാഭ്യാസം നൽകുവാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം.
9. വാഹനഗതാഗത സൗകര്യമില്ലാത്ത കോളനികളിൽ അതുണ്ടാകണം.
10. പട്ടികജാതിക്കാരുടെ ഉന്നമനം ലക്ഷ്യമാക്കി ഒരു പട്ടികജാതി സഹകരണസംഘം രൂപീകരിക്കണം. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള പ്രോത്സാഹനങ്ങൾ നല്കണം.

5.12 വിഭവസമാഹരണം

പ്രധാനമായും കാർഷികമേഖലയെ ആശ്രയിച്ചു നിലനിൽക്കുന്ന ഒരു ചെറിയ ഗ്രാമമാണ് പട്ടാഴി പഞ്ചായത്ത്. വ്യവസായമേഖലയിൽ നേട്ടങ്ങളൊന്നും കൈവരിക്കാൻ കഴിഞ്ഞിട്ടില്ലാത്ത നമ്മുടെ ഗ്രാമപഞ്ചായത്തിൽ. നാണ്യവിളകൾ കൂടുതലായി വ്യാപിച്ചതോടെ ജനങ്ങളുടെ സാമ്പത്തികസ്ഥിതിയിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ഗൾഫുനാടുകളിൽനിന്നുള്ള വരുമാനവും ജനങ്ങളുടെ ജീവിതരീതിയിൽ മാറ്റങ്ങളുണ്ടാക്കാൻ സഹായിച്ചിട്ടുണ്ട്. ഗൾഫുവരുമാനം പ്രധാനമായും പ്രത്യുല്പാദനപരമല്ലാത്ത മേഖലകളിൽ വിനിയോഗിക്കുന്ന സ്ഥിതിയാണിപ്പോഴുള്ളത്. കൃഷിയോഗ്യമായ ഭൂമി തുണ്ടുവൽക്കരിച്ചു മണിമാളികകൾ നിർമ്മിക്കുന്ന പ്രവണത കൂടുതലായി കണ്ടുവരുന്നു. ജനങ്ങളുടെ ജീവിതനിലവാരം ഉയർന്നതോടെപഞ്ചായത്ത്ഉപഭോഗവസ്തുക്കളുടെ ഒരു വിപണിയായി തീർന്നെങ്കിലും അവ ഉല്പപ്പാദിപാപിക്കുന്ന വ്യവസായയൂണിറ്റുകൾ തുറക്കാനുള്ള സാധ്യതകൾ ഒന്നും തന്നെ പ്രയോജനപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ പ്രധാനവരുമാനം നികുതിയിൽ നിന്നാണ്. കൂടാതെ, ലേലത്തുക, ലൈസന്സ് ഫീസ്, വാടക, സർകാകാരിൽനിന്നുള്ള വിവിധ ഗ്രന്റുകൾ എന്നിവയും വരുമാനമാർഗ്ഗങ്ങളാണ്.

നികുതിയിൽനിന്നുള്ള വരുമാനം

ഇനം	1991-92	1992-93	1993-94	1994-95	1995-96
കെട്ടിട നികുതി	103735.00	85992.00	103432.00	184724.00	150826.00
തൊഴിൽ നികുതി	54990.00	50235.00	44721.00	75298.00	80230.00
വിനോദ നികുതി	6025.50	7779.50	12512.00	12646.00	12446.00
അഡി. വിനോദ നികുതി	3600.00	4698.50	7575.50	7658.00	7532.00
പ്രദർശന നികുതി	674.00	659.00	1221.00	1738.00	1948.00
പ്രദർശന നികുതിയിന്മേലുള്ള സർച്ചാർജ്	168.50	164.75	305.25	434.50	487.00
മറ്റുള്ളവ	22709.55	38289.65	20995.80	32850.25	38135.00
ആകെ	191602.55	187818.40	190761.55	315348.75	291604.00

അവലംബം: ഗ്രാമപഞ്ചായത്താഫീസ് രേഖകൾ

ശരിയായ ബോധവല്ക്കരണത്തിലൂടെ ജനങ്ങളെ കൃത്യമായി നികുതി അടച്ച് പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കാനുള്ള ഉത്തരവാദിത്വം ഹോധ്യപ്പെടുത്താൻ കഴിയേണ്ടതുണ്ട്. നികുതികൾ യുക്തിപരമായി തീരുമാനിക്കുകയും ചെലവുകളുടെ കണക്കുകളിൽ സുതാര്യതയുണ്ടായിരിക്കുകയും 'വേണം

കെട്ടിടനികുതി

ശാസസ്ത്രീയമായ കെട്ടിടനികുതി നിർണ്ണയിക്കുന്നതിനും അതതു കൃത്യമായി പിരിച്ചെടുക്കുന്നതിനും ഇന്നുള്ള സംവിധാനങ്ങൾ പരിമിതമാണ്. കെട്ടിടത്തിന്റെ നിർമ്മാണച്ചെലവും ആഢംബരത്വവും കൂടി കണ്ടുവേണം നികുതി നിശ്ചയിക്കുവാൻ. നികുതി തീരുമാനിച്ചതിന്റെ മാനദണ്ഡം ഉടമസ്ഥനെ മനസ്സിലാക്കി



ക്കൊടുക്കുവാൻ കഴിയണം. അനധികൃതമായ കെട്ടിടനിർമ്മാണം കർശനമായി തടയേണ്ടതാമ്. കുടിശിഖ പിരിച്ചെടുക്കുന്നതിന് ഓരോ വാർഡിലും സ്ഥലവും തീയതിയും മുൻകൂട്ടി നിശ്ചയിക്കുകയും അതത് ജനങ്ങളെ അറിയിക്കുകയും വേണം.

തൊഴിൽ നികുതി

പഞ്ചായത്തിൽ തൊഴിലെടുക്കുന്ന മുഴുവൻ ആളുകളും നികുതി നൽകാൻ ബാദ്ധ്യസ്ഥരാണ്. അസംഘടിതമേഖലകളിലെ തൊഴിലാളികൾക്കു ഇൻഷ്യറൻസ് സംരക്ഷണം ഏർപ്പെടുത്തുകയും, അതിന്റെ പരിധിയിൽ വരുന്ന മുഴുവൻ തൊഴിലാളികളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും തൊഴിൽ നികുതി അടയ്ക്കുതയും വേണം. ചെറുതും വലുതുമായ എല്ലാ വ്യവസായവ്യാപാരസ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധമാക്കുകയും വ്യവസായികളിൽ നിന്നും തൊഴിലാളികളിൽനിന്നും തൊഴിൽ നികുതി ഈടാക്കുകയും വേണം. വ്യപാരികളെയും ഇൻഷ്യറൻസ് പരിധിയിൽ കൊണ്ടുവരണം.

വിനോദനികുതി

പഞ്ചായത്തിൽനിലവിലുള്ള രണ്ടു സിനിമാശാലകളിൽ നിന്നാണ് പ്രധാനമായും വിനോദനികുതി ലഭിക്കുന്നത്.അവിടെ നിന്നും സാദ്ധ്യതയ്ക്കനുസരിച്ച് നികുതി പിരിച്ചെടുക്കാൻ കഴിയുന്നില്ല. പഞ്ചായത്ത് വകയായി ഓപ്പൺ എയർ ആഡിറ്റോറിയം പണികഴിപ്പിച്ചിടിടുണ്ടെങ്കിലും അതതു പൊതുപരിപാടികൾക്കു ഉപയോഗിക്കുന്നതായി കാണുന്നില്ല. കമ്മ്യൂണിറ്റിഹാൾ നിർമ്മിച്ചു അവിടെ പരിപാടികൾ നടത്താൻ സൗകര്യമുണ്ടാക്കി ഫീസ് ഈടാക്കണം.

ലേലവരുമാനം

പഞ്ചായത്തിലെ പ്രധാന ലേലവരുമാനം മാർക്കറ്റ്, പഞ്ചായത്തുവകഭൂമിയിലെ ഫലവൃക്ഷങ്ങൾ, മണൽ വാരൽ എന്നിവയിൽ നിന്നാണ്. കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ പഞ്ചായത്തിന് ലേലത്തിൽ നിന്നുണ്ടായ വരുമാനത്തിന്റെ കണക്കു ചുവടെ ചേർക്കുന്നു.

ലേലത്തിൽനിന്നുള്ള വരുമാനം

ഇനം	1991–92	1992–93	1993–94	1994–95	1995–96
മാർക്കറ്റ്	22038.00	20751.00	16189.00	32411.00	32200.00
ഫലവൃക്ഷങ്ങൾ	1464.00	1746.00	2281.00	2062.00	2062.00
മണൽ	114242.00	170868.00	77307.00	308100.00	360125.00
അറവുശാല/ഇറച്ചി വ്യാപാരം		21350.00	42280.00	57841.00	60010.00
മറ്റുള്ളവ	–	–	–	33251.00	3143.00
ആകെ	137744.00	214715.00	138057.00	433665.00	457540.00

അവലംബം: ഗ്രാമപഞ്ചായത്താഫീസ് രേഖകൾ

വാടകയിൽനിന്നുള്ള വരുമാനം

ഇനം	1991–92	1992–93	1993–94	1994–95	1995–96
പഞ്ചാത്തുവക കെട്ടിടങ്ങളിൽനിന്നുള്ള വാടക	44338.00	44961.00	55941.00	70823.00	73973.00

അവലംബം: ഗ്രാമപഞ്ചായത്താഫീസ് രേഖകൾ

വിവിധ ഗ്രാന്റുകൾ

ഇനം	1991-92	1992-93	1993-94	1994-95	1995-96
വസ്തു കൈമാറ്റ നികുതി	91060.00	175050.00	192525.00	256534.00	203989.00
അടിസ്ഥാന നികുതി	17069.00	17075.00	16928.00	17922.00	28269.00
ഉപാധിരഹിത ഫണ്ട്	180000.00	186500.00	190105.00	267510.00	279600.00
ലൈബ്രറി ഗ്രന്റ്	3050.00	–	1190.00	1190.00	3520.00
എസ്റ്റാബ്ലിഷ്മെന്റ്	66232.00	30291.00	39298.00	74515.00	17997.00
എം.ഐ. ഗ്രാന്റ്	7400.00	7400.00	7400.00	7400.00	7400.00
പി.ആർ.എം.	73566.00	72042.00	70998.00	70475.00	69536.00
വി.ടി.സി.	–	–	–	23000.00	592958.00
ജെ.ആർ.വൈ. ജനറൽ	201000.00	524941.00	288958.00	–	303308.00
ജെ.ആർ.വൈ. SC/ST	78400.00	108900.00	145200.00	–	76700.00
ആകെ	717777.00	1122199.00	952602.00	788446.00	1583327.00

അവലംബം: ഗ്രാമപഞ്ചായത്താഫീസ് രേഖകൾ

ചിലവുകളെ സംബന്ധിച്ച വിവരം

ഇനം	1991-92	1992-93	1993-94	1994-95	1995-96
ഭരണം	317968.00	344911.20	389831.0	437499.00	164809.00
പൊതുമരാമത്ത്	133928.00	211763.00	75925.00	217640.00	102425.00
വിദ്യഭ്യാസം/സാമൂഹ്യക്ഷേമം	11425.00	9248.75	7600.00	26530.00	34750.00
ജലവിതരണം/ഓടകൾ/ പൊതുജനാരോഗ്യം	–	–	2650.00	15044.00	7915.00
തെരുവുവിളക്കുകൾ കത്തിക്കുന്നതിന്	70755.90	83603.00	91854.00	93546.00	91871.00
മറ്റുള്ളവ	177476.00	326596.45	260191.00	504500.00	968684.00
ആകെ	711552.90	976122.40	828051.00	598046.00	1670154.00

അവലംബം: ഗ്രാമപഞ്ചായത്താഫീസ് രേഖകൾ

ലൈസൻസുഫീസ്

വ്യവസായവ്യാപാരസ്ഥാപനങ്ങളിൽ നിന്നും വാർഷികവിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസുഫീസ് ഈടാക്കാൻ ഇപ്പോൾ കഴിയുന്നില്ല. പഞ്ചായത്തിലുള്ള ഓട്ടോറിക്ഷാകൾക്കും ടാക്സികൾക്കും ടെമ്പോവാനുകൾക്കും ലോറികൾക്കും പ്രത്യേകം പ്രത്യേകം പാക്കിംഗ് സൗകര്യം ഏർപ്പെടുത്തണം. മുഴുവൻ വാഹനങ്ങളും(ഇരുചക്രവാഹനങ്ങളുൾപ്പെടെ) ഗ്രാമപഞ്ചായത്താഫീസിലെ രജിസ്റ്റർ ചെയ്യുകയും, ലൈസൻസ്ഫീസ്ഈടാക്കുകയും വേണം.

വാടക

മാർക്കറ്റിലുള്ള പഞ്ചായത്തുവക ഷോപ്പിംഗ് കോപ്ലക്സ് അമ്പലം ജംഗഷനിലുള്ള സാംസ്ക്കാരികനിലയത്തിന്റെ താഴത്തെ മുറികൾ എന്നിവയിൽനിന്നാണ് വാടകയിനത്തിൽ

വരുമാനം ലഭിക്കുന്നത്. ഉപയോഗയോഗ്യമായ എല്ലാമുറികളും വാടകയ്ക്കു കൊടുക്കാൻ കഴിയുന്നില്ല. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ വാടകയിനത്തിൽ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.

ഗ്രാന്റുകൾ

ഗവൺമെന്റിൽനിന്നും പഞ്ചായത്തിനു ലഭിക്കുന്ന പ്രധാനഗ്രാന്റുകൾ എസ്റ്റാബ്ലിഷ്മെന്റു ഗ്രാന്റ്, എം.ഐ. ഗ്രാന്റ്, വി.ആർ.എം.ഗ്രാന്റ്, വി. റ്റി. സി ഗ്രാന്റ്, ഉപാധിരഹിതഫണ്ട്, ജെ. ആർ.വൈ ഫണ്ട് എന്നിവയാണ് കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ലഭിച്ച ഗ്രാന്റുകളും കണക്ക് പട്ടികയിൽ ചേർക്കുന്നു.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണബാങ്കും, ഒരു ഷെഡ്യൂൾഡ് ബാങ്കുമാണുള്ളത്. 8. 9 വാർഡുകൾ കുണ്ടയം സർവ്വീസ് സഹകരണബാങ്കിന്റെ പരിധിയിലാണ് ഒന്നിലധികം സ്വകാര്യധനകാർ.സ്ഥാപനങ്ങളുണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ചു പഞ്ചായത്തിൽ വിതരണം ചെയ്യുന്ന വായ്പകൾ കുറവായാണ് കാണപ്പെടുന്നത്. കൂടുതൽ വായ്പകൾ പഞ്ചായത്തിൽ നിന്നു വിതരണം ചെയ്യാൻ കഴിയണം. പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്തുനടത്താൻ കഴിയത്തക്കവണ്ണം ഈ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ ലഭ്യമാകുന്നതിനു നിയമഭേദഗതികൾ ആവിശ്യമാണ്.

ചെലവുകൾ

പഞ്ചായത്തിൽ ഭരണച്ചെലവിനാണ് ഏറ്റവും കൂടുതൽ തുക വിനിയോഗിച്ചത്. കഴിഞ്ഞ അഞ്ചുവർഷങ്ങളിലെ ചെലവുകൾ സംബന്ധിച്ച പട്ടിക ചേർക്കുന്നു.

മനുഷ്യാധ്വാനം

മനുഷ്യവിഭവം തന്നെയാണ് നമ്മുടെ പഞ്ചായത്തിലെ ഏറ്റവുംപ്രധാനവിഭവം. വികസന പ്രവർത്തനങ്ങൾമനുഷ്യാധ്വാനം സംഭാവനചെയ്യാമെന്നു ഒട്ടുമിക്കഗ്രാമസഭകളിൽനിന്നു വാഗ്ദാനം ഉണ്ടായിട്ടുണ്ട്. വിഭാഗീയചിന്തകൾ മാറ്റിവച്ച്നമ്മുടെ നാടിന്റെ വികസനത്തിന് തന്റെ അദ്ധ്വാനം വഴി സംഭാവന നൽകുക എന്ന ആശയത്തെക്കാൾ മഹത്തരമായി എന്തുണ്ട്. പഞ്ചായത്തിലെ റോഡുകൾ മഴക്കാലത്ത് കുത്തിയൊലിച്ച പോകാതേ സൂക്ഷിക്കാൻ ആ റോഡ് ഉപയോഗിക്കുന്നവരും, റോഡിനിരുവശവും താമസിക്കുന്നവരും മനസ്സുവച്ചാൽമതി. പഞ്ചായത്തിന്റെ സഹായം വേണ്ടിടത്ത് അതത് സ്വീകരിക്കുകയും ചെയ്യാം. പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരമുയർത്താൻ അയൽക്കൂട്ടസമിതികൾ മനസ്സുവച്ചാൽ മതി. ബഹുജനസംഘടനകളുടെ ഇടപെടൽ ഏതുമേഖലയിലും വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കാൻ പര്യാപ്തമാണ് .റോഡുകൾ സംരക്ഷിക്കുന്നതിനും പരിസരമാലിന്യം ഇല്ലാതാക്കാനും ആരോഗ്യകേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും മൊക്കെ മനുഷവിഭവങ്ങൾ ഉപയോഗപ്പെടുത്തണം.വിഭവസമാഹരണത്തിന് വിവിധഗ്രാമസഭകളിൽ നിന്നു ഉയർന്നുവന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

വിഭവസമാഹരണത്തിന് ഗ്രാമസഭകളിൽ നിന്നു വന്ന നിർദ്ദേശങ്ങൾ

1. സമ്പന്നവിഭാഗക്കരുടെയും ഗൾഫ്മലയാളികളുടെയും സഹകരണത്തോടുകൂടി പുതിയ വ്യവസായസംരംഭങ്ങൾ ആരംഭിക്കുക.
2. ഒരേക്കറിനുമുകളിലുള്ള റബ്ബർകൃഷിക്കാരിൽനിന്നും പ്ലാന്റേഷൻ ടാക്സ് ഈടാക്കുക
3. 5 ലക്ഷം രൂപായിൽ കവിഞ്ഞ് ചെലവഴിച്ച കെട്ടിടം നിർമ്മിക്കുന്നവരിൽനിന്നും എസ്റ്റിമേറ്റു തുകയുടെ നിശ്ചിതശതമാനം തുക രജിസ്റ്റർ ചെയ്യുന്നതിനോടൊപ്പം ഈടാക്കുക.
4. സ്വകാര്യധനകാര്യസ്ഥാപനങ്ങൾക്ക ലൈസൻസ്ഫീസും ജീവനക്കാർക്ക് തൊഴിൽക്കരവും ചുമത്തണം
5. ആറ്റിൽനിന്നു ലഭിക്കുന്ന തടികൾ ലേലം ചെയ്തി വിൽക്കാനുള്ള അവകാശം പഞ്ചായത്തിനു നൽകുക.
6. പാറക്കോറിക്ക് ലൈസൻസും ഫീസും ഏർപെടുത്തണം.
7. എല്ലായിനം മോട്ടോർവാഹനങ്ങൾക്കും ലൈസൻസ് ഫ്സ് ഈടാക്കണം
8. റവന്യൂപുറമ്പോക്ക് അറ്റെടുത്ത് ഫലപ്രഥമായി ഉഫയോഗിച്ച് സമ്പത്ത് വർദ്ധിപ്പിക്കണം.
9. മനുഷ്യപ്രയന്തം വികസനത്തിന് ഉപയോഗപ്പെടുത്തുക
10. വിറ്റുവരവുനികുതിയിൽനിന്നും നിശ്ചിശതമാനം പഞ്ചായത്തിന് ലഭ്യമാക്കണം
11. മദ്യവ്യവസായത്തൊഴിലാളികൾക്കും , മദ്യവ്യവസായിക്കും തൊഴിൽക്കരവും ലൈസ

ന്സ്ഫഈസും ഈടാകക്കുക.

12. അബ്കാരി ലേലത്തുകയുടെ നിശ്ചിതശത മാനം പഞ്ചായത്തിന് ലഭ്യമാക്കുക

13. പൊതുക്കുളങ്ങൾ മത്സ്യക്കൃഷിക്ക ഉപയോ ഗപ്രദമാക്കി ലഭ്യമാക്കുക.

14. നഴ്സറികൾക്ക് ലൈസൻസ്ഫീസ് ഈടാ ക്കുക

15. സ്വകാര്യമേഖലയിലുള്ള വിദ്യാഭ്യാസസ്ഥാപ നങ്ങൾക്കും പാരലൽകോളേജുകൾക്കും ലൈസൻസ്ഫീസ് ചുമത്തുക

16. അസംഘടിതമേഖലയിൽ പണിയെടു ക്കുന്ന മുഴുവൻ തൊഴിലാളികൾക്കും ഇൻഷ റൻസ് പരിരക്ഷ നൽകുന്നതിന് പഞ്ചായത്ത് സഹായം ചെയ്യുന്നതോടൊപ്പം അവരെ പഞ്ചായത്തിൽ രജിസ്റ്റർ ചെയത് തൊഴിൽക്കരം ഈടാക്കണം

17. കേബിൾ ടി വി നടത്തുന്നതിന് മുൻകൂർ അനു വാദവും ലൈസൻസ് ഫീസും ചുമത്തുക

18. ടെലിവിഷന് ലൈസൻസ്ഫീസ് ഏർപ്പെടു ത്തുക

19. ടോൾപിരിവിൽനിന്നും നിശ്ചിതതുക പഞ്ചാ യത്തിലടപ്പിക്കാൻ തീരുമാനിക്കണം

20. സ്വകാര്യ ആശുപത്രികൾക്ക് ലൈസൻസ് ഫീസും ജീവനക്കാർക്കതൊഴിൽക്കരവും ചുമ ത്തണം

21 പരസ്യബോർഡുകൾക്ക നികുതി ഏർപ്പെടു ത്തുക.

22. കെട്ടിടങ്ങൾക്ക് റവന്യൂവകുപ്പ് ഈടാക്കുന്ന തുകയുടെ നല്ല പങ്കും പഞ്ചായത്തിന് ലഭ്യമാ ക്കണം

23. ആധാരമെഴുത്തുകാരിൽനിന്നം തൊഴിൽക്കരം ഈടാക്കണം.

24. വൈദ്യശാല, മരുന്നുശാല, എന്നിവയ്ക്ക് ലൈൻസി ഫീസും ഈടാക്കുക

25. ഇഷ്ടികനിർമ്മാണശാലകൾക്ക് രജിസ്ട്രേ ഷനും ടേൺഓവറിന്റെ അടിസ്ഥാനത്തിൽ സൈസൻസ് ഫീസും നിശ്ചയിച്ച് ചുമത്തുക.

26. സ്റ്റുഡ്യോകൾക്ക് ലൈസൻസ്ഫീസ് ഈടാ ക്കുക

27. പഞ്ചായത്ത് അംഗങ്ങളുടെ അല വൻസിന്റയും ഒരു വിഹിതം വികസനപ്രവർത്ത നങ്ങൾക്ക് നൽകുക

28. PWD കോൺട്രാക്ടറിൽനിന്നും നിശ്ചിത തുക ഫിഈസായി പിരിക്കാൻ നടപടി സ്വീകരി ക്കുക

6. ഉപസംഹാരം

കേരളത്തിലെ ജനങ്ങളിൽ ഒരു പുതിയ വികസന അവബോധം സൃഷ്ടിച്ചുകൊണ്ടാണല്ലോ ഒമ്പതാം പദ്ധതിയുടെ തുടക്കം. ഓരോ പ്രദേശത്തെയും പ്രകൃതി വിഭവവും മാനുഷിക വിഭവവും ലഭ്യമായതോ ലഭ്യമാക്കാവുന്നതോ ആയ സാങ്കേതികജ്ഞാനവും കൂടി ചേർത്തുകൊണ്ട് ഉല്പാദന മേഖലയിൽ ക്രിയാത്മകമായി ഇടപെടാൻ കഴിഞ്ഞാൽ ഇന്ന് പാഴായിപ്പോകുന്ന അദ്ധ്വാനശേഷിയെ അതതു പ്രദേശങ്ങളുടെ സ്ഥായിയായ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ തിരിച്ചുവിടാനാകും.

സ്വാധീനങ്ങൾക്കും ഡിപ്പാർട്ടുമെന്റുകൾക്കും അതീതമായ സമീപനമാണ് പുതിയ സ്കീമുകൾ തയ്യാറാക്കുമ്പോൾ ഉണ്ടാകേണ്ടത്. നാം അഭിമുഖീകരിക്കുന്ന പ്രശ്നം എങ്ങനെ പരിഹരിക്കാം എന്ന തരത്തിലുള്ള സമീപനമാണ് വേണ്ടത്. ആസൂത്രണം, നടത്തിപ്പ്, മേൽനോട്ടം, വിലയിരുത്തൽ തുടങ്ങി എല്ലാ ഘട്ടങ്ങളിലും ജനപങ്കാളിത്തം ഉറപ്പാക്കേണ്ടിയിരിക്കുന്നു.

കാലഹരണപ്പെട്ട മാതൃകകളുടെയും സമ്പ്രദായങ്ങളുടെയും അപകടം തിരിച്ചറിയാൻ കഴിയണം. മദ്ധ്യവർത്തികളുടെ റോൾ ഒഴിവാക്കാൻ കഴിയുന്നതോടൊപ്പം വികസനം സംബന്ധിച്ച് ഇന്ന് നിലനില്ക്കുന്ന അബദ്ധധാരണകളുടെ ദുസ്വാധീനം ഒഴിവാക്കാനും കഴിയണം. റോഡും കറണ്ടും വെള്ളവുമായാൽ വികസനമായി എന്ന ധാരണ തിരുത്തണം. സർക്കാരിൽനിന്ന് ലഭിക്കാവുന്ന സഹായങ്ങളെ മാത്രം ആശ്രയിക്കാതെ ജനകീയ പങ്കാളിത്തംകൂടി വികസന പ്രവർത്തനങ്ങളിൽ ഉറപ്പാക്കണം.

ഗ്രാമസഭകളിലൂടെ ഒട്ടേറെ പ്രശ്നങ്ങളും പരാതികളും ക്രിയാത്മകങ്ങളായ നിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഇങ്ങനെ ഉയർന്നുവന്നിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമുണ്ടാക്കാൻ ഒരു പദ്ധതികൊണ്ടു മാത്രം കഴിയില്ല. ഏറ്റവും പ്രധാനപ്പെട്ടവ നാം തെരഞ്ഞെടുക്കുക. നാം സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ കൈവരിച്ചിട്ടുള്ള ഭൂതകാലത്തിന്റെ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് നമുക്ക് സാമ്പത്തിക വളർച്ച ഉണ്ടാക്കാൻ കഴിയണം.

ഈ വികസന സെമിനാർ പൂർത്തിയാകുന്നതോടെ ജനകീയാസൂത്രണ പരിപാടിയുടെ രണ്ടാം ഘട്ടം അവസാനിക്കും. മൂന്നാം ഘട്ടമായി പദ്ധതി രൂപീകരണം നടക്കും. ഇതിനാവശ്യമായ കർമ്മ സമിതികളെ വികസന സെമിനാറിൽവച്ച് തിരഞ്ഞെടുക്കും. കക്ഷിരാഷ്ട്രീയത്തിനതീതമായി വികസനത്തിന്റെ കാര്യത്തിൽ ജനങ്ങളുടെ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ ഉണ്ടായാൽ നമ്മുടെ ഗ്രാമത്തിന്റെ മുഖച്ഛായ മാറ്റാൻ നമുക്കു കഴിയും.

ഈ പ്രതീക്ഷ നിറവേറ്റാൻ കഴിയട്ടെ എന്ന് പ്രത്യാശിച്ചുകൊണ്ട് വിശദമായ പഠനത്തിനും ചർച്ചയ്ക്കും പരിഷ്കരണത്തിനുംവേണ്ടി ഈ സമഗ്രവികസന രേഖ പട്ടാഴി ഗ്രാമപഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.

അനുബന്ധം 1.

പ്രവർത്തന റിപ്പോർട്ട്

1995 ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തിലാണ് നിലവിലുള്ള ഭരണസമിതി അധികാരത്തിൽവന്നത്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ താഴത്തുവടക്ക് മരുതമൺഭാഗം, തെക്കേത്തേരി, നടുത്തേരി, മീനം, മാർക്കറ്റ്, കന്നിമേൽ, പന്തപ്ലാവ്, കുണ്ടയം എന്നീ ഒമ്പതു വാർഡുകളാണുള്ളത്. ഇതിൽ നടുത്തേരി, മീനം, പന്തപ്ലാവ് എന്നിവ വനിതാ സംവരണ വാർഡുകളും മരുതമൺഭാഗം പട്ടികജാതി സംവർണം വാർഡുമാണ്. നടുത്തേരി വാർഡിനെ പ്രതിനിധീകരിക്കുന്ന ശ്രീമതി പി.എം. ജഗദമ്മ പ്രസിഡന്റും താഴത്തുവടക്ക് വാർഡിനെ പ്രതിനിധീകരിക്കുന്ന ശ്രീ. എ. അബ്ദുൾ മജീദ് വൈസ് പ്രസിഡന്റും കുണ്ടയം വാർഡിനെ പ്രതിനിധീകരിക്കുന്ന ശ്രീ. എസ്. തോമസ്കുട്ടി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമാണ്. പരിമിതികൾ ഏറെയുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന്റെ വികസനം ലക്ഷ്യമാക്കിയുള്ള കുറെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ പഞ്ചായത്തിന്റെ സാമ്പത്തിക നില പരുങ്ങലിലാണ്. പട്ടാഴിയുടെ ഹൃദയഭാഗത്ത് മാർക്കറ്റ് വാർഡിൽ ഒരു ഷോപ്പിംഗ് കോംപ്ലക്സ്, റൂറൽ ഡെവലപ്മെന്റ് ബോർഡിൽനിന്നും എട്ട് ലക്ഷം രൂപം വായ്പയെടുത്ത് പണി കഴിപ്പിച്ചിട്ടുണ്ട്. അതിന്റെ വാടകയിനത്തിൽ കിട്ടുന്ന തുകകൊണ്ട് വായ്പയും പലിശയും തിരിച്ചടയ്ക്കാൻ മതിയാകാതെ വന്നതുകൊണ്ട് ഇന്നത് 21 ലക്ഷം രൂപയോളം പെരുകി ഭാരിച്ച ബാദ്ധ്യതയായിത്തീർന്നിരിക്കുകയാണ്. വികസനപ്രവർത്തനങ്ങളെ ഇത് സാരമായി ബാധിക്കുന്നു.

കാർഷികരംഗത്ത് കൃഷിഭവന്റെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമായി നടത്തിത്തുടങ്ങിയിട്ടുണ്ട്. പമ്പുസെറ്റും കിണറും അർഹരായവർക്ക് ലഭ്യമാക്കുന്നു. വിത്തുകൾ, തെങ്ങിൻതൈകൾ, കുരുമുളകുവള്ളികൾ എന്നിവ വിതരണം ചെയ്യാറുണ്ട്. ഐ.എച്ച്.ഡി.പി. കോളനികൾക്ക് കിറ്റ് (ചേന, കാച്ചിൽ) നല്കിവരുന്നു. നെൽക്കൃഷിക്കാർക്ക് ഹെക്ടർ ഒന്നിന് 250 രൂപ എന്ന ക്രമത്തിൽ ലഭ്യമായ തുക നല്കിവരുന്നു.

കഴിഞ്ഞ ഭരണസമിതിയുടെ കാലത്ത് തുടങ്ങിവച്ച കേരളമംഗലം- പുളിമൂട് റോഡ് (600 മീറ്റർ) 2 ലക്ഷം രൂപാ ചെലവുചെയ്ത് മെറ്റലിംഗ് നടത്തി ടാറിട്ടു. കുരണ്ടിപ്പള്ളി ജംഗ്ഷൻ-പെരുമ്പലം റോഡ് ഒരു ലക്ഷം രൂപാ ചെലവിട്ട് മെറ്റലിംഗും ടാറിംഗും നടത്തി. ഇപ്പോൾ വി.ടി.സി. ഗ്രാന്റുപയോഗിച്ച് ഒന്നാം വാർഡിൽ കുച്ചീതെക്കേതിൽ ജംഗ്ഷൻ മുതൽ ചൂരല്ലൂർ കടവുവരെ ടാറിംഗിന് 2 ലക്ഷം രൂപയുടെ വർക്ക് തുടങ്ങിക്കഴിഞ്ഞു. പഞ്ചായത്ത് ജംഗ്ഷൻ-വിരുത്തി റോഡിന്റെ ശേഷിച്ച കുറെ ഭാഗം ടാറിംഗിനുള്ള മൂന്ന് ലക്ഷം രൂപായുടെ വർക്ക് ആരംഭിച്ചുകഴിഞ്ഞു. പനയനം-ദർഭാറോഡിൽ, പുത്തൻവീട്ടിൽ ജംഗ്ഷൻമുതൽ ദർഭ സ്ക്കൂൾവരെ 2,60,000 രൂപചെലവിൽ മെറ്റലിംഗ് നടന്നുവരുന്നു. 8-ാം വാർഡിൽപ്പെട്ട പന്ത്രണ്ടുമുറി-മൈലാടുംപാററോഡിൽ 1,35,000 രൂപ ചെലവാക്കി ടാറിംഗ് നടത്താനുള്ള നടപടികൾ പൂർത്തിയായി. 4-ാംവാർഡിൽ I.H.D.P.കോളനി-മേപ്പലംകുന്ന് കോളനിറോഡ് 1,85,000 രൂപ ഉപയോഗിച്ച് പുരിദ്ധാരണം നടത്തിക്കഴിഞ്ഞു. വാർഡ് 6-ൽ, ഇടികരറോഡിന്റെ പുനരുദ്ധാരമ ജോലി 1,85,000 രൂപ ചെലവിൽ നടന്നുവരുന്നു. തെക്കേത്തേരി-പനയനം- ദർഭാറോഡിന്റെ തുടർന്നുള്ള പണി ശ്രീ. കൊടിക്കുന്നിൽ സുരേഷ് M.P.യുടെ ഫണ്ടിൽനിന്നും 1,00,000 രൂപ ചെലവുചെയ്ത് നടത്തിവരുന്നു. 4-ാം വാർഡിൽ പേരൂർജംഗ്ഷൻ മുതൽ റേഡിയോകിയോസ്ക്കുവരെയുള്ള റോഡിന് 1,50,000രൂപ (എം.പി. ഫണ്ട്) അനുവദിച്ചുപണിതുടങ്ങാൻ നട

പടികളായി. 20 ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണികൾ 1.00,000രൂപ ചെലവുചെയ്തുനടത്തിവരുന്നു. ഫ്ളഡ് റിലീസ് ഫണ്ടിൽനിന്നും 2 ലക്ഷം രൂപാ കുച്ചിതെക്കേതിൽ ജംഗ്ഷൻ ചൂരള്ളൂർ കടവു റോഡിനും 2ലക്ഷം രൂപാ കോളൂർ-കോടിയാട്ടുജംഗ്ഷൻ റോഡിനും ശ്രീ. പ്രകാശ്ബാബു MLAയുടെ ശ്രമഫലമായി അനുവദിച്ചിട്ടുണ്ട്. ജില്ലാപഞ്ചായത്തുറോഡായ പട്ടാഴി-പിടവൂർ റോഡിന്റെ അറ്റകുറ്റപ്പണികൾക്ക് ശ്രീ. ബി. അജയകുമാരിന്റെ ശ്രമഫലമായി8ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസരംഗത്തു ചെയ്യേണ്ടപലകാര്യങ്ങളുമുണ്ട്. കുടിവെള്ളം, വൈദ്യുതി, പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം, കളിസ്ഥലം, ചുറ്റുമതിൽ നിർമ്മാണം, സ്ക്കൂളിലെ അകസാമാനങ്ങളുടെ കുറവുപരിഹരിക്കൽ, യൂറിനൽ, കക്കൂസ് ഇവയുടെ നിർമ്മാണം എന്നിങ്ങനെ ഭൗതികസാഹചര്യങ്ങളുടെ ഒട്ടേറെ പോരായ്മകൾക്കു പോവഴികാണേണ്ടതുണ്ട്. ഒപ്പം അക്കാഡമിക് നിലമെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങളും സ്വീകരിച്ചേപറ്റൂ.

പട്ടാഴി ഗവ: വൊക്കേഷനൽ ഹയർസെക്കണ്ടറി സ്ക്കൂളിന് അനുയോജ്യമായ കളിസ്ഥലമില്ല. ഒരു 10സെന്റ് സ്ഥലം അക്വയർചെയ്ത് നിലവിലുള്ള സ്ഥലത്തോടുചേർത്തു വിപുലീകരിച്ചാൽ കുട്ടികളുടെ കായികപരിശീലനത്തോടൊപ്പം പഞ്ചായത്തു തലത്തിലുള്ള കായികമത്സരങ്ങൾ നടത്തുന്നതിനും പ്രയോജനപ്പെടും. പട്ടാഴി L.P.S.ന് പമ്പുസെറ്റുസ്ഥാപിക്കുന്നതിന് 10000രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാക്കി.

ആരോഗ്യരംഗത്ത് അടിയന്തിരമായി ചെയ്യേണ്ട കാര്യങ്ങൾ ഏറെയാണ്. പട്ടാഴി P.H. സെന്റർ ഉണ്ടായിട്ട് അരനൂറ്റാണ്ടായെങ്കിലും ബാലാരിഷ്ടകൾ ഇന്നും നിലനില്ക്കുന്നു. കെട്ടിടങ്ങളില്ല, കിടക്കകളില്ല, വേണ്ടുവോളം മരുന്നില്ല. ഒരു ലേഡീഡോക്ടറില്ല, കാന്റീൻഇല്ല, ചുറ്റുമതിലില്ല അങ്ങെ ഇല്ലായ്മകളേയുള്ളൂ. ആരോഗ്യവകുപ്പിൽനിന്നും 4ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ശ്രീ.എം.എ. ബോബി എം.പി.യുടെ ഫണ്ടിൽനിന്നും 5ലക്ഷം രൂപ അനുവദിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഒരു അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് പണിയിക്കണമെന്ന് പഞ്ചായത്തു കമ്മിറ്റി കരുതുന്നു. പരാധീനതകൾക്കു പരിഹാരം കാണുന്നതിനുള്ള നീക്കം സമയബന്ധിതമായിത്തന്നെ നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലുള്ള ഗവ: ഹോമിയോ ആശുപത്രിക്കു സ്വന്തമായി കെട്ടിടമില്ല. പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ആയൂർവ്വേദആശുപത്രി ഒന്ന് ഇവിടെ ഉണ്ടാകേണ്ടിയിരിക്കുന്നു. അത് അനുവദിപ്പിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു.

പഞ്ചായത്തു പ്രസിഡന്റിന്റെ നേതൃത്വത്തിൽ ഒരു മഹിളാസമാം രൂപീകരിച്ചിട്ടുണ്ട്. ഗ്രാമീണ മഹിളാസമാജം എന്നപേരിൽ രൂപീകരിക്കപ്പെട്ട പ്രസ്തുത സമാജത്തിന്റെ രക്ഷാധികാരി പഞ്ചായത്തുപ്രിഡന്റ് ശ്രീമതി പി.എം. ജഗദമ്മയാണ്. സമാജം "നെഹ്രുയുവകേന്ദ്ര"യിൽ അഫിലിയേറ്റു ചെയ്തിട്ടുണ്ട്. സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഒരു എയ്ഡ്സ്ബോധവൽക്കരണ ക്ലാസ്സുനടത്തി പൾസ്പപോളിയോയുടെ പ്രവർത്തനം, ഗ്രന്ഥശാല ശുചീകരണം എന്നിവയിൽ പങ്കെടുത്തുവിജയിപ്പിച്ചിട്ടുണ്ട്. കൂടാതെ ഡയറിയൂണിറ്റിൽ നിന്നും പരിശീലനം ലഭിച്ച 4 വനിതകൾക്ക് 2500രൂപ അടച്ച് 30000രൂപയുടെ ക്ഷീരോല്പാദന യൂണിറ്റിന് അനുവാദം നേടി. എരുത്തിലിനും പശുവിനുമായി 7000രൂപ ഡെയറി ഫാമിൽനിന്നും ഒരു വനിതയ്ക്കു ലഭ്യമാക്കി.

പട്ടാഴി P.H. സെന്ററിൽ രോഗികൾക്ക് ഉച്ചക്കഞ്ഞി കുറഞ്ഞവിലനിരക്കിൽ നൽകുന്നതിന് 5 വനിതകളെ ചുമതലപ്പെടുത്തി. 10 കുട്ടികൾക്ക് തയ്യൽ പരിശീലനം നൽകുന്നതിന് ഒരു വനിതാടീച്ചറെ ചുമതലപ്പെടുത്തി.

പട്ടികജാതി വിദ്യർത്ഥികൾക്ക് (പഞ്ചായത്തിലെ രണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുന്നവർ) യൂണിഫോം, പുസ്തകം ഇവ വാങ്ങുന്നതിന് 16,000 രൂപ അനുവദിച്ചു. മേപ്പലംകുന്നു കോളനിയിൽ ഒരു റേഡിയോ സ്വന്തമായി ലഭിച്ചിട്ടുണ്ട്. സ്ഥലവും കെട്ടിടവും ഉണ്ടാകണം. ഐ.എച്ച്.ഡി.പി. കോളനിയിൽ ആടുകൾ, കോഴികൾ എന്നിവ നല്കിയിട്ടുണ്ട്.

പുര ഓല മേയുന്നതിന് 225 കുടുംബങ്ങൾക്ക് 150 രൂപ വച്ച് സഹായം നൽകി. ജെ.ആർ.വൈ. സ്കീം അനുസരിച്ച് 4 പേർക്ക് വീടു നിർമ്മിക്കുന്നതിന് 15,800 രൂപ വീതം 63,200 രൂപ, 7 പേർക്ക് കക്കൂസിന് 1,500 രൂപ വച്ച് 10,500 രൂപ, അൺ ടൈഡ് ഫണ്ടുപയോഗിച്ച് 54 കക്കൂസുകൾ, പഞ്ചായത്തു ഫണ്ടുപയോഗപ്പെടുത്തി 40 കക്കൂസുകൾ ഇവ നടപ്പിൽവരുത്തി.

തെക്കേത്തേരി എൽ.പി. സ്കൂളിന് ഒരു കഞ്ഞിപ്പുര നിർമ്മിച്ചു. 12,000 രൂപ ചെലവു ചെയ്തു.

ഇരുപ്പാക്കുഴി കുളത്തിന്റെ മെയിന്റനൻസിന് 15,000 രൂപ, കന്നിമേൽ ലക്ഷം വീട് കോളനിയിൽ ഒരു കിണർ നിർമ്മിച്ചു 20,000 രൂപ. ലക്ഷം വീട് കോളനിയിൽ സി.ഐ.ഡി. എച്ച്.പി. സ്ഥലം വാങ്ങി അംഗൻവാടി കെട്ടിടം പണിയാൻ 1,85,000 രൂപ അനുവദിച്ചിട്ടുണ്ട്. കല്ലടയാറ്റിൽ 4 കടത്തുകൾക്ക് പുതുതായി 4 വള്ളങ്ങൾ പണികഴിപ്പിച്ചു നൽകി, 1,00,000 രൂപ. 5,000 പൂപ ചെലവഴിച്ച് അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യം കുറച്ചു. പട്ടികജാതി വിഭാഗത്തിന് 2 വീടുകൾ നിർമ്മിച്ചുകൊടുക്കാൻ തീരുമാനിച്ചു, 11,600 രൂപ. പട്ടികജാതി വിഭാഗത്തിന് 3 കക്കൂസുകൾ നിർമ്മിക്കാൻ 4,500 രൂപ അനുവദിച്ചിട്ടുണ്ട്.

ജനകീയ ആസൂത്രണ പരിപാടി

9-ാം പഞ്ചവത്സരപദ്ധതി ജനകീയ പദ്ധതിയാക്കി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിലും തിരുതകൃതിയായി നടന്നുവരുന്നു.

1996 സെപ്തംബർ 8 മുതൽ 10 വരെ പൂനലൂരിൽവച്ചുനടന്ന ഒന്നാം ഘട്ട ജില്ലാതല പരിശീലനത്തിന് പഞ്ചായത്തിൽനിന്നും ഏഴു പേരെ പങ്കെടുപ്പിച്ചു. ജില്ലാതല പരിശീലനം ലഭിച്ചവരുടെ കൺവീനറായി ശ്രീ. സി.ജി. ജോസിനെ തിരഞ്ഞെടുക്കുകയുണ്ടായി. സെപ്തംബർ 12-ാം തീയതി പഞ്ചായത്തുതല വരിശീലനം 67 പേർക്ക് നൽകി. 14-ാം തീയതി മുതൽ ഒക്ടോബർ 6 വരെയുള്ള അവധി ദിവസങ്ങളിലായി 9 വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. ആകെ. 986 പേർ പങ്കെടുത്തതിൽ 179 പേർ വനിതകളായിരുന്നു.

ദ്വിതീയ വിവരശേഖരണത്തിനും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി 16 പേരുടെ ഒരു ഗ്രൂപ്പിനെ തിരഞ്ഞെടുത്തു. ഒക്ടോബർ 3, നവംബർ 6, നവംബർ 15 എന്നീ ദിവസങ്ങളിൽ അവലോകന യോഗങ്ങൾ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തുകയുണ്ടായി. നവംബർ 14ന് ഉദ്യോഗസ്ഥന്മാരുടെ യോഗം കൂടി. നവംബർ 19, 20, 21 തീയതികളിൽ പത്തനാപുരത്തുവച്ചു നടന്ന ജില്ലാതല രണ്ടാംഘട്ട പരിശീലനത്തിന് 9 പേർ പങ്കെടുത്തു. നവംബർ 24ന് പഞ്ചായത്തുതല രണ്ടാംഘട്ട പരിശീലനം നല്കുകയുണ്ടായി. 80 പേർ പങ്കെടുത്തു.

നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ 9 വാർഡുകളിൽ കൂടിയ വിശേഷാൽ ഗ്രാമസഭകളിൽനിന്നും ഉരുത്തിരിഞ്ഞുവന്ന ആവശ്യങ്ങൾ-നിർദ്ദേശങ്ങൾ, പഞ്ചായത്തുമേഖലയിലുള്ള സ്ഥാപനങ്ങളിൽനിന്ന് ലഭിച്ച സ്ഥിതിവിവരക്കണക്കുകൾ, ചരിത്ര സംഭവങ്ങൾ, നാട്ടറിവുകൾ, കേട്ടറിവുകൾ, ശാസ്ത്രീയമായി തയാറാക്കപ്പെട്ട വിഭവഭൂപടം ഇവയെല്ലാം ക്രോഡീകരിച്ചുകൊണ്ടുള്ള വികസന റിപ്പോർട്ട് സ്നേഹപൂർവ്വം നിങ്ങളുടെ കൈകളിൽ എത്തിച്ചിരിക്കുകയാണ്.

നമ്മുടെ ഗ്രാമത്തിന്റെ സമസ്ത പുരോഗതിയും ലക്ഷ്യംവച്ചുകൊണ്ടുള്ള ഈ വികസന പ്രക്രിയയിൽ ഉള്ളുതുറന്നു സഹകരിക്കുകയും, തുടർന്നുള്ള കർമ്മപരിപാടികളിൽ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുന്നതുവഴി ഈ നാടിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാൻ നമുക്കു കഴിയും. അതിനുവേണ്ടിയുള്ള മഹത്തായ പരിശ്രമത്തിൽ നമുക്കൊരുമിച്ചു മുന്നോട്ടുപോകാം.

അനുബന്ധം 2

ജനകീയ ആസൂത്രണ സമിതി

പി.എം. ജഗദമ്മ (പ്രസിഡന്റ്)
സി.ജി. ജോർജ്ജ് (സി.ആർ.പി.) (കൺവീനർ)
ഏ. അബ്ദുൾ മജീദ് (സി.ആർ.പി.)
എം.എൻ. റാവുത്തർ
എസ്. തോമസ് കുട്ടി
കെ. ആർ. ഭാസ്കരൻ നായർ
പി.ആർ. വോണുഗോപാൽ
ആർ. നടേശനാചാരി
ജി. തുളസീധരൻപിള്ള (സി.ആർ.പി.)
വി. ഗോപാലൻ നായർ
ഗിരിജാദേവി
സി.കെ. ജോർജ്ജ്
മിനി ശിവദാസൻപിള്ള
എൽ. യോഹന്നാൻ
എൻ. ശശിധരൻ
എം.സി. മംഗളാനന്ദൻ
മോഹനകൃഷ്ണൻ
ജേക്കബ്ബ് ജോർജ്ജ്
കെ. സൈനുദ്ദീൻ (കെ.ആർ.പി.)
കെ. ചന്ദ്രശേഖരൻ നായർ (സി.ആർ.പി.)
എസ്. കുട്ടപ്പൻ നായർ
ടി. ബാബു (സി.ആർ.പി.)
എ.ആർ. ബഷീർ
വി. ഗോപിനാഥ് (സി.ആർ.പി.)
വർഗ്ഗീസ് മരത്തിനാൽ
കെ. രാജേന്ദ്രൻ (സി.ആർ.പി.)
ആർ. ദാമോദരൻ പിള്ള
ബൻസി തോമസ് (ബ്ലോക്ക് പഞ്ചായത്തംഗം)
കെ.ആർ. ബാലകൃഷ്ണപിള്ള
ബി. അജയകുമാർ (കെ.ആർ.പി.) (ജില്ലാ പഞ്ചായത്തംഗം)
ലൂക്കോസ് ചെറിയാൻ
ജി. ജോസ് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി)
എൻ. വാസുദേവൻ പോറ്റി
പി. ബാലകൃഷ്ണൻ
എൻ ഗോപാലകൃഷ്ണൻ നായർ
കെ.വി. ഇറവങ്കര
ജി. ഗോപിനാഥൻ നായർ
ബി. ഭാർഗ്ഗവൻ നായർ
ഡോ. എം. രവികുമാർ
സി രവീന്ദ്രൻ നായർ

ഡോ. സി.പി. ഗ്രേഷ്യസ്
പി.ആർ ഗോപാലകൃഷ്ണൻ നായർ
വി. കുമാരൻ നായർ
ആർ. സുരേന്ദ്രബാബു
കെ. ദിവാകരൻ നായർ
ആർ. പങ്കജാക്ഷൻ പിള്ള
അഡ്വ. ആർ. മധുസൂദനൻ പിള്ള
എ.ആർ. അനുരാജ്
പി. വാസുദേവക്കുറുപ്പ്
വൈ. സന്തോഷ് ആചാരി
വി. വാസുദേവൻ നമ്പൂതിരി
എസ്. വേണു
ജി. ഉഷാകുമാരി
എസ് അജി
സി.ബി. ഗോപാലൻ
വിത്സൺ ഫിലിപ്പ്
കെ. കോരുത്
ബി. വസന്തകുമാരി
ഡോ. ജി. മണി
കെ.ജി. വത്സല
സി.ജി. രാധാദേവി
പത്മജാദേവി
സുശീലാ ബേബിക്കുട്ടി
പി. മിനി
ആർ. ശിവൻകുട്ടി ആചാരി
ജയദീപ് ചന്ദ്രൻ
എൻ. അബ്ദുൾ റഷീദ് റാവുത്തർ
സി.ഐ. തോമസ്
എം.എൻ. വാസു
എം.വി. രാജശേഖരൻ പിള്ള
പി. ഗോപിക്കുട്ടൻ പിള്ള
ബി. ശശിധരൻ പിള്ള
ജി. ഹരികൃഷ്ണൻ
ബി. രാധാകൃഷ്ണപിള്ള
ബാബു ജോർജ്ജ്
പി.സി. ചെറിയാൻ
രാജേഷ് ചെമ്പകതുണ്ടിൽ
കെ. ഗോപാലകൃഷ്ണൻ നായർ
സി. സന്തോഷ് ബാബു
കെ. സുരേഷ്കുമാർ
ആർ. സുന്ദരേശൻ
വി.എസ്. വേലു
എം. അബ്ദുൾ കനി റാവുത്തർ

കെ. പരമേശ്വരൻ നായർ
കെ. ചെല്ലമ്മ
പി. സുകുമാരൻ
ആർ. ഗോപിനാഥൻ നായർ
ടി. ബാബുരാജൻ
കെ.എസ്. ബിന്ദു
വിജയലക്ഷ്മി വിജയൻ
സി. സതീഷ് കുമാർ

ഗ്രാമപഞ്ചായത്ത് സ്റ്റാഫ്

വി. ഗംഗാധരൻ നായർ (എച്ച്.സി.)
എൻ. വിശ്വനാഥനാചാരി (യു.ഡ.സി.)
വി. അജിത (യു.ഡ.സി.)
കെ.പി. ഗോപിനാഥ് (എൽ.ഡി.സി.)
വി. തങ്കമ്മ (എൽ.ഡി.സി.)
എസ്. നാരായണൻ (പ്യൂൺ)
വസന്തകുമാരിയമ്മ (സാക്ഷരതാ കോ-ഓർഡിനേറ്റർ)
എച്ച. റെയ്ച്ചൽ (പി.ടി. ലൈബ്രേറിയൻ)
അബ്രഹാം (പി.ടി, ഫെറിമാൻ)
കെ. രാമചന്ദ്രൻ പിള്ള (പി.ടി, ഫെറിമാൻ)
കൃഷ്ണപിള്ള (പി.ടി, ഫെറിമാൻ)

വെള്ളച്ചാട്ടവും അതിമാനുഷനും അവരുടെ മുന്നോട്ടുള്ള ഗതി തനിയെ കണ്ടെത്തുന്നു.

മാർഷൽ ടിറ്റോ

സൗമനസ്യമില്ലാതെ ചടങ്ങുകൾകൊണ്ടുമാത്രം സൗഹാർദ്ദം നിലനിൽക്കുന്നതല്ല.

ഹാലിഫാക്സ്

ഏതൊരുവൻ പ്രവൃത്തി സ്വീകരിക്കേണ്ടത് എങ്ങിനെയറിയുന്നുവോ അവൻ ഭരിക്കേണ്ടതെ പ്രകാരമെന്നറിയുന്നു.

ജോർജ് ഓവൻ

നിങ്ങൾ ജനങ്ങളെ അടിമകളാക്കിയത് എപ്പോഴാണ്? മാതാക്കൾ അവരെ സ്വതന്ത്രരായിട്ടാണല്ലോ പ്രസവിച്ചത്.

ഖലീഫ ഉമ്മർ

എല്ലാ മതഗ്രന്ഥങ്ങളും സമുദായവചനങ്ങൾ പഠിച്ചു മനുഷ്യവർഗ്ഗത്തെ ഒന്നായിക്കാണാൻ തയ്യാറായെങ്കിൽ മാത്രമേ മനുഷ്യൻ ആ പേരിന് അർഹനാകൂ

മൗലാന ആസാദ്

മർദ്ദന ഭരണത്തിന്റെ ലക്ഷണം ദുഷിച്ച നിയമങ്ങളാണ്.

ബർക്ക്

Published by : Pattazhi Grama Panchayat Committee
Year of publication: 1996
Number of copies: 500
Type Setting: Darsana Graphics, Adoor.
Printed at: Namratha, Kottarakara. Ph: 452679